267

KERALA PRIVATE
# COLLEGE TEACHER

OCTOBER 2018

ISSN 2454-4795

a monthly journal of the all kerala private college teachers' association



ജലം കൊണ്ട് മുറിവേറ്റവർ

UCC in the Times of Deluge

പ്രളയത്തിന്റെ രാഷ്ട്രീയം

ഒഴുകിപ്പോയ കാടും ഒഴുകിവന്ന കടലും

കേരളം കണ്ട പ്രളയം ശാസ്ത്രദൃഷ്ടിയിലൂടെ

നമ്മളോർക്കുക നമ്മളെങ്ങനെ നമ്മളായെന്ന്

പ്രളയാനന്തര വികസനവും വെല്ലുവിളികളും

പ്രളയവും യുവതയും

പ്രളയകാല ജൈവചിത്രങ്ങൾ

കുട്ടനാട്ടിലെ വെള്ളപ്പൊക്കങ്ങൾ

കേരളമെന്ന ഒരുമ അതിജീവിക്കുമ്പോൾ

# പ്രളയാനന്തരം

267

# OCTOBER 2018


**EDITORIAL BOARD**

Chief Editor
**Dr. Sunny N. M.**

Managing Editor
**Dr. Beena S.**

Assistant Editors
**Dr. A.S. Sumesh**
**Dr. K.P. Jayakumar**

**Members**
Dr. C. Padmanabhan
Dr. P.N. Harikumar
Prof. P.K. Kusalakumari
Dr. Santhosh K.
Prof. Pramod Vellachal
Dr. N. Lakshmi Priya
Dr. N.K. Sunilkumar
Arya Gopi
Dr. Vysakhan Thambi
Dr. Shyla Hameed
Dr. N. Renuka
Dr. Sony John
Dr. Premkumar R.
Dr. Myna Umaiban
Dr. Vidhu Narayan
Prof. Sona P.
Dr. Shanoj M .P
Dr. M.R. Rajesh

Cover Courtesy
Davinchi Suresh

Design
**Jwala Creatives**
Ph: 9447853005



**AKPCTA State Committee Office**
**Mathrubhumi Road,**
**Vanchiyoor, Thiruvananthapuram-35**
**Ph: 0471-2463494**
**Fax: 0471-2468984**
**Mobile: 09495425219**
**collegeteacheredt@gmail.com**
**www.akpcta.in**



Views expressed by individuals in the Journal are their own and need not necessarily be taken as policy of the Association.



Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, TVPM-35.



- *എഡിറ്റോറിയൽ* 3
- *ജലംകൊണ്ട് മുറിവേറ്റവർ*
**ഡോ. പി.എൻ. ഹരികുമാർ** 6
- *Hagiographing Humanity: UCC in the Times of Deluge…*
**Cheri Jacob K** 11
- *പ്രളയത്തിന്റെ രാഷ്ട്രീയം*
**കെ.ടി. കുഞ്ഞിക്കണ്ണൻ** 15
- *നമ്മൾ അതിജീവിക്കും*
**മനോജ് ടി.ആർ.** 18
- *മണൽച്ചിപ്പികൾ*
**ആര്യാഗോപി** 22
- *കേരളം കണ്ട പ്രളയം - ശാസ്ത്രദൃഷ്ടിയിലൂടെ*
**വൈശാഖൻ തമ്പി** 23
- *പ്രളയവും യുവതയും*
**വി.പി. മർക്കോസ്** 27
- *നമ്മളോർക്കണം നമ്മളെങ്ങനെ നമ്മളായെന്ന്*
**വി.പി. മർക്കോസ്** 34
- *പ്രളയാനന്തര വികസനവും വെല്ലുവിളികളും*
**ഷൈല ഹമീദ്** 38
- *ചില പ്രളയകാല ജൈവചിത്രങ്ങൾ*
**ഡോ. സോണി ജോൺ** 45
- *കുട്ടനാട്ടിലെ വെള്ളപ്പൊക്കങ്ങൾ*
**ജോസഫ് സ്കറിയ** 48
- *അന്തോണിയും അമ്മയും*
**ഡോ. സന്ധ്യ ഇ.** 51
- *ഒഴുകിപ്പോയ കാടും ഒഴുകി വന്ന കടലും*
**ഡോ. ജോസഫ് കെ. ജോബ്** 52
- *കേരളമെന്ന ഒരുമ അതിജീവിക്കുമ്പോൾ*
**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ** 56
- *ശബരിമല സ്ത്രീപ്രവേശനം വിലക്കിന്റെ പുതിയ തന്ത്രങ്ങൾ*
**ഡോ. അജി സി. പണിക്കർ** 59
- *ചോറിന്റെ മണമുള്ള ചേറ്*
**വി.പി. മർക്കോസ്** 64
- *രൂപയ്ക്കു എന്താണ് സംഭവിക്കുന്നത്?*
**ഡോ. അനിൽ വർമ്മ** 67
- *മതാചാരങ്ങൾ മാറ്റമില്ലാത്തതോ?*
**പ്രിയ വർഗ്ഗീസ്** 74
- *ഓണസദ്യയുടെ തെക്കൻ പാരമ്പര്യം: ഒരു പ്രാദേശിക രുചിക്കൂട്ട്*
**ഡോ. ഹരികുമാർ എസ്.** 80
- *AKPCTA@60*
**R. Premkumar** 84
- *അങ്ങനെയിരിക്കെ*
**ദീപ നിശാന്ത്** 86
- *മുടിനാരേഴായ് കീറീട്ട്… കെ.ടി.യുടെ നാടകഗാനങ്ങൾ*
**ഡോ. എൻ. രേണുക** 88
- *ജീവിതത്തിന്റെ വിവരസാങ്കേതികവിദ്യ*
**ഡോ. അജിത മേനോൻ** 93
- *ശ്രീപത്മനാഭന്റെ നഗരം*
**ജീവകൃഷ്ണൻ** 94
- *നാടകാന്തം കവിത്വം*
**ആതിരനന്ദൻ** 98

എഡിറ്റോറിയൽ



# പ്രളയാനന്തരം......

കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ 2018 ആഗസ്റ്റിലെ മൺസൂൺകാലം ആഴത്തിലുള്ള മുറിവേൽപ്പിച്ചാണ് കടന്നു പോയത്. മഹാപ്രളയം: ഭൂമി പിളർന്നു പോകൽ, സോയിൽ പൈപ്പിങ്ങ് തുടങ്ങി പ്രകൃതി പ്രതിഭാസങ്ങളുമായി നേരാനുഭവമില്ലാത്ത മനുഷ്യർ ദുരന്തമുഖത്ത് നിസ്സഹായരായി മരവിച്ചു നിന്നു പോയി. ഒരു ചിത്രകാരനും തന്റെ ക്യാൻവാസിൽ പകർത്താൻ കഴിയാത്തവിധം വലിയ ദുരന്തമായിരുന്നു അത്, ഒരു വാഗ്മിക്കും തന്റെ വാക്കുകൾ കൊണ്ട് അടയാളപ്പെടുത്താൻ കഴിയാത്ത വിധം ഭയാനകമായിരുന്നു ആ ദൃശ്യങ്ങൾ. ഏറ്റവും പുതിയ ക്യാമറക്കും പകർത്താൻ കഴിയുന്നതിനും അപ്പുറമായിരുന്നു അതിന്റെ താണ്ഡവം. ആഗസ്റ്റ് മാസത്തെ അതിവർഷവും അതിന്റെ ഭീകരതയും ഈ തലമുറയുടെ മനസ്സിൽ നിന്ന് മായ്ച്ചുകളയുക ഏറെ ദുഷ്കരമായിരിക്കും. നേരിട്ടും അല്ലാതെയും മലയാളികളെയും മഹാപ്രളയം ബാധിക്കുകയുണ്ടായി. ജാതി മത വർഗ്ഗ ഭേദമില്ലാതെ എല്ലാവരും ഒരേ മനസ്സോടെ മഹാപ്രളയത്തെ നേരിടുന്ന കാഴ്ചക്ക് കേരളം സാക്ഷിയായി. അപരവിദ്വേഷത്തിനു കാരണം തിരയുന്നവർക്ക് ഒരു താക്കീതായിരുന്നു പ്രളയം. പ്രകൃതിയുടെ മുമ്പിൽ എല്ലാവരും തുല്യരാണ് എന്നു തെളിയിക്കുന്ന വലിയ പാഠപുസ്തകം മലയാളിക്ക് മുമ്പിൽ തുറന്നു വെച്ചാണ് പ്രളയം പിന്മാറിയത്.


ഭൂവിനിയോഗത്തിൽ പാലിക്കേണ്ട മിതത്വത്തെകുറിച്ച് പ്രളയം ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു. പ്രകൃതിയുടെ സ്വാഭാവികതയിലേക്കുള്ള കടന്നാക്രമണമാണ് കാലാവസ്ഥ വ്യതിയാനത്തിനു കാരണമായി കണക്കാക്കുന്നത്. സമ്പന്ന രാജ്യങ്ങൾക്ക് അതിൽ വലിയ പങ്കുണ്ട്. ഇരകളാകുന്നത് ഏതെങ്കിലും ഒരു ഭൂപ്രദേശത്ത് അധിവസിക്കുന്ന ജനതയാണ്. ദുരന്ത ബാധിതരെ കൈപിടിച്ചുയർത്തുന്ന ഉത്തരവാദിത്വത്തിൽ നിന്ന് സമ്പന്ന രാഷ്ട്രങ്ങൾക്ക് ഒഴിഞ്ഞ് നിൽക്കാൻ കഴിയില്ല.

നവ കേരള സൃഷ്ടിക്കുള്ള കഠിന പരിശ്രമങ്ങൾ പുരോഗമിക്കുകയാണ്. കേരളത്തെ സ്നേഹിക്കുന്ന ലോകമെമ്പാടുമുള്ള മനുഷ്യർ ആ പ്രവർത്തനങ്ങളിൽ സർവ്വാത്മനാ സഹകരിക്കുന്നു. വീടുകൾ, കൃഷിയിടങ്ങൾ, വളർത്തുമൃഗങ്ങൾ, വിലപ്പെട്ട പ്രമാണങ്ങൾ, ശാരീരികമായും, മാനസികമായും തകർന്നുപോയവർ, വിദ്യാലയങ്ങൾ, റോഡുകൾ തുടങ്ങി കേരളത്തിനു നഷ്ടപ്പെട്ടതെല്ലാം പുനർസൃഷ്ടിക്കേണ്ടതുണ്ട്. ഭൂമി വിണ്ടുകീറൽ, സോയിൽ പൈപ്പിങ്ങ് പോലുള്ള പ്രതിഭാസങ്ങളെ കുറിച്ച് ശാസ്ത്രീയമായ പഠനങ്ങൾ നടത്തി യഥാർത്ഥ കാരണങ്ങൾ ജനങ്ങളെ അറിയിച്ച് അന്ധവിശ്വാസങ്ങളിൽ നിന്നും തെറ്റിദ്ധാരണകളിൽ നിന്നും അവരെ മോചിപ്പിക്കേണ്ടതുണ്ട്. ഹെലികോപ്റ്ററുകളും, യുവജനങ്ങളും മത്സ്യ തൊഴിലാളികളും നടത്തിയ സേവന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. എല്ലാ വിഭാഗം ജനങ്ങളിൽ നിന്നുമുള്ള സഹായ സഹകരണങ്ങൾ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ലഭ്യമാവേണ്ടത് അനിവാര്യതയാണ്.

കേരളത്തെ സ്നേഹിക്കുന്ന മുഴുവൻ ജനങ്ങളും മുന്നോട്ട് വരണം. രാജ്യങ്ങളും സംസ്ഥാനങ്ങളും വ്യക്തികളും ഈ ഉദ്യമത്തിൽ പങ്കാളികളാകുന്നുണ്ട്. ഭൂമി, ആഭരണങ്ങൾ, വളർത്തുമൃഗങ്ങൾ തുടങ്ങി തങ്ങൾക്ക് സാധിക്കുന്ന സഹായങ്ങൾ നൽകി ജനങ്ങൾ പ്രളയദുരിതത്തെ പ്രതിരോധിക്കുകയാണ്. കേരളത്തിലെ നിരവധി കോളേജ് ക്യാമ്പസുകൾ ദുരിദാശ്വാസ ക്യാമ്പുകളായി പ്രവർത്തിച്ചു. സംഘടനാംഗങ്ങളായ അധ്യാപകർ പലരും ദുരിദാശ്വാസ പ്രവർത്തനങ്ങൾക്ക് നേരിട്ടു നേതൃത്വം നൽകി. കേരളവർമ്മ, ആലുവ യു.സി. ഇരിങ്ങാലക്കുട ക്രൈസ്റ്റ് എന്നീ കോളേജുകൾ ആയിരക്കണക്കിനു ദുരിതബാധിതർക്ക് അഭയം നൽകി. സർക്കാർ ജീവനക്കാർ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സാലറി ചലഞ്ചിലൂടെ സംഭാവന ചെയ്യണമെന്ന അഭ്യർത്ഥന ഒരു വിഭാഗം ജീവനക്കാരെങ്കിലും നിരാകരിക്കുകയും, നിഷ്ക്രിയമായി പ്രതികരിക്കുകയും ചെയ്തു എന്നത് ഖേദകരമാണ്. എ.കെ.പി.സി.ടി.എ. അംഗങ്ങളിൽ എഴുപതു ശതമാനത്തോളം സാലറി ചലഞ്ചിൽ പങ്കാളികളായി എങ്കിലും കോളേജ് അധ്യാപകരിൽ നിന്ന് നിരാശജനകമായ പ്രതികരണമാണ് ഉണ്ടായത്. മാതൃകാപരമായ പ്രവർത്തനങ്ങൾ കൊണ്ട് സാമൂഹ്യബോധമുള്ള ഒരു തലമുറ സൃഷ്ടിക്ക് നേതൃത്വം നൽകേണ്ട അധ്യാപകർ ഈ സന്ദർഭത്തിൽ ഉണർന്നു പ്രവർത്തിച്ച് വിദ്യാർത്ഥികൾക്കും സമൂഹത്തിനും പ്രചോദനമാവേണ്ടതായിരുന്നു. മഹാപ്രളയത്തിന്റെ ഭാഗമായി ഉണ്ടായ ദുരിതത്തെ ഒറ്റക്കെട്ടായി നേരിടുന്നതിനു പകരം എതിർവാദങ്ങൾ കൊണ്ട് അതിനെ പ്രതിരോധിക്കുന്നതും പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ആവേശം കെടുത്തുന്നതും പ്രളയബാധിതരോട് ചെയ്യുന്ന വലിയ ക്രൂരതയാണ്.

ഓണക്കാലത്ത് പ്രസിദ്ധീകരിക്കേണ്ടിയിരുന്ന ഈ പതിപ്പ് കേരളം നേരിട്ട മഹാ പ്രളയത്തെ അടയാളപ്പെടുത്തുന്ന തരത്തിലാണ് പുറത്തിറങ്ങുന്നത്. പ്രളയകാലത്ത് നേരിട്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട സംഘടന അംഗങ്ങളെയും ക്യാമ്പ് ഡയറക്ടർമാരായും മുഴുവൻ സമയ പ്രവർത്തകരായും പ്രവർത്തിച്ച സംഘടന പ്രവർത്തകരെയും എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെയും അഭിവാദ്യം ചെയ്യുന്നു. നവകേരള സൃഷ്ടിക്കായി ഒറ്റക്കെട്ടായി പ്രവർത്തിക്കാം. അഭിവാദ്യങ്ങളോടെ ഈ പതിപ്പ് അംഗങ്ങൾക്കായി സമർപ്പിക്കുന്നു.

**ഡോ. എൻ. എം. സണ്ണി**
sunnynm51@gmail.com
9447418715, 8921385389



ഡോ. പി.എൻ. ഹരികുമാർ

# 'സാലറി ചലഞ്ച്' വിജയിപ്പിക്കുക

സമാനതകളില്ലാത്ത പ്രളയ സാഹചര്യത്തിലൂടെയാണ് ആഗസ്റ്റ് മാസം രണ്ടാം പകുതി കേരളം കടന്നുപോയത്. ഒരു ശതാബ്ദത്തിന് മുൻപുണ്ടായ 99ലെ വെള്ളപ്പൊക്കത്തെക്കാളും വ്യാപ്തിയിലും ആഘാതത്തിലും അതീവ രൂക്ഷമായിരുന്നു ഇത്തവണത്തേത്. നവകേരള നിർമ്മിതിക്കായി പദ്ധതികൾ വിഭാവനം ചെയ്തിരുന്ന ജനകീയ സർക്കാരിന് വലിയൊരു ആഘാതമാണ് ഈ മഹാപ്രളയം സൃഷ്ടിച്ചത്.

പ്രളയക്കെടുതികളുടെ ഏകദേശ വ്യാപ്തി നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. 481 ആളുകളുടെ ഏറ്റവും വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടു. കേരളത്തിലെ 13 ജില്ലകളെയും പ്രളയം ബാധിച്ചു. 14,50,707 പേരാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം പ്രാപിച്ചത്. 15,000 വീടുകൾ പൂർണ്ണമായും 4,000 ത്തോളം വീടുകൾ ഭാഗികമായും

**481 ആളുകളുടെ ഏറ്റവും വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടു. കേരളത്തിലെ 13 ജില്ലകളെയും പ്രളയം ബാധിച്ചു. 14,50,707 പേരാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം പ്രാപിച്ചത്. 15,000 വീടുകൾ പൂർണ്ണമായും 4,000 ത്തോളം വീടുകൾ ഭാഗികമായും നശിച്ചു.**

നശിച്ചു. ആയിരക്കണക്കിന് ഹെക്ടർ ഭൂമിയിൽ കൃഷി നശിച്ചു. ചിലയിടങ്ങളിൽ ഉരുൾപൊട്ടലിൽ ഭൂമി തന്നെ ഇല്ലാതായി. 10,000ത്തോളം കിലോമീറ്റർ റോഡുകൾ തകരുകയോ ഗതാഗത യോഗ്യമല്ലാതാവുകയോ ചെയ്തു. ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവിതോപാധി നഷ്ടപ്പെട്ടു. സർക്കാർ കണക്കുകൾ അനുസരിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ പൂർണ്ണതയിലേക്ക് നീങ്ങുമ്പോഴും 700 കുടുംബങ്ങൾ ഇപ്പോഴും ക്യാമ്പുകളിൽ കഴിയുന്നുണ്ട്.

എന്നാൽ പ്രളയത്തിനു മുന്നിൽ പതറാതെ ലോകത്തിനുതന്നെ മാതൃകയാകുന്ന രീതിയിലുള്ള സമഗ്രമായ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നത്. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും സജീവമായ പിന്തുണയോടുകൂടിയാണ് കേരളത്തിൽ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടന്നത്. രക്ഷാപ്രവർത്തനത്തിൽ

മത്സ്യത്തൊഴിലാളികളുടെയും യുവജനങ്ങളുടെയും ഭാഗത്തുനിന്നും ഉണ്ടായ അത്ഭുതപൂർവമായ സഹായ സഹകരണങ്ങൾ ലോകത്തിന്റെ മുഴുവനും ശ്രദ്ധപിടിച്ചുപറ്റി. നൂറ്റാണ്ടിലെ ഏറ്റവുംവലിയ മഹാവിപത്തിനെ ഒറ്റക്കെട്ടായി അതിജീവിക്കുന്ന കേരളത്തിന്റെ നിശ്ചയദാർഢ്യം രാജ്യത്തിനാകെ അത്ഭുതമായി. ദുരന്തങ്ങൾക്കു മുന്നിൽ പകച്ചു നിൽക്കാതെ ആരുടേയും സഹായത്തിന് കാത്തുനിൽക്കാതെ സ്വയം അംഗരക്ഷകർ ആകാമെന്ന് കേരളം ലോകത്തിന് കാട്ടിക്കൊടുത്തു. സർക്കാരിന്റെയും വിവിധ സന്നദ്ധസംഘടനകളുടെ സഹായത്തോടെയും ആറു ലക്ഷത്തിലേറെ വീടുകളാണ് വൃത്തിയാക്കിയിട്ടുള്ളത്. കിണറുകൾ വൃത്തിയാക്കുക, പരിസരം ശുചിയാക്കുക, അണുവിമുക്തമാക്കുക തുടങ്ങി സംഘടിതമായ പ്രവർത്തനങ്ങൾ ഒട്ടുമുക്കാൽ സ്ഥലങ്ങളിലും പൂർത്തിയായിട്ടുണ്ട്. ചിലയിടങ്ങളിൽ ഇപ്പോഴും ഇതു തുടരുന്നു.

പ്രളയത്തിനുശേഷം പഴയ കേരളത്തെ പുനസ്ഥാപിക്കുകയല്ല, പുതിയൊരു കേരളത്തെ സൃഷ്ടിക്കുകയാണ് നമ്മുടെ ലക്ഷ്യം. പ്രളയദുരിതം നേരിട്ട ജനങ്ങൾക്ക് ആശ്വാസം നൽകുവാനും അവരെ പുനരധിവസിപ്പിക്കാനും കേരളത്തെ പുനർനിർമിക്കാനും അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി കേന്ദ്രസർക്കാരിനും അന്താരാഷ്ട്ര ഏജൻസികൾക്കും സമർപ്പിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് 4796 കോടിയുടെ അധിക സഹായം അഭ്യർത്ഥിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന് നിവേദനം നൽകിയിട്ടുണ്ട്. ലോകബാങ്ക്, എഡിബി, ഐഎഫ്സി, യുഎൻഡിപി എന്നീ സ്ഥാപനങ്ങളുടെ സംയുക്തസംഘം ധനമന്ത്രാലയത്തിന്റെ സഹായത്തോടെ നാശനഷ്ടങ്ങൾ വിലയിരുത്തുകയുണ്ടായി. ഇതുപ്രകാരം 25,000 കോടി രൂപ പുനർനിർമ്മാണത്തിന് വേണ്ടിവരുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. യു.എൻ.ഡി.പി.യുടെ വിശദമായ റിപ്പോർട്ട് ഒക്ടോബർ മധ്യത്തോടെ ലഭിക്കും.


ഉണ്ടായ ദുരന്തത്തിന് വ്യാപ്തി അനുസരിച്ച് പുനരധിവാസ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള സാമ്പത്തികശേഷി കേരള ഖജനാവിന് ഇന്നില്ല. സംസ്ഥാന പുനർനിർമ്മാണത്തിന് വലിയതോതിൽ വിഭവസമാഹരണം നടത്തേണ്ടതുണ്ട്. പ്രത്യേകമായ ഈ സാഹചര്യത്തിലാണ് ഇടതുപക്ഷ ജനകീയ സർക്കാർ പുതിയ ഒരാശയമായ സാലറി ചലഞ്ച് മുന്നോട്ടുവച്ചത്. ഇതുപ്രകാരം കേരളത്തിലെ സർക്കാർ ജീവനക്കാരും അധ്യാപകരും അവരുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുന്നു. മാന്യമായി ജീവിക്കാൻ വേതനവും സർവ്വീസിനു ശേഷം പെൻഷനും നൽകുന്ന സർക്കാരിനോടും നികുതിദായകരായ സാമാന്യ ജനത്തോടുള്ള ഉത്തരവാദിത്വവും കരുതലുമാണ് സാലറി ചലഞ്ച്. കേരള സമൂഹം മുഴുവനും കൈനീട്ടി ആണ് ഈ ആശയത്തെ സ്വാഗതം ചെയ്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ രമേശ് ചെന്നിത്തല അടക്കം നവമാധ്യമങ്ങളിൽ കൂടി സാലറി ചലഞ്ചിന് പിന്തുണ നൽകുകയുണ്ടായി. നവകേരള നിർമിതിക്കാവശ്യമായ മുഴുവൻ വിഭവവും സാലറി ചലഞ്ചിലൂടെ സ്വരൂപിക്കാനാവില്ല എന്ന കാര്യം ഏവർക്കും അറിവുള്ളതാണ്. എന്നാൽ പലതുള്ളി പെരുവെള്ളം പോലെ സമാഹരിക്കുന്ന എല്ലാ ഉറവിടങ്ങളിൽ നിന്നും വിഭവങ്ങൾ സ്വരൂപിച്ചാൽ മാത്രമേ നമ്മുടെ ലക്ഷ്യം പൂർത്തിയാവുകയുള്ളൂ.

എന്നാൽ പ്രളയദുരിതാശ്വാസ രംഗത്ത് മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ജനകീയ സർക്കാർ നടത്തുന്ന മുന്നേറ്റത്തിൽ വിറളിപൂണ്ട വലതുപക്ഷം വായിൽ തോന്നുന്നത് കോതയ്ക്ക് പാട്ട് എന്ന മട്ടിൽ അപവാദപ്രചാരണങ്ങൾ കൊണ്ടുപിടിച്ച് നടത്തുന്നുണ്ട്. സാലറി ചലഞ്ചിനെ പരാജയപ്പെടുത്താൻ കോൺഗ്രസ് - സംഘപരിവാർ അനുകൂല വലതുപക്ഷ അധ്യാപക സർവീസ് സംഘടനകൾ നോ സാലറി ചലഞ്ച് പ്രചാരണവുമായി ഇറങ്ങിയിട്ടുണ്ട്. കേരളത്തിലുണ്ടായ മഹാപ്രളയവും അതുമായി ബന്ധപ്പെട്ട നാശനഷ്ടവും അറിവില്ലാത്ത ആളുകളല്ല ഇവർ. അന്ധമായ രാഷ്ട്രീയ തിമിരം ബാധിച്ച് ഇത്തരക്കാർ സാമൂഹിക മാലിന്യമായി മാറുകയാണ്. ചുറ്റുപാടുമുള്ളവരോട്, അവരുടെ നികുതിപ്പണത്തിൽ നിന്നാണ് തങ്ങൾ ശമ്പളം കൈപ്പറ്റുന്നത് എന്ന ബോധം പോലുമില്ലാതെ. യാതൊരു ബാധ്യതയും കരുതലും ഇല്ലാത്ത സാമൂഹിക ജീവിതത്തിന് അടിസ്ഥാനപ്രമാണമായ പരസ്പരാശ്രിതത്വം നിഷേധിക്കുന്ന തലത്തിലേക്ക് പോയിരിക്കുകയാണ് ഇവർ. ഒരു സംശയവുമില്ല, തലമുറകളോട് ആയിരിക്കും ഇവർ കണക്ക് പറയേണ്ടത്. ക്ലാസ് മുറിയുടെ നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങി പോകേണ്ടതല്ല അധ്യാപകരുടെ സാമൂഹികപ്രതിബദ്ധത. വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം എന്നത് നല്ല മനുഷ്യരാവുക എന്നതാണ്. സാമൂഹ്യപ്രതിബദ്ധതയും ചുറ്റുമുള്ളവരോടുള്ള കരുതലുമാണ് ഒരാളെ നല്ല മനുഷ്യനാക്കുന്നത്. ഏതൊരു സമൂഹത്തിനും നിലവാരം അളക്കുന്നത് അവിടെ ലഭിക്കുന്ന വിദ്യാഭ്യാസത്തിനും അത് പ്രദാനംചെയ്യുന്ന അധ്യാപകരുടെയും ഗുണം അനുസരിച്ചായിരിക്കും. അത് കമ്പോളയുക്തിയുടെ ലാഭനഷ്ട കണക്കുകൾക്കും മുകളിലാണ്. പുതിയ റോഡുകളും പാലങ്ങളും കെട്ടിടങ്ങളും മാത്രം ഉള്ള ഒരു നവകേരളം അല്ല നമുക്ക് സൃഷ്ടിക്കേണ്ടത്. ചിന്തയിലും പ്രവർത്തിയിലും പുതുമയുള്ള കേരളത്തെയാണ് സൃഷ്ടിക്കേണ്ടത്. സാലറി ചലഞ്ചിൽ പങ്കെടുത്ത് അതിനെ വിജയിപ്പിക്കുക എന്നത് സാമൂഹികപ്രതിബദ്ധതയുള്ള എല്ലാ അധ്യാപകരുടെയും ജീവനക്കാരുടെയും ഉത്തരവാദിത്തമാണ്. നമുക്ക് കൈകോർക്കാം നവകേരള സൃഷ്ടിക്കായി...

**ഉണ്ടായ ദുരന്തത്തിന് വ്യാപ്തി അനുസരിച്ച് പുനരധിവാസ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള സാമ്പത്തികശേഷി കേരള ഖജനാവിന് ഇന്നില്ല. സംസ്ഥാനത്തിന് പുനർനിർമ്മാണത്തിന് വലിയതോതിൽ വിഭവ സമാഹരണം നടത്തേണ്ടതുണ്ട്. പ്രത്യേകമായ ഈ സാഹചര്യത്തിലാണ് ഇടതുപക്ഷ ജനകീയ സർക്കാർ പുതിയ ഒരാശയമായ സാലറി ചലഞ്ച് മുന്നോട്ടുവച്ചത്.**

ഫോട്ടോ ഫീച്ചർ

ഡോ. കെ.പി. ജയകുമാർ
(എൻ.എസ്.എസ് കോളേജ്, ചേർത്തല)



# ജലംകൊണ്ട് മുറിവേറ്റവർ

പെരിയാർ നദീ തീര ഗ്രാമങ്ങളാണ് കടുങ്ങല്ലൂരും ഉളിയന്നൂരും കുഞ്ഞുണ്ണിക്കരയും. പെരിയാർ കരകവിഞ്ഞൊഴുകിയപ്പോൾ ഇല്ലാതായത് ഒരു ജനതയുടെ ജീവിതം തന്നെയാണ്. പ്രളയം ബാക്കിവെച്ചതല്ലാം കണ്ടെടുത്തും കഴുകിയണക്കിയും കൂട്ടിച്ചേർത്തും ജീവിതം വീണ്ടെടുക്കാനുള്ള മഹാപ്രയത്നത്തിലാണ് ഇന്നും ആ മനുഷ്യർ. പ്രളയം പിൻവാങ്ങിത്തുടങ്ങിയ ദിവസങ്ങളിൽ, വീടുകളിലേയ്ക്ക് ആളുകൾ മടങ്ങിത്തുടങ്ങിയ ദിവസങ്ങളിൽ ഈ ഗ്രാമങ്ങളിലൂടെ നടത്തിയ യാത്രയിൽ പകർത്തിയ ഏതാനും ചിത്രങ്ങൾ. ചിത്രങ്ങൾ ചരിത്രമാണ്. ഒരു ജനതയുടെ സഹനത്തിന്റെ അതിജീവനത്തിന്റെ മുഹൂർത്തങ്ങളുടെ രേഖപ്പെടുത്തൽ. ഓർമ്മയിൽ, ചരിത്രത്തിൽ മാഞ്ഞുപോകാതെ ബാക്കിനിൽക്കേണ്ട ഒരു കാലത്തിന്റെ അടയാളപ്പെടുത്തൽ...










ആഗസ്റ്റ് പതിനഞ്ചിന് വൈകുന്നേരം പെരിയാർ നിറഞ്ഞു കവിഞ്ഞു... പ്രദേശത്തെ ഉയരംകൂടിയ സ്ഥലമായ യു സി കോളേജിലേക്ക് ആളുകൾ അഭയം തേടിയെത്തി. വെളിച്ചമില്ല. ആളുകളുടെ കരച്ചിലും വിളികളും മാത്രം. ആധിയായിരുന്നു...പ്രളയം കേറിക്കേറി വരുന്നതിന്റെ ആധി....ആലുവ യു സി കോളേജിലെ റിലീഫ് ക്യാമ്പാണ്. പതിനായിത്തോളം ആളുകളുണ്ടായിരുന്നു. പ്രളയജലം പിൻവാങ്ങിയ വീടുകളിലേയ്ക്ക് ആളുകൾ മടങ്ങിത്തുടങ്ങി. ആയിരത്തിലധികം ആളുകൾ ഇപ്പോഴുമുണ്ട്. മുട്ടൊപ്പം ചെളിയിൽ മുങ്ങിയ വീട്ടിലേയ്ക്ക് തിരികെപ്പോകാൻ ഇനിയും വെയിൽ കനിയണം. കാത്തിരിപ്പാണ്.....വെയിൽ കാത്തിരിപ്പാണ്.....













ഉളിയന്നൂർഒരു ഗ്രാമം മാത്രമല്ല. ചരിത്രവും പുരാവൃത്തവുമാണ്. പെരിയാർ തടത്തിൽ തിടംവെച്ച ജീവിതം. പറയിപെറ്റപന്തിരുകുലത്തിലെപെരുന്തച്ചൻ ജനിച്ചഗ്രാമമെന്ന് പുരാവൃത്തം. എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലാണ് ഉളിയന്നൂർ സ്ഥിതി ചെയ്യുന്നത്. അല്ല, ചെയ്തിരുന്നത്... പ്രളയം കുഴമറിച്ച ജീവിതം കണ്ടെടുക്കുകയാണ് ഗ്രാമവാസികൾ...

















മഴ തോർന്നു...പുഴ മടങ്ങിപ്പോയി...വെയിൽജലം കുടിച്ചു വറ്റിക്കുകയാണ്. മനുഷ്യർ കൂട്ടമായിപ്രതീക്ഷകൾ കഴുകിയെടുക്കുന്നു.ഒടുങ്ങാത്ത സ്വപ്നത്താൽ

ഒരു പ്രളയം താണ്ടിയവർ... "ജലംകൊണ്ട് മുറിവേറ്റവർ"











## വീട്ടിലേക്കുള്ള വഴികൾ....

കുഞ്ഞുണ്ണിക്കരെയും ഉളിയന്നൂരും പെരിയാറിനാൽ ചുറ്റപ്പെട്ട ഗ്രാമങ്ങളാണ്.പുഴകവിഞ്ഞൊഴുകി കലങ്ങിമറിഞ്ഞുപോയി ഒറ്റ രാത്രികൊണ്ട് ഇവിടുത്തെ ജീവിതമത്രയും.പറമ്പും പാടവും വീടും കടലായി....

നട്ടുനനച്ചു വളർത്തിയെതെല്ലാം കടപുഴക്കി...പൂച്ചയും പട്ടിയും ആടും മാടും...അരുമകളെല്ലാം പുഴ കവർന്നു...വീടകങ്ങളിലേക്ക് ഇരമ്പിക്കയറിയ പെരിയാർ ചുറ്റിയടിച്ചിറങ്ങിപ്പോയപ്പോൾ മുട്ടോളം ചെളിയും വിഷജീവികളും മാത്രം.....മറ്റൊന്നും ബാക്കിവെച്ചില്ല...








പ്രളയം ബാക്കിവെച്ചത് ; ഇനിയുമുണ്ട് ജീവിതം ബാക്കിയെന്ന്, പ്രതീക്ഷകൾ നട്ടു നനച്ച് സ്വപ്നങ്ങൾ വളർത്താൻ ഇനിയും കഴിയുമെന്ന്, ഇനിയുമുണ്ട് ദൂരങ്ങൾ താണ്ടാനെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് രണ്ട് കുട്ടിക്കാലങ്ങൾ....






# Hagiographing Humanity: UCC in the Times of Deluge...

**Cheri Jacob K**
U.C. College, Aluva



Another possible 'Header' for this narrative is this: August 15 – August 22: 7 eve-to-eve days in UCC Camp; or else, UCC Camp(us) – A Survival Log. Differing yet again, it could also be this: Reli(e)ving the Flood: Déjà vu Inhabits Union Christian College. This shifting differance has to do with the enormity of the catastrophe and its consequent emotional and psychic imprint. One has to admit that there is a 'flood' of immediate-memory and also the fickleness of very-recent-retention. And yet, this attempt is to etch the contours of the relief-camp-efforts into a realm where words are too wet to retain absolute meaning, and lists are tremblingly tentative but representative, somehow.

On Independence Day, we had anticipated more rain, and perhaps a few hundreds of people, should the waters rise. But what we beheld from then on, for the next 2 to 3 days, was non-stop torrent, totally blacked out nights and around 10,000 people...

**Basic Response:** It is not often that human beings remind themselves unwittingly that they indeed are humans. And the fundamental spirit that pervaded Union Christian College premises was indeed a humanitarian one; an instant sense of the need for a helping mentality that can be deemed transcendental, any day. And then the bravado of the local community, especially the Taurus-truck drivers' fortitude to scythe through the marauding waters that had turned roads into rivers. Then there was the largesse of the unmediated networks conceived and set in place by self-help groups, NGOs, and voluntary organizations that upheld the primacy of human rights. It was crystal clear that common humanity mattered most; and the moral/ethical form that evolved had no blame-games whatsoever. It was voluntariness, raw and



sheer - no particular directive or guidance; instinctive immediacy that made possible an eerie calm in the post-deluge scene. And the open spaces/grounds that UCC has all along preserved as a prestigious investment, served as a reliable dock where hordes of helicopters constantly landed like dragon flies, with much needed supplies...

**The Spaces:** On the first day it was the common staff room, the office spaces and Dr. Thara K. Simon [principal]'s chamber that metamorphosed into some sort of a nodal control room. But as the hours trickled by, within no time, each and every nook and corner of the campus infrastructure [barring the laboratories] were opened up to play their part as 'dormitories' for the distressed who were flowing in very much like incessant tidal waves. Also, both the gates of UCC were kept open, total and wide, on a 24/7 basis; and the aftermath? – Tagore Hall, packed, MCA Hall and Building, packed and then NR and MB and PJ blocks, filled up; and then

**It was voluntariness, raw and sheer - no particular directive or guidance; instinctive immediacy that made possible an eerie calm in the post -deluge scene.**

the occupation of AB, VMH, UP, CS, OCL, SC, and the Physics PG block; and finally the myriad arrivals at Holland Staff quarters, the College Guest House, and the Ladies Waiting Room. In short, Union Christian College saturated in its entirety by tear-soaked, anxiety-filled folk. And deep down we were worried of the night and of drinking water...


**Geo-metric Progression:** When the numbers of the incoming folk swell like farmer's debts, that is when a disaster management formation spontaneously sprouts: the spontaneity of the Principal [asking students to break locks], the resourcefulness of Cherian Sir [when a librarian refurbishes his library into a clothes-warehouse], when the few faculty who were in a curious sense marooned in and around UCC-hill, just stayed put, day-long/night-long, on campus, to chart out a pattern of sustenance and delivery: Resmi R (Physics), Divya P. B (MCA), Ruby Elsa Jacob (Hindi), Lt. G. Geethika (Economics), Julie Ann Joseph (E&CM), Manju M

George (Botany), et al, neck deep in what might be 'short-handed' as Pantry Blues, Textile Trysts and Communication Conundrums at various levels vis-a-vis the outside community; Suma Mary Skariah (English), Jibin Jose Mathew (E&CM) and Trisa Divya (History), akin to benevolent managers of Inns which accept both very young and very old pilgrims; Asha Baby Matthews (English) after a near death tryst with the flood, right amidst the refugees in the different corners of the campus; the Works Department – Biju, Chandran Chettan, the security personnel and the unfathomable trysts to procure petrol, and motor-pumps, so as to ensure that the water supply on campus won't run out. And of course the Help from Outside - The Medical Help Desks, and the benevolent support of the media powerhouses, Mathrubhumi and Manorama, and the unconditional tie ups that the Local administrative authorities offered...

**A roll-call with a difference:** Achu, Rani, Aswathy, Asritha, Amar [NR]/ Fazil, Mrithul, Neeraj, Shafi, Subhesh, Jibin, Sagar[VMH]/ Anni, Sruthi, Anigha, Krishnendhu, Aiswarya, Indujan [MB] / Afina, Anjana, Shana, Ashley, Thameena, Kiran, Anand, Arun, Adhin, Jyothis, Bufiya, Prasanth, Adarsh, Mathew, Ranjith [Tagore]/ Suni, Anu, Reetu, Marymol, Keerthi, Abhijith [MCA]/ Subil, Akhil, Ebin, Alan, Akash, Vishnu [Disposal]/ Aleena, Amrutha, Haritha [OCL, UP, & SC]/ Keziya, Shaino, Maneesha [AB, PJ & CS]. There is a sense of thoroughness about this list in the sense that it covers the entire campus in terms of rooms (designated in the square brackets), 'covered and catered to.' As was the case with the faculty, these young minds somehow ended up being on campus and they just blended in with the functioning of the camp. Perhaps they were the backbone of the camp and it was they who evolved this system of 'outreach'. And this outreach was methodically superb in its sorting and distribution of the list that follows - Diapers, Sanitary pads, Milk powder, Ragi, Banana powder, Bread, Biscuits, Rusk, Chocolates, Jaggery, and a surprising surplus of cooked food, ready to be served, Bottled Water, Candles: getting things to all people all the time. Arguably these students can be categorized in terms of their affiliations to the Physical Education Department, NCC, NSS and the like. But irrespective of being this, or of being Undergraduates or Post Graduates, or whether they are pursuing the Humanities the Sciences or any niche course, they revealed in unison an ethical facet that makes UCC so very proud of them...

> **Today, a section of the right-wing in Kerala is probing the 'seismic-links' between the present deluge and beef -eating and a certain gender-anxious Sabarimala!**

**Zindagi:** UCC Canteen Manager Pradeep C. G., goes over his untiring one-week running-around in the camp and the UCC neighborhood, and recounts four 'events', which this amanuensis [yours truly] feels is paradigmatic in coming to terms with Bare Life: First, imagine a very elderly former faculty, in bare accoutrements, upon a Taurus truck, alongside migrant workers [a sight straight out of the film Train to Pakistan] - life, the great






leveler. Two, imagine a community feast - Rice porridge, Jack-leaf spoons and a bunch of people; and the basic dish, cooked with the aid of old paper bundles by the two in-residence cooks, Rajan Chettan and Sreesan [a Schindler's List type of visual] - Food and Folk, pared down to the barest. Three, visualise a food queue: a retired staff, whose rations had run out, stretching out shivering hands for a packet of bread [echoes of Bhisham Sahni's Tamas] - desperate survivals where one is shaken out of one's skin. Four, visualize 'Elderly Children' [average age 60-plus] crossing the campus gate at prime time in the morning! – An instance of a campus soaking in immense pressure...

**Testimony:** While being a witness to all this, my mind first raced to the word 'Student' – its new nuances. Foremost in my mind is Sudheesh and his 'election-panel' friends - a student election campaign in doldrums and yet they did campaign against all odds! And then the word 'Alumni': Hariprasad, Anandhu, Vishnu, - and Meera (more an English Department ward in that she just completed her Masters in English a week before the deluge, than the fact that she is the principals daughter and an adept NCC cadet). What was at stake for them? Surely not the magnetic lure of nostalgia. A senior teacher's comment on the 'camp crusade' of these students, who - when on campus - were branded and identified as academic misfits [read as Left-and-extra -curricular-oriented Red students] is illuminating: "If I collapse while invigilating an exam, bad students like these will take care of me, the first benchers might keep on writing the exams..." And Ruby's comment reinforces this sense of respect-filled illumination: "Such so-called Bad Kids are never deserters; they simply refuse to leave." They succinctly showed all and sundry the right not the duty to serve. And they were instrumental in eliciting the 'relief' [in both the senses] of the governmental machinery whose response came in the form of total support and tacit acknowledgement.



**New Mythology:** Once, Mohandas Karamchand Gandhi had said that the Nepal-Bihar earthquake was God's indictment of the inhumanity of Bihar's upper castes. Today, a section of the right-wing in Kerala is probing the 'seismic-links' between the present deluge and beef-eating and a certain gender-anxious Sabarimala! As a microcosm of Kerala, UCC too nonchalantly rebuffed this flood-like snobbery by staying calm. Like in the myth of the legendary Spartacus, we in the plural bore the cross in unison, where deep in the heart, myriad souls called out: I am Spartacus, and I stand with the people. History has it that UCC had thrown its arms/



heart/spirit/intent open in 1924: And we have done it again – as committed as ever, and ardently, shoulder-to-shoulder with the socially-responsible Malayalee -Milieu (or is it Multitude?). And surely, again, along with the rest of Kerala, we will do it again-if need be; rather, in the vein of Mohammad Iqbal's poetic refrain:

*Khudi ko kar buland itna,*
*ke har taqdeer se pehle,*
*Khuda bande se ye pooche,*
*bata teri raza kya hai!*
(Raise thyself to such heights, That God Himself may ask-/ What do you wish Me to write, as your fate?!)



# പ്രളയത്തിന്റെ രാഷ്ട്രീയം


കെ.ടി.കുഞ്ഞിക്കണ്ണൻ
ktkozhikode@gmail.com




ഒരു നൂറ്റാണ്ടുകാലത്തിനിടയിലെ മഹാപ്രളയത്തെയാണ് മലയാളികൾ അതിജീവിച്ചത്. ഏറ്റവും കൂടുതൽ മഴ ഏറ്റവും കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ പെയ്തിറങ്ങിയതാണ് പ്രളയത്തിന് കാരണമായത്. അതിവൃഷ്ടിയാണ് കേരളത്തെ പ്രളയജലത്തിൽ മുക്കിയത്. മഹാദുരന്തത്തിലേക്ക് തള്ളിവിട്ടത്. എന്താണീ അതിവൃഷ്ടിക്ക് കാരണമായത്. ആഗോളകാലാവസ്ഥാ വ്യതിയാനമാണെന്നകാര്യം ലോകവിവരമുള്ള എല്ലാവർക്കുമറിയാം. കാലാവസ്ഥ വ്യതിയാനം ഭൂമിയുടെ വ്യത്യസ്ഥമേഖലകളിൽ പ്രളയമായും വരൾച്ചയായും കൊടുങ്കാറ്റായും ജനജീവിതത്തെ വേട്ടയാടുകയാണ്. യുദ്ധങ്ങളിലെന്നപോലെ കാലാവസ്ഥകെടുതികളിൽ അഭയാർത്ഥികളായി തീരുന്ന മനുഷ്യരുടെ മഹാപ്രവാഹത്തിനാണ് വർത്തമാനലോകം സാക്ഷ്യംവഹിച്ചുകൊണ്ടിരിക്കുന്നത്. കത്രീനയും എലീനയും ഓഖിയും വ്യത്യസ്തനാമങ്ങളിലുള്ള പ്രകൃതിക്ഷോഭങ്ങളുടെ ദുരന്തങ്ങൾ ഏറ്റുവാങ്ങുകയാണ് മനുഷ്യസമൂഹമിന്ന്.

കാലാവസ്ഥ വ്യതിയാനത്തിനും പ്രകൃതിക്ഷോഭങ്ങൾക്കും കാരണം ആഗോള താപനമാണ്. മുതലാളിത്തവികസനമാണ്, ലാഭാർത്ഥമായ മൂലധന താല്പര്യങ്ങളാണ് അമിതമായ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനത്തിനും ഭൂമിയുടെ താപനത്തിനും കാരണമായത്. കേരളത്തെ അക്ഷരാർത്ഥത്തിൽ നടുക്കിക്കളഞ്ഞ പ്രളയമഹാദുരന്തത്തിന് കാരണമായ അതിവൃഷ്ടി എങ്ങനെയാണ് ഉണ്ടായത്. ഒറീസ തീരത്ത് രൂപപ്പെട്ട ന്യൂനമർദ്ദമാണ്, അന്തരീക്ഷച്ചുഴികളാണ് കേരളത്തിലേക്ക് ആഞ്ഞടിച്ച് മഴയായി തിമർത്തുപെയ്തത്. 483 പേരുടെ ജീവൻ നഷ്ടപ്പെട്ടു. 14 പേർക്ക് ഗുരുതരമായി പരിക്കേറ്റു. 50 ലക്ഷത്തിലേറെപേരെ പ്രളയം ബാധിച്ചു. വീടുകൾ തകർന്നു. കൃഷിയിടങ്ങൾ നശിച്ചു. വ്യവസായശാലകളും നിർമ്മാണ സംരംഭങ്ങളും തകർന്നു. റോഡുകളും പാലങ്ങളും തകർന്നു. ചുരുങ്ങിയത് 50,000 കോടിയുടെയെങ്കിലും നഷ്ടമാണ് പ്രളയം വരുത്തിവെച്ചത്.

വെള്ളപ്പൊക്കം പോലെ ഉരുൾപൊട്ടലും പ്രളയകാലത്തെ ഭീതിദമാക്കി. താഴ്ന്ന പ്രദേശങ്ങളെന്നപോലെ മലമ്പ്രദേശങ്ങളും തിമർത്തുപെയ്ത മഴയിൽ മരണം വിതച്ചു. ഈ ഭീകരമായ പ്രളയഭീഷണിയെ അഭൂതപൂർവമായ ഐക്യത്തോടെയും ഇച്ഛാശക്തിയോടെയും മലയാളികൾക്ക് നേരിടാനായി. അതിജീവനത്തിന്റെ ഇച്ഛാശക്തിയും ആസൂത്രണത്തിന്റെ കർമ്മശേഷിയും പകർന്ന് ഭരണാധികാരികളും ജനനേതാക്കളും സന്നദ്ധസംഘട



നകളും പ്രതിരോധരംഗത്തിറങ്ങി. രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസപ്രവർത്തനത്തിലും വൻ തോതിലുള്ള ജനപങ്കാളിത്തമാണ് ഉണ്ടായത്. മത്സ്യത്തൊഴിലാളികളും യുവതലമുറയും ശ്ലാഘനീയമായ ഇടപെടലാണ് നടത്തിയത്.

എല്ലാ വിഭാഗം ജനങ്ങളെയും രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസപ്രവർത്തനങ്ങളിലും ആത്മവിശ്വാസത്തോടെ ഏകോപിപ്പിക്കാൻ കേരളത്തിന്റെ മുഖ്യമന്ത്രിക്ക് കഴിഞ്ഞു. നാവികസേനയും വ്യോമസേനയും സംസ്ഥാന പോലീസും മത്സ്യത്തൊഴിലാളികളും സന്നദ്ധസംഘടനാപ്രവർത്തകരും യുവജനങ്ങളും വിദ്യാർത്ഥികളുമെല്ലാം അർപ്പിതബോധത്തോടെ രക്ഷാപ്രവർത്തനങ്ങളിൽ മുഴുകി. എല്ലാവരെയും വിശ്വാസത്തിലെടുത്തുകൊണ്ടുള്ള രക്ഷാപ്രവർത്തനവും ദുരിതാശ്വാസപ്രവർത്തനവുമാണ് ഈ മഹാപ്രളയത്തെ അതിജീവിക്കാൻ മലയാളികളെ പ്രാപ്തരാക്കിയത്.

**പ്രളയത്തിന്റെ കാരണങ്ങളെക്കുറിച്ച് അനാവശ്യമായി വിവാദങ്ങൾ സൃഷ്ടിച്ച് അതിജീവനയത്നങ്ങളെയും ജനങ്ങളുടെ ഐക്യത്തെയും ദുർബലപ്പെടുത്തുന്നവർ ചരിത്രത്തിന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല. ഏറ്റവും വിശാലവും മാനവികവുമായ സമീപനം ആവശ്യപ്പെടുന്ന ദുരന്തമുഖത്തുനിന്നാണ് പലരും തെറ്റായ പ്രചാരണങ്ങൾ നടത്തിയത്.**

പ്രതിസന്ധിയുടെ നാളുകളിൽ മനസ്സാന്നിധ്യം നഷ്ടപ്പെടാതെ ജനങ്ങളെ ഒരുമിപ്പിച്ചുനിർത്തുകയെന്നതാണ് ഭരണാധികാരികളുടെയും നാടിനെ നയിക്കുന്നവരുടെയും ഉത്തരവാദിത്വം. സഖാവ് പിണറായി വിജയൻ അസാമാന്യമായ മനസാന്നിധ്യത്തോടെ എല്ലാവിധ അപശബ്ദങ്ങളെയും വിനയപൂർവം നിരസിച്ചുകൊണ്ട് ജനങ്ങളിലാകെ ആത്മവിശ്വാസം പകർന്നുകൊണ്ട് രക്ഷാപ്രവർത്തനത്തെയും ദുരിതാശ്വാസ പ്രവർത്തനത്തെയും കുറ്റമറ്റ രീതിയിൽ ഏകോപിപ്പിച്ചു. ലോകത്തിന് തന്നെ മാതൃകയാകുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കാണ് കേരളം നേതൃത്വം കൊടുത്തത്.

അതിജീവനത്തിന്റെ ആദ്യചുവടുകൾ മാത്രമാണ് രക്ഷാപ്രവർത്തനവും ദുരതാശ്വാസവും. പ്രളയം സൃഷ്ടിച്ച മഹാനാശങ്ങളെയും പാരിസ്ഥിതിക സാമൂഹ്യ തകർച്ചയെയും അതിജീവിച്ച് മുന്നോട്ടുപോകുകയെന്നതാണ് അടുത്തഘട്ടം. കേരളം പ്രളയനാശങ്ങളിൽ നിന്ന്



ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേൽക്കേണ്ടതുണ്ട്. മഹാദുരന്തത്തെ അതിജീവിച്ച് കേരളം മുന്നോട്ടുപോകുമെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. കേരളത്തിന്റെ പുനർനിർമ്മാണമെന്നത് പുതിയൊരു കേരളത്തിന്റെ സൃഷ്ടിയാണ്. അത് പുതിയ വെല്ലുവിളികളും പുതിയ പ്രശ്നങ്ങളും ഉയർത്തുന്നു.

പ്രളയത്തിന് മുമ്പുള്ള കേരളത്തിന്റെ പുനഃസ്ഥാപനമല്ല പുതിയ കേരളം സൃഷ്ടിക്കുകയാണ് വേണ്ടത്. പ്രളയത്തിൽ നിന്ന് പാഠം പഠിച്ചുകൊണ്ട് പുതിയ കേരളം നിർമ്മിക്കാനാണ് നാം ശ്രമിക്കേണ്ടത്. പ്രളയത്തിന്റെ കാരണങ്ങളെക്കുറിച്ച് അനാവശ്യമായി വിവാദങ്ങൾ സൃഷ്ടിച്ച് അതിജീവനയത്നങ്ങളെയും ജനങ്ങളുടെ ഐക്യത്തെയും ദുർബലപ്പെടുത്തുന്നവർ ചരിത്രത്തിന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുമെന്ന കാര്യത്തിൽ സംശയമില്ല. ഏറ്റവും വിശാലവും മാനവികവുമായ സമീപനം ആവശ്യപ്പെടുന്ന ദുരന്തമുഖത്തുനിന്നാണ് പലരും തെറ്റായ പ്രചാരണങ്ങൾ നടത്തിയത്.

അസാധാരണമായ തോതിൽ പെയ്തിറങ്ങിയ മഴയാണ് പ്രളയം സൃഷ്ടിച്ചതെന്ന വസ്തുതയെ മറച്ചുപിടിച്ച് ഏറ്റവും സങ്കുചിതമായ രാഷ്ട്രീയ മുതലെടുപ്പിനാണ് ദുരന്തമുഖത്തുനിന്നുപോലും ചിലർ ശ്രമിച്ചത്. ഇത് ജനങ്ങൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളഞ്ഞിട്ടുമുണ്ട്. ചില കേന്ദ്രങ്ങൾ പ്രളയകാരണം ഡാമുകൾ തുറന്നതാണെന്നും നിരുത്തരവാദപരമായി പ്രചരിപ്പിക്കുകയായിരുന്നു. നാസയെ അടക്കം തെറ്റായി ഉദ്ധരിച്ച് പ്രളയകാരണം അണക്കെട്ടുകൾ തുറന്നതാണെന്ന് വരുത്തിത്തീർക്കാൻ നിരന്തരശ്രമം പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവരുടെ ഭാഗത്തുനിന്നുണ്ടായി.

ഇപ്പോൾ കേന്ദ്രജലകമ്മീഷന്റെ അന്തിമറിപ്പോർട്ട് പുറത്തുവന്നിരിക്കുകയാണ്. അണക്കെട്ടുകൾ തുറന്നതല്ല അസ്വാഭാവികമഴയാണ് പ്രളയം സൃഷ്ടിച്ചതെന്ന് ജലകമ്മീഷൻ കണക്കുകൾ ഉദ്ധരിച്ച് വ്യക്തമാക്കിയിരിക്കുകയാണ്. 164% അധികം മഴ പെയ്തു. ഇതിൽ 414 എം.എം മഴയും മൂന്ന് ദിവസങ്ങളിൽ പെയ്തതോടെ ഗുരുതരമായ പ്രളയം ഉണ്ടായി. 35 ഡാമും ജലസംഭരണികളിലേക്കുള്ള ശക്തമായ നീരൊഴുക്കിനെ തുടർന്ന് തുറക്കേണ്ട സാഹചര്യവും വന്നു. ജലസംഭരണികളിലേക്ക് ഒഴുകിയെത്തിയ വെള്ളത്തിന് സമാനമായിരുന്നു പുറത്തേക്ക് ഒഴുക്കിക്കളഞ്ഞ വെള്ളത്തിന്റെ അളവും. ഇക്കാര്യങ്ങളെല്ലാം ജലകമ്മീഷൻ അതിന്റെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഡാം തിയറി ഉദ്ധരിച്ച് പ്രളയത്തെ രാഷ്ട്രീയ പ്രശ്നമാക്കിമാറ്റാൻ ശ്രമിച്ചവർ ഇനിയെങ്കിലും തങ്ങളുടെ നിലപാടുകൾ തിരുത്തുമോ?

കേരളത്തിന്റെ ഭാവി പുനർനിർമ്മാണം പരിസ്ഥിതിയെയും വികസനത്തെയും കണക്കിലെടുത്തുകൊണ്ട് വേണമെന്നതാണ് ഇടതുപക്ഷത്തിന്റെ അസന്ദിഗ്ധമായ സമീപനം. പശ്ചിമഘട്ടവും ഇടനാടും തീരദേശ

**പരിസ്ഥിതിയും വികസനവും തമ്മിലുള്ള പാരസ്പര്യത്തെ തിരിച്ചറിയേണ്ടതുണ്ട്. പ്രകൃതിയെ ശത്രുതാപരമായി കീഴടക്കുകയെന്നത് മുതലാളിത്ത വികസന സംസ്കാരമാണ്. പ്രകൃതിക്കെതിരായ ഓരോ കടന്നാക്രമണത്തിനും നാം കടുത്ത വിലകൊടുക്കേണ്ടിവരുമെന്ന് എംഗൽസ് നേരത്തെ തന്നെ ഓർമ്മിപ്പിച്ചിട്ടുള്ളതാണ്.**



വും ചേർന്ന ഘല ഷെയ്പ്പിലുള്ള ദുർബലമായ ഭൂഘടനയാണ് കേരളത്തിന്റേത്. പ്രകൃതി വൈവിധ്യംകൊണ്ട് സമ്പന്നമാണ് ഈ ഭൂപ്രദേശം. ജൈവവൈവിധ്യങ്ങളാൽ സമൃദ്ധവുമാണ്. പശ്ചിമഘട്ട മലനിരകളും ചെങ്കുത്തായ ചെരിവുകളും പാറക്കെട്ടുകളും ചെറുകുന്നുകളും പുൽമേടുകളും സമതലങ്ങളും പീഠഭൂമിയും കാട്ടരുവിയും നിത്യഹരിതവനങ്ങളും ചെറുതോടുകളും പുഴകളും കായൽപരപ്പുകളും കണ്ടൽക്കാടുകളും കാവുകളും ചതുപ്പ് നിലങ്ങളും നീണ്ടുകിടക്കുന്ന കടൽതീരവും കേരളത്തെ പ്രകൃതി രമണീയമായ പ്രദേശമാക്കി മാറ്റി. എന്നാൽ അത്രതന്നെ സങ്കീർണവുമാണ് കേരളത്തിന്റെ ഭൂപ്രകൃതിയെന്ന കാര്യവും നാം വിസ്മരിച്ചുകളയരുത്.

ദുർബലവും പാരിസ്ഥിതികമായി ലോലവുമാണ് കേരളത്തിന്റെ ഭൂഘടന. പശ്ചിമഘട്ട നിരകൾ മാത്രമല്ല കേരളം ഒന്നാകെ പരിസ്ഥിതിലോലപ്രദേശമാണ്. ഇക്കാര്യം മറന്നുകൊണ്ടുള്ള ഇടപെടലുകളും ഖനനങ്ങളും കാർഷിക സമ്പ്രദായങ്ങളും കേരളത്തിന്റെ ഭാവി നിലനിൽപിന് ഭീഷണിയാണെന്ന കാര്യം നിരവധി പഠനറിപ്പോർട്ടുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പരിസ്ഥിതി സവിശേഷതകളെ കണക്കിലെടുത്തുകൊണ്ടും അതിനെ ഒരു സാധ്യതയായി വികസിപ്പിച്ചുകൊണ്ടുമുള്ള വികസന സമീപനമാണ് നമുക്കുണ്ടാകേണ്ടത്. പോയകാല വികസന സമീപനങ്ങളുടെ ദൗർബല്യങ്ങൾ മനസ്സിലാക്കുകയും ചരിത്രപരമായ പാളിച്ചകൾ തിരുത്തുകയും പുതിയൊരു വികസന സംസ്കാരം രൂപപ്പെടുത്തുകയും ചെയ്യുകയെന്നത് വളരെ പ്രധാനമാണ്. അതാണ് പ്രളയം സർവമലയാളികളെയും ഓർമ്മിപ്പിക്കുന്നത്.

പ്രകൃതിയും മനുഷ്യനും തമ്മിൽ ശത്രുതാപരമായ വൈരുദ്ധ്യങ്ങളല്ല നിലനിൽക്കുന്നതെന്ന തിരിച്ചറിവ് വളരെ പ്രധാനമാണ്. പരിസ്ഥിതിയും വികസനവും തമ്മിലുള്ള പാരസ്പര്യത്തെ തിരിച്ചറിയേണ്ടതുണ്ട്. പ്രകൃതിയെ ശത്രുതാപരമായി കീഴടക്കുകയെന്നത് മുതലാളിത്ത വികസന സംസ്കാരമാണ്. പ്രകൃതിക്കെതിരായ ഓരോ കടന്നാക്രമണത്തിനും നാം കടുത്ത വിലകൊടുക്കേണ്ടിവരുമെന്ന് എംഗൽസ് നേരത്തെ തന്നെ ഓർമ്മിപ്പിച്ചിട്ടുള്ളതാണ്. പരിസ്ഥിതിയെയും വികസനത്തെയും സംബന്ധിച്ച എല്ലാ മൗലികവാദവീക്ഷണങ്ങളെയും കയ്യൊഴിഞ്ഞുകൊണ്ട് സമഗ്രവും പരിസ്ഥിതിക്കും മനുഷ്യപുരോഗതിക്കും ആഘാതമേൽപ്പിക്കാത്ത വികസനസമീപനമായിരിക്കണം പുതിയ കേരള നിർമ്മിതിയുടെ അടിസ്ഥാനമായിരിക്കേണ്ടത്.

എല്ലാറ്റിനും മുകളിൽ ആധിപത്യം സ്ഥാപിക്കാനുള്ള മൂലധനത്തിന്റെ അഭിവാഞ്ജകളെ തിരിച്ചറിയുകയും പ്രകൃതിവിഭവങ്ങളുടെ ഖനനത്തിലും വിനിയോഗത്തിലും സാമൂഹ്യനിയന്ത്രണമേർപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. മൂലധനത്തിന്റെ വ്യാപനതാല്പര്യങ്ങളിൽ നിന്നും കമ്പോള താല്പര്യങ്ങളിൽ നിന്നും പ്രകൃതിയെയും മനുഷ്യനെയും സംരക്ഷിച്ചുനിർത്തുകയെന്ന നിലപാടിൽ നിന്നാവണം പുതിയ കേരള നിർമ്മിതിയുടെ പരിപ്രേക്ഷ്യം രൂപപ്പെടേണ്ടത്.




# നമ്മൾ അതിജീവിക്കും


മഴ. പ്രണയവും വിരഹവും നിറഞ്ഞ് നിൽക്കുന്ന കാൽപ്പനിക ജീവിത പരിസരത്ത് എന്നും കുളിർമ്മ നൽകുന്ന ഓർമ്മ. പക്ഷേ കറുത്ത് ഉരുണ്ട കാർമേഘങ്ങൾ തുള്ളികൾ തുള്ളികൾ ആയി പെയ്തു തുടങ്ങിയപ്പോൾ മഴ മരണമായി മുന്നിൽ എത്തി. ചെറു മഴ നനയാതെ ഓടിക്കയറിയ സുരക്ഷിതത്വ ത്തിന്റ മേൽക്കൂരകൾ മഴവെള്ളത്തിൽ മുങ്ങി. നിസ്സഹായതയും അമ്പരപ്പും ഇനി എന്ത് എന്ന മരവിപ്പും ആയി ആയുസ്സിന്റെ അധ്വാനം കൊണ്ട് ഉണ്ടാക്കിയത് അത്രയും മഴക്ക് വിട്ട് കൊടുത്ത് മലയാളി, മനുഷ്യൻ ആയി. വെറും മനുഷ്യൻ. മഴ സമരം ചെയ്ത് നേടിത്തന്ന മാനവികത ആയിരുന്നു ഈ വെള്ളപ്പൊക്കം..


ഈ എഴുത്തിന് ഭാഷയുടെ ശുദ്ധി ഉണ്ടാവണം എന്നില്ല. ഇതിൽ തുടർച്ച ഉണ്ടാവണം എന്ന് വാശി കാണിക്കരുത്. ഇത് വെള്ളപ്പൊക്കത്തിൽ ഒലിച്ച പോവാതെ നിന്ന മനുഷ്യത്വത്തിന്റെ ചിതറിയ ഓർമകളെ പെറുക്കി എടുക്കാനായി നടത്തിയ ശ്രമം മാത്രമാണ്.

മഴ കനത്തു തുടങ്ങിയതിന്റെ ആദ്യ ദിവസങ്ങളിൽ ഭീകരമായ വാർത്തകൾ ഒന്നും തന്നെ വന്ന് തുടങ്ങിയിരുന്നില്ല. അത് കൊണ്ട് തന്നെ ആഗസ്റ്റ് 15 ന് പമ്പയിലും, അച്ചൻകോവിലാറിലും വെള്ളം കയറി പത്തനംതിട്ടയും റാന്നിയും മുങ്ങിയപ്പോൾ ചെങ്ങന്നൂർ മുങ്ങുമെന്ന് ആരും കരുതിയുമില്ല. 15 ന് രാത്രി പത്തനംതിട്ടക്ക് പോകാൻ വന്ന ഞാനും സഖാവ് അഭിൻഷായും കുളനട വച്ച് വഴി തിരിച്ച് വിട്ടത് കൊണ്ട് ചെങ്ങന്നൂർ ആണ് തങ്ങിയത്... 16-ാം തീയതി രാവിലെ കഥമാറി... പാണ്ടനാട്, തിരുവൻമണ്ടൂർ, മഴുക്കീർ എന്നി സ്ഥലങ്ങളെല്ലാം മുങ്ങി... ചെങ്ങന്നൂർ പ്രളയത്തിലായ്.. അപ്രതീക്ഷിതമായി മുന്നിൽ വന്ന് പെട്ട പ്രളയം യഥാർത്ഥത്തിൽ ഉലച്ച് കളഞ്ഞത് ഉപരി മധ്യവർഗത്തെ ആയിരുന്നു. വീട് എന്ന ഉറപ്പുള്ള കോൺക്രീറ്റ് സുരക്ഷിതത്വത്തെ അവർ മറ്റെന്തിനെക്കാൾ ഏറെ


**മനോജ് ടി.ആർ.**
എം.എസ്.എം. കോളേജ്, കായംകുളം





വിശ്വസിച്ചു. ഈ മിഥ്യാധാരണ വരുത്തി വച്ചത് ആണ് ചെങ്ങന്നൂരിലെ പ്രളയം.

ചെങ്ങന്നൂരിന്റ പടിഞ്ഞാറൻ പ്രദേശങ്ങളായ മാന്നാർ, ചെന്നിത്തല എന്നി സ്ഥലങ്ങളും പിന്നിട് പ്രളയ കെടുതിയിലേക്ക് പോയി. ഈ ഭാഗത്ത് കൂടി  കിഴക്ക് നിന്ന് വരുന്ന വെള്ളം ഒഴുകി പോവാൻ ഒരേ ഒരു വഴി നിലവിൽ തോട്ടപ്പള്ളി സ്പിൽ വേയാണ്. മണ്ണ് മൂടി കിടക്കുന്ന ഈ പൊഴി വഴി കാര്യമായി വെള്ളം കടലിലേക്ക് ഒഴുകി പോയില്ല. എന്നാൽ കരിപ്പുഴ തോട്ടിലേക്കും അത് വഴി കായംകുളം കായൽ വഴി അഴീക്കൽ അഴിയിലേക്കും വെള്ളം ഒഴുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ കിഴക്കൻ മേഖലയിലെ പ്രളയം ഭാരം കുറച്ച് കുറയ്ക്കാമായിരുന്നു. എന്നാൽ മാവേലിക്കര ഭാഗത്ത് നിന്ന് ഈ കരിപ്പുഴ ഭാഗത്തേക്കുള്ള ജലമാർഗ്ഗം മതിലുകൾക്കുള്ളിൽ മറഞ്ഞു പോയ് എന്നു വേണം അനുമാനിക്കാൻ. മണൽ വന്നു കൂടി  ഡാമുകളുടെ സംഭരണ ശേഷി കുറഞ്ഞു എന്ന സ്ഥിതി കൂടി അടിയന്തിരമായി വിലയിരുത്തേണ്ടത് ഉണ്ട്.

16 ന് രാവിലെ തന്നെ രക്ഷാപ്രവർത്തനം ആരംഭിച്ചു... ഒരു സൈന്യവും വന്നില്ലെങ്കിലും നമ്മുടെ കടലിന്റെ മക്കളും നാട്ടുകാരും അടയാളങ്ങൾ അണിയാത്ത നമ്മുടെ സഖാക്കളും AKPCTA അംഗങ്ങളും ചേർന്നുള്ള രക്ഷാപ്രവർത്തനം. ബോട്ടിൽ മണ്ണെണ ഇല്ല എന്നു പറഞ്ഞപ്പോൾ ഒരു കടയുടെ

**മഴ കനത്തു തുടങ്ങിയ ത്തിന്റ ആദ്യ ദിവസങ്ങ ളിൽ ഭീകരമായ വാർത്ത കൾ ഒന്നും തന്നെ വന്ന് തുടങ്ങിയിരുന്നില്ല. അത് കൊണ്ട് തന്നെ ആഗസ്റ്റ് 15 ന്  പമ്പയിലും, അച്ചൻ കോവിലാറിലും വെള്ളം കയറി പത്തനംതിട്ടയും റാന്നിയും മുങ്ങിയപ്പോൾ ചെങ്ങന്നൂർ മുങ്ങുമെന്ന് ആരും കരുതിയില്ല.**

താഴ് തകർത്താണ് ബിജി സാർ മണ്ണെണ കൊണ്ടുവന്നു തന്നത്. സഖാക്കൾ അബിൻ ഷാ , ഫറൂഖ് എന്നിവർ  നിഴൽ പോലെ കൂടെ. അയ്യപ്പാ കോളജിലെ കുട്ടികൾ ഒറ്റപ്പെട്ടു പോയി എന്ന വാർത്ത മുഖ്യമന്ത്രിയെ വരെ അറിയിച്ച സഖാവ് ബാബുജാൻ... നായകനെ പോലെ മുന്നിൻ നിന്ന് കാര്യങ്ങൾ നടത്തിയ MLA,  പ്രിയ നേതാവ് നാസാറേട്ടൻ, ശ്യാം ദാസ് ... ഊർജ്ജം തന്ന രക്ഷാ പ്രവർത്തനത്തിന്റെ വലിയ മാതൃകകളായിരുന്നു ഇവരെല്ലാം. ഒപ്പം മേൽവിലാസം ഇല്ലാത്ത കുറെ ഏറെ മുഖങ്ങൾ. പരസ്പരം കൈകോർത്ത് പിടിച്ചപ്പോൾ എല്ലാ വേലികെട്ടുകളും തകർന്ന നിമിഷങ്ങൾ. എങ്ങും മനുഷ്യൻ എന്ന ഒരൊറ്റ മുഖം മാത്രം. ഒരൊറ്റ മതം മാത്രം. രക്ഷാപ്രവർത്തനത്തിന് വള്ളത്തിൽ പോകുമ്പോൾ മൂന്നാം നിലയിൽ നിന്ന് ബീഡി ചോദിച്ച മനുഷ്യനും വള്ളം ഇടിപ്പിച്ചു എന്റെ മതില് കളയരുത് എന്ന ദേഷ്യപ്പെട്ടയാളും പ്രളയത്തിലും ചിരിപ്പിച്ച രണ്ട് വ്യത്യസ്ത മുഖങ്ങൾ ആയിരുന്നു.

പാണ്ടനാട് തൃച്ചിക്കോട്ട് ക്ഷേത്രത്തിന്റെ പുറകിൽ നിന്ന് ഞങ്ങൾ ശ്യാംദാസും ഞാനുമടങ്ങുന്ന സംഘം രക്ഷപ്പെടുത്തിയ 75 വയസ്സുള്ള

സ്ത്രീയും അവരെ ഒരു കൊച്ചു വീട്ടിൽ 4 ദിവസവും ജീവനോടെ നില നിർത്തിയ 85 വയസ്സുള്ള അസുഖ ബാധിതനായ ഭർത്താവും... അവരെ ആംബുലൻസിലേക്ക് കയറ്റുന്ന സമയത്ത് ഞങ്ങളുടെ ഐഡന്റിറ്റി കാർഡ് ചോദിച്ച നാട്ടുകാരനും ഓർമ്മകളിൽ നിറയുന്ന അതിജീവ നത്തിന്റെ പൊരുതുന്ന മുഖങ്ങളിൽ പെടുന്നു.

മുറിയായ്ക്കരയിൽ രക്ഷപ്പെടുത്തിയ രണ്ട് വയസ്സുള്ള കുഞ്ഞ് ബോട്ടിൽ നിന്ന് വീണ്ടും വെള്ളത്തിൽ പോയതും നമ്മുടെ ടീം ഉടനെ വീണ്ടും വലിയ ഒഴുക്കിൽ നിന്ന് കുഞ്ഞിനെ രക്ഷപെടുത്തി.  ഒരു ചലച്ചിത്രത്തിൽ എന്ന പോലെ നടുക്കുന്ന ഓർമ്മകളിൽ നിറയുന്ന ഒരുപാട് നന്മമരങ്ങൾ...

പുന്നപ്രയിൽ നിന്ന് വന്ന യമഹ വള്ളത്തിൽ 40 പേരെയെങ്കിലും വള്ളത്തിൽ കൊണ്ടുവരുമ്പോൾ 4 പ്രാവശ്യത്തിൽ അധികം ബോട്ട് ഒഴുക്കിൽ പെട്ടു... കരാട്ടേ അദ്ധ്യാപകൻ കൂടിയായ ലിറ്റുവിന്റെ മന കരുത്താണ് ഒടിഞ്ഞ കഴുക്കോൽ കൊണ്ട് വള്ളം പിടിച്ച് നിർത്തി യത്.

ഇത് പ്രളയത്തിന്റെ പൂർണമായ ഒരു ഓർമ്മ അല്ല. ഒരുപക്ഷെ പേരറിയാ ത്ത ഒട്ടനേകം ആളുകൾ എവിടെ എല്ലാമോ ഇരുന്ന് പരസ്പരം കോർ ത്ത് വച്ച ഒരു വലിയ നേരിന്റെ ഒപ്പം നിൽക്കാൻ കഴിഞ്ഞതിന്റെ ഒരു ചെറിയ മിന്നാമിനുങ്ങ് വെട്ടം മാത്രം. മലവെള്ളം പ്രളയക്കൊയ്ത്ത് നടത്തിയ എല്ലാ ദുരിതമുഖങ്ങളിലും നൂറുകണക്കിന് ആളുകൾ ഉണ്ടായി രുന്നല്ലോ... ഒരു പക്ഷെ ആരുമല്ലാ ത്തവർ, എല്ലാവരുടെയും ആയവർ. നമുക്ക് കരുതി വയ്ക്കാൻ ഇതിൽ കൂടു തൽ എന്ത് വേണം. ഓരോ നിമിഷ വും നിശ്ചയ ദാർഢ്യത്തോടെ കൂടെ ഉണ്ട് എന്ന് ഓർമ്മിപ്പിച്ച ഒരു ഭരണ കൂടം ഉള്ളപ്പോ ഒരു മഴക്കും ഒഴുക്കി കളയാൻ ആവില്ല മലയാളത്തെ. നമ്മൾ അതിജീവിക്കും എന്നത് ഒരു വെറും പ്രതീക്ഷയല്ല, അത് ഒരു തീരുമാനം ആണ്. ആദ്യത്തെ മഴ ത്തുള്ളി ദുരിതം പേറി വന്നപ്പോൾ എടുത്ത തീരുമാനം.

> **ഓരോ നിമിഷവും നിശ്ചയ ദാർഢ്യത്തോടെ കൂടെ ഉണ്ട് എന്ന് ഓർമ്മിപ്പിച്ച ഒരു ഭരണകൂടം ഉള്ളപ്പോ ഒരു മഴക്കും ഒഴുക്കി കളയാൻ ആവില്ല മലയാളത്തെ.  നമ്മൾ അതിജീവിക്കും എന്നത് ഒരു വെറും പ്രതീക്ഷയല്ല അത്  ഒരു തീരുമാനം ആണ്. ആദ്യത്തെ മഴത്തുള്ളി ദുരിതം പേറി വന്നപ്പോൾ എടുത്ത തീരുമാനം.**



# മണൽച്ചിപ്പികൾ



കതിരുണ്ണുവട്ടി
പിറന്ന വാക്കെ
പൊതിഞ്ഞിളുകൊണ്ടെൻ
വഴിക്കണ്ണുടഞ്ഞ!

നിണംതൊട്ട വാക്കിൻ
പൊരുൾകണ്ട നാളിൽ
നിനക്കോർമ്മയുണ്ടോ
നിരാലംബജന്മം?

നകംകെട്ടിയോട്ടും
ദുരാഗ്രഹക്കാലം
വഴിക്കെത്രചക്രം
വലിക്കുന്നു നിത്യം!

സ്വരംതാഴ്ത്തിയാരോ
വിളിക്കുന്നു ദൂരെ
മരുപ്പച്ചയാവാം
മഴത്തുള്ളിയാവാം

കടിച്ചൂറ്റുവാനായ്
മുഴുഭ്രാന്തരാവാം
പകച്ചോടിയെത്തും
മൃഗക്കൂട്ടമാവാം

എനിക്കെന്റെ വാക്കിൻ
കരൾച്ചോപ്പുതായോ
ഇരുട്ടിന്റെ ദിക്കിൽ
ജ്വലിച്ചൊന്നുദിക്കാൻ

ബലിക്കാക്കയല്ലെ-
ന്നരിപ്രാക്കൾ വന്നീ
കടൽത്തീരസന്ധ്യയ്-
ക്കൊട്ടുക്കൂട്ടെയന്നാ.

കളിപ്പിച്ചെടുക്കാം
മണൽച്ചിപ്പിതോറും
പിടയ്ക്കുന്ന കണ്ണിൻ
കതിർമുത്തുതായോ.

**ആര്യാഗോപി**
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്



ശാസ്ത്രവഴി




# കേരളം കണ്ട പ്രളയം - ശാസ്ത്രദൃഷ്ടിയിലൂടെ

കേരളം മുൻപെങ്ങും കണ്ടിട്ടില്ലാത്ത പ്രളയത്തിനാണ്നാം സാക്ഷ്യം വഹിച്ചത്. എല്ലാവരും ഏതെങ്കിലും രീതിയിൽ ഇരകളായിരുന്നു. ചിലർ നേരിട്ടും, ചിലർ പ്രിയപ്പെട്ടവരിലൂടെയും, ചിലർ അതിന്റെ സാമൂഹിക സാമ്പത്തിക പ്രതിഫലനങ്ങളിലൂടെയും പ്രളയദുരിതത്തിന്റെ കയ്പ്പറിഞ്ഞു. ഇത് നമ്മൾ മുൻകൂട്ടി കണ്ടതല്ല, നമ്മൾ മുൻപെങ്ങും കണ്ടിട്ടുള്ളതുമല്ല. കേരളം ഈ ഭൂഗോളത്തിന്റെ ഏറ്റവും സുരക്ഷിതമായ ഒരുകോണിൽ കിടക്കുന്ന ഒരു കൊച്ചു പ്രദേശമാണ്. ഭൂമധ്യരേഖയോടടുത്ത ടോപ്പിക് പ്രദേശമായതിനാൽ, തുല്യദൈർഘ്യമുള്ള രാപകലുകളും കഠിനമായ ചൂടോ തണുപ്പോ അറിയാതെ നേർത്ത ഋതുഭേദങ്ങളും നമുക്ക് അനുഭവിക്കാം. അഗ്നിപർവതങ്ങളുടേയോമഞ്ഞുവീഴ്ചയുടേയോ ചുഴലിക്കൊടുങ്കാറ്റുകളുടേയോ ഭൂകമ്പങ്ങളുടേയോ ശല്യം നമുക്ക് പരിചയമില്ല. എന്നാൽ എല്ലായിടത്തും ഇതല്ല അവസ്ഥ. കൊടുങ്കാറ്റും വെള്ളപ്പൊക്കവും ഭൂകമ്പവുമൊക്കെ നിരന്തരം അനുഭവിക്കുന്ന സ്ഥലങ്ങൾ നിരവധിയുണ്ട്. എന്നാൽ അതൊന്നും പരക്കെ വാർത്തയാകാറില്ല. അവിടങ്ങളിലെ ജനങ്ങൾ ഇത്തരം ദുരന്തങ്ങൾക്കായി സജ്ജരാണ് എന്നതുതന്നെയാകണം പ്രധാന കാരണം. പ്രളയാനന്തരകേരളത്തെ എങ്ങനെ വാർത്തെടുക്കണം എന്ന ചർച്ചകളുടെ പശ്ചാത്തലത്തിലാണ് ഇതെഴുതപ്പെടുന്നത്. പ്രകൃതിയേയും അതിലെ ദുരന്തസാധ്യതകളേയും വസ്തുനിഷ്ഠമായി പഠിച്ച്, ശാസ്ത്രീയമായ തയ്യാറെടുപ്പുകളോടെ ഉണ്ടാകുന്നതാകണം ഇനിയുള്ള കേരളം എന്നതാണ് വികസിതരാജ്യങ്ങൾ നൽകുന്ന പാഠം. അതിന് വെറുമൊരു പുനർനിർമിതിപോരാ, സമഗ്രമായി ചിന്തിച്ചശേഷമുള്ള ഒരു പുനർരൂപകല്പന തന്നെ വേണ്ടിവരും.

## പ്രകൃതി, പ്രകൃതിദുരന്തങ്ങൾ

ഒരു സമൂഹത്തിലെ മനുഷ്യർക്കും മനുഷ്യസ്വത്തുക്കൾക്കും പെട്ടെന്ന് വലിയ അളവിൽ വരുന്നനാശമാണ് ദുരന്തം എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. അത് പ്രകൃത്യാലുള്ള സംഭവവികാസങ്ങൾ കൊണ്ടാകുമ്പോൾ പ്രകൃതിദുരന്തം ആകുന്നു. പ്രകൃതിദുരന്തങ്ങളെ പ്രധാനമായും മൂന്ന് വിഭാഗങ്ങളായിതിരിക്കാം - ഭൗമപരമായവ (Geological), കാലാവസ്ഥാപരമാ

**വൈശാഖൻ തമ്പി**
എൻ.എസ്.എസ്. കോളേജ്
ചേർത്തല



യവ (Meteorological), ജലജന്യമായവ (Hydrological). മനുഷ്യൻ പ്രകൃതി എന്ന് സാമാന്യേന വിശേഷിപ്പിക്കുന്ന അസ്തിത്വത്തിന്റെ മൂന്ന് മുഖങ്ങളാണവ. ഭൂചലനം, അഗ്നിപർവത സ്ഫോടനം, ഉരുൾ പൊട്ടൽ തുടങ്ങിയ ദുരന്തങ്ങൾ ഭൂമിയുടെ പുറന്തോടിൽ നടക്കുന്ന വിവിധ സ്വാഭാവിക പ്രക്രിയകളിൽ നിന്ന് ഉടലെടുക്കുന്നവയാണ്. ഭൂമിയെ പൊതിഞ്ഞ് കിടക്കുന്ന അന്തരീക്ഷം എന്ന വാതക പുതപ്പിനുള്ളിലെ പ്രതിഭാസങ്ങളാണ് കാലാവസ്ഥയിൽ ഉൾപ്പെടുന്നത്. ഭൂമിയുടെ വലിപ്പത്തിന്റെ 1% പോലും കനമില്ലാത്ത അന്തരീക്ഷത്തിൽ നിന്നാണ് പേമാരിയും, ചുഴലിക്കൊടുങ്കാറ്റും, ഇടിമിന്നലും, ഹിമപാതവും പോലുള്ള മാരകദുരന്തങ്ങൾ ഉണ്ടാകുന്നത്. ഭൂമിയ്ക്കും അന്തരീക്ഷത്തിനും ഇടയിൽ നിരന്തരം പലരൂപങ്ങളിൽ പലയിടങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ജലം എന്ന അതുല്യ രാസവസ്തു ചിലഘട്ടങ്ങളിൽ വെള്ളപ്പൊക്കം, സുനാമി തുടങ്ങിയ ദുരന്തങ്ങൾക്ക് കാരണമാകുന്നു.  ഇവയെല്ലാം പരസ്പരം തൊട്ടുകിടക്കുന്ന ഘടകങ്ങളായതിനാൽ തന്നെഇവയിൽ ഒന്ന് മറ്റൊന്നിനെ സ്വാധീനിക്കാനും സാധ്യതയുണ്ട്. ഉദാഹരണത്തിന്, കടലിനടിയിലെ ഭൂചലനം ഒരു സുനാമിയ്ക്ക് കാരണമായേക്കാം.

ശ്രദ്ധിക്കേണ്ട കാര്യം ഇപ്പറഞ്ഞ പ്രകൃതിപ്രതിഭാസങ്ങളെല്ലാം മനുഷ്യനും മുൻപേ ഇവിടെയുണ്ടായിരുന്നു എന്നതാണ്. അഗ്നിപർവതസ്ഫോടനങ്ങളിൽ നിന്നാണ് ഇന്നത്തെ അന്തരീക്ഷവായു കനപ്പെട്ടത്. അതുപോലെ നൂറ്റാണ്ടുകളോളം പെയ്തമഴയാണ് സമുദ്രജലമായിമാറിയത്. ഇതിനിടെയിൽ മനുഷ്യന്റെ സ്ഥാനം എന്താണ്? 450 കോടിവർഷം പ്രായമുള്ള ഭൂമിയിൽ കഷ്ടിച്ച് രണ്ടുലക്ഷം വർഷം മുൻപ് ഉരുത്തിരിഞ്ഞ ഒരു ജീവിവർഗം. ഇവിടത്തെ കോടിക്കണക്കിന് ജീവിഗണങ്ങളിൽ ഒന്ന് മാത്രം. ചില സവിശേഷ ശാരീരിക അനുകൂലനങ്ങൾ ഉള്ളതുകൊണ്ട് ആ ജീവി അസാധാരണമാംവിധം അതിജീവിക്കുകയും പ്രകൃതിയെ സ്വന്തം വഴിയ്ക്ക്  കൊണ്ടുവരുന്നതിൽ വിജയിക്കുകയുംചെയ്തു എന്നത് സ ത്യം തന്നെ. പക്ഷേ പ്രകൃതിയിൽ നിന്നും മാറി ഒരുനിലനില്പ് നമുക്കില്ല. പ്രകൃതി സന്തുലനം കൈവരിയ്ക്കാൻ നടത്തുന്ന സ്വാഭാവിക പ്രതിഭാസങ്ങളിൽ ചിലത് മനുഷ്യന് വിനാശകാരിയായി പരിണമിക്കുന്നു എന്നേയുള്ളൂ.

1960-ൽ ഭൂമിയിൽ 300 കോടി മനുഷ്യർ ഉണ്ടായിരുന്നുവെങ്കിൽ, അടുത്ത അമ്പത് വർഷം കൊണ്ട് അത് 700 കോടിയായിട്ടുണ്ട്. ഇത്രയധികം മനുഷ്യർക്ക് പ്രകൃതിയുടെ സ്വാഭാവിക പ്രക്രിയകളെ ബാധിയ്ക്കാതെ ഒരുജീവിതം സാധ്യമാകില്ല. കൂടുതൽ കൂടുതൽ ജീവിതസൗകര്യങ്ങൾ നേടാനുള്ള പരക്കംപാച്ചിലിൽ അത് കൂടുതൽ ഗൗരവകരമാകാനേ തരമുള്ളൂ. 'പ്രകൃതിസംരക്ഷണം' എന്നവാക്ക് മനുഷ്യന്റെ ഒരു കാപട്യം മാത്രമാണ്. മനുഷ്യന് പ്രകൃതിയെ സംരക്ഷിക്കണമെന്നല്ല, മറിച്ച് അവരവരുടെ ഭാവിസംരക്ഷിക്കാനാണ് വ്യഗ്രത. അതിന് പ്രകൃതിയെ സംരക്ഷിക്കേണ്ടത് ഒരു ബാധ്യതയായി നാം തിരിച്ചറിയുന്നു, അല്ലെങ്കിൽ തിരിച്ചറിയണം.

## പ്രളയംനൽകുന്ന സന്ദേശങ്ങൾ

അഭ്രുതപൂർവമായ ഒരു പ്രളയം കടന്നുപോകുമ്പോൾ നമുക്കതിൽനിന്ന് പലകാര്യങ്ങൾ വായിച്ചെടുക്കാം. ഒന്ന്, ഇത്തരം ദുരന്തങ്ങൾ നമുക്ക് പത്രവാർത്തകൾ മാത്രമല്ല എന്ന തിരിച്ചറിവാണ്. ഇതൊക്കെ ഇവിടെ നമുക്കും സംഭവിക്കാൻ സാധ്യതയുള്ള കാര്യങ്ങളാണ്. നമ്മൾ ഇത്തരം സാധ്യതകൾക്ക് വേണ്ടി സജ്ജരായിരിക്കേണ്ടതിന്റെ ആവശ്യകത ഇവിടെ വെളിപ്പെട്ട്കിട്ടുന്നു.

നമ്മൾ മുൻപ് കണ്ടിട്ടില്ലാത്തവിധം ശക്തമായ മഴ വളരെ കുറച്ച് ദിവസങ്ങൾകൊണ്ട് പെയ്തിറങ്ങിയതാണ് കേരളത്തെ മുക്കിക്കളഞ്ഞത്. ഇതിന്  മുൻപ് തെക്കൻ കേരള

ത്തിൽ ദുരന്തം വിതച്ച ഓഖി കൊടുങ്കാറ്റും നമുക്ക് പരിചയമുള്ളതോ പ്രതീക്ഷിച്ചതോ ആയിരുന്നില്ല. ഇവിടെ മാത്രമല്ല, ലോകത്തെമ്പാടും കാലാവസ്ഥ അപ്രതീക്ഷിതമായി പെരുമാറുന്നതായി നിരവധി തെളിവുകളുണ്ട്. അന്തരീക്ഷത്തിന് രാഷ്ട്രീയ അതിർത്തികൾ ബാധകമല്ല എന്നതിനാൽ തന്നെ ജാഗ്രത നമ്മുടേത് കൂടി ആകേണ്ടതുണ്ട്.


പോലീസിനെ പേടിച്ച് മാത്രം ഹെൽമറ്റ് വെക്കുന്ന ഒരു ജനതയുടെ സുരക്ഷാബോധം ശുഷ്കമായിരിക്കാനേ സാധ്യതയുള്ളൂ. അതുകൊണ്ട് തന്നെ ദുരന്തസാധ്യതകൾക്ക് വേണ്ടി നേരത്തേ തയ്യാറെടുക്കുക എന്നതിന്റെ ഗൗരവം അത്ര എളുപ്പം അംഗീകരിക്കപ്പെടില്ല. പക്ഷേ ജനങ്ങളിൽ ഓരോരുത്തരും സുരക്ഷാ മുൻകരുതലുകളുടെ ആവശ്യം തിരിച്ചറിയുന്നത് വരെ മറ്റെല്ലാശ്രമങ്ങൾക്കും ഫലപ്രാപ്തി കുറയും. നിരന്തരം ദുരന്തങ്ങൾ അഭിമുഖീകരിക്കുകയും പെട്ടെന്ന്കരകയറുകയും ചെയ്യുന്ന വിദേശരാജ്യങ്ങളെ ശ്രദ്ധിച്ചാൽ അതിന്റെ പ്രാധാന്യം മനസിലാ

**പ്രളയപശ്ചാത്തലത്തിൽ കേരളം കണ്ടത് വാളെടുത്തവരെല്ലാം വെളിച്ചപ്പാടാകുന്ന കാഴ്ചയാണ്. ഡാംമാനേജ്മെന്റ്, പരിസ്ഥിതിശാസ്ത്രം, കാലാവസ്ഥാപ്രവചനം എന്നിങ്ങനെ നാനാമണ്ഡലങ്ങളിൽ വിദഗ്ധരല്ലാത്ത ആരുമില്ല എന്ന അവസ്ഥ! അഭിപ്രായങ്ങളല്ല, ആധികാരിക സ്വരത്തിലുള്ള ഉപദേശങ്ങളാണ് എല്ലാവർക്കും പറയാനുള്ളത്.**

വും. അവിടെ ഒരു വെള്ളപ്പൊക്കം ഉണ്ടായാൽ എന്ത്ചെയ്യണം എന്നതിനെകുറിച്ച് കുട്ടികൾക്ക് പോലും ധാരണയുണ്ടെന്ന് കാണാം. അമേരിക്കയുടെ ഫെഡറൽ എമർജൻസി മാനേജ്മെന്റ് ഏജൻസി (FEMA) പറയുന്നത് ഓരോ പൗരന്റെയും സഹകരണമില്ലാതെ ഒരു സർക്കാരിനും അടിയന്തര സാഹചര്യങ്ങൾ നേരിടാനാകില്ല എന്നാണ്.

## അതിജീവനവും പുനർനിർമാണവും

പ്രളയം കടന്നുപോയി. അതിൽ നമുക്കിനി ഒന്നും ചെയ്യാനില്ല. അതിജീവനത്തിനും ഭാവിയിൽ ഇത്തരമൊന്ന് കൈകാര്യം ചെയ്യാനുമുള്ള ശേഷി ഉണ്ടാക്കിയെടുക്കുകയാണ് ഇനിവേണ്ടത്. ഒരുപ്രശ്നപരിഹാരത്തിനുള്ള ആദ്യപടി എന്നത് പ്രശ്നമെന്താണ് എന്ന് മനസിലാക്കലാണ്. പരിഹാരം അതിന് ശേഷമേ ഉണ്ടാകൂ. പ്രളയപശ്ചാത്തലത്തിൽ കേരളംകണ്ടത് വാളെടുത്തവരെല്ലാം വെളിച്ചപ്പാടാകുന്ന കാഴ്ചയാണ്. ഡാംമാനേജ്മെന്റ്, പരിസ്ഥിതി





ശാസ്ത്രം, കാലാവസ്ഥാപ്രവചനം എന്നിങ്ങനെ നാനാമണ്ഡലങ്ങളിൽ വിദഗ്ധരല്ലാത്ത ആരുമില്ല എന്ന അവസ്ഥ! അഭിപ്രായങ്ങളല്ല, ആധികാരിക സ്വരത്തിലുള്ള ഉപദേശങ്ങളാണ് എല്ലാവർക്കും പറയാനുള്ളത്. ശബരിമല പ്രശ്നത്തിലെ കോടതി വിധിയാണ് പ്രളയത്തിന് കാരണമായത് എന്നവരെ 'വിദഗ്ധാഭിപ്രായം' പടർന്നിട്ടുണ്ട്. ഡാമുകളുടെ ഷട്ടർ തുറന്നില്ലായിരുന്നുവെങ്കിൽ പ്രളയമേ ഉണ്ടാകുമായിരുന്നില്ല എന്ന കണ്ടെത്തലിനും വിദഗ്ധസ്വരം തന്നെ.

പെട്ടെന്ന് മനസിലാക്കാവുന്ന ഉത്തരങ്ങളിൽ ചാടിപ്പിടിച്ച് ആശ്വസിക്കാൻ ശ്രമിക്കുന്തോറും ശരിയായ പ്രശ്നപരിഹാരത്തിൽനിന്ന് അകലുകയാണ് നമ്മൾ. സങ്കീർണപ്രശ്നങ്ങൾക്ക് ലളിതപരിഹാരങ്ങളില്ല. അത് അംഗീകരിച്ചുകൊണ്ടുള്ള ചർച്ചകളിൽ മാത്രമേ പ്രതീക്ഷ വെക്കാനാകൂ. ജലവിനിയോഗം, ഭൂവിനിയോഗം, ജനസാന്ദ്രത, നിർമ്മാണപ്രവർത്തനങ്ങൾ, നഗരവൽക്കരണം, കാലാവസ്ഥ, ഗതാഗതം, വ്യവസായംഎന്നിങ്ങനെ ഒട്ടനവധി സാമൂഹിക-സാമ്പത്തിക മാനങ്ങൾ ഉള്ള ഒരു പ്രശ്നമാണ് നമ്മുടെ മുന്നിൽ. അതുകൊണ്ട്തന്നെ അതാത് വിഷയങ്ങളിൽ പ്രായോഗിക വൈദഗ്ധ്യം ഉള്ളവർ ചേർന്ന് സമഗ്രമായ പഠനങ്ങൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ നയരൂപീകരണം ഉണ്ടാകുകയും വേണം.

ഇവിടെ സമൂഹത്തിന്റെ നികുതിപ്പണം കൊണ്ട് നടത്തപ്പെടുന്ന ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ അസംഖ്യമാണ്. മേൽപ്പറഞ്ഞ ഏതാണ്ടെല്ലാ വിഷയങ്ങളും പാഠ്യവിഷയങ്ങളാകുന്നവ. എന്നാൽ അവിടങ്ങളിൽ നിർമ്മിക്കപ്പെടുന്ന വിദഗ്ധരിൽനിന്ന് സമൂഹം എന്താണ് തിരിച്ച് വാങ്ങുന്നത് എന്നൊരു വലിയ ചോദ്യം തുറന്ന് കിടപ്പുണ്ട്. പൊതുപ്പണം ചെലവാക്കി അവരെ പഠിപ്പിക്കുന്നത് അവർക്കാ സർട്ടിഫിക്കറ്റ് കാണിച്ച് ജോലിവാങ്ങാനാണ് എന്ന ധാരണ തിരുത്തപ്പെടണം. ആ അറിവ് സമൂഹത്തിന് ഗുണപ്പെടേണ്ടതാണ്. അത് ഉറപ്പിക്കാനുള്ള പൊതുബോധ നിർമ്മിതി ഉണ്ടാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾക്ക് പകരം ആരാധനാലയങ്ങൾ പ്രകടനപത്രികകളിൽ കയറിക്കൂടുന്ന സമൂഹമാണിത്. അത് മാറണം. ദുരന്തങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന വികസിതരാജ്യങ്ങളിൽ നിന്നും ശാസ്ത്ര ഗവേഷണത്തിന് ഇക്കാര്യത്തിൽ വഹിക്കാനാകുന്ന നിസ്തുലമായ പങ്ക് നമ്മൾ തിരിച്ചറിയണം. പ്രാദേശിക പ്രശ്നങ്ങളിൽ തദ്ദേശീയമായ ഗവേഷണങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന ശാസ്ത്രീയഅറിവുകൾ പ്രയോഗിക്കപ്പെടണം. വിദ്യാഭ്യാസരീതിയും ജനാധിപത്യ നയങ്ങളും അതിന് അനുകൂലമായി പരുവപ്പെടണം. വൈറ്റ്-കോളർ ശാസ്ത്രജ്ഞർ ലാബുകളിൽ ചെയ്യുന്ന പ്രവൃത്തികൾ മാത്രമല്ല ശാസ്ത്രം എന്നത് നമ്മളിനിയും ശരിയ്ക്ക് തിരിച്ചറിഞ്ഞിട്ടില്ല. അതിന് സാമൂഹ്യമാനങ്ങളുണ്ട്. മുകളിലേയ്ക്ക് തൊടുക്കുന്ന അത്യാധുനിക ഉപഗ്രഹങ്ങളാണ് ഒരു മത്സ്യത്തൊഴിലാളി കടലിൽ പോകുന്നത് സുരക്ഷിതമാണോ എന്നും കടലിൽ ഏത് ഭാഗത്താണ് മത്സ്യസമ്പത്തുള്ളത് എന്നാമൊക്കെ മുൻകൂട്ടി പറയാൻ സമൂഹത്തെ പ്രാപ്തമാക്കുന്നത്. പക്ഷേ 'പട്ടിണിമാറ്റിയിട്ട് മതി സാറ്റലൈറ്റ്' എന്ന്ചിന്തിക്കുന്ന ഒരു സമൂഹത്തിൽ നിന്ന് പ്രതീക്ഷിക്കാവുന്ന പുരോഗതിയ്ക്ക് ഒരുപരിധിയുണ്ട് എന്നത് ദുഖകരമായ ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു.

**ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾക്ക് പകരം ആരാധനാലയങ്ങൾ പ്രകടനപത്രികകളിൽ കയറിക്കൂടുന്ന സമൂഹമാണിത്. അത് മാറണം. ദുരന്തങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന വികസിതരാജ്യങ്ങളിൽ നിന്നും ശാസ്ത്ര ഗവേഷണത്തിന് ഇക്കാര്യത്തിൽ വഹിക്കാനാകുന്ന നിസ്തുലമായ പങ്ക് നമ്മൾ തിരിച്ചറിയണം.**



# പ്രളയവും യുവതയും

2018 ആഗസ്റ്റ് കേരളത്തെ സംബന്ധിച്ച് മറക്കാനാവാത്ത മാസമാണ്. കാലം തെറ്റിപ്പെയ്ത മഴ കേരളത്തെ മുക്കിക്കളഞ്ഞ മാസമാണത്. ദുരന്തത്തിന്റെ പേരിലായിരിക്കുമോ രക്ഷാപ്രവർത്തനത്തിന്റെയും അതിജീവനത്തിന്റെയും പേരിലായിരിക്കുമോ ഇക്കാലത്തെ കേരളം ചരിത്രത്തിൽ ഇടംപിടിക്കാൻ പോകുന്നത് എന്ന് കാത്തിരുന്ന് കാണണം. രണ്ടാഴ്ച മുമ്പേ പെയ്തു തുടങ്ങിയ മഴ ആഗസ്റ്റ് 15 ആകുമ്പോഴേക്കും നിർത്താതെ പെയ്യാൻ തുടങ്ങി. പിന്നീടുള്ള അഞ്ചുദിവസം തുടർച്ചയായി പെയ്ത മഴ കേരളീയരെ നിരവധി പാഠങ്ങൾ പഠിപ്പിച്ചു. ജീവനു മുമ്പിൽ അതിരുകളോ നിറങ്ങളോ ഇല്ല എന്നതാണ് അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠം. ജാതി, മതം,വിദ്യാഭ്യാസം, തൊഴിൽ, സമ്പത്ത്, സൗന്ദര്യം, പദവികൾ, കുടുംബമഹിമ, ബന്ധുബലം... തുടങ്ങിയവയൊക്കെ വെറും അഹങ്കാരം മാത്രമാണെന്നു പഠിക്കാനൊരവസരം പ്രളയമൊരുക്കിത്തന്നു എന്ന താണ് വാസ്തവം. കടുത്ത ജാതിമേന്മ കൊണ്ടുനടന്നിരുന്ന, ഉന്നതജാതിയിൽപെട്ടവരെന്ന് സ്വയംകരുതിയിരുന്ന നമ്പൂതിരികുടുംബത്തിലെ പ്രായമായ (60-65 വയസ്സ്) ഭാര്യയും ഭർത്താവും പ്രളയം തുടങ്ങിയ രണ്ടാം നാൾ ഉടുതുണിക്കുമറുതുണിയില്ലാതെ വീട്ടിൽ നിന്നു രക്ഷപ്പെട്ട് വെള്ളത്തിലൂടെയും കരയിലൂടെയും രണ്ടുകിലോ മീറ്ററോളം നടന്ന് കീഴ്ജാതിയെന്ന് അവർ കരുതിയിരുന്ന പുലയഭവനത്തിൽ ചെന്ന് ദാഹജലം/ജീവജലം കുടിച്ച കഥ ഒരു സഹപ്രവർത്തക പങ്കുവെച്ചു.

ഒരേ പാത്രത്തിൽനിന്നും ഭക്ഷണം കഴിച്ച ആളുകൾ അന്ന് ജാതിയും മതവും നോക്കിയിരുന്നില്ല. ശുദ്ധജലം കിട്ടാനില്ലാത്തതിനാൽ പാത്രം കഴുകാതെ തന്നെ തുടർച്ചയായി ഭക്ഷണം വിളമ്പിക്കഴിച്ചിരുന്ന ക്യാമ്പുകളും ഇവിടെയുണ്ടായിരുന്നു. അനുഭവങ്ങളുടെയും അനുഭവാഖ്യനങ്ങളുടെയും നീണ്ട നിരയിലൂടെ മലയാളിയുടെ മനുഷ്യസ്നേഹവും സഹജീവിസ്നേഹവും ത്യാഗസേവന സന്നദ്ധതയും ലോകം കണ്ട നാളുകളായിരുന്നു അത്. ആഗോളതലത്തിൽത്തന്നെ അതീവ ശ്രദ്ധപിടിച്ചു പറ്റിയ രക്ഷാപ്രവർത്തനങ്ങളാണ് കേരളത്തിൽ നടന്നത്. സ്വന്തം ജീവനും സ്വത്തും പരിഗണിക്കാതെ അന്യരെ രക്ഷിക്കാനായി ഇറങ്ങിപ്പുറപ്പെട്ട ആയിരങ്ങളുടെ കഥകൾ ലോകം ധാരാളമായി കേട്ടു. മനുഷ്യരിലെ നന്മ പുറത്തുവന്ന നാളുകളായിരുന്നു അത്. മനുഷ്യർക്ക് ജീവിക്കു


**വി.പി. മർക്കോസ്**
യു.സി. കോളേജ്, ആലുവ



വാൻ അധികം വസ്തുക്കളൊന്നും വേണ്ടെന്ന് മനസ്സിലാക്കിയ നാളുകൾ കൂടിയാണവ. കറന്റ് പോലും ഇല്ലാതെ ഒരാഴ്ച കഴിഞ്ഞപ്പോൾ നമ്മുടെ മുന്നിൽ ജീവൻ നിലനിർത്താൻ വേണ്ട അവശ്യവസ്തുക്കൾ മാത്രമായിരുന്നു ലക്ഷ്യമായിട്ടുണ്ടായിരുന്നത്. കേരളത്തിനു പുറത്തുള്ള മലയാളികൾ നവമാധ്യമങ്ങളിലൂടെ കേരളത്തെ രക്ഷിച്ചുകൊണ്ടിരുന്നു എന്നു പറയാം. എത്രമാത്രം ജാഗരൂകരായാണ് മലയാളി കൾ ആ നാളുകളിലൂടെ കടന്നുപോയത്! എന്തെല്ലാം തരത്തിലുള്ള വിവേചനങ്ങൾ ഉണ്ടായിരുന്ന നാടായിരുന്നു കേരളവും! എന്തെല്ലാം വിവാദങ്ങൾ! എല്ലാം പ്രളയത്തിൽ മുങ്ങി പ്പോയി. പ്രളയം കഴിഞ്ഞ് അവ വീണ്ടും മുളപൊട്ടിത്തുടങ്ങിയിട്ടുണ്ട് എങ്കിലും പഴയ ഒരു മൂർച്ച അവയ്ക്കില്ല എന്നതാണ് സത്യം.

നന്മകൾമാത്രം ചെയ്യുന്ന ആളുകളാണ് എല്ലാവരും എന്ന് ഇപ്പറഞ്ഞതിനർത്ഥമില്ല. ധാരാളം തിന്മകളും ഇക്കാലത്ത് നടന്നിട്ടുണ്ട്. പക്ഷേ

**മനുഷ്യരിലെ നന്മ പുറത്തുവന്ന നാളുകളായിരുന്നു അത്. മനുഷ്യർക്ക് ജീവിക്കുവാൻ അധികം വസ്തുക്കളൊന്നും വേണ്ടെന്ന് മനസ്സിലാക്കിയ നാളുകൾ കൂടിയാണവ. കറന്റ് പോലും ഇല്ലാതെ ഒരാഴ്ച കഴിഞ്ഞപ്പോൾ നമ്മുടെ മുന്നിൽ ജീവൻ നിലനിർത്താൻ വേണ്ട അവശ്യവസ്തുക്കൾ മാത്രമായിരുന്നു ലക്ഷ്യമായിട്ടുണ്ടായിരുന്നത്.**

അവയെ എല്ലാം മറികടക്കാൻ പാകത്തിനുള്ള നന്മയും വിവേകവും മലയാളിക്കുണ്ട് എന്ന് തെളിയിച്ച കാലം കൂടിയാണ് 2018 ആഗസ്റ്റ്.

എറണാകുളം ജില്ലയിലെ ഉയർന്ന പ്രദേശങ്ങളിൽ ആലുവാ യു.സി. കോളേജ് കുന്നും ഉൾപ്പെടും. വലിയ കുന്നൊന്നുമല്ലെങ്കിലും 1924-ലെ വെള്ളപ്പൊക്കത്തെ അതിജീവിച്ച ചരിത്രവും പാരമ്പര്യവും ഈ കോളേജ്കുന്നിനുണ്ട്. 1924ലും യു.സി. കോളേജ് പ്രളയദുരിതാശ്വാസക്യാമ്പ് ആയിരുന്നു. പെരിയാറിന്റെ തീരത്തു സ്ഥിതി ചെയ്യുന്ന ഈ ചെറിയ കുന്നിലെ കോളേജിന്റെ കെട്ടിടങ്ങൾ ഇക്കുറിയും ദേശവാസികൾക്ക് അഭയമേകി.

എം.ജി. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ 2018 ആഗസ്റ്റ് 16-ാം തീയതി വിദ്യാർത്ഥിയൂണിയൻ തെരഞ്ഞെടുപ്പ് നടത്താനായി യൂണിവേഴ്സിറ്റി പ്രഖ്യാപിച്ചിരിക്കുകയായിരുന്നു. 14-ാം തീയതി മീറ്റ് ദ കാൻഡിഡേറ്റ് പരിപാടി നടത്തുമ്പോൾ തന്നെ

പല തവണ മഴ പെയ്തതിനാൽ രണ്ടുവട്ടം പരിപാടി നിർത്തി വെയ്ക്കുകയുണ്ടായി. അന്ന് ഉച്ചക്കുശേഷം തുടർച്ചയായ മഴ തന്നെയായിരുന്നു. പിറ്റേന്ന് ആഗസ്റ്റ് 15. സ്വാതന്ത്ര്യദിനപരിപാടികൾ വളരെ ചുരുങ്ങിയ തോതിൽ മാത്രമാണ് നടത്തിയത്. മഴയുടെ നിരന്തരമായ പെയ്ത്ത് കോളേജിൽ ദുരിതാശ്വാസ ക്യാമ്പുണ്ടാകും എന്നുറപ്പിക്കാൻ കാരണമായി. ക്യാമ്പ് തുടങ്ങുവാനുള്ള സർക്കാർ തീരുമാനം ഉച്ചയോടെ കോളേജിൽ ലഭിച്ചു. എത്ര പേർ ക്യാമ്പിലേക്കു വരുമെന്നോ എന്തെല്ലാം സൗകര്യങ്ങൾ വേണ്ടിവരുമെന്നോ ഒന്നും ഊഹിക്കാൻ കഴിഞ്ഞിരുന്നില്ല. ഇരുന്നൂറ് പേരെ പ്രതീക്ഷിച്ചുകൊണ്ട് കോളേജിന്റെ വലിയ ഓഡിറ്റോറിയം (24000സ്ക്വയർഫീറ്റ്) ക്യാമ്പിനായി തുറന്നു. രാത്രി പത്തുമണിവരെ യായിട്ടും ഏകദേശം അൻപതുപേർ മാത്രമേ ക്യാമ്പിലേക്ക് വന്നുള്ളൂ. എന്നാൽ പുലർച്ചെ ആയപ്പോഴേക്കും മുന്നൂറോളം ആളുകൾ ക്യാമ്പിൽ എത്തിക്കഴി ഞ്ഞിരുന്നു. രാത്രിയിൽ വീട്ടിലേക്ക് വെള്ളം കയറിതുടങ്ങിയപ്പോൾ ഇറങ്ങിപ്പോന്ന വരാണ് ഏറെയും. ചുറ്റും വെള്ളം കേറി പ്രദേശം ഒറ്റപ്പെട്ടുപോയതിനാൽ പോന്നവരും ഉണ്ടായിരുന്നു. ഉടനെ തിരിച്ചുപോകാം, ഏറിയാൽ ഒരു ദിവസം എന്നു കണക്കാക്കിയാണ് എല്ലാവരും വന്നിരിക്കുന്നത്. പക്ഷേ രാവിലെ (16/08/2018) പത്തുമണിയാപ്പോഴേക്കും ഏകദേശം അഞ്ഞൂറിനടുത്ത് ആളുകൾ ക്യാമ്പിലേക്ക് എത്തിക്കഴിഞ്ഞു.

**മനുഷ്യത്വത്തെ ഉണർത്തുന്ന പലതരം അനുഭവങ്ങൾ ഇവർക്കെല്ലാം പറയാനുണ്ട്. വിദ്യാർത്ഥികളുടെ പക്വതയാണ് അതിൽ ഏറ്റവും പ്രധാനം. എപ്പോഴും ശകാരങ്ങൾമാത്രം ഏറ്റുവാങ്ങിയിരുന്ന യുവതലമുറയെക്കുറിച്ച് അഭിമാനകരമായ ഓർമ്മകളാണ് ക്യാമ്പിനുശേഷം അധ്യാപകർക്കുള്ളത്.**

പിന്നീട് ആളുകൾ വരുന്നതിന്റെ വേഗം കൂടിക്കൂടിവന്നു. അന്തരീക്ഷം കനത്ത മഴകൊണ്ട് ഇരുണ്ടുനിൽക്കുകയും ചെയ്തു. ആളുകളുടെ മുഖത്ത് കുറേശ്ശേ ഭീതി കണ്ടു തുടങ്ങി. മഴയുടെ ശക്തികൂടുന്നതിനനുസരിച്ച് ആളുകളുടെ ഭീതിയും വർദ്ധിച്ചു. വീടും വസ്തുക്കളും വളർത്തുമൃഗങ്ങളും അവരുടെ സങ്കടങ്ങളെ ഇരട്ടി യാക്കി. ഇടുക്കിയിലെ ഡാമുകൾ നിറയുന്നതായും ഏത് നിമിഷവും കൂടുതൽ വെള്ളം തുറന്നുവിടാമെന്നുമുള്ള വാർത്തകൾ കേട്ടു തുടങ്ങി. തലേദിവസം പോയ വൈദ്യുതി പിന്നെ വന്നതേയില്ല. വാർത്തകളും കേട്ടുകേൾവികളും മഴ





യോടൊപ്പം ആളുകളുടെ ഭീതികൾ വർദ്ധിപ്പിച്ചു.

പതിനാറാം തീയതി രാവിലെ പത്തുമണി കഴിഞ്ഞപ്പോഴേക്കും ക്യാമ്പിന് പുതിയസ്ഥലം വേണമെന്ന് ബോധ്യമായി. അതിനായി ടോയ്‌ലറ്റ് സൗകര്യങ്ങൾ അടുത്തുള്ള ക്ലാസ് മുറികൾ തുറന്നുകൊടുത്തു. പത്തുമിനിറ്റുകൊണ്ട് വലിയ രണ്ടു ക്ലാസ് മുറികൾ നിറഞ്ഞു കഴിഞ്ഞു. തുടർന്ന് തരുതുരെ ക്ലാസ്സ് മുറികൾ തുറക്കുകയും നിറയുകയും ചെയ്തു കൊണ്ടിരുന്നു. അന്ന് വൈകിട്ട് ആയപ്പോഴേക്കും മൂന്ന് ഓഡിറ്റോറിയങ്ങൾ, ആറ് അക്കാദമിക് ബ്ലോക്കുകൾ എന്നിവ ആളുകൾക്ക് താമസിക്കാനായി തുറന്നുകൊടുത്തു. പലതും തുറക്കാനുള്ള സാവകാശം പോലും ഉണ്ടായിരുന്നില്ല. ക്ലാസ്സുറികൾ പലതിന്റെയും താഴുകൾ തകർക്കുകയാണ് ചെയ്തത്. താക്കോൽ ഇല്ലാഞ്ഞിട്ടല്ല, അതെടുക്കാനുള്ള സാവകാശം കിട്ടിയില്ല. ദുരിതവും നിലവിളിയുമായി വരുന്ന ആളുകളുടെ മുമ്പിൽ താക്കോലിനും താഴിനും ഒരു സ്ഥാനവും ഉണ്ടായിരുന്നില്ല. പ്രായമായവർ, കൊച്ചുകുട്ടികൾ, പേറ്റുകിടക്കയിൽ നിന്നു വന്ന അമ്മമാരും കുഞ്ഞുങ്ങളും, രോഗികൾ -എല്ലാവരെയും കോളേജ് കാമ്പസ് ഉൾക്കൊണ്ടു.

ഇതരസംസ്ഥാന തൊഴിലാളികൾക്ക് മാത്രമായി ഒരു ഓഡിറ്റോറിയം മാറ്റിവെക്കേണ്ടിവന്നു. 15-ാം തീയതി തന്നെ അവരെ വർക്കി മെമ്മോറിയൽ അസംബ്ലിഹാൾ എന്നു വിളിക്കുന്ന ഓഡിറ്റോറിയത്തിൽ താമസിപ്പിച്ചു. പിറ്റേന്ന് ഉച്ചയായപ്പോഴേക്കും അവരുടെ എണ്ണം ഇരുന്നൂറിന് അടുത്തായി. താരതമ്യേന ചെറിയ ഓഡിറ്റോറിയമായിരുന്നിട്ടും അവരെ എല്ലാവരെയും അവിടെത്തന്നെ താമസിപ്പിക്കേണ്ടിവന്നു. സ്ത്രീകളും കുഞ്ഞുങ്ങളും പ്രായമായവരുമൊക്കെയായി മലയാളികൾ താമസിക്കുന്ന മറ്റു ബ്ലോക്കുകളിലേക്ക് അവരെ മാറ്റാൻ കഴിയുമായിരുന്നില്ല. ആ ചെറിയ സ്ഥലത്ത് അവർക്ക് കഴിയേണ്ടിവന്നു എന്നത് ദുഃഖകരമായിരുന്നെങ്കിലും മറ്റുമാർഗ്ഗങ്ങൾ ഇല്ലായിരുന്നു. മറ്റൊരു പ്രധാന ബ്ലോക്കായ മാതൃബ്ലോക്ക് പതിനഞ്ചാം തീയതി തന്നെ പട്ടാളക്യാമ്പിനുവേണ്ടി വിട്ടുകൊടുത്തിരുന്നു. എന്നിട്ടും പിറ്റേന്ന് അതിൽ ചില മുറികൾ ദുരിതാശ്വാസ ക്യാമ്പാക്കി മാറ്റേണ്ടിവന്നു. പതിനാറാം തീയതി രാത്രിയോടെ ഏഴായിരത്തിനുമേൽ ആളുകളെ സ്വീകരിക്കേണ്ടിവന്നു കോളേജിന്. പിന്നീട് ആളുകളുടെ വരവ് തീരെ മന്ദഗതിയിലായി. വെളിയത്തുനാട് ഗവ. എൽ.പി.സ്കൂൾ എന്ന അടുത്തുള്ള ക്യാമ്പിൽ വെള്ളം കിട്ടാനില്ലാതെ വന്നപ്പോൾ അവിടുത്തെ അന്തേവാസികൾ കൂടി യു.സി. കോളേജ് ക്യാമ്പിലേക്ക് വരികയുണ്ടായി. കോളേജിലെ ലാബുകൾ, ഓഫീസ് മുറികൾ എന്നിവയൊഴികെയുള്ള എല്ലാ മുറികളും കെട്ടിടങ്ങളും ക്യാമ്പിനുവേണ്ടി തുറക്കേണ്ടിവന്നു എന്നതാണ് വാസ്തവം. ലൈബ്രറിയിലെ സ്റ്റാക് മുറികൾ ഒഴിവാക്കി വായനാമുറികൾ (ഒരു വലിയ ഹാളും, ചെറിയ ഹാളും), കൗണ്ടർ തുടങ്ങിയവ ക്യാമ്പിലേക്കു വന്ന തുണിത്തരങ്ങൾ സൂക്ഷിക്കാനും തരംതിരിക്കാനുമായി ഉപയോഗിച്ചു.ജനറൽ സ്റ്റാഫ് റൂം ഭക്ഷണസാധനങ്ങളുടെയും മറ്റും സ്റ്റോക്ക് സൂക്ഷിക്കാൻ ഉപയോഗിച്ചു. ചുരുക്കിപ്പറഞ്ഞാൽ നാല്പതേക്കറോളം വരുന്ന മെയിൻ കാമ്പസിൽ ഉപയോഗിക്കാത്ത സ്ഥലം വളരെ കുറച്ചുമാത്രമേ ഉണ്ടാ


യിരുന്നുള്ളൂ എന്നർത്ഥം. ആടുകൾ, പശുക്കൾ, പട്ടികൾ തുടങ്ങിയ വളർത്തു മൃഗങ്ങളും ക്യാമ്പിലെ അന്തേവാസികളായിരുന്നു എന്നു പറഞ്ഞാൽ ചിത്രം ഏറെ ക്കുറെ വ്യക്തമാകും. ഒരു ഭാഗം മുഴുവൻ കെട്ടിയിട്ട പട്ടികളുടെ കരയും ബഹള ങ്ങളുമായിരുന്നു വളരെ നേരത്തേക്ക്.

കോളേജിന് അടുത്തു താമസിച്ചിരുന്ന അധ്യാപകരും വിദ്യാർത്ഥികളും ക്യാമ്പിലെ വളണ്ടിയർമാരായി മുഴുവൻ സമയവും ഉണ്ടായിരുന്നു. എപ്പോഴും ഏകദേശം നൂറോളം വളണ്ടിയർമാർ (അധ്യാപകരും വിദ്യാർത്ഥികളും പൂർവ്വ വിദ്യാർത്ഥികളുമടക്കം) കാമ്പസിൽ ഉണ്ടായിരുന്നു. ആദ്യമാദ്യം വളണ്ടിയർമാരുടെ എണ്ണം കുറവായിരുന്നെങ്കിലും ആവശ്യമുണ്ടായപ്പോൾ കുട്ടികളും അധ്യാപകരും സ്വമേധയാ കാമ്പസിലേക്ക് എത്തിച്ചേർന്നു. മറ്റു കോളേജുകളിലെ അധ്യാപകരും കുറച്ച് വിദ്യാർത്ഥികളും സേവന സന്നദ്ധരായി ക്യാമ്പിൽ ഉണ്ടായിരുന്നു. 17-ാം തീയതി രാവിലെ ആയപ്പോഴാണ് എല്ലാറ്റിന്റെയും ഒരു ഏകദേശരൂപം എല്ലാവർക്കും മനസ്സിലായത്. അതുവരെ പലവിധ ആശയക്കുഴപ്പങ്ങളും കുറവുകളും പിഴവുകളും ഒക്കെ സംഭവിച്ചെങ്കിലും 17 രാവിലെ മുതൽ ചിട്ടയായ, അച്ചടക്കത്തോടെയുള്ള പ്രവർത്തനങ്ങൾ ഒരുക്കുവാൻ വളണ്ടിയേഴ്സിനു കഴിഞ്ഞു. അപ്പോഴേക്കും യു.സി. കോളേജ് ക്യാമ്പ് ലോക ശ്രദ്ധപിടിച്ചുപറ്റിയിരുന്നു.

ക്യാമ്പ് തുടങ്ങിയ ആദ്യദിവസം മാത്രമാണ് ഭക്ഷണത്തിന് ക്ഷാമമുണ്ടായത്. യു.സി.കോളേജ് ക്യാമ്പിൽ ഭക്ഷണമില്ല എന്നവാർത്ത പ്രചരിച്ചതോടെ പലയിടങ്ങളിൽ നിന്നായി പലതരം ഭക്ഷണവിഭവങ്ങൾ ധാരാളമായി എത്തുകയായിരുന്നു. 16-ാം തീയതി വൈകിട്ട് നാലുമണിക്കാണ് ഉച്ചഭക്ഷണം കുറേപ്പേർക്ക് കൊടുക്കാൻ കഴിഞ്ഞത്. പിന്നീടങ്ങോട്ട് ക്ഷാമമുണ്ടായില്ല. ഭക്ഷണവുമായി വരുന്ന സംഘങ്ങൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എല്ലാവരും വളരെ സ്നേഹത്തോടെയും കാരുണ്യത്തോടെയും ഭക്ഷണം നൽകി. ആരും പേരോ ഊരോ പറഞ്ഞില്ല. ആരും ചോദിച്ചതുമില്ല. ഭക്ഷണവിതരണം ആദ്യമൊക്കെ വളരെ ബുദ്ധിമുട്ടുള്ളതായിരുന്നു. കുറച്ച് മാത്രം ഉണ്ടാവുകയും കൂടുതൽ പേർക്ക് കൊടുക്കേണ്ടിവരികയും ചെയ്യുമ്പോഴത്തെ അവസ്ഥ അങ്ങേയറ്റം ദുഃഖകരമാണ്. കിട്ടാത്തവരെ എന്തുപറഞ്ഞ് സമാധാനിപ്പിക്കും? പക്ഷേ നാലുമണി ആയപ്പോഴേക്കും രണ്ടായിരം പേർക്കുള്ള ഭക്ഷണം എത്തി. എന്നിട്ടും തികഞ്ഞില്ല. സന്ധ്യ ആയപ്പോഴേക്കും 2700പേർക്കുള്ള ഭക്ഷണം വീണ്ടുമെത്തി. കൂടാതെ വേറെ സംഘങ്ങളും അന്നു തന്നെ ഭക്ഷണമെത്തിച്ചു. 2 പാക്കറ്റ് ഭക്ഷണം തന്ന ആളുകളും മൂവ്വായിരം പേർക്ക് ഭക്ഷണമെത്തിച്ച ആളുകളും ഉണ്ടായിരുന്നു. എല്ലാവരുടെയും നന്മയെ തിരിച്ചറിയാൻ ഇത്തരം സന്ദർഭങ്ങൾ ഉപകരിച്ചു. ഭക്ഷണം ക്യാമ്പിലേക്ക് എത്തിക്കുക എന്ന തായിരുന്നു വലിയ ബുദ്ധിമുട്ട്. എല്ലാ റോഡുകളും മുങ്ങിപ്പോയ തിനാൽ ഹെലികോപ്റ്ററും ടോറസും ഒക്കെയായിരുന്നു ഭക്ഷണമെത്തിക്കാൻ ഉപയോഗിച്ചത്.

പതിനഞ്ചാം തീയതി പോയ വൈദ്യുതി ക്യാമ്പ് കഴിയുന്നതുവരെയും വന്നില്ല. വെളിച്ചം ക്യാമ്പിലൊരുപ്രശ്നമായിരുന്നു. കുഞ്ഞുങ്ങൾ, മുലകൊടുക്കുന്ന അമ്മമാർ, പ്രായമായവർ (നൂറുവയസിനുമേൽ പ്രായമുള്ളവർ പോലുമുണ്ടായി രുന്നു ക്യാമ്പിൽ) രോഗികൾ-എല്ലാവരും ഇരുട്ടത്ത് ഇരിക്കേണ്ട അവസ്ഥയായിരുന്നു. വളരെ കുറച്ച് മെഴുകുതിരികൾ മാത്രമാണ് ആദ്യദിവസം ഉണ്ടായിരുന്നത്. എന്നാൽ പിറ്റേദിവസം മെഴുകുതിരികൾ ധാരാളമായി എത്തി. എവിടെ നിന്നാ ണെന്ന് അറിഞ്ഞുകൂടാ ആവശ്യമുള്ള സാധനങ്ങൾ കൃത്യമായി ക്യാമ്പിൽ എത്തുന്നുണ്ടായിരുന്നു. മനുഷ്യമനസ്സിന്റെ നന്മ ആവശ്യമായ സമയത്ത് വെളിവാകുക തന്നെ ചെയ്യുമായിരിക്കും!


വെള്ളത്തിന്റെ ലഭ്യത യു.സി. കോളേജ് ക്യാമ്പിനെ വാസ്തവത്തിൽ വേറിട്ടതാക്കിയ ഘടകമാണ്. കറണ്ടില്ലാതിരുന്നിട്ടുപോലും ജനറേറ്റർ ഉപയോഗിച്ച് മോട്ടോർ പ്രവർത്തിപ്പിച്ച് വെള്ളമെടുക്കാൻ ആദ്യ ദിവസം സാധിച്ചു. വെള്ളത്തിന്റെ ആവശ്യം കൂടിയതിനനുസരിച്ച് പല തവണ മോട്ടോർ പ്രവർത്തിപ്പിക്കേണ്ടി വന്നപ്പോൾ രണ്ടാം ദിവസം ഡീസൽ തീർന്നുപോയി. ജനറേറ്റർ പ്രവർത്തിപ്പിക്കാൻ നിർവ്വാഹമില്ലാതെ വന്നു. നിന്ന നിൽപ്പിൽ എറണാകുളത്തുനിന്നും ഡീസൽ എത്തിക്കാൻ ഏർപ്പാടാക്കിയ വളണ്ടിയർമാർ കോളേജിലെ വിദ്യാർത്ഥികൾ ക്കിടയിൽ ഉണ്ടായിരുന്നു എന്നതാണ് ഇവിടെ എടുത്തുപറയേണ്ടത്. ടോറസുമായി വന്ന വളണ്ടിയർ പോലുമുണ്ടായിരുന്നു കോളേജിലെ വിദ്യാർത്ഥികളിൽ. പട്ടാള ക്കാരുടെ സഹായം കൊണ്ട് പിന്നീട് ഡീസൽ ക്ഷാമമില്ലാതെ ലഭിക്കുകയുണ്ടായി. ഏതായാലും എല്ലാദിവസവും മോട്ടോർ പ്രവർത്തിപ്പിക്കാൻ യുസികോളേജി




ന കഴിഞ്ഞു. മൂന്നാം ദിവസം മുതൽ കപ്പി വെള്ളം ധാരാളമായി എത്തിത്തുടങ്ങുക യും ചെയ്തു.

കൃത്യമായി വൈദ്യസേവനമൊരുക്കാനും യൂ.സി.ക്യാമ്പിനു കഴിഞ്ഞു എന്നത് ശ്രദ്ധേയമായ കാര്യമാണ്. രണ്ടാം ദിവസം തന്നെ സേവനസന്നദ്ധരായ നേഴ്സുമാരും മറ്റുമടങ്ങുന്ന കന്യാസ്ത്രീസംഘം ക്യാമ്പിലെത്തുകയും മരുന്നുകളും പരിചരണവുമായി ക്യാമ്പംഗങ്ങൾക്ക് ആശ്വാസമേകുകയും ചെയ്തു. മൂന്നാം ദിവസമായപ്പോഴേക്കും വിദഗ്ധരായ ഡോക്ടർമാരുടെ സേവനം ക്യാമ്പിൽ ലഭ്യമാക്കാൻ കഴിഞ്ഞു. വ്യക്തികളിലൂടെയും സ്ഥാപനങ്ങളിലൂടെയും ആശുപത്രികളിലൂടെയും വിവരമറിഞ്ഞ് എത്തിച്ചേർന്ന ഡോക്ടർമാർ സദാസേവന സന്നദ്ധരായി ക്യാമ്പിൽ ഉണ്ടായിരുന്നു. വളരെ കൃത്യമായ പരിചരണത്തിലൂടെയും ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെയും പരിസരശുചീകരണത്തിലൂടെയും ക്യാമ്പിലെ വളണ്ടിയർമാർ ക്യാമ്പിന് ആരോഗ്യം പകർന്നു എന്നതാണു ശരി. നാലാം ദിവസമായപ്പോഴേക്കും 'മാതൃഭൂമി'യുടെ സഹായത്തോടെ കോളേജ് കാന്റീൻ ഒരു ക്ലിനിക്കായി മാറ്റാൻ കഴിഞ്ഞു. ക്യാമ്പിനകത്തും പുറത്തുമുള്ള രോഗികൾക്ക് അത് വലിയൊരു സഹായമായി. മരുന്നുകളും സേവനങ്ങളും സൗജന്യമായി നൽകിക്കൊണ്ട് ആലുവായിലെ ആശുപത്രികളും സജീവമായി സഹകരിച്ചു. കൈക്കുഞ്ഞുങ്ങളുമായി വന്ന അമ്മമാരെയും പൂർണ ഗർഭിണികളായ സ്ത്രീകളെയും ക്യാമ്പിന്റെ തിരിക്കുകളിൽ നിന്നും മാറ്റിപാർപ്പിക്കുക എന്നത് ആവശ്യമായിരുന്നു. അതിനായി കോളേജിലെ ക്രഷ് തെരഞ്ഞെടുത്തതും ക്യാമ്പിന്റെ ഉചിതമായ തീരുമാനമായിരുന്നു. അധ്യാപകർക്കുള്ള എട്ട് അപ്പാർട്ടുമെന്റ് സമുച്ചയത്തിൽ ഒരെണ്ണമാണ് ക്രഷ് ആയി പ്രവർത്തിച്ചുവരുന്നത്. അടുത്തുള്ള അപ്പാർട്ടുമെന്റുകളിൽ താമസിക്കുന്ന അധ്യാപകർ ക്രഷിലെ ക്യാമ്പിൽ ഒരുകുറവും വരാതെ നോക്കുന്നുണ്ടായിരുന്നു. സുമ മേരി സ്കറിയ ടീച്ചറും ട്രീസടീച്ചറും ജൂബിടീച്ചറുമൊക്കെ കുഞ്ഞുങ്ങൾക്കും അമ്മമാർക്കും വേണ്ടുന്ന സൗകര്യങ്ങൾ കൃത്യമായി ഒരുക്കിക്കൊടുത്തു.കോളേജിനടുത്തുള്ള അധ്യാപകേതരജീവനക്കാരും വളണ്ടിയർമാരായി ശ്രേഷ്ഠസേവനം അനുഷ്ഠിച്ചി ട്ടുണ്ട്. ജെയിംസ്-പുഷ്പം ദമ്പതികളുടെ വീട്ടിൽ നാല്പതോളം പേർ അഭയം തേടിയിരുന്നു. കൂട്ടത്തിൽ ഒരു പട്ടിയും. എന്റെ വീട്ടിൽത്തന്നെ ഇരുപതോളം പേർ താമസിക്കാനുണ്ടായിരുന്നു. കുടുംബങ്ങൾ അവരുടെ രണ്ടാം ജന്മമാണിതെന്നാണ് പറഞ്ഞത്.നിലയില്ലാത്ത വെള്ളത്തിൽ നീന്തിയും പിടിച്ചും കരപറ്റാൻ ശ്രമിക്കുന്നതിനിടെ പലതവണ പിടിവിട്ട് ഒഴുകിപ്പോയ കഥകൾ അവർ പറയുന്നുണ്ടായിരുന്നു. മൂന്നുദിവസം ടെറസിൽ ഒറ്റപ്പെട്ടുപോയ ബിനുസാർ മൂന്നാംദിവസം വെള്ളത്തിൽ ചാടി നീന്തി വന്നുകേറുമ്പോൾ ജീവിച്ചിരിപ്പുണ്ടോ എന്ന് അയാൾക്കുതന്നെ സംശയമുണ്ടായിരുന്നു. പട്ടിയേയും കൊണ്ട് ക്യാമ്പിൽ കഴിയാൻ പറ്റാത്തതിനാൽ വീട്ടിലേക്കു വരേണ്ടിവന്നതാണ് ഒരു കുടുംബം.എന്റെ വീട്ടിൽ രണ്ടു പട്ടികൾ ഉള്ളതുകൊണ്ട് വിരുന്നു വന്ന പട്ടിയേയും കൊണ്ട് വീട്ടുകാരന് ടെറസിൽത്തന്നെ അഞ്ചുദിവസം കഴിയേണ്ടിവന്നു. വൃദ്ധരും രോഗികളും കുട്ടികളും ഒക്കെയടങ്ങുന്ന കുടുംബങ്ങളാണ് എല്ലാവീടുകളിലും എത്തിയിരുന്നത്.

റോഡിലൂടെ വണ്ടികൾ ഓടിത്തുടങ്ങിയപ്പോൾ (നാലാംനാൾ) ക്യാമ്പിലേക്ക് ഓടിയെത്തിയ അധ്യാപകരും പിന്നീട് ക്യാമ്പിൽ സേവനമനുഷ്ഠിക്കാൻ ഉണ്ടായി. മനുഷ്യത്വത്തെ ഉണർത്തുന്ന പലതരം അനുഭവങ്ങൾ ഇവർക്കെല്ലാം പറയാനുണ്ട്. വിദ്യാർത്ഥികളുടെ പക്വതയാണ് അതിൽ ഏറ്റവും പ്രധാനം. എപ്പോഴും ശകാരങ്ങൾ മാത്രം ഏറ്റുവാങ്ങിയിരുന്ന യുവതലമുറയെക്കുറിച്ച് അഭിമാനകരമായ ഓർമ്മകളാണ് ക്യാമ്പിനുശേഷം അധ്യാപകർക്കുള്ളത്. ബിന്ദുടീച്ചറിന്റെ അനുഭവത്തിൽ ആൺപെൺ ഭേദമില്ലാതെ ഒരുമിച്ചു നിന്ന് പ്രവർത്തിക്കുന്ന കുട്ടികളുടെ ആത്മാർത്ഥതയും സത്യസന്ധതയും എത്ര പുകഴ്ത്തിയാലും മതിയാവില്ല. ടോറസിൽ വരുന്ന ദുരിതബാധിതരെ നിമിഷങ്ങൾക്കൊണ്ട് താഴെയിറക്കുന്ന വിദ്യാർത്ഥികളുടെ ചുറുചുറുക്കാർന്ന പ്രവർത്തനങ്ങൾ കോരിത്തരിപ്പോടെ ഓർക്കുകയാണ് കര്യൻ സോമൻ. ക്യാമ്പിലേക്കുവന്ന ഭക്ഷണസാധനങ്ങൾ കൃത്യമായി തരംതിരിച്ച് അംഗങ്ങളുടെ ആവശ്യത്തിനനുസരിച്ച് കൊടുക്കാൻ കഴിഞ്ഞത് വലിയൊരു വിജയമായി രശ്മിയും ഓർക്കുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രായമായവർക്കും രോഗികൾക്കും എല്ലാം ഉചിതമായ ഭക്ഷണങ്ങൾ തെരഞ്ഞെടുത്ത് എത്തിക്കാൻ കഴിഞ്ഞത് വിദ്യാർ





ഥികളായ വളണ്ടിയർമാരുടെ മിടുക്കും ആത്മാർത്ഥതയും തെളിയിക്കുന്നു എന്നാണ് രശ്മി പറഞ്ഞത്. "ഞങ്ങളുടെ വീട്ടിൽ താമസിക്കാം" എന്ന ക്ഷണം സ്നേഹത്തോടെ നിരസിച്ച ഒരു സ്കൂൾ ടീച്ചറുടെ കാര്യം മനോജ് ഓർക്കുന്നു. നിരസിച്ചത് മറ്റൊന്നുംകൊണ്ടല്ല ക്യാമ്പ് ഒരു വീടുപോലെതന്നെയാണത്രേ അവർക്ക് അനുഭവപ്പെട്ടത്. പിന്നെ രശ്മിയും ഭർത്താവ് മനോജും (മഹാരാജാസ് കോളേജ്) മുഴുവൻ സമയവും ക്യാമ്പിലായിരിക്കേ അവരുടെ വീട്ടിൽ പോയി താമസിക്കാൻ ആ ടീച്ചർക്ക് മനസ്സുവരുന്നില്ല എന്നു കൂടി അവർ പറഞ്ഞു. രോഗികളായ ആളുകളെ പരിചരിക്കുന്നതിലും അവർക്ക് ഒരു ബുദ്ധിമുട്ടും വരാതെ നോക്കുന്നതിലും വാക്കുകൊണ്ടും പെരുമാറ്റംകൊണ്ടും അവരുടെ കൂടെ നിൽക്കുന്നതിനും വിദ്യാർത്ഥികളും അധ്യാപകരും കാണിച്ച ജാഗ്രത ക്യാമ്പാംഗങ്ങൾ നിരന്തരം പറയുന്നുണ്ടായിരുന്നു. പ്രിൻസിപ്പാൾ താരടീച്ചർ, ലൈബ്രേറിയൻ ചെറിയാൻ കെ. ജോർജ്ജ്, അധ്യാപകരായ ഗീതിക, ബിന്ദു, അഖില, രശ്മി, മിനി ആലീസ്, ഷിമി പോൾ, മഞ്ജു, എൽദോ, ആഷ ബേബി, നീലിമ, സൈന സൂസൻ, വിദ്യ, സുനിൽ അബ്രഹാം, ജൂലി, സുമമേരി, ടീസ, ലിജി, അനില, കുര്യൻ, നാരായണൻ, ജെനീഷ് ജെസ്റ്റിൻ, ജിബിൻ അധ്യാപകേതര പുഷ്പം, രേഷ്മ, രമ്യ, അശോകൻ, സോണി, ജിനോ, നളിനി, ലാൽജി, റിയ, ഷൈലജ, കൃഷ്ണൻകുട്ടി,ബിജു എന്നിവർക്കെല്ലാം ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നതിൽ സന്തോഷം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇത്രയുമല്ലേ ചെയ്യാൻ പറ്റുന്നുള്ളൂ എന്ന വിഷമം മാത്രമേ ബാക്കിയുള്ളൂ എന്ന് താര ടീച്ചർ വിഷമത്തോടെ ഓർക്കുന്നു. കോളേജിന്റെ പൂർവ്വ വിദ്യാർത്ഥികളും ഇപ്പോഴത്തെ വിദ്യാർത്ഥികളും (സ്പോർട്ട്സ്, എൻസിസി, എൻഎസ്.എസ്. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ, വിദ്യാർത്ഥി സംഘടനാപ്രവർത്തകർ-എന്നിവർ പ്രത്യേകിച്ചും) സ്വയം മറന്ന് ആത്മാർത്ഥതയോടെയും വിശ്വസ്തതയോടെയും സത്യസന്ധതയോടെയും നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ യു.സി. കോളേജ് ക്യാമ്പിനെ അക്ഷരാർത്ഥത്തിൽ ആശ്വാസക്യാമ്പാക്കിമാറ്റി. വിദ്യാർത്ഥികളുടെ പ്രത്യുല്പന്നമതിത്വവും പക്വതയാർന്ന പെരുമാറ്റവും ശ്ലാഘനീയമായണെന്നു മാത്രമല്ല മാതൃകാപരം കൂടിയാണ്. ഒരു തരത്തിലുമുള്ള പരിശീലനവുമില്ലാതെ, ആരും നിർബ്ബന്ധിക്കാതെ ഒരു ദുരന്തമുഖത്തെ എങ്ങനെ മനോഹരമായി കൈകാര്യം ചെയ്യാം എന്ന് പഠിപ്പിച്ചുതന്നവരാണ് ഈ ക്യാമ്പിലെ വാളണ്ടിയർ മാരായ വിദ്യാർത്ഥികൾ, ധാരാളം നെഗറ്റീവ് കാര്യങ്ങൾ ഈ ക്യാമ്പിലും സംഭവിച്ചിട്ടുണ്ട്. പലതരം പരാതികളും പരിഭവങ്ങളും കിംവദന്തികളും ഒക്കെയുണ്ടായി. പക്ഷെ അവയെയൊക്കെ തികഞ്ഞ സംയമനത്തോടെയും വളരെ പോസിറ്റീവായും മറികടക്കാൻ പുതുതലമുറക്കാകും എന്ന് അവർ തെളിയിച്ചു. പത്തൊമ്പതാം തീയതി സർക്കാർ ക്യാമ്പ് ഏറ്റെടുക്കുന്നതുവരെയും അധ്യാപകരും പൂർവ്വവിദ്യാർത്ഥികളും വിദ്യാത്ഥികളും വളരെ സജീവമായി ക്യാമ്പിൽ ഉണ്ടായിരുന്നു. ആവശ്യമുള്ള സാധനങ്ങളുടെ ലഭ്യത വളരെയേറെയായിരുന്നു. അവസാനനാളുകളിൽ എന്നതിനാൽ ആ നാളുകളിൽ വളണ്ടിയേഴ്സ് വളരെ സന്തോഷപൂർവ്വം സേവനമനുഷ്ഠിക്കുകയായിരുന്നു. കുമിഞ്ഞു കൂടിയ തുണിത്തരങ്ങൾ തരംതിരിച്ച് വിതരണം ചെയ്യാൻ വലിയൊരു ടാസ്ക് തന്നെയാണെന്ന് ചുമതലക്കാരനായ ലൈബ്രേറിയൻ ചെറിയാൻ സാർ ഓർക്കുന്നു. കേട്ടതും അനുഭവിച്ചതുമായ ക്യാമ്പ് ജീവിതം എത്രയോ വലുതാണ് എങ്കിലും ഈ കുറിപ്പ് ഇവിടെ അവസാനിപ്പിക്കുകയാണ്. അതിനുമുമ്പ് വിദ്യാർത്ഥികളും പൂർവ്വവിദ്യാർത്ഥികളുമടങ്ങുന്ന യുവതലമുറയ്ക്ക് ഒരു ബിഗ് സല്യൂട്ട്!



# നമ്മളോർക്കണം നമ്മളെങ്ങനെ നമ്മളായെന്ന്


**വി.പി. മർക്കോസ്**
യു.സി. കോളേജ്, ആലുവ




കേരളത്തെ തകർത്തുകളഞ്ഞ പ്രളയത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവനകൾ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി നടത്തിയ സാലറി

ചലഞ്ച് ആഹ്വാനം ഇന്ന് പല നിലക്കും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ. പലതരത്തിലുള്ള എതിർവാദങ്ങളാണ് ജീവനക്കാരും പ്രതിപക്ഷവും ഉന്നയിച്ചുകൊണ്ടിരിക്കുന്നത്.

അതിൽ പ്രധാനപ്പെട്ട വാദങ്ങൾ ഇങ്ങനെയാണ്-

1. സമ്മതപത്രം വാങ്ങുന്നതിനുപകരം വിസമ്മതപത്രം വാങ്ങുന്നത് ഏകാധിപത്യ പ്രവണതയാണ്.

2. ഒരു മാസത്തെ ശമ്പളത്തിൽ കുറഞ്ഞ തുക നൽകാൻ തയ്യാറുള്ളവരെ പരിഗണിക്കുന്നില്ല.

3. പ്രളയബാധിതരെപ്പോലും ഒഴിവാക്കുന്നില്ല.

വേറെയും വാദങ്ങൾ ഉണ്ടെങ്കിലും കൂടുതലും പ്രചാരം കിട്ടിയിട്ടുള്ളവ ഇവയാണ്. ഇത്തരം വാദങ്ങളിലൊക്കെ അടിയൊഴുക്കായി നിൽക്കുന്നത് വ്യക്തിബോധമാണ് എന്നാണ് മനസ്സിലാക്കേണ്ടത്. സമൂഹം എന്ന ബോധ്യമല്ല വ്യക്തി എന്ന ബോധ്യമാണ് ആളുകളിൽ മുന്നിട്ടുനിൽക്കുന്നത് എന്നർത്ഥം. എന്റെ മിടുക്കുകൊണ്ട് ഞാൻ പഠിച്ച്, മത്സരിച്ച്, മുന്നേറി നേടിയ ജോലിയിൽനിന്നും എന്റെ അവകാശമായി എനിക്കു ലഭിക്കുന്ന പ്രതിഫലത്തുക നിർബ്ബന്ധപൂർവം ആവശ്യപ്പെടുന്നത് ഏകാധിപത്യ പ്രവണതയാണ് എന്ന ചിന്തയാണ് ഈ വ്യക്തിബോധം പങ്കുവെക്കുന്നത്. വാസ്തവത്തിൽ ഇത് ശരിയാണോ അഥവാ ഇതാണോ ശരി എന്നുകൂടി നമ്മൾ ആലോചിച്ചുനോക്കേണ്ടതുണ്ട്. നമ്മൾ എന്നതിന് സോഷ്യലിസത്തിൽ വിശ്വസിക്കുന്ന നമ്മൾ എന്ന് ഒരു വിശേഷണംകൂടി



ചേർക്കണം. സർക്കാർ എന്നത് ഒരു വ്യക്തിയല്ല. സർക്കാർ നാടിന്റെ ശത്രുവുമല്ല. സർക്കാരിന്റെ നയങ്ങളോടും ആശയങ്ങളോടും അഭിപ്രായവ്യത്യാസമുണ്ടാവുക സ്വാഭാവികമാണ്. ജനാധിപത്യവ്യവസ്ഥയിൽ അത് പ്രതീക്ഷിക്കാവുന്നതുമാണ്. പക്ഷേ നമ്മൾ മനസ്സിലാക്കേണ്ട ഒരുകാര്യം സർക്കാർ നമ്മുടെ സാമൂഹിക വ്യവസ്ഥിതിയുടെ ഒരുഭാഗം മാത്രമാണ് എന്നതാണ്. വാസ്തവത്തിൽ കേരളസമൂഹമാണ് നമ്മെ പഠിപ്പിക്കുന്നതും നമുക്ക് ജോലി തരുന്നതും വേതനം തരുന്നതും. സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങളും സാധ്യതകളും ഇല്ലായിരുന്നെങ്കിൽ നമ്മളിൽ എത്രപേർക്ക് ഇങ്ങനെ (സുരക്ഷിതമെന്നു തോന്നുന്ന) ജോലിയും കൂലിയും ലഭിക്കുമായിരുന്നു. നാട്ടിലെ കർഷകരുടെയും ദിവസക്കൂലിക്കാരുടെയും മനസ്സും സംഭാവനയും കൊണ്ട് പടുത്തുയർത്തിയ സ്ഥാപനങ്ങളാണ് നമ്മുടെ പൊതുസ്ഥാപനങ്ങൾ എല്ലാം. അതിലൂടെ പഠിച്ച് കടന്നുവന്ന് അതിൽത്തന്നെ പണിയെടുത്ത് അതിന്റെ ഭാഗമായി മാറിയിരിക്കുന്ന നമ്മൾ സ്വന്തം മിടുക്കിനെക്കുറിച്ച് അഹങ്കരിക്കുമ്പോൾ അടിത്തറ മറന്നുപോകരുത്.

> **വാസ്തവത്തിൽ കേരളസമൂഹമാണ് നമ്മെ പഠിപ്പിക്കുന്നതും നമുക്ക് ജോലി തരുന്നതും വേതനം തരുന്നതും. സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങളും സാധ്യതകളും ഇല്ലായിരുന്നെങ്കിൽ നമ്മളിൽ എത്രപേർക്ക് ഇങ്ങനെ (സുരക്ഷിതമെന്നു തോന്നുന്ന) ജോലിയും കൂലിയും ലഭിക്കുമായിരുന്നു?**

കോളേജ് അധ്യാപകരെ സംബന്ധിച്ച് ആദ്യത്തെ യു.ജി.സി സമരത്തിൽ ബഹുജനങ്ങൾ പങ്കെടുത്തതിനെക്കുറിച്ച് വീറോടെ പ്രസംഗിക്കാറുണ്ട്. എന്നുപറഞ്ഞാൽ ബഹുജനങ്ങളുടെ കൂടി പോരാട്ടവീര്യത്തെയാണ് കോളേജ് അധ്യാപകർ കൂടുതൽ സുരക്ഷിതമായ വേതനത്തിന് അർഹരായത് എന്നുകൂടിയാണ് അർത്ഥം. കോളേജ് അധ്യാപകരുടെ മാത്രമല്ല എല്ലാ ജീവനക്കാരുടെയും സമരങ്ങൾക്കൊപ്പം നിന്നവരാണ് ഇവിടത്തെ അടിസ്ഥാന ജനവിഭാഗങ്ങളടക്കമുള്ള സമൂഹം. മെച്ചപ്പെട്ട സൗകര്യങ്ങൾക്കായും സാമൂഹിക നേട്ടങ്ങൾക്കായും കേരളീയർ നടത്തിയിട്ടുള്ള പോരാട്ടങ്ങൾ വിജയിച്ചിട്ടുണ്ടെങ്കിൽ അതിൽ സമൂഹത്തിന്റെ പിന്തുണകൂടിയായിരുന്നു എന്ന് നാം തിരിച്ചറിയണം.





ഒരുപാട് കുറ്റങ്ങളും കുറവുകളും ഉള്ള നാടാണ് കേരളവും. കൈക്കൂലിയും അഴിമതിയും സ്വജനപക്ഷപാതവും വർഗ്ഗീയതയും ഒക്കെ ഇവിടെയുണ്ട്. എന്നാലും നമുക്ക് ഉറപ്പിച്ച് പറയാൻ കഴിയുന്ന ഒരു കാര്യം ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും നല്ല ജീവിതസാഹചര്യങ്ങൾ ഉള്ള നാടാണ് കേരളം എന്നാണ്. ആധുനിക സമൂഹം എന്ന നിലയിൽ മറ്റ ദേശങ്ങളെ അപേക്ഷിച്ച് കേരളം ബഹുദൂരം മുന്നിലാണ്. ഈ മുന്നേറ്റങ്ങളൊന്നും തനിയെ ഉണ്ടായവയല്ല. പലനിലക്കും പലവിധത്തിലും സമൂഹം നടത്തിയിട്ടുള്ള ഇടപെടലുകളും പോരാട്ടങ്ങളും ത്യാഗങ്ങളും തന്നെയാണ് ഇന്നത്തെ കേരളത്തെ സൃഷ്ടിച്ചിട്ടുള്ളത്. ഇതരസംസ്ഥാനത്തൊഴിലാളികൾ ഇതുപോലെ സമാധാനത്തോടുകൂടി ജീവിക്കുന്ന മറ്റൊരിടം ഇന്ത്യയിൽ ഉണ്ടാകുമോ എന്ന സംശയമാണ് എന്നകാര്യം ഇവിടെ ഓർക്കേതാണ്. കേരളത്തിലെ സർക്കാർ ജീവനക്കാരെ അവിടെവരെ എത്തിച്ചതും സംരക്ഷിക്കുന്നതും കേരളത്തിലെ സമൂഹമാണ്. ഈ സമൂഹത്തിന് ഒരു കെടുതി സംഭവിക്കുമ്പോൾ സമൂഹത്തോടൊപ്പം നിൽക്കുക എന്നത് നമ്മുടെ കർത്തവ്യമാണ്. (ദൗർഭാഗ്യവശാൽ നമ്മുടെ വിദ്യാഭ്യാസ പദ്ധതികളിലൊന്നും ഇത്തരമൊരുകാര്യം ഉൾച്ചേർന്നിട്ടില്ല.) കുട്ടികളുടെ വിദ്യാഭ്യാസം, വീടിന്റെയും കാറിന്റെയും ലോണടവ്...തുടങ്ങിയ കാര്യങ്ങളൊക്കെ യാഥാർത്ഥ്യമാണ്. പക്ഷേ അതിനേക്കാൾ യഥാർത്ഥമായ സംഗതിയാണ് ഇതൊക്കെ നേടിത്തന്നത് ഈ സമൂഹമാണ് എന്നത്. ശേഷിയുള്ളവർ മാത്രം അതിജീവിക്കട്ടെ എന്ന് സോഷ്യലിസത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക് പറയാൻ കഴിയില്ല.

കേരളം ഇന്നുകൊണ്ട് അവസാനിക്കുന്നില്ല. നാളെയും കേരളമുണ്ടാകും. ചരിത്രം എന്നത് ഉണ്ടാകുന്നതല്ല നമ്മൾ ഉണ്ടാക്കുന്നതാണ്. അമ്പതുകൊല്ലം കഴിയുമ്പോൾ നമ്മൾ നേരിടേണ്ടിവരുന്ന ചോദ്യം ഇപ്പോഴത്തെ അത്ര ലളിതമായിരിക്കില്ല. ചരിത്രത്തിൽ നമ്മുടെ സ്ഥാനം







എന്തായിരിക്കണം എന്നുകൂടി നാം ആലോചിക്കേതുണ്ട്. പത്തുമാസം കൊണ്ട് തീരാവുന്ന സാമ്പത്തിക ഞെരുക്കം പുതിയൊരു ലോകത്തെ സൃഷ്ടിക്കാൻ വേിയുള്ള ത്യാഗമാണെന്ന് എന്തുകൊണ്ട് നമുക്ക് കാണാൻ കഴിയുന്നില്ല. സർവ്വതും നഷ്ടപ്പെട്ടുപോയ കുടുംബങ്ങളെ അപേക്ഷിച്ച് സ്ഥിരമായ വരുമാനമുള്ള ജീവനക്കാർ സുരക്ഷിതരല്ലേ? മാസശമ്പളത്തിൽ കുറഞ്ഞ തുക





കൊടുക്കാനുള്ള അവസരത്തെക്കുറിച്ചൊക്കെ ആലവാതിപ്പെടുന്നവർക്ക് എപ്പോഴും അതിനുള്ള അവസരമുണ്ട് എന്ന് അറിയില്ലാതിരിക്കുമോ?

സാലറി ചലഞ്ച് എന്നത് ഒരു പ്രത്യേക അവസരവും പദ്ധതിയുമല്ലേ? അതിന്റെ ഘടനയും കാര്യങ്ങളും അത് ആവിഷ്ക്കരിക്കുന്നവരല്ലേ നിശ്ചയിക്കുന്നത്. അതിനോട് യോജിക്കാനും വിയോജിക്കാനും എല്ലാവർക്കും ഒരുപോലെ അവസരമുണ്ടല്ലോ. ഈ പദ്ധതിയിൽ അംഗമാവുകയും വേണം അതിന്റെ വ്യവസ്ഥകൾ അംഗീകരിക്കുകയുമില്ല എന്നു പറയുന്നതിൽ ഒരു യുക്തിരാഹിത്യമില്ലേ? നാല്പതിനായിരം കോടി രൂപയുടെ നഷ്ടം ഉണ്ടായിടത്ത് ആദ്യം മുതൽ പണിതുടങ്ങാൻ ശ്രമിക്കുകയാണ് സർക്കാർ. നമ്മൾ കാണാത്ത, കൊടുക്കാത്ത വരുമാനമൊന്നും സർക്കാരിനില്ല. സ്വന്തമായി ഇഷ്ടത്തിനനുസരിച്ച് പണം അടിച്ചുണ്ടാക്കാനൊന്നും സർക്കാരിനാവില്ല. ഉള്ള സ്രോതസ്സുകൾ കാര്യക്ഷമമായി ഉപയോഗിക്കുക മാത്രമാണ് സർക്കാരിനു മുന്നിലുള്ള വഴി. അതിനാണ് സാലറി ചലഞ്ച് പോലൊരു പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. സർക്കാർ ജീവനക്കാരുടെ എല്ലാവരുടെയും ഒരുമാസത്തെ ശമ്പളം മുഴുവൻ കൂട്ടിയാലും ആവശ്യമുള്ള തുകയുടെ ചെറിയ ശതമാനം മാത്രമേ ആകൂ എന്നിരിക്കേ ഇഷ്ടമുള്ള തുക നൽകൂ എന്നു പറഞ്ഞാൽ മതിയോ? കേരളത്തിന്റെ നിർമ്മാണവും പുനർനിർമ്മാണവുമൊക്കെ സർക്കാരിന്റെ കാര്യമാണ് എനിക്കതിൽ ഒന്നും ചെയ്യാനില്ല എന്നു വിചാരിക്കാൻ നമുക്കാവുമോ? കേരളത്തെ പുനർനിർമ്മിക്കുക എന്നതിന് നമ്മെത്തന്നെ പുനർനിർമ്മിക്കുക എന്നല്ലേ അർത്ഥം? നമ്മെ നാമാക്കിമാറ്റാൻ സഹായിക്കുകയും ശ്രമിക്കുകയും ത്യാഗങ്ങൾ സഹിക്കുകയും ചെയ്ത സമൂഹത്തെ പുനർനിർമ്മിക്കാനുള്ള ബാധ്യതയിൽനിന്നും നമുക്കെങ്ങനെ മാറിനിൽക്കാൻ കഴിയും? തകർന്നുപോയ റോഡുകളും പാലങ്ങളും സ്ഥാപനങ്ങളും വാഹനങ്ങളും ഇനി വേണ്ട എന്നാണോ നമ്മൾ

**കേരളത്തെ പുനർനിർമ്മിക്കാനായി ഇച്ഛിക്കുന്ന ഒരു സർക്കാരിനെ ഇകഴ്ത്തിക്കാണിക്കാനായി ഈ പദ്ധതിയെ ഉപയോഗിക്കരുത്. ആ ഇച്ഛയ്ക്കൊപ്പം നിൽക്കുക. ചുരുങ്ങിയ പക്ഷം ഇച്ഛയെ മാനിക്കുകയെങ്കിലും ചെയ്യുക. സാലറി ചലഞ്ച് ഏറ്റെടുക്കാൻ ഒറ്റക്കാരണവും ഏറ്റെടുക്കാതിരിക്കാൻ ഒരുപാട് കാരണങ്ങളുമുണ്ട്. ഏതുവേണമെങ്കിലും നമുക്ക് സ്വീകരിക്കാം. രണ്ടായാലും നാളെത്തെ ചരിത്രം നമ്മെ കൃത്യമായി അടയാളപ്പെടുത്തും.**

കരുതേത്? നാടുമുഴുവൻ നശിച്ചാലും എനിക്ക് എന്റെ ശമ്പളം കൃത്യമായി കിട്ടണം എന്ന് ശഠിക്കാൻ മാത്രം വ്യക്തിവാദികളായി നാം മാറുന്നത് അഭികാമ്യമാണോ? നാല്പതിനായിരം കോടിയുടെ നഷ്ടം എന്നത് വ്യക്തികളുടെ നഷ്ടമല്ല.

നഷ്ടപ്പെട്ട ഓരോതുണ്ട് കൃഷിഭൂമിയും ഓരോ വിളവും പൊതുനഷ്ടമായിത്തന്നെയാണ് കാണേണ്ടത്. ഒരാളുടെ കൃഷിഭൂമിയും വിളവും അയാളുടെമാത്രം സ്വത്താണ് എന്ന് കരുതുന്നത് കൊണ്ടാണ് നഷ്ടത്തെ വ്യക്തിപരമായി നമ്മൾ സമീപിക്കുന്നത്. വ്യക്തികൾ ചേർന്നാണ് സമൂഹം ഉണ്ടാകുന്നത് എന്ന് നമ്മൾ മറന്നുപോകുന്നു.

നമുക്ക് മുഖ്യമന്ത്രിയുടെ സാലറി ചലഞ്ച് ഏറ്റെടുക്കാം ഏറ്റെടുക്കാതിരിക്കാം. ഒരാളെയും ആരും നിർബന്ധിക്കുന്നില്ല. പക്ഷേ തികച്ചും വ്യക്തിവാദത്തിലധിഷ്ഠിതമായ യുക്തികൾ കൊണ്ട് ബൃഹത്തായ ഒരു പദ്ധതിയെ അവഹേളിക്കരുത്. അത്രയെങ്കിലും നമുക്ക് ചെയ്യാം. ഇതാണ് ഏറ്റവും കേമമെന്നോ ഇതിലും കേമമായി ഇനിയൊന്ന് ഉണ്ടാകില്ലെന്നോ ഒന്നും ഇവിടെ പറയുന്നില്ല. കേരളത്തെ പുനർനിർമ്മിക്കാനായി ഇച്ഛിക്കുന്ന ഒരു സർക്കാരിനെ ഇകഴ്ത്തിക്കാണിക്കാനായി ഈ പദ്ധതിയെ ഉപയോഗിക്കരുത്. ആ ഇച്ഛയ്ക്കൊപ്പം നിൽക്കുക. ചുരുങ്ങിയപക്ഷം ഇച്ഛയെ മാനിക്കുകയെങ്കിലും ചെയ്യുക. സാലറി ചലഞ്ച് ഏറ്റെടുക്കാൻ ഒറ്റക്കാരണവും ഏറ്റെടുക്കാതിരിക്കാൻ ഒരുപാട് കാരണങ്ങളുമുണ്ട്. ഏതുവേണമെങ്കിലും നമുക്ക് സ്വീകരിക്കാം. രണ്ടായാലും നാളെത്തെ ചരിത്രം നമ്മെ കൃത്യമായി അടയാളപ്പെടുത്തും.




# പ്രളയാനന്തര വികസനവും വെല്ലുവിളികളും

**ഷൈല ഹമീദ്**
എം.ഇ.എസ്. നെടുങ്കണ്ടം



ചരിത്രത്തിലെ മഹാപ്രളയ കാലഘട്ടത്തിലൂടെയാണ് കേരളസമൂഹം കടന്നുപോയത്. ഒരു നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം ബാക്കിവെച്ചതിൽ നിന്ന് അതിജീവനവും പുനരധിവാസവും പുനർപ്രവർത്തനങ്ങളും പൂർണ്ണമായ തോതിൽ നടപ്പിലാക്കുക എന്നത് ഈ കാലഘട്ടത്തിലെ സുപ്രധാന വെല്ലുവിളിയാണ്. ഇന്ത്യ എന്ന മഹത്തായ രാജ്യത്തിന് ലോകരാജ്യങ്ങൾക്കിടയിൽ പോലും അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് നിൽക്കാൻ കാരണമായ സംസ്ഥാനമാണ് കേരളം. സാമ്പത്തികശാസ്ത്ര ചരിത്രങ്ങളിലെങ്ങും 'കേരള മോഡൽ ഓഫ് ഡെവലപ്മെന്റ്' പ്രകീർത്തിക്കപ്പെട്ടതാണ്. ചരിത്രത്താളുകളിൽ സാംസ്കാരികവും, സാമൂഹികവുമായി ഔന്നത്യം പുലർത്തുന്ന കേരളത്തെ സംബന്ധിച്ചിടത്തോളം പ്രളയാനന്തര വികസനം (An Alternative Kerala Model of Development) വികസിപ്പിച്ചെടുക്കേണ്ടതും, പഴയ വികസന സമീപനങ്ങൾ മാറ്റിയെഴുതപ്പെടേണ്ടതുമാണ്.

"99'ലെ വെള്ളപ്പൊക്കം" എന്നറിയപ്പെടുന്ന 1924ലെ വെള്ളപ്പൊക്കത്തിന് ശേഷം കേരളത്തിലുണ്ടായ മഹാദുരന്തമാണ് 2018ലെ പ്രളയം. കേരളമെന്ന കൊച്ചു സംസ്ഥാനത്തിന് താങ്ങാവുന്നതിലും അപ്പുറമായിരുന്നു ഈ ദുരന്തത്തിന്റെ വ്യാപ്തിയും പ്രത്യാഘാതങ്ങളും. 3 കോടി 30 ലക്ഷത്തിൽപരം ജനസംഖ്യയുള്ള കേരളത്തിലെ പത്തുശതമാനത്തിൽ താഴെയുള്ള ആളുകളെ മാത്രമേ ഈ പ്രകൃതിക്ഷോഭം നേരിട്ട് ബാധിച്ചിരുന്നുള്ളൂ എങ്കിൽ തന്നെയും കേരളത്തിലെ ഉൽപാദനവിതരണ സേവനമേഖലകളെ മുഴുവൻ സ്തംഭിപ്പിക്കുന്നതിന് ഈ ദുരന്തം കാരണമായി. ആയിരങ്ങൾക്ക് കിടപ്പാടം നഷ്ടപ്പെട്ടു. ഭാഗികമായി വീടുകൾ നഷ്ടപ്പെട്ടവരുടെ എണ്ണം അരക്കോടിയിലും കൂടുതലാണ്. വ്യാപാര, വാണിജ്യ വ്യവസായ മേഖലകൾക്ക് അതിഭീമമായ നഷ്ടമാണ് വന്നിരിക്കുന്നത്. സംസ്ഥാനത്തെ 3.09 ലക്ഷം പേരുടെ 56,439 ഹെക്ടറിൽ കൂടുതൽ കൃഷി നശിച്ചതായി പ്രാഥമിക കണക്കുകൾ പറയുന്നു. 1350 കോടി രൂപയുടെ നാശനഷ്ടം ഈ

മേഖലയിൽ മാത്രമുണ്ടായി. കന്നുകാലി, മത്സ്യം, കുരുമുളക്, കാപ്പി, ഏലം, നെല്ല്, വാഴ തുടങ്ങി സമസ്തമേഖലകളിലും നാശനഷ്ടങ്ങൾ ഉണ്ടായി. പ്രളയം സംസ്ഥാനത്തെ വ്യവസായ വാണിജ്യമേഖലകളെ തകർത്തെറിഞ്ഞു. അനേകം ചെറുകിട വ്യവസായ യൂണിറ്റുകൾ നിലംപരിശായി. 15000 കോടി രൂപയുടെയെങ്കിലും നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് പ്രാഥമിക കണക്കുകൾ വ്യക്തമാക്കുന്നു. സ്റ്റോക്ക് ചെയ്ത സാധനങ്ങൾ നശിച്ചതും, കെട്ടിടങ്ങളും യന്ത്രസാമഗ്രികളും ഇല്ലാതായതും, വ്യാപാരസ്തംഭനവും, ഗതാഗത വാർത്താവിനിമയ സൗകര്യങ്ങൾ നിശ്ചലമായതും, തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടതും ആഘാതത്തിന്റെ ആക്കം കൂട്ടുന്നവയായിരുന്നു.

ടെക്സ്റ്റൈൽ, ഹോട്ടൽ, ടൂറിസം വ്യവസായങ്ങൾ ദിവസങ്ങളായി സ്തംഭനാവസ്ഥയിലായിരുന്നു. സാധാരണക്കാരായ ഒരു വലിയ വിഭാഗം ജനങ്ങളുടെ തൊഴിലവസരങ്ങൾ ഇല്ലാതായി. ദിവസം 30,000 യാത്രക്കാർ ആശ്രയിക്കുന്ന കൊച്ചി രാജ്യാന്തര വിമാനത്താവളത്തിന് 250 കോടിയോളം രൂപയുടെ നഷ്ടമാണുണ്ടായത്. സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 40,000 കോടി രൂപയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. (പട്ടിക കാണുക) വിഭവശേഖരണത്തിൽ ഉൾപ്പെടാത്ത വിവിധ മേഖലകളിലും നാശനഷ്ടത്തിന്റെ തീവ്രത വളരെ കൂടുതലാണ്.

> **'ആസൂത്രണം' എന്ന പദത്തിന് പ്രളയാനന്തര കേരളത്തിന്റെ സാമ്പത്തിക സാമൂഹിക മേഖലകളിൽ വളരെ പ്രാധാന്യമുണ്ട്. ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ളതും, മനുഷ്യവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതും, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകുന്നതുമായ പുതിയപദ്ധതികൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്.**

## പ്രളയാനന്തര ആസൂത്രണവും വികസന കാഴ്ചപ്പാടുകളും

ഈ പുതിയ സാഹചര്യത്തിൽ കേരളത്തിന്റെ പ്രളയാനന്തര വികസന സാധ്യതകളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അതിന്റെ സാമ്പത്തികശാസ്ത്രം വിശകലനം ചെയ്യാതിരിക്കാൻ കഴിയില്ല. 'ലയണൽ റോബിൻസ്' സാമ്പത്തിക ശാസ്ത്രത്തെ വിശകലനം ചെയ്തത് കേരളത്തിന്റെ ഇപ്പോഴത്തെ പ്രതിസന്ധിയുമായി താരതമ്യം ചെയ്യേണ്ടതുണ്ട്. "Unlimited human wants, Scarcity of resources, and an alternative uses" മനുഷ്യന്റെ അമിതമായ ആഗ്രഹങ്ങളും പ്രകൃതിവിഭവങ്ങളുടെ ദൗർലഭ്യവും, നിരന്തരമായ ചൂഷണങ്ങളും ശരിയായ ഉപയോഗമില്ലായ്മയും വികസന പ്രതിസന്ധികളിലേക്ക് നയിക്കുന്നു. 'ആസൂത്രണം' എന്ന പദത്തിന് പ്രളയാനന്തര കേരളത്തിന്റെ സാമ്പത്തിക സാമൂഹിക മേഖലകളിൽ വളരെ പ്രാധാന്യമുണ്ട്. ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ളതും, മനുഷ്യവിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നതും, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകുന്നതുമായ പുതിയ പദ്ധതികൾക്ക് തുടക്കംകുറിക്കേണ്ടതുണ്ട്. ലോകത്തിന്, ഇന്ത്യയിലെ തന്നെ മറ്റ് സംസ്ഥാനങ്ങൾക്ക് പുതിയൊരു വികസനമാതൃക സംഭാവനചെയ്തുകൊണ്ടായിരിക്കണം നമ്മുടെ തുടക്കം. പ്രളയം മലയാളികൾക്ക് നൽകിയ വലിയൊരു പാഠം അത് നമ്മുടെ വിഭവശേഷിയുടെ ക്രിയാത്മകമായ ഇടപെടലുകളും ഉപഭോഗവുമാണ്. മുതലാളിത്ത സാമ്പത്തിക ശാസ്ത്രങ്ങളിൽ മനുഷ്യനെ കേവലം ഉപഭോക്താവായിട്ടാണ് കാണുന്നത്. എന്നാൽ മനുഷ്യൻ എന്ന ഉപഭോക്താവിൽ നിന്ന് മാനവികതയുടെയും, സഹജീവിസ്നേഹത്തിന്റെയും, ലാഭേച്ഛയില്ലാത്ത പ്രവർത്തനങ്ങളുടെയും ഉദാത്തമാതൃകകളുടെ നേർചിത്രങ്ങളായിരുന്നു പ്രളയാനന്തരപാഠങ്ങൾ നമുക്ക് സമ്മാനിച്ചത്. ഉന്നതമായ ദൗത്യങ്ങൾ ഏറ്റെടുത്ത് ഉയർച്ചയിലേക്ക് കുതിച്ച് കയറിയ പല ഉദാഹരണങ്ങളും കേരളസമൂഹത്തിനുണ്ട്. സമ്പൂർണ്ണസാക്ഷരതായജ്ഞവും, ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളും, ജനസംഖ്യാനിയന്ത്രണ

| നാശനഷ്ടങ്ങൾ ഒറ്റനോട്ടത്തിൽ | |
|---|---|
| ആകെ മരിച്ചവരുടെ എണ്ണം | 483 |
| കാണാതായവർ | 14 |
| പൂർണ്ണമായി തകർന്ന വീടുകൾ | 10500 |
| ഭാഗികമായി തകർന്ന വീടുകൾ | അരക്കോടിയിൽ കൂടുതൽ |
| തകർന്ന റോഡുകൾ | 10698 കിലോമീറ്റർ |
| സ്കൂളുകൾ | 650 |
| പുനർനിർമ്മിക്കേണ്ട പാലങ്ങൾ | 113 |
| കൃഷിനാശം | 3.09 ലക്ഷം കർഷകരുടെ 56439 ഹെക്ടർ |
| വ്യാപാരമേഖലയുടെ നഷ്ടം | 15000 കോടി |
| വെള്ളം കയറിയ കടകൾ | അഞ്ചുലക്ഷം |
| പാലിന്റെ കുറവ് പ്രതിദിനം | മൂന്നുലക്ഷം ലിറ്റർ |
| കാർഷികമേഖലയുടെ നഷ്ടം | 1500 കോടി |
| കെ.എസ്.ഇ.ബി.യുടെ നഷ്ടം | 820 കോടി |
| റേഷൻ ധാന്യം നശിച്ചത് | 402 ടൺ |
| (അവലംബം കേരളസർക്കാർ കണക്കുകൾ) | |

പദ്ധതികളും, കമ്പ്യൂട്ടർ സാക്ഷരത ഇടങ്ങിയവയും സുനാമി, ഓഖി പോലുള്ള ദുരന്തങ്ങളെ നേരിട്ടതും, ഈ അടുത്തകാലത്തുണ്ടായ ലോകം പോലും ആശങ്കയോടെ കണ്ട 'നിപ' വൈറസിനെ പ്രതിരോധിച്ചതും ലോകശ്രദ്ധയാകർഷിച്ചവയാണ്.

## പുനഃരുദ്ധാരണത്തിന് ചില നിർദ്ദേശങ്ങൾ

ഭൂമിശാസ്ത്രപരമായ നോക്കുകയാണെങ്കിൽ പ്രകൃതിയോടും പശ്ചിമഘട്ടത്തോടും ചേർന്ന് നിൽക്കുന്ന സംസ്ഥാനമാണ് കേരളം. പ്രകൃതിയോടും, പരിസ്ഥിതിയോടുമുള്ള സമീപനങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് മാത്രമേ പുതിയ പുനഃരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കാൻ ആരംഭിക്കാവൂ. പശ്ചിമഘട്ടമലനിരകളുടെ സംരക്ഷണം അടിയന്തരപ്രാധാന്യത്തോടെ നടപ്പിലാക്കുകയും, കേരളത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ചുള്ള പ്രാദേശികമായ 'വികസനമാതൃകകൾ' (ഹൈറേഞ്ച്, തീരദേശമേഖല) സൃഷ്ടിക്കുകയും ചെയ്യണം.

വെള്ളം പെട്ടെന്ന് കയറുന്ന കുട്ടനാട്, മലയിടിച്ചിൽ ഉണ്ടാകുന്ന വയനാട്, ഇടുക്കി, എന്നീ പ്രദേശങ്ങളുടെ ഭൂപ്രകൃതിക്കനുസരിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണം ദുരന്തങ്ങൾ വരുത്തിവെക്കുന്നതിന് കാരണമാകുന്നു. മലയിടിച്ചും പാറപൊട്ടിച്ചും പാടം നികത്തിയും വനം നശിപ്പിച്ചും തടയണകൾ നിർമ്മിച്ചും വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തിക്കൊണ്ട്, കെട്ടിട സമുച്ചയങ്ങൾ പടുത്തുയർത്തിയും നാം പിന്തുടരുന്ന പുത്തൻ വികസനകാഴ്ചപ്പാടുകൾക്ക് മാറ്റം വരുത്തണം. പരിസ്ഥിതിക്ക് ആഘാതം വരുത്തുന്ന പ്രവർത്തങ്ങൾ കേരളത്തിന്റെ എല്ലാ ജില്ലകളിലും നടക്കുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല. 'പ്ലാസ്റ്റിക് നിരോധനം' എന്നൊരു ചെറിയ കടമ്പപോലും നമുക്ക് നടപ്പിലാക്കാൻ കഴിയുന്നില്ല. അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ ഇത്തരം കാര്യങ്ങൾ വളരെ കർശനമായി നടപ്പിലാക്കുമ്പോൾ പ്രബുദ്ധകേരളം നിയമത്തിന്റെയും, പ്രായോഗിക നടപടിക്രമങ്ങളുടെയും പേരിൽ ജാഗ്രതക്കുറവ് കാണിക്കുന്നു. ഗാഡ്ഗിൽ റിപ്പോർട്ട്, പരിസ്ഥിതി പ്രവർത്തകരുടെ നിർദ്ദേശങ്ങൾ, പ്രകൃതിസംരക്ഷണ പദ്ധതികൾ തുടങ്ങിയവ സംഘടിതമാഫിയ ശക്തികൾക്ക് മുൻപിൽ അടിയറവ് വെക്കാതെ, ഇത്തരം ശക്തികളുടെ കയ്യേറ്റശ്രമങ്ങളെ എതിർത്തുകൊണ്ട് ശക്തമായ നടപടിക്രമങ്ങൾ കൈക്കൊള്ളണം. ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്ന ഇടതുപക്ഷ ഗവൺമെന്റിന് ഇതിന് നേതൃത്വം നൽകാൻ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിന് അതിവേഗം ഈ ദുരന്തത്തിൽ നിന്ന് കരകയറാൻ സാധിക്കുമെന്ന് നിസ്സംശയം പറയാം. കേരളത്തെക്കാളും ഏറെ സാമ്പത്തികശേഷി കുറഞ്ഞ രാജ്യമാണ് നേപ്പാൾ. അവിടെ, പ്രകൃതിദുരന്തത്തിൽ ആയിരക്കണക്കിന് ആളുകളാണ് മരണപ്പെട്ടത്. അത്യാഹിതത്തിൽ കൂടുതൽ വീടുകൾ തകർന്നു. വിവിധ മേഖലകളിൽ വൻ നാശനഷ്ടമാണ് ഇവിടെ ഉണ്ടായത്. എന്നിട്ടും കൃത്യമായ ആസൂത്രണപ്രക്രിയയിൽ അവർ വിജയിച്ചു. ഇന്ത്യയിലെ സാമൂഹിക വികസന സൂചികകളിൽ ഒന്നാംസ്ഥാനം അലങ്കരിക്കുന്ന, ലോകത്തിലെമ്പാടും 'ഭൗതിക സാമൂഹിക' നിക്ഷേപങ്ങളുള്ള കേരളീയ സമൂഹത്തിന് ആത്മവിശ്വാസത്തിലൂടെയും അത്യധ്വാനത്തിലൂടെയും പുതിയൊരു വികസനമാതൃക കാണിച്ചുകൊടുക്കാൻ കഴിയണം.

പ്രളയാനന്തര വികസന പദ്ധതികൾക്ക് വിദ്യാഭ്യാസസ്ഥാപനങ്ങളെ പല രീതിയിൽ ഉപയോഗപ്പെടുത്താവുന്നതാണ്. അക്കാദമിക സമൂഹത്തിന്റെയും വിദ്യാർത്ഥികളുടെയും വിഭവശേഷിയെ പ്രയോജനപ്പെടുത്തുന്ന രീതിയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സമൂഹത്തിന്റെ പുനർനിർമ്മിതിക്ക് ഉപയോഗിക്കാൻ കഴിയണം. സിലബസുകളിൽ നിന്നും വിഷയപഠനങ്ങളിൽ നിന്നും മാറിചിന്തിച്ചുകൊണ്ട് ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകുന്നതിനും പുതിയ വികസനനയം രൂപപ്പെടുത്തുന്നതിനും പ്രതിസന്ധിഘട്ടത്തിൽ സമൂഹത്തിനെയും ഗവൺമെന്റിനെയും സഹായിക്കേണ്ടത് അക്കാദമിക സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. പ്രായോഗികതയിൽ അധിഷ്ഠിതമായ ഒരു വികസനമാതൃക കേരളത്തിനുവേണ്ടി അടിയന്തിരമായി ചെയ്യേണ്ടിയിരിക്കുന്നു. അക്കാദമിക സമൂഹം എത്രനേരം പുറകോട്ടു നോക്കിയിരിക്കുന്നുവോ അത്രവേഗം നമ്മുടെ സംസ്ഥാനവും പിന്നോട്ടുപോകും.

കടലിന്റെ മക്കളുടെ കരുത്തും, ശേഷിയും അലസയൗവനമെന്നും ഫ്രീക്കന്മാരെന്നും നമ്മൾ മുദ്രകുത്തിയ മിടുക്കരും സേവനസന്നദ്ധരുമായ യുവതലമുറയെയും വിദ്യാർത്ഥിക



ളെയും ഉൾപ്പെടുത്തി പൊതുജനപങ്കാളിത്തത്തോടെ 'ങമിുീംല്യ ജഹമിശിഴ' നടത്തിയാൽ പുതിയകാല വെല്ലുവിളികളെ അതിജീവിക്കാൻ കഴിയും.

## വരുംകാല സാമ്പത്തിക വെല്ലുവിളികൾ

കേരളത്തിന്റെ സാമ്പത്തിക രംഗം വലിയ പ്രതിസന്ധികളെ അതിജീവിക്കേണ്ട സന്ദർഭമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. നോട്ട് നിരോധനത്തിന് ശേഷമുള്ള സാമ്പത്തിക മാന്ദ്യവും ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷമുള്ള സാമ്പത്തിക അനിശ്ചിതത്വങ്ങളും ഉല്പാദനവിതരണമേഖലകളെ മന്ദഗതിയിലാക്കി. പിന്നീടുണ്ടായിട്ടുള്ള ഓഖീ, നിപ, മഹാപ്രളയം തുടങ്ങിയ ദുരന്തങ്ങൾ സമസ്തമേഖലകളെയും പ്രതിസന്ധിയിലാക്കി. കേരളത്തിന്റെ വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ ടൂറിസം വലിയ പ്രതിസന്ധികളെയാണ് നേരിടുന്നത്. വെള്ളപ്പൊക്കം മൂലം ഇടുക്കി, വയനാട്, ആലപ്പുഴ, തുടങ്ങിയ ജില്ലകളിലെ ടൂറിസം വരുമാനത്തിൽ വൻ തകർച്ചയാണ് സംഭവിച്ചത്. ഈയൊരവസരത്തിൽ ഗൾഫ്നാടുകളിലെ സ്വദേശിവൽക്കരണംമൂലം പതിനായിരക്കണക്കിന് തൊഴിലാളികൾ ജോലിനഷ്ടപ്പെട്ട് കേരളത്തിലേക്ക് തിരിച്ചെത്തുന്ന സാഹചര്യം ഉണ്ടാക്കിയിരിക്കുന്നു. തൊഴിലില്ലായ്മ അതിരൂക്ഷമാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. കൂടാതെ എണ്ണവിലയിലുണ്ടായ വർദ്ധനവും


**വെള്ളപ്പൊക്കം മൂലം ഇടുക്കി, വയനാട്, ആലപ്പുഴ, തുടങ്ങിയ ജില്ലകളിലെ ടൂറിസം വരുമാനത്തിൽ വൻ തകർച്ചയാണ് സംഭവിച്ചത്. ഈയൊരവസരത്തിൽ ഗൾഫ്നാടുകളിലെ സ്വദേശിവൽക്കരണംമൂലം പതിനായിരക്കണക്കിന് തൊഴിലാളികൾ ജോലിനഷ്ടപ്പെട്ട് കേരളത്തിലേക്ക് തിരിച്ചെത്തുന്ന സാഹചര്യം ഉണ്ടാക്കിയിരിക്കുന്നു. തൊഴിലില്ലായ്മ അതിരൂക്ഷമാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്.**

രൂപയുടെ മൂല്യത്തകർച്ചയും വിലക്കയറ്റവും സാമ്പത്തിക വ്യവസ്ഥയുടെ നട്ടെല്ലൊടിക്കുന്നതാണ്.

ആഗോളസാമ്പത്തിക ശക്തികളോട് (വേൾഡ് ബാങ്ക്, എ.ഡി.ബി.) കടം ആവശ്യപ്പെടുമ്പോൾ അവരുടെ നിർദ്ദേശങ്ങൾക്ക് വഴങ്ങിക്കൊടുക്കാൻ നമ്മൾ നിർബന്ധിതരാകുകയും ചെയ്യും. ഇത്തരം സഹായങ്ങൾക്കിടയിലൂടെ നമ്മളിലേക്ക് സംക്രമിപ്പിക്കപ്പെടുന്ന പ്രതിലോമപരമായ ആശയങ്ങളെ പ്രതിരോധിക്കാനും നമ്മൾ പഠിക്കേണ്ടതുണ്ട്. സമൂഹപങ്കാളിത്തത്തോടെ പ്രാദേശിക വികസന പദ്ധതികൾ ആസൂത്രണം ചെയ്തെങ്കിൽ മാത്രമേ നാം ഉദ്ദേശിക്കുന്ന രീതിയിലുള്ള വികസനം സാധ്യമാകുകയുള്ളൂ.


## 'പ്രളയദുരന്തം മലകയറിയപ്പോൾ' – ഇടുക്കിയുടെ നേർക്കാഴ്ചകൾ

പ്രളയദുരന്തം ഏറ്റവും കൂടുതൽ നാശനഷ്ടം വരുത്തിയത് ഇടുക്കി, വയനാട് ജില്ലകളെയാണ്. പ്രളയദുരന്തം ഉണ്ടായ ദിവസങ്ങളിൽ ഇടുക്കിയിൽ താമസിച്ചിരുന്ന വ്യക്തി എന്ന നിലയിൽ ഈ ജില്ലയിലുണ്ടായ കെടുതികളെ ഭീതിയോടെ മാത്രമേ ഓർക്കാൻ കഴിയുന്നുള്ളൂ. തൊണ്ണൂറ്റിനാല് വർഷങ്ങൾക്ക് മുമ്പ് മൂന്നാറിലെ ഫിൻലെ മൂർ കമ്പനി മാനേജരായിരുന്ന ടോബി മാർട്ടിന്റെ ഭാര്യ വയലറ്റ് മാർട്ടിന്റെ ഡയറിക്കുറിപ്പുകളിലൂടെ അന്നത്തെ പ്രളയദുരന്തത്തിന്റെ ഭീകരത മനസ്സിലാകുന്നു.




"1924 ജൂലൈ 21 - കനത്ത മഴയിൽ റെയിൽവേസ്റ്റേഷനം പോസ്റ്റാഫീസും ഒഴുകിപ്പോയി. മലയിൽ നിന്നും ഉരുൾപൊട്ടി ചായഫാക്ടറിയും ബംഗ്ലാവും വീണു. അനേകം ആളുകൾ മണ്ണിനടിയിലായി. ഇവിടെനിന്നും ഞങ്ങൾക്ക് പുറത്തേക്ക് പോകാനുള്ള റോഡുകൾ ഒഴുകിപ്പോയി. ആ മരംകോച്ചുന്ന പെരുമഴക്കാലത്ത് മൂന്നാറിന്റെ ആകാശങ്ങളിൽ ഉരുണ്ടുകൂടിയ കാർമേഘങ്ങൾ കുന്നുകളിലേക്ക് പെയ്തിറങ്ങിയതോടെ മലകൾ ഇടിഞ്ഞുതാണ് നദികൾ നിറഞ്ഞുകവിഞ്ഞ് വെള്ളം ടൗണിലേക്ക് ഇരച്ചുകയറി. ഞങ്ങളുടെ ആളുകൾ (ബ്രിട്ടീഷുകാർ) കെട്ടിയുയർത്തിയ പട്ടുകുറ്റൻ ബംഗ്ലാവുകൾ ഈ കുത്തൊഴുക്കിൽ അപ്രത്യക്ഷമായി. 1924ലെ ഈ മഹാപ്രളയത്തിനുശേഷം ഇടുക്കിയും മൂന്നാറും നിശ്ചലമാകുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ഇടിയാത്ത വലിയ കുന്നുകളൊന്നും ഇവിടെ ശേഷിക്കുന്നില്ല. പ്രളയം ഏറ്റവും കൂടുതൽ ദുരന്തം വിതച്ചത് മൂന്നാറിലും ചെറുതോണി, അടിമാലി തുടങ്ങിയ മേഖലകളിലുമാണ്. ചെമ്മൺകുന്നുകളും അവശിഷ്ടങ്ങളുമല്ലാതെ ഇവിടെ ഒന്നും അവശേഷിക്കുന്നില്ല. ആദ്യം കുടിയേറുകയും പിന്നെ കയ്യേറുകയും ചെയ്യ ചരിത്രമാണ് ഇടുക്കിക്കുള്ളത്. ഇടുക്കിയിലെ പരിസ്ഥിതിലോല മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനുള്ള നീക്കങ്ങൾ വിവാദങ്ങൾക്ക് കാരണമായി തുടരുന്നു. കാലാവസ്ഥയിലുണ്ടായ അപ്രതീക്ഷിതമായ വ്യത്യാസങ്ങൾ ഈ ദുരന്തത്തിന് കാരണമാകുന്നുണ്ടെങ്കിലും മനുഷ്യനിർമ്മിതമായ പ്രവർത്തനങ്ങളാണ് ദുരന്തത്തിന്റെ ആഘാതം വർദ്ധിപ്പിച്ചത്. ഡാമുകളിലെ വെള്ളത്തിൽനിന്നുണ്ടായ ദുരന്തത്തെക്കാൾ പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്നതിലുണ്ടായ വീഴ്ചകളാണ് ദുരന്തവ്യാപ്തി വർദ്ധിപ്പിച്ചതിന്റെ പ്രധാന കാരണം.

പ്രളയാനന്തരം ഇടുക്കിജില്ലയുടെ വിവിധ ഭാഗങ്ങളിൽ യാത്രചെയ്യാൻ കഴിഞ്ഞതിൽ നിന്നും ഇവിടെ ജീവിക്കുന്ന വ്യക്തി എന്ന നിലയിലും അനുഭവവേദ്യമായ കാര്യങ്ങൾ ഞെട്ടിക്കുന്നതാണ്. വെള്ളവും ഉരുൾപൊട്ടലും മണ്ണിടിച്ചിലും ചേർന്ന് പ്രകൃതിരമണീയമായ ഈ ജില്ലയെ തകർത്തെറിഞ്ഞിരിക്കുന്നു. ഭൂരിഭാഗം റോഡുകളും പാലങ്ങളും തകർന്നുപോയി. പെരിയാറിന്റെ കുത്തൊഴുക്കും മണ്ണിടിച്ചിലും കാർഷിക, വാണിജ്യ വ്യവസായ മേഖലകളിൽ വൻനാശനഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്. ചരിവുള്ള പ്രദേശങ്ങളിലൂടെ മലയിടിച്ച് നിർമ്മിച്ച റോഡുകളും, മറ്റു നിർമ്മിതികളും തകർന്ന് തരിപ്പണമായിരിക്കുന്നു. ജില്ലയിലെ 278 സ്ഥലങ്ങളിൽ വലിയ ഉരുൾപൊട്ടലും, 1800 മേഖലകളിൽ മണ്ണിടിച്ചിലുമുണ്ടായി. 1200 വീടുകൾ പൂർണ്ണമായും 2250 വീടുകൾ ഭാഗികമായും തകർന്നു എന്നാണ് സർക്കാറിന്റെ കണക്കുകൾ പറയുന്നത്. 56 പേർക്കാണ് ജില്ലയിലെ ഈ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടത്. മരണങ്ങളെല്ലാം തന്നെ മണ്ണിടിച്ചിലിന്റെയും ഉരുൾപൊട്ടലിന്റെയും ഭാഗമായി ഉണ്ടായിട്ടുള്ളതാണ്. ഈ മരണസംഖ്യ നമ്മളെ ഓർമപ്പെടുത്തുന്ന ചിലതുണ്ട്. പരിസ്ഥിതിലോല മേഖലകളിലെ അശാസ്ത്രീയ ഭൂവിനിയോഗമാണ് മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനുമുള്ള പ്രധാന കാരണം. മാറിയ കൃഷിരീതികളും നിർമ്മാണ പ്രവർത്തനങ്ങളും മണ്ണെടുപ്പും മണ്ണെടുത്തശേഷം നിർമിച്ച ഭൂരിഭാഗം കെട്ടിടങ്ങളും തകർന്നു വീഴുകയും മനുഷ്യർക്ക് ജീവഹാനി സംഭവിക്കുകയും ചെയ്തു. നേരിട്ടുള്ള അനുഭവസാക്ഷ്യം എന്ന നിലയ്ക്ക് ഭാഗികമായോ പൂർണമായോ വീടുകൾ



നഷ്ടപ്പെട്ടവരുടെ എണ്ണവും, ദുരന്തത്തിന്റെ നഷ്ടങ്ങളും സർക്കാരിന്റെ കണക്കിനെക്കാൾ വളരെ കൂടുതലാണ്. താഴ്‌വരകളിലും മലമുകളിലുമായി ധാരാളം ആളുകൾ ഇടിഞ്ഞ് വീഴാറായ വീടുകളിൽ താമസിക്കുന്നുണ്ട്. ഇനിയൊരു ചെറിയ മഴയോ കാറ്റോ പോലും താങ്ങാനാവാത്ത അവസ്ഥയാണ് ഇവിടെ നിലനിൽക്കുന്നത്.

ഈ മഹാപ്രളയം കേരളത്തിന്റെ ടൂറിസം പറുദീസയായ മൂന്നാറിന് കനത്ത ആഘാതമാണ് ഏൽപിച്ചത്. ഇടിയാത്ത കുന്നുകളും മലനിരകളും മൂന്നാറിൽ ശേഷിക്കുന്നില്ല. നീലക്കുറിഞ്ഞിയുടെ പൂത്ത സ്വപ്നങ്ങളെല്ലാം ഒരു മഹാപ്രളയത്തിലൂടെ ഒലിച്ചുപോയിരിക്കുന്നു. പച്ചപുതച്ച കുന്നുകളുടെയും തേയിലക്കാടുകളുടെയും സ്ഥാനത്ത് ഇന്ന് ചെമ്മൺകൂനകൾ മാത്രം. 1924ലെ പ്രളയശേഷം ബ്രിട്ടീഷുകാർ ഒറ്റനിലകെട്ടിടങ്ങൾക്ക് മാത്രം അനുമതി നൽകിയിരുന്ന മൂന്നാറിൽ ഇന്ന് 10 നിലകളിൽ കൂടുതലുള്ള കെട്ടിടങ്ങൾ നിർമിച്ചിട്ടുണ്ട്. ഭൂരിഭാഗം റിസോർട്ടുകളും അടിത്തറയിളകി, അപകടാവസ്ഥയിലാണെന്നത് നേരിട്ടറിയാൻ കഴിഞ്ഞ കാര്യമാണ്. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ UG Project Evaluation and Viva-Voce യുടെ ഭാഗമായി മൂന്നാർ ഗവൺമെന്റ് കോളേജിൽ പോയ അധ്യാപിക എന്ന നിലയിൽ മണ്ണിടിഞ്ഞുണ്ടായ ഈ കോളേജിന്റെ തകർച്ച ഞെട്ടലോടെ മാത്രമേ കാണാൻ കഴിയുന്നുള്ളൂ. ഓഗസ്റ്റ് 19ന് ഉദ്ഘാടനം നിശ്ചയിച്ചിരുന്ന പുതിയ ഹോസ്റ്റൽ കെട്ടിടവും, ക്വാർട്ടേഴ്സും ഇടിഞ്ഞ് വീണിട്ടുണ്ട്. 2007ൽ കെട്ടിടം തകർന്നുവീണ ദുർബലമായ മണ്ണിൽ പാരിസ്ഥിതിക പഠനം നടത്താതെയായിരുന്ന പുതിയ കെട്ടിടനിർമാണം എന്ന ആക്ഷേപവും ഇവിടെ നിലനിൽക്കുന്നുണ്ട്.



ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് കാലാവസ്ഥയിലുണ്ടായ മാറ്റങ്ങളെക്കാൾ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നടത്തിയ കയ്യേറ്റങ്ങളും, വൻതോതിൽ മണ്ണെടുക്കുന്നതും, ക്വാറികൾ പ്രവർത്തിക്കുന്നതും, ചട്ടങ്ങൾ ലംഘിച്ച് റിസോർട്ടുകളും, ഹോട്ടലുകളും കെട്ടിപ്പടുക്കുന്നതും വനനശീകരണവും ഈ വലിയ ആഘാതത്തിന് കാരണമായിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനങ്ങൾക്ക് പോലും മനുഷ്യരുടെ ഇത്തരം പ്രവർത്തനങ്ങൾ കാരണമായിരിക്കുന്നു. മലയോരമേഖലയ്ക്ക് മാത്രമായി പുതിയൊരു വികസന മാതൃക പൊതുജനപങ്കാളിത്തത്തോടെ ഉണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## ഇടുക്കിയിലെ എന്റെ പ്രളയകാല അനുഭവങ്ങൾ


ഇടുക്കിയിലെ സാധാരണ ജനങ്ങളും, കർഷകരും അതിജീവനത്തിന്റെ പോരാട്ടത്തിലാണ്. അവഗണനയുടെയും അത്യധ്വാനത്തിന്റെയും നാൾവഴികളെക്കുറിച്ചാണ് ഇടുക്കിക്കാർക്ക് പറയാനുള്ളത്. ഇവിടുത്തെ സാധാരണക്കാരായ കുട്ടികളോടും ജനങ്ങളോടും ചേർന്ന് കഴിയുന്ന വ്യക്തിയെന്ന നിലയിൽ പ്രളയദിനങ്ങൾ എനിക്കും വ്യത്യസ്തങ്ങളായ അനുഭവങ്ങളാണ് നൽകിയത്. സഹതാപങ്ങൾ അവർ ആഗ്രഹിക്കുന്നില്ല. ദുരന്തങ്ങൾ നേരിടാൻ ഇവർക്ക് ഒരു പ്രത്യേക മനക്കട്ടി തന്നെയുണ്ട്. മണ്ണിടിച്ചിലും, മഴയും വെള്ളവുമെല്ലാം ഇവിടുത്തെ ജനങ്ങളുടെ ജീവിതം തന്നെയാണ്. തിരുവനന്തപുരത്തുകാരോ, തൃശ്ശൂർക്കാരോ മനസ്സിലാക്കിയതിനും അപ്പുറമാണ് ഇവിടുത്തെ ജീവിതസാഹചര്യങ്ങൾ. പാറയും മലയും വെള്ളവും കാറ്റുമൊക്കെ ഇവരുടെ മനഃസ്ഥൈര്യത്തിനു മുന്നിൽ തോറ്റുപോകും.




പ്രളയദിനത്തിൽ കുടുങ്ങിപ്പോയ എന്നെപ്പോലുള്ളവർക്ക് ഇവിടുത്തുകാർ നൽകിയ ആത്മവിശ്വാസം ചെറുതൊന്നുമല്ല. മറ്റ് ജില്ലക്കാർ ദുരന്തമെന്നും നാശനഷ്ടമെന്നും, ബുദ്ധിമുട്ടെന്നും പ്രയാസമെന്നുമൊക്കെ പറയുന്നത് ഇടുക്കിക്കാർക്ക് ആസ്വാദ്യകരമായ അനുഭവങ്ങളാണ്. കിലോമീറ്ററുകൾ നടന്നും, മണ്ണിൽ പണിയെടുത്തും ഏലം, കുരുമുളക്, കാപ്പി, തുടങ്ങിയ കൃഷിയിടങ്ങളിൽ വിയർപ്പൊഴുക്കിയുമാണ് ഞങ്ങളുടെ കുട്ടികൾ ക്ലാസ്സിൽ ഇരിക്കുന്നത്. രാവിലെ എന്തു കഴിച്ചു എന്ന ചോദ്യത്തിന് അവർക്ക് പല ഉത്തരങ്ങളാണ്. കപ്പ, കഞ്ഞി, ചോറ് അല്ലെങ്കിൽ 'ഒന്നും കഴിച്ചില്ല'- വെളുപ്പിന് 6 മണിക്ക് ഇറങ്ങിനടന്ന് ബസ്സ് കയറാൻ എത്തണമെന്നുള്ളതു കൊണ്ട് പലപ്പോഴും കഴിക്കാനോ കുടിക്കാനോ പറ്റാതെ പോകുന്നു. അല്ലെങ്കിൽ 'ഇല്ലായ്മ' എന്നത് അവരുടെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നു എന്ന് വേണം കരുതാൻ. നമ്മുടെ മറ്റ് ജില്ലകളിലെ കുട്ടികൾക്ക് ചെയ്യാൻ പറ്റില്ല എന്ന് തോന്നിപ്പിക്കുന്ന പലവിധ പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തുന്നതിൽ ഞങ്ങളുടെ കുട്ടികൾക്ക് ഒരു പ്രത്യേക കഴിവുണ്ട്. അത് മണ്ണെടുക്കലായാലും റോഡ് വെട്ടാനായാലും മരം മുറിക്കാനായാലും എത്ര കായികാധ്വാനമുള്ള ജോലിയും അവർ നിറഞ്ഞ ചിരിയോടെ ഏറ്റെടുത്ത് ചെയ്യുന്ന കാഴ്ചയാണ് ഈ പ്രളയദിനങ്ങൾ എനിക്ക് നൽകിയത്.

രാഷ്ട്രീയത്തിനും, വിശ്വാസങ്ങൾക്കുമതീതമായി സഹജീവിസ്നേഹം എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിച്ചവരാണ് ഇവിടുത്തെ ജനത. ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും, തുടർ പ്രവർത്തനങ്ങളിലും നമുക്കിത് കാണാൻ കഴിയും. ഈയവസരത്തിൽ തമിഴ്ജനത ഇവർക്ക് നൽകിയ നിസ്സീമമായ സേവനപ്രവർത്തനങ്ങളും അനുഭവവേദ്യമായി. മനുഷ്യസ്നേഹത്തിന്റെ ഉദാത്തമാതൃകകൾക്ക് ഇവർക്കോരോരുത്തർക്കും പറയാനുണ്ട്. ഞങ്ങളുടെ പാൽക്കാരനായ സഹദേവൻ ചേട്ടൻ ഇതിനൊരു ചെറിയ ഉദാഹരണം മാത്രം. അദ്ദേഹത്തിനുണ്ടായ പ്രളയക്കെടുതിയിൽ പോലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു വലിയ തുക സംഭാവന നൽകിയത് കൂടാതെ തന്റെ ഒരു ദിവസത്തെ പാൽ വിൽക്കുന്ന മുഴുവൻ പണവും അതിലേക്ക് സമാഹരിക്കുന്നതിനായി ശ്രമിക്കുകയും ചെയ്ത ആ നല്ല മനസ്സിന്റെ വിശാലതയെ എത്ര അഭിനന്ദിച്ചാലും മതിയാകുകയില്ല. വിദ്യാഭ്യാസപരമായ ഔന്നത്യത്തിൽ നിൽക്കുന്നവരോട് ഒരു മാസത്തെ ശമ്പളം സംഭാവനയായി നൽകാൻ പറഞ്ഞപ്പോഴുള്ള 'മുട്ടാത്തർക്കങ്ങളും' മോശം പ്രതികരണങ്ങളും സാധാരണക്കാരനായ ഒരു കർഷകന്റെ തിരിച്ചറിവും നമ്മെ ഏറെ ചിന്തിപ്പിക്കുന്നതാണ്. ഒരു ദിവസം ഒരാൾ ഒരു രൂപ വെച്ച് നിക്ഷേപം നടത്തിയാൽ, അങ്ങനെയെല്ലാവരും ചെയ്താൽ തീരുന്നതേയുള്ളു നമ്മുടെ നാടിന്റെ പ്രശ്നങ്ങൾ എന്ന വലിയ സാമ്പത്തികശാസ്ത്രതത്വം കൂടിയാണ് ഇടുക്കിയിലെ സഹദേവൻ ചേട്ടൻ പറഞ്ഞുതന്നത്. ഇങ്ങനെയെത്രയെത്ര ഉദാഹരണങ്ങളാണ് ഞങ്ങൾക്ക് പറയാനുള്ളത്.

ഈ മഹാദുരന്തത്തിൽ പത്തനംതിട്ടക്കും ആലപ്പുഴയ്ക്കും ആലുവക്കുമൊക്കെ കൊടുത്ത പ്രാധാന്യമൊന്നും ഇടുക്കിക്ക് ആരും നൽകിയിട്ടില്ല എന്ന് തോന്നിപ്പോകുന്നു. ഇടിഞ്ഞുവീണ മൺകൂനകൾക്കിടയിൽ ജീവിതം കരുപ്പിടിപ്പിക്കുന്ന കാഴ്ചകളാണ് എങ്ങും കാണുന്നത്. നിലവിളികൾക്കും മുറവിളികൾക്കും പകരം അഹോരാത്രം അധ്വാനിക്കുന്ന, ശാരീരികക്ഷമത പ്രയോജനപ്പെടുത്തുന്ന ഒരു വലിയ സമൂഹമാണ് ഇവിടുത്തെ ജനത. ഈ അതിജീവനത്തിന്റെ നാൾവഴികളിൽ അവഗണന എന്നത് ഞങ്ങളോട് കാണിക്കരുത്. സംസ്ഥാന പുനർനിർമാണത്തിന്റെ കർമ്മപദ്ധതികളിൽ 'ഇടുക്കി വികസന മാതൃക' എന്നൊരു വികസന മാതൃക തന്നെ ഉണ്ടാക്കണം. ഈ ജനതയുടെ ആത്മവിശ്വാസവും, കായികക്ഷമതയും, വികസനത്തിന്റെ പുതിയ പടവുകളിൽ നമുക്ക് മുതൽക്കൂട്ടാക്കാൻ കഴിയണം. വികസനത്തിന്റെ നാൾവഴികളിൽ ഇവരുടെ സംഭാവനകൾ ചെറുതായി കാണരുത്.



# ചില പ്രളയകാല ജൈവചിത്രങ്ങൾ

മലയാളിയുടെ ജീവിതത്തെ അടിമുടിമാറ്റി മറിച്ച ഒരു പ്രളയകാലം കടന്നുപോയിരിക്കുന്നു. ഒരുപക്ഷേ വർഷങ്ങൾക്കപ്പുറം ഐതിഹാസികമായ "തൊണ്ണൂറ്റൊൻപതിലെ വെള്ളപ്പൊക്കം"പോലെ ഈ വെള്ളപ്പൊക്കവും ഒരു ഒരു ഇതിഹാസതുല്യമായ മഹാപ്രളയമായി കണക്കാക്കപ്പെട്ടുമായിരിക്കും. ദുരന്തത്തിന്റെ മാരക പ്രഹരം ഏറ്റുവാങ്ങുമ്പോൾതന്നെ മാനവികതയുടെ നിറമുള്ള ഒട്ടേറെ ജൈവ ചിത്രങ്ങൾ മലയാളികളുടെ മനസ്സിന് ഈ പ്രളയകാലത്തും സാന്ത്വനമായി. ജാതി മത വ്യത്യാസങ്ങൾ മറന്ന് മനുഷ്യർ ഒരുമിക്കുന്നതിൻറെ അപൂർവാനുഭവം കൂടി ഈ ദുരന്തം മലയാളിക്ക് സമ്മാനിച്ചു.

വീടുവീടാന്തരം കയറി വിൽക്കാനായി കൊണ്ടുവന്ന തൻറെ കമ്പിളി പുതപ്പുകൾ കണ്ണൂരിലെ ദുരിതാശ്വാസക്യാമ്പിലെ ദുരിതബാധിതർക്ക് സൗജന്യമായി വിതരണം ചെയ്തു മധ്യപ്രദേശുകാരനായ വിഷ്ണു എന്ന പുതപ്പുകച്ചവടക്കാരൻ ഇനിയും മരവിക്കാത്ത മാനവികതയുടെ ഊഷ്മള ചിത്രമായി. കഴിഞ്ഞ ഒരു ദശകത്തിനിടയിൽ ഉത്തരേന്ത്യയിൽനിന്നും വൻപിച്ച തോതിലുള്ള തൊഴിലാളികളുടെ വരവിനു കേരളം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇടക്കെല്ലാം ഈ വരത്തരുടെ നിരുത്തരവാദപരമായ പെരുമാറ്റത്തെക്കുറിച്ചും കുറ്റകൃത്യങ്ങളിലെ സാന്നിധ്യത്തെക്കുറിച്ചും കേരള സമൂഹം ഉത്കണ്ഠപ്പെട്ടിട്ടുമുണ്ട്. എന്നാൽ കേരളം ഒന്നടങ്കം മരവിച്ചു നിന്ന ദുരന്തത്തിന്റെ ആദ്യനാളുകളിൽ വിഷ്ണു എന്ന ഉത്തരേന്ത്യക്കാരൻ തീർത്ത മാനവികതയുടെ ഉത്കൃഷ്ട മാതൃക പ്രളയത്തെ നെഞ്ചുവിരിച്ചു നേരിടാൻ മലയാളികൾക്ക് നൽകിയ ആത്മധൈര്യം ചുരുങ്ങിയ വാക്കുകളിൽ വിവരിക്കാൻ കഴിയില്ല.

സൈക്കിൾ വാങ്ങാനായി നാലു വർഷത്തോളം താൻ സ്വരൂപിച്ചു വെച്ച പൈസ കേരളത്തിലെ ദുരിതബാധിതർക്കായി സംഭാവന നൽകിയ അനുപ്രിയയെന്ന തമിഴ് പെൺകുട്ടി മാനവികതക്ക് ദേശത്തിൻറെയും ഭാഷയുടെയും അതിരുകൾ തടസ്സമല്ലെന്ന് നമുക്ക് കാണിച്ചുതന്നു. മനുഷ്യർ സ്വത്തു സ്വരുക്കൂട്ടാൻ ഏതറ്റം വരെയും പോകുന്ന ഈ കാലഘട്ടത്തിൽ ഒരേക്കറോളം വരുന്ന തന്റെ സ്ഥലം മുഖ്യമന്ത്രിയു


**ഡോ. സോണി ജോൺ**
ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട




ടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയ സ്വാഹ എന്ന പതിനൊന്നാം ക്ലാസുകാരി, മരിച്ചവരെ അടക്കാൻ സ്ഥലമില്ലാതെ വിഷമിച്ച തന്റെ നാട്ടുകാർക്ക് 25 സെന്റ് സ്ഥലം സൌജന്യമായി വിട്ടുനൽകിയ കരുവിള സാമുവലെന്ന പാസ്റ്റർ, ഇവരെല്ലാം തീർത്ത കാരുണ്യത്തിന്റെ ഉജ്ജ്വലമാതൃകൾ പ്രളയക്കെടുതിക്കിടയിലും ജീവസ്സുള്ള കാഴ്ചകളായിരുന്നു.

'18 ലെ മഹാപ്രളയത്തിലെ ഏറ്റവും തിളക്കമുള്ള കാഴ്ച ഒരുപക്ഷേ പടിഞ്ഞാറുള്ള സുരക്ഷാതീരത്തുനിന്നും കിഴക്കോട്ട് കുതിച്ച മത്സ്യബന്ധനബോട്ടുകളുടെയും മുക്കുവതൊഴിലാളികളുടെയുമാണ്. കടൽ തിരകളെ മുറിച്ചുകടക്കുന്ന തങ്ങളുടെ യാനങ്ങളെ കിഴക്കോട്ടോടിച്ച് ദുർഘടമായ ഭൂപ്രദേശങ്ങളിലൂടെ കുത്തിയൊലിച്ചെത്തിയ പ്രളയത്തിരകളെ വകവെക്കാതെ തങ്ങളുടെ സഹോദരരുടെ രക്ഷക്കെത്തിയ കേരള മത്സ്യബന്ധനത്തൊഴിലാളികൾ തീർത്തത് മനുഷ്യചരിത്രത്തിൽ തന്നെ സമാനതകളില്ലാത്ത രക്ഷാദൌത്യമാണ്. അവർ കേരളത്തിന്റെ സ്വന്തം സൈന്യമെന്ന മുഖ്യമന്ത്രിയുടെ വിശേഷണത്തിൽ ഒട്ടും അതിശയോക്തിയില്ല തന്നെ. ഒരുപക്ഷേ ലോകത്തിനു മുൻപിൽ ഒരു 'കേരള മോഡൽ' രക്ഷാദൌത്യരീതി തന്നെ തീർക്കാൻ അവർക്കായി.

**കടൽ തിരകളെ മുറിച്ചുകടക്കുന്ന തങ്ങളുടെ യാനങ്ങളെ കിഴക്കോട്ടോടിച്ച് ദുർഘടമായ ഭൂപ്രദേശങ്ങളിലൂടെ കുത്തിയൊലിച്ചെത്തിയ പ്രളയത്തിരകളെ വകവെക്കാതെ തങ്ങളുടെ സഹോദരരുടെ രക്ഷക്കെത്തിയ കേരള മത്സ്യബന്ധനത്തൊഴിലാളികൾ തീർത്തത് മനുഷ്യചരിത്രത്തിൽ തന്നെ സമാനതകളില്ലാത്ത രക്ഷാദൌത്യമാണ്.**

പ്രളയകാലത്തെ സൈനികരുടെ സേവനം മലയാളികൾ അടുത്തൊന്നും മറക്കാനിടയില്ല. ഹെലികോപ്റ്ററിലും ബോട്ടിലും കരയിലുമായി സ്വജീവൻ പോലും അപകടത്തിലാക്കി അവർ നടത്തിയ രക്ഷാപ്രവർത്തനം ഒട്ടേറെ പേരെയാണ് ജീവിതത്തിലേക്ക് കരകയറ്റിയത്. ഈ മഹാപ്രളയത്തിലും ജനസാന്ദ്രതയേറെ ഉണ്ടായിട്ടും ജീവനഷ്ടം 500ൽ താഴെ മാത്രമായതിനു പ്രധാന കാരണക്കാർ സൈന്യവും കേരളത്തിലെ മത്സ്യത്തൊഴിലാളികളും യാതൊരു മടിയും കൂടാതെ സഹജീവികളെ രക്ഷിക്കാൻ മുന്നിട്ടിറങ്ങിയ നാട്ടുകാരും കുറ്റമറ്റരീതിയിൽ ഏകോപനം കാഴ്ചവെച്ച സർക്കാരുമാണെന്ന കാര്യത്തിൽ സംശയമില്ല.

തന്റെ താരപരിവേഷമെല്ലാം അഴിച്ചുവെച്ച് രക്ഷാപ്രവർത്തനത്തിനിറങ്ങിയ ടോവിനോയെന്ന യുവനടൻ പ്രത്യേക പരാമർശമർഹിക്കുന്നു. അദ്ദേഹത്തിൻറെ നേതൃത്വത്തിൽ ക്രൈസ്റ്റ് കോളേജിലെ നീന്തൽ വിദഗ്ധരായ വിദ്യാർത്ഥികളെയും നാട്ടുകാരെയും ചേർത്തുണ്ടാക്കിയ രക്ഷാസംഘം ഇരിങ്ങാലക്കുടയുടെ പരിസരപ്രദേശങ്ങളിൽനിന്നും ഏകദേശം ഇരുനൂറ്റമ്പതോളം പേരെയാണ് രക്ഷപ്പെടുത്തി സുരക്ഷിതസ്ഥാനങ്ങളിലെത്തിച്ചത്.

ചെന്നൈ പ്രളയത്തിനിടെ ഉടലെടുത്ത 'അൻപൊട്ടു കൊച്ചി' എന്ന സംഘടന ദുരിതാശ്വാസ സാമഗ്രികൾ ശേഖരിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കാണിച്ച സന്നദ്ധസേവനം വിസ്മരിക്കാൻ






കഴിയുന്നതല്ല. കേരളത്തിലുടനീളം പ്രത്യേകിച്ച് ചെങ്ങന്നൂരും ചാലക്കുടിയിലും അവശ്യ സാധനങ്ങളെത്തിക്കുന്നതിലും നേവിയുമായി സഹകരിച്ച് ഹെലികോപ്റ്ററിൽ ഭക്ഷ്യസാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള ഒരുക്കങ്ങളിലും അവർ നടത്തിയ ഇടപെടൽ ഏറെ ശ്ലാഘനീയം തന്നെ.

കേരളത്തിലങ്ങോളമിങ്ങോളമുള്ള കോളേജ് വിദ്യാർത്ഥികളും അദ്ധ്യാപകരും ഓണാവധിയിലും മറ്റാവശ്യങ്ങൾ മാറ്റിവച്ച് ഓഡിറ്റോറിയങ്ങളും ക്ലാസ്മുറികളും കളക്ഷൻ സെന്ററുകളും സപ്ലൈ സെന്ററുകളുമാക്കിമാറ്റി അശരണർക്ക് അവശ്യസാധനങ്ങളെത്തിക്കാൻ യത്നിച്ചപ്പോൾ അതു തീർത്തത് മനുഷ്യപ്രയത്നത്തിന്റെ ഉത്തമ മാതൃകകളായിരുന്നു. അവശ്യസാധനങ്ങൾ ശേഖരിച്ച വെക്കാൻ സ്ഥലം ലഭ്യമാവാതെ വന്നപ്പോൾ തൃശ്ശൂർ ബാർ അസോസിയേഷന്റെ സ്ഥലം വേണമെന്ന ആവശ്യം നിരസിക്കപ്പെട്ടതോടെ തനിക്കുള്ള അധികാരം ഉപയോഗിച്ച് സ്ഥലം ഉറപ്പിച്ചെടുത്ത് ഉപയോഗപ്പെടുത്തിയ തൃശ്ശൂർ കലക്ടർ ടി വി അനുപമ പ്രളയകാലത്തെ ഉശിരുള്ള കാഴ്ചകളിലൊന്നായി. തന്റെ പേരും പെരുമയും അറിയിക്കാതെ 8 ദിവസം സന്നദ്ധ സേവകനായി നിസ്വാർത്ഥ സേവനം കാഴ്ചവെച്ച കണ്ണൻ ഗോപിനാഥനെന്ന ഐ എ എസ് ഓഫീസറും മലയാളികൾക്ക് നൽകിയ പ്രചോദനം ചെറുതല്ല. പലർക്കും പേടിസ്വപ്നമായിരുന്ന 'ടോറസ്' ഈ പ്രളയകാലത്തെ വാഹനങ്ങളിലെ ഹീറോ ആയിമാറുന്നതിനും കേരളം സാക്ഷിയായി.

കൊച്ചി തമിൾ സംഘത്തിന്റെ അഭ്യർത്ഥന മാനിച്ച് 16 ടൺ അരിയും വസ്ത്രങ്ങളും പ്രളയത്തിന്റെ ആദ്യനാളുകളിൽ വിതരണത്തിനെത്തിച്ച് കോയമ്പത്തൂരിലെ കൗണ്ടംപാളയം എം എൽ എ. വി സി ആറുകുട്ടി പ്രകടിപ്പിച്ച അനുഭാവം, ഈറോഡിൽ നിന്നും അടിവസ്ത്രങ്ങളടക്കമുള്ള അവശ്യ തുണിത്തരങ്ങൾ എത്തിച്ച തന്ന മില്ലുടമകളും തൊഴിലാളികളും, അവശ്യസാധനങ്ങൾ സംഘടിപ്പിച്ച് വിതരണത്തിനെത്തിച്ച ഗൾഫുനാടുകളിലെയും മറ്റുസംസ്ഥാനങ്ങളിലെയും മലയാളികളുൾപ്പടെയുള്ള കൂട്ടായ്മകൾ, സേവനത്തിന്റെ ഉദാത്ത മാതൃക തീർത്ത് അവശ്യസാമഗ്രികളുമായെത്തിയ ജനമൈത്രി പോലീസ് സംഘങ്ങൾ, സേവനത്തിനു പുതുമകൾ തീർത്ത ഫേസ്ബുക്ക് വാട്സാപ് കൂട്ടായ്മകൾ, കണ്ണുനീരിലും കാണാമറയത്തുമായി സദാ സേവന സന്നദ്ധരായി ഊണും ഉറക്കവുമുപേക്ഷിച്ച് ദുരിതബാധിതർക്കായി പ്രവർത്തിച്ച സർക്കാരുദ്യോഗസ്ഥരും സാധാരണക്കാരുമായ അനേകർ. നോക്കിലും വാക്കിലും ആത്മവിശ്വാസം പകർന്നുതന്ന സംസ്ഥാന ഭരണത്തലവൻ. അതെ. കേരളം ഈ മഹാപ്രളയത്തെ മറികടന്നത് ജാതിക്കും മതത്തിനും രാഷ്ട്രീയത്തിനുമതീതമായി ഒരേ മനസ്സോടെ പ്രവർത്തിക്കാനായതുകൊണ്ടാണ്.

ഇവിടെ തീരുന്നതാവരുത് നമ്മുടെ കാരുണ്യസ്പർശം. വിഷ്ണുവും അനുപ്രിയയും സ്വാഹയും കരുവിളയും മറ്റപലരും തീർത്ത കാരുണ്യത്തിന്റെ മാതൃകകൾ നമുക്ക് ഭാവിയിലേക്കുള്ള പ്രചോദനമാവണം. അർണാബിനെപ്പോലുള്ള ഗോസ്വാമിമാർ വെറുപ്പിന്റെ വായ്ത്താരികളുമായി കേരളത്തിലേക്കുറ്റുനോക്കുന്നുണ്ട്. അത്തരം വെറുപ്പിന്റെ കളികൾക്ക് നമുക്ക് തൽക്കാലം നേരവും താൽപര്യവുമില്ല. ഇനി നമുക്കൊരേ ലക്ഷ്യമേയുള്ളൂ. ജീവിതത്തിലെല്ലാം നഷ്ടപ്പെട്ട നമ്മുടെ സഹോദരർക്ക് കൈത്താങ്ങായി, അവരെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തി, ഒരു പുതിയ കേരളം കെട്ടിപ്പടുക്കുകയെന്ന ലക്ഷ്യം.



# കുട്ടനാട്ടിലെ വെള്ളപ്പൊക്കങ്ങൾ

**ഡോ. ജോസഫ് സ്കറിയ**
എസ്.ബി. കോളജ്, ചങ്ങനാശ്ശേരി



ആഗോളകാർഷികഭൂപടത്തിൽ സമുദ്രനിരപ്പിനു താഴെ കൃഷി ചെയ്യപ്പെടുന്ന ഇടം എന്നതാണ് കുട്ടനാടിന്റെ സ്ഥാനം. മധ്യതിരുവിതാംകൂറിലെ ഇടനാടിനും തീരപ്രദേശത്തിനുമിടയിൽ സ്വാഭാവികമായി രൂപപ്പെട്ട ചതുപ്പുകൾ കൃഷിക്ക് ഉപയോഗ്യമാക്കി മാറ്റിയതു മുതൽ ജനവാസവുമാരംഭിച്ചിട്ടുണ്ട്. ഇന്നേയ്ക്ക് നാനൂറ്-അഞ്ഞൂറ് വർഷങ്ങൾക്കുള്ളിലാണ് ആദ്യ കുടിയേറ്റങ്ങൾ എങ്കിലും 18, 19 നൂറ്റാണ്ടുകളാണ് കുട്ടനാടൻ കുടിയേറ്റങ്ങളുടെ സജീവഘട്ടം. നെൽകൃഷിയും മീൻപിടിത്തവും ഉള്ളടങ്ങുന്ന കാർഷിക സാമൂഹിക വ്യവസ്ഥ കുടിയേറ്റക്കാരുടെ ജീവിതസങ്കല്പങ്ങൾക്കും സാംസ്കാരികാവബോധത്തിനുമനുസരിച്ച് രൂപപ്പെടുകയും രൂപാന്തരപ്പെടുകയും ചെയ്തു.

കേരളത്തിന്റെ കാലവർഷം കുട്ടനാട്ടുകാർക്ക് വെള്ളപ്പൊക്ക കാലമാണ്. ഓരോ വർഷവും ഏറിയോ കുറഞ്ഞോ അതു പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കും. അതിനെ വിദഗ്ധമായി അതിജീവിക്കാനും കുട്ടനാട്ടുകാർക്കറിയാം. എത്ര നാശനഷ്ടങ്ങളുണ്ടായാലും സ്വാഭാവികജീവിതം തടസ്സപ്പെട്ടാൽത്തന്നെയും കുട്ടനാട്ടുകാരെ സംബന്ധിച്ച് വെള്ള പ്പൊക്കത്തിന് ആഘോഷത്തിന്റെ മുഖം കൂടിയുണ്ട്. വെള്ളത്തോടിണങ്ങിയുള്ള ജീവിതത്തിൽ വെള്ളം ഭീഷണിയല്ല. അതുകൊണ്ടാവാം മലിനീകരണത്തിന്റെ ഭീകരതയിലും കുട്ടനാട്ടുകാരൻ അതേപ്പറ്റി ബോധവാനാകാതിരിക്കുന്നത്.

വെള്ളപ്പൊക്കത്തിനും ഒരു താളമുണ്ട്. മറ്റിടങ്ങളിലേതുപോലെ ആർത്തലച്ച് തടംതല്ലിയല്ല വെള്ളത്തിന്റെ വരവും ഉയർച്ചയും. പുഴു നുരങ്ങുംപോലെയാണുയർന്നുയർന്നു വരുന്നത്. ചില വർഷങ്ങളിൽ തോടു നിറയും, ചില വർഷങ്ങളിൽ പറമ്പു മുങ്ങും. ചിലപ്പോൾ വീടിനുള്ളിൽ കയറും. മട മുറിഞ്ഞ് പാടങ്ങളിൽ നെല്ലു നശിക്കും. വാഴയും കപ്പയും പയറുമെല്ലാം വെള്ളത്തിലാകും. മുറ്റത്ത് വെട്ടുകത്തിയുമായി നിന്നാൽ മതി മീൻപിടിക്കാൻ. കൊച്ചുവള്ളത്തിൽ തുഴഞ്ഞ് നാടിന്റെ മുക്കിനും മൂലയിലുമെത്താം. ധാരാളം തുന്തിരി പറഞ്ഞിരിക്കാം. ഓരോ വെള്ളപ്പൊക്കത്തിലും കൊല്ലവർഷം 1099ലെ

വെള്ളപ്പൊക്കത്തെയോർക്കാം. ചുരുക്കത്തിൽ കൃഷിനാശവും അനന്തരജീവിതദാരിദ്ര്യവു മൊഴിച്ചാൽ വെള്ളപ്പൊക്കങ്ങൾ സുഖകരമായ ഓർമ്മകളാണ് സമ്മാനിക്കുന്നത്. വർത്തമാന കുട്ടനാടൻജനത അഭിമുഖീകരിച്ച ഏറ്റവും വലിയ വെള്ളപ്പൊക്കം എന്നതാണ് 2018ലെ വെള്ളപ്പൊക്കത്തിന്റെ പ്രത്യേകത. ഏകദേശം 95 വർഷങ്ങൾക്കിടയിലുണ്ടായ വർഷഗണനാസങ്കല്പങ്ങളിലെ മാറ്റം വർഷസൂചനകളിൽത്തന്നെ ഒളിഞ്ഞിരിക്കുന്നുണ്ട്. ഇംഗ്ലീഷ് വർഷം അത്ര വ്യാപകമാകാതിരുന്ന ഒരു ഘട്ടത്തിൽനിന്ന് ഇംഗ്ലീഷ് വർഷം സമ്പൂർണ്ണമായി സ്വീകരിക്കപ്പെടുന്ന ഒരു സമൂഹത്തിലേക്കുള്ള പരിവർത്തനങ്ങ ളിൽ ഒരു ദേശത്തിന്റെ ചരിത്രം തന്നെ ഉള്ളടങ്ങുന്നു. 'ദേവൻ കഴുത്തറ്റം വെള്ളത്തിൽ നില്ലുന്നു' എന്ന തകഴിയുടെ പ്രയോഗം (വെള്ളപ്പൊക്കത്തിൽ) വളരെ റിയലിസ്റ്റിക്കായ വിമർശനമായിരുന്നുവെങ്കിൽ ഇന്ന് വിശ്വാസങ്ങളിലും അന്ധവിശ്വാസങ്ങളിലും അധിഷ്ഠിതമായ മെറ്റാഫിസിക്കൽ വിചാരണകളായി വെള്ളപ്പൊക്കം മാറി എന്നതിലാണ് അതിശയം

വെള്ളപ്പൊക്കത്തെ മഹാപ്രളയമാക്കിയ മാധ്യമക്കുസൃതി, ദുരിതാശ്വാസ പ്രവർത്തനങ്ങളെ മാർക്കറ്റിംഗ് തന്ത്രമാക്കിയ സർക്കാരിതര സ്വകാര്യ സംരംഭകരുടെ താത്പര്യങ്ങൾ എന്നിവയെല്ലാം അരിക്കുവിനിമയങ്ങളായി 2018ലെ വെള്ളപ്പൊക്കത്തിലുണ്ട്. വെള്ളപ്പൊക്കം കുട്ടനാടിനെയാകെ ഭയപ്പെടുത്തിയതും 2018ലാണ്. മുഖ്യമന്ത്രിയുടെ കരുത്തുറ്റ, വിവേകപൂർവ്വമായ നേതൃത്വത്തിനൊപ്പം എടുത്തുപറയേണ്ട ചില ഇടപെടലുകളുണ്ട്. പരസ്പരം അന്വേഷിക്കാനും സഹായിക്കാനും തയ്യാറായ സാധാരണക്കാരായ നാട്ടുകാർ, കൈമെയ് മറന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയ മത്സ്യത്തൊഴിലാളികൾ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലിരുന്ന് ആധുനികസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വിവരവിനിമയങ്ങളിലേർപ്പെട്ട ചെറുപ്പക്കാരായ സോഫ്റ്റ്‌വെയർ വിദഗ്ധർ, ദുരന്തനിവാരണസേനാംഗങ്ങൾ ഇവരാണ് ജനങ്ങളെ കരയിലെത്തിച്ചത്. ഇവരുടെയെല്ലാം ചുമലോടുചുമലൊത്ത പ്രവർത്തനങ്ങളാണ് വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ കാരണമായത് എന്നതാണ് പരമാർത്ഥം.

************

ഈ ലേഖകന്റെ ഒരു ഓർമ്മ കുറിക്കാം. 1994ലെ വെള്ളപ്പൊക്കത്തെപ്പറ്റിയാണിത്. ഓർമ്മയിലുള്ള ഏറ്റവും വലിയ വെള്ളപ്പൊക്കമാണ്. കൊയ്ത്തും മെതിയും കഴിഞ്ഞ് നെല്ല പതിരുപിടിച്ച് വീട്ടിലെത്തിക്കഴിഞ്ഞാണ് വെള്ളപ്പൊക്കം. മിത്രക്കരി സെന്റ് സേവ്യേഴ്സ് സ്കൂളിലെ ഹാളിൽ വിരിച്ചിട്ടിരിക്കുകയാണ്. മിത്രക്കരിയിലുള്ള പല പാടത്തും കൊയ്ത്ത് ആരംഭിക്കുന്നതേയുള്ളു. പെട്ടെന്നുണ്ടായ വെള്ളപ്പൊക്കത്തിൽ മടവീഴ്ച തുടങ്ങി. മടകുത്തി പാടം സംരക്ഷിക്കാൻ കഴിയാത്തതുകൊണ്ട് ആളുകൾ വെള്ളത്തിലിറങ്ങി നെല്ല് കൊയ്തെടുക്കുകയാണ്. അത്യാവശ്യത്തിനുള്ളതു കിട്ടുമല്ലോ എന്ന വിചാരം മാത്രമേയുള്ളു.

> **പമ്പയും അച്ചൻകോവിലാറും മണിമലയാറും നിറഞ്ഞ് ഒഴുകിവരുന്ന വെള്ളമാണ് കുട്ടനാടിന്റെ ജലസമ്പത്ത്. ഈ മൂന്നു നദികളും കുട്ടനാടൻ ചതുപ്പുകളിലേക്ക് വിരിഞ്ഞിറങ്ങി ഒഴുകിപ്പരന്നാണ് കടലിലെത്തുന്നത്. കുട്ടനാട്ടിലെ ആറുകളും തോടുകളും ഇടത്തോടുകളും ഈ വെള്ളം പാടശേഖരങ്ങളിലെത്തിക്കുകയാണ് പതിവ്.**



ചെറിയാച്ചേരി പാടത്ത് മുങ്ങി കൊയ്യുന്നത് നല്ല ഓർമ്മയുണ്ട്. കൊയ്തെടുക്കുന്ന നെല്ല് വാങ്ങി വള്ളത്തിൽ വയ്ക്കാൻ സഹായിച്ചതിന്റെ ഓർമ്മ. പിറ്റേന്ന് മുതൽ ഏതാണ്ട് പത്തിരുപതു ദിവസം വീട്ടിനുള്ളിലും പറമ്പിലും വെള്ളം. ആദ്യ ദിവസം തന്നെ ചങ്ങനാശ്ശേരിക്ക് പോകുന്ന വള്ളത്തിൽ അച്ഛനെയും അമ്മയെയും കയറ്റിവിട്ടു. വീടിനും നെല്ലിനും കാവലാളായി ചിലവഴിച്ച ഈ ദിവസങ്ങൾ എന്റെ വെള്ളപ്പൊക്ക ദുരനുഭവങ്ങളിൽ പ്രധാനപ്പെട്ടതാണ്. അന്ന് 'തലശ്ശേരിരേഖകൾ' പകർത്തിയെഴുതുന്ന കാലമാണ്. വീട്ടിലെ അലമാരയുൾപ്പെടെ പലതും നഷ്ടപ്പെട്ടുപോയിരുന്നു. ദുരിതാശ്വാസം പോലെയുള്ള സഹായങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. കുട്ടനാട്ടിൽനിന്നും താമസം മാറ്റാൻ വെറുതേയെങ്കിലും ആഗ്രഹിച്ചുപോയത് ഈ കാലത്താണ്.

************

ഒരു കാലത്ത് കൊല്ലം മുതൽ പൊന്നാനി വരെ വ്യാപിച്ചു കിടന്ന പ്രദേശമാണ് കുട്ടനാട്. ഭരണപരമായ ചിട്ടപ്പെടുത്തലുകൾക്കനുസരിച്ച് കുട്ടനാടും ചുരുങ്ങിവന്നു. അപ്പർകുട്ടനാട്, ലോവർ കുട്ടനാട്, നോർത്ത് കുട്ടനാട് എന്നീ പ്രവിശ്യകളിലുൾപ്പെട്ട ഭൂമിശാസ്ത്രസങ്കല്പമാണ് ഇന്ന് കുട്ടനാട്. ദുരിതങ്ങളേറെയും ലോവർ കുട്ടനാട്ടുകാർക്കാണ്. ഇന്നത്തെ നിയമസഭാ നിയോജകമണ്ഡലത്തിന്റെ സിംഹഭാഗവും ലോവർ കുട്ടനാട്ടിൽ ഉൾപ്പെടുന്നു.

പമ്പയും അച്ചൻകോവിലാറും മണിമലയാറും നിറഞ്ഞ് ഒഴുകിവരുന്ന വെള്ളമാണ് കുട്ടനാടിന്റെ ജലസമ്പത്ത്. ഈ മൂന്നാനദികളും കുട്ടനാടൻ ചതുപ്പുകളിലേക്ക് വിരിഞ്ഞിറങ്ങി ഒഴുകിപ്പരന്നാണ് കടലിലെത്തുന്നത്. കുട്ടനാട്ടിലെ ആറുകളും തോടുകളും ഇടത്തോടുകളും ഈ വെള്ളം പാടശേഖരങ്ങളിലെത്തിക്കുകയാണ് പതിവ്. പാടശേഖരങ്ങളെയും തോടുകളെയും ഇടത്തോടുകളെയും സംരക്ഷിച്ചുകൊണ്ടും വെള്ളത്തിന്റെ ഒഴുക്ക് നിരീക്ഷിച്ചുകൊണ്ടുമുള്ള വികസനമാണ് കുട്ടനാട്ടിൽ ഉണ്ടാവേണ്ടിയിരുന്നത്. അറുപതുകൾക്കു മുമ്പുതന്നെ ഭൂവിജ്ഞാനീയായിരുന്ന കെ.സി. ചാക്കോ ഈ വിഷയം ഉന്നയിച്ചുകൊണ്ട് ചങ്ങനാശ്ശേരി-ആലപ്പുഴ റോഡ് ആശങ്കാജനകമാണെന്നും കുട്ടനാടിന് ഒരു പാരിസ്ഥിതിക വിപത്തായി മാറുമെന്നും അദ്ദേഹം മുന്നറിയിപ്പു നല്കിയിരുന്നു. ശാസ്ത്രീയവും യുക്തിഭദ്രവുമായ ഈ നിർദ്ദേശങ്ങളെ ആരും മുഖവിലയ്ക്കെടുത്തില്ല. 1958ൽ എം.സി. റോഡ് യാഥാർത്ഥ്യമായി. ഈ റോഡിനെതൊട്ട് ഇടത്തോട്ടും വലത്തോട്ടും വയലുകൾ മുറിച്ചും തോടുകളടച്ചും നൂറുകണക്കിന് റോഡുകൾ രൂപപ്പെട്ടു. 1970കൾവരെ കുട്ടനാട്ടിൽ തോടുകൾക്കഭിമുഖമായിരുന്ന വീടുകളെങ്കിൽ 1970കൾക്കുശേഷം റോഡുകൾക്കഭിമുഖമായി മാറി. നിലംനികത്തിയും അല്ലാതെയും ആയിരക്കണക്കിനു വീടുകൾ ജന്മമെടുത്തു.

കുട്ടനാടിന്റെ ഉറപ്പില്ലാത്ത മണ്ണിനു മുകളിലാണ് ഈ ഇരുനിലകെട്ടിടങ്ങളും കോൺക്രീറ്റ് സൗധങ്ങളും പടുത്തുയർത്തപ്പെട്ടത്. ലക്ഷക്കണക്കിനു ലോഡ് കരിങ്കല്ലുകൾ ഇതിനകം കുട്ടനാടൻ ചെളിയിൽ പൂണ്ടു. കിഴക്കൻ മലകളിൽ നിന്നെത്തിയ ലക്ഷോപലക്ഷം ലോഡ് ചെമ്മണ്ണ് കുട്ടനാടിനെ ഉയർത്തുമെന്ന് ഞങ്ങൾ തെറ്റിദ്ധരിച്ചു. എത്ര ഉയർത്തിയിട്ടും ഒരു പുരയിടത്തിലും വെള്ളം കയറാതിരിക്കുന്നില്ല. നെതർലാന്റ്സിലേതിനു തുല്യമായ ഭൂസ്ഥിതിയാണ് കുട്ടനാട്ടിലേതെന്നും തദനുസാരിയായ വികസനമാണിവിടെ ഉണ്ടാവേണ്ടതെന്നും വാദിച്ചവർതന്നെ കുട്ടനാടിന്റെ അശാസ്ത്രീയ വികസനത്തിന് ഔട്ട്ലൈൻ തയ്യാറാക്കി. കുട്ടനാട് മനുഷ്യവാസത്തിന് അനായോജ്യമല്ല എന്നു വാദിച്ചവർ വികസന വിരോധികളായി ചിത്രീകരിക്കപ്പെടുകയും ചെയ്തു.

വർഷംതോറും ഈടുകുത്തുന്ന ഏർപ്പാടില്ലാതായതാണ് നിരന്തരമായ വെള്ളപ്പൊക്കത്തിനു കാരണം എന്ന ന്യായവാദവും കേൾക്കാറുണ്ട്. എന്തായാലും ഒന്നോ രണ്ടോ പേരുടെ തലയിൽ കെട്ടിവെക്കേണ്ടുന്നതല്ല കുട്ടനാടിന്റെ പാരിസ്ഥിതികദുരന്തത്തിന്റെ ഉത്തരവാദിത്തം. ആദ്യകാല കുടിയേറ്റങ്ങൾ മുതൽ ഇന്നുവരെയുള്ള സമസ്ത ഇടപെടലുകൾക്കും ഇതിൽ പങ്കുണ്ട്. വീട്ടുപടിക്കൽ മുച്ചക്രവാഹനമെങ്കിലുമെത്തിക്കാനുള്ള സാമാന്യജനത്തിന്റെ ആഗ്രഹം മുതൽ അതു നിവൃത്തീകരിക്കാൻ പ്രയത്നിച്ച ജനപ്രതിനിധികളുടെ രാഷ്ട്രീയ താത്പര്യങ്ങൾ വരെ ഇതിലുണ്ട്. കാർഷിക മേഖലയുടെ സുസ്ഥിരമായ നിലനില്പിനെ അവഗണിച്ച ഭരണസംവിധാനത്തിലുമുണ്ട് തകരാറ്. അതിനാൽ വരാനിരിക്കുന്ന വെള്ളപ്പൊക്കങ്ങളെ മുന്നിൽക്കണ്ട് തയ്യാറാക്കുന്ന പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും മാത്രമേ ഇനി കുട്ടനാടിനെ രക്ഷിക്കാനാവൂ.



# അന്തോണിയും അമ്മയും

(ഒരു വാട്സ് ആപ് വീഡിയോയ്ക്ക് കടപ്പാട്)



അന്തോണി ചോദിക്കുന്നു, എന്തിനാണമ്മേ വീണ്ടും
എന്നെയീ വൈകുന്നേരമെഴുതാൻ നിർബന്ധിപ്പൂ?
അന്തിയായിട്ടില്ലീ മുറ്റത്തെ തൈമാവിലെ
ചന്തമുള്ളൊരാ കൊച്ചുകിളികൾ പോയിട്ടില്ല
ചാഞ്ചാടി നടപ്പുണ്ടാ ചില്ലയിലണ്ണാക്കുട്ടൻ
വാഴതൻ കുമ്പിൽ നിന്നും തേൻ നുകർന്നതിൻ ശേഷം
കാക്കകളൊന്നും തന്നെ കൂട്ടുകൾ പൂകിട്ടില്ലെൻ
കൂട്ടുകാരതാ ദൂരെ കളിച്ചു തിമർക്കുന്നു.
എന്തു ചൂടമ്മേയിത്, ഫാനിനു കാറ്റില്ലല്ലോ,
വെന്തുരുകുന്നീ വീടിന്നകമേയിരിക്കുമ്പോൾ
എത്രയോ നാളായമ്മേ പുറത്തു നടന്നിട്ട്
എത്രയോ നാളായി ഞാൻ സൈക്കിളൊന്നോടിച്ചിട്ട്
എന്തു ചൊന്നാലുമമ്മ പരീക്ഷ വരുന്നുണ്ടെ-
ന്നെന്നുമെന്നോടു മുഖം വീർപ്പിച്ചു പറയുന്നു
എന്താണീ പരീക്ഷതന്നർത്ഥമമ്മേയത്
അമ്മൂമ്മ പാടിത്തന്ന പാട്ടിലെ പൂതമാണോ?
കൊച്ചുകുട്ടികൾ ഓരോന്നെഴുതാതിരിക്കുമ്പോൾ
കുട്ടയുമായി വന്ന് കൊണ്ടുപോകുന്നവനാണോ?
അമ്മയന്നേരം സാന്ത്വനിപ്പിക്കുന്നു, അന്തോണിയെ
നന്നായിട്ടെഴുതുകിൽ മിഠായി തരാമമ്മ
അല്ല, വേണ്ടെങ്കിൽ താനേയോടുന്ന കാറുവാങ്ങാം
അല്ലെങ്കിലാകാശത്തു പറക്കും ഹെലികോപ്റ്റർ
ഒന്നു ചിന്തിപ്പൂ അപ്പോളന്തോണി, പന്നെ, മെല്ലെ
കുഞ്ഞിക്കയ്യാലേ അമ്മ തൻ മുഖം തഴുകുന്നു
ഒന്നു തന്നാൽ മതിയെന്നമ്മേയെനിക്കൊന്നോ-
രണ്ടു നാളുകൾ നല്ലയവധി ദിവസങ്ങൾ
അല്ലലില്ലാതെയൊന്നു രാവിലെയുറങ്ങുവാൻ
ഉമ്മറത്തല്പം ഇളവെയിൽ കൊണ്ടിരിക്കുവാൻ
ടി.വി.യിലെന്റെ പ്രിയകാർട്ടൂണുകൾ കാണാൻ
തോന്നുമ്പോൾ തലകുത്തിമറിയാൻ മരം കേറാൻ
അത്രമാത്രമേ വേണ്ടൂയന്തോണിക്കെന്നു കേൾക്കേ
കുറ്റബോധത്താൽ നീറിയമ്മയും കരഞ്ഞുപോയ്
പാഠപുസ്തകം മാറ്റിവെച്ചമ്മയന്തോണിയെ
സ്നേഹവായ്പാൽ ഗാഢം പുണർന്നു ചുംബിക്കുന്നു
തൻമടിത്തട്ടിൽ ചേർത്തു തഴുകിയുറക്കുന്നു
കുഞ്ഞിന്റെ ദുഃഖങ്ങളെ ദൂരേക്കു പറത്തുന്നു
മാനത്തു നിന്നുമേതോരമ്മക്കൈ വിടീച്ചും കൊ-
ണ്ടോടി വന്നൊരു കുഞ്ഞുതെന്നലന്നേരമോതി
ഉറക്കംവിട്ടുണരുമ്പോളവനു കളിക്കുവാൻ
പുറത്തു തയ്യാറായി നില്പല്ലോ ചങ്ങാതിമാർ
പൂച്ചക്കുഞ്ഞുങ്ങൾ, പൂക്കൾ, തുമ്പികൾ, പൂമ്പാറ്റകൾ
കൂട്ടുകൂടുവാൻ കുഞ്ഞിക്കിളികൾ നായക്കുട്ടി
രാവിലെ നറുംവെയിൽ, ഉച്ചയ്ക്ക് നിഴലുകൾ
രാവിലോ നക്ഷത്രങ്ങൾ, നിലാവിൻ കളിപ്പൊയ്ക
കൂട്ടുകാരിവർ ചൊല്ലിത്തരുന്ന ഭാഷയ്ക്കുള്ളിൽ
ഏറ്റവും വടിവിലുണ്ടറിവിൻ പാഠാവലി
കൺതുറന്നവ കാണാൻ ഉണ്ണീ, നീയൊരുങ്ങുക
മണ്ണിലും വിണ്ണിലുമായ് സ്വച്ഛന്ദം പറക്കുക
അന്തോണിയതു കേട്ടു നിദ്രയിൽ ചിരിക്കവേ
അമ്മയോ പരീക്ഷയെ പുറത്തേക്കെറിഞ്ഞിട്ടു.


ഡോ. സന്ധ്യ ഇ.
പ്രജ്യോതി നികേതൻ കോളേജ് പുതുക്കാട്





# ഒഴുകിപ്പോയ കാടും ഒഴുകി വന്ന കടലും


**ഡോ. ജോസഫ് കെ ജോബ്**
മേരി മാതാ ആർട്സ് ആൻഡ് സയൻസ് കോളേജ് മാനന്തവാടി)

വയനാട്ടുകാർക്ക് മഴ പുത്തരിയല്ല. വർഷത്തിൽ എട്ടോളമാസവും മഴ ലഭിക്കുന്ന ചുരുക്കം ചില ഭൂപ്രദേശങ്ങളിൽ ഒന്നെന്ന ഖ്യാതിയുണ്ട് വയനാടിന്. വെടിക്കെട്ടുകാരനെ ഉടുക്ക് കൊട്ടി പേടിപ്പിക്കരുതെന്ന ചൊല്ലുള്ളതുപോലെ വയനാട്ടുകാരനെ മഴയെന്ന് പറഞ്ഞ് പേടിപ്പിക്കാനാവില്ല ആർക്കും. മഴയുമായി അത്രമേൽ ഹൃദയബന്ധം സ്ഥാപിച്ചവരാണ് വയനാട്ടുകാർ. മഴയുടെ വ്യത്യസ്തമായ ലാസ്യ വിലാസഭാവങ്ങളെല്ലാം വേണ്ടുവോളം കണ്ടറിഞ്ഞിട്ടുള്ളവരാണ് ഇവിടുത്തുകാർ. മഴ സംഹാരനൃത്തമാടി സകലതും പ്രളയത്തിൽ മുക്കിക്കളഞ്ഞ അനുഭവം ഇതാദ്യത്തേതാണെന്ന് മാത്രം. ഒട്ടുക്കം കേരളീയരെ മൊത്തത്തിലെന്ന പോലെ വയനാട്ടുകാരെയും മഴ തോൽപ്പിച്ചുകളഞ്ഞു.

വയനാട്ടുകാർ തമ്മിൽ കാണുമ്പോൾ പറയുന്ന ഒരു പാഴ് വാക്യമുണ്ട് 'അങ്ങനെയാണ് .... വയനാട്ടിൽ കടവുണ്ടായത്" എന്ന്. അതിപ്പോൾ തർക്കാലത്തേക്കെങ്കിലും സംഭവിച്ചു. പ്രളയം വയനാട്ടിൽ ഒരു കടവു തീർത്തു. വയനാടിനു മേൽ പ്രകൃതിയുടെ ആഘാതം അതിഭീകരമായിരുന്നു.

മൺസൂൺ മഴക്കാറുകൾ ആകാശം നിറഞ്ഞപ്പോൾ പതിവു മഴയെന്നേ കരുതിയുള്ളൂ എല്ലാവരും. സൗമ്യതയിൽനിന്ന് രൗദ്രതയിലേക്ക് മെല്ലെയാണ് മഴ ചുവട് മാറ്റിയത്. ആദ്യ ദിനങ്ങളിൽ കളക്ടറുടെ അവധി പ്രഖ്യാപനങ്ങളെ സന്തോഷപൂർവ്വം സ്വീകരിച്ചവർക്ക് അവധി പ്രഖ്യാപിക്കാതെ തന്നെ വീട്ടിലിരിക്കേണ്ടിയും വന്നു. മെല്ലെ മെല്ലെ എല്ലാ സന്തോഷങ്ങളും ഒഴുകിപ്പോയി. വഴിയും, വയലും, പറമ്പും, നദിയും നിറഞ്ഞ് മഴ ഒഴുകി പരന്നു. തിമർത്തു പെയ്ത മഴ സംഹാരരുദ്രയായി. അണക്കെട്ടുകൾ സംഭരണശേഷിയും കവിഞ്ഞ് വലിയ ജലപ്രവാഹങ്ങൾ സൃഷ്ടിച്ചു. പ്രളയമായി, ഉരുൾപൊട്ടലായി, മണ്ണിടിച്ചിലായി, ഭൂമി വിണ്ടുകീറലായി.

ഈ കാലവർഷത്തിൽ മൂന്ന് തവണ വെള്ളപ്പൊക്കത്തോട് മല്ലടിക്കേണ്ടി വന്നവരാണ് വയനാട്ടുകാർ. ചെറിയ ഇടവേളകളള്ളിൽ മൂന്ന് പ്രളയങ്ങൾ. ആദ്യത്തെ മഴയിൽ തന്നെ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ച് തുടങ്ങിയിരുന്നു. കേരളത്തിൽ ആദ്യം മഴക്കെടുതി റിപ്പോർട്ട് ചെയ്യപ്പെട്ടത് വയനാട്ടിൽ നിന്നാണ്. പെരുമഴയും പ്രളയവും വയനാടിനെ ദുരിതത്തിലാക്കുന്നതറിഞ്ഞ് ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മറ്റ് ജില്ലകളിൽ നിന്നും പലരും ഇങ്ങോട്ട് ഓടിയെത്തി. ഊർജസ്വലമായ പ്രവർത്തനങ്ങൾ മുന്നേറുമ്പോഴാണ് മഴ മറ്റ് ജില്ലകളിലേക്ക് വ്യാപിച്ചത്. അപ്പോഴേയ്ക്കും വയനാട് മറ്റിടങ്ങളിൽ നിന്ന് പാടെ ഒറ്റപ്പെടുകയും ചെയ്തു. താമരശ്ശേരി, കുറ്റ്യാടി, പേര്യ, നാടുകാണിചുരങ്ങളെല്ലാം തകർന്നു. പാൽചുരം വഴിയുള്ള ഗതാഗതവും സ്തംഭിച്ചു. വയനാട്ടിലേക്കോ വയനാടിന് പുറത്തേക്കോ ഉള്ള വഴികളെല്ലാം നിശ്ചലമായി.

രണ്ട് അണക്കെട്ടുകളാണ് വയനാട്ടിൽ പ്രധാനമായിട്ടുള്ളത്. ബാണാസുരസാഗറും കാരാപ്പുഴയും. വയനാട്ടിൽ പ്രളയക്കെടുതി അതിരൂക്ഷമാക്കിയതിന്റെ പ്രധാന കാരണം ബാണാസുരസാഗർ തുറന്ന് വിട്ടതാണെന്ന് കരുതുന്നവർ ഏറെയുണ്ട്. അണക്കെട്ട് തുറക്കാതിരിക്കാനാവുന്ന സാഹചര്യമുണ്ടായിരുന്നു എന്നാരും വാദിച്ചില്ല. വേണ്ടത്ര മുന്നറിയിപ്പുകൾ നൽകാതെ ഷട്ടറുകൾ തുറന്നു എന്ന ആക്ഷേപമാണ് ഏറ്റവും കൂടുതൽ ഉണ്ടായത്. അണക്കെട്ടിന്റെ നാല് ഷട്ടറുകൾ തുറന്നു. കുതിച്ചെത്തിയ വെള്ളം താണ പ്രദേശങ്ങളെ മുഴുവൻ വെള്ളത്തിൽ മുക്കി. കടമാൻ തോടിലൂടെ ഒഴുകിയിറങ്ങിയ വെള്ളം പടിഞ്ഞാറത്തറയും കാവുമന്ദവും കോട്ടത്തറയും പനമരവുമെല്ലാം നിറച്ച് കരകവിഞ്ഞ് ഒഴുകി. ചെറിയ പുഴകളിൽ നിന്ന് കബനിയിലേക്ക് അനിയന്ത്രിതമായ വിധത്തിൽ ജലപ്രവാഹമുണ്ടായി. കബനിയിലെ വെള്ളം ഒഴുകിയെത്തുന്ന കർണടകയിലെ ബീച്ചനഹള്ളി ഡാമും നിറഞ്ഞു. അതു തുറന്നു വിട്ടിട്ടും വയനാട്ടിലെ ജലനിരപ്പ് താണില്ല. നദികൾക്കും അണക്കെട്ടുകൾക്കുമിടയിൽ കുടുങ്ങിപ്പോയ കുറെ മനുഷ്യരുടെയും ജീവജാലങ്ങളുടെയും നിലവിളി വയനാട്ടിലൂടെ ഒഴുകിപ്പരന്നു.

പ്രളയക്കെടുതിയിൽ വയനാട്ടിൽ മാത്രം നഷ്ടപ്പെട്ടത് 2392 കോടി രൂപയുടെ വസ്തുവഹകളാണ്. വയനാട് ജില്ല സന്ദർശിച്ച് പ്രകൃതിദുരന്തത്തിന്റെ നാശത്തിന്റെ കണക്കെടുക്കാൻ എത്തിയ ലോക ബാങ്ക് പ്രതിനിധികൾ സെപ്തംബർ 13 ന് അംഗീകരിച്ച വിവരമാണിത്. വീടുകളും കൃഷിഭൂമിയും പൊതുകെട്ടിടങ്ങളും റോഡുകളും പാലങ്ങളും മാലിന്യനിർമാർജന സൗകര്യങ്ങളും ചെറുകിട വ്യവസായങ്ങളും ജൈവവൈവിധ്യവുമെല്ലാം ഈ നഷ്ടക്കണക്കിൽ ഉൾപ്പെടുന്നുണ്ട്. 1411 വീടുകൾ പൂർണമായും 5100 വീടുകൾ ഭാഗികമായും തകർന്നതായും 1,02, 198 ഹെക്ടർ പ്രദേശത്ത് കൃഷിനാശമുണ്ടായതായും 35,000 വളർത്തുമൃഗങ്ങളും പക്ഷികളും ചത്തൊടുങ്ങിയതായും കണക്കുകൾ പറയുന്നു. 1774 കിലോ മീറ്റർ റോഡുകളും 75 പാലങ്ങളും പൂർണമായോ ഭാഗികമായോ തകർന്നതായി



കണ്ടെത്തി. വൈദ്യുതി മേഖലയിലും ഫിഷറീസ്-ടൂറിസം മേഖലയിലും നാശത്തിന്റെ കണക്ക് അതിഭീകരമാണ്. മൂന്ന് ഘട്ടങ്ങളിലൂടെയുള്ള പുനർനിർമാണം സാധ്യമാക്കാനാണ് ഇപ്പോൾ ജില്ലാഭരണകൂടം തീരുമാനിച്ചിരിക്കുന്നത്. റീ ബിൽഡ് വയനാട് എന്ന് പേരിട്ടിരിക്കുന്ന ബൃഹദ് പദ്ധതിയാണ് ജില്ലാഭരണകൂടം വിഭാവനം ചെയ്തിരിക്കുന്നത് പ്രളയമുണ്ടാക്കിയ ആഘാതത്തിന്റെ കൃത്യമായ കണക്കെടുപ്പാണ് ആദ്യ ഘട്ടത്തിൽ നടക്കുന്നത് അത് പൂർത്തിയായ ശേഷം അടിയന്തരമായി ചെയ്തുതീർക്കേണ്ട ഹ്രസ്വകാല പുനർ നിർമാണം എന്നും ദീർഘകാല പുനർ നിർമാണം എന്നുമുള്ള രണ്ടു ഘട്ടങ്ങൾ കൂടി ഇതിനുണ്ടാകും.

പെരുമഴയോ മലവെള്ളമോ മാത്രമായിരുന്നില്ല വയനാടിന്റെ പ്രശ്നം. അസാധാരണമായ മട്ടിൽ ഭൂമി പിളരൽ പോലെയുള്ള പ്രതിഭാസങ്ങളും മണ്ണിടിച്ചിലും മണ്ണ് നിരങ്ങി നീങ്ങലുമൊക്കെയാണ് പെരുമഴയത്ത് ഇവിടെ കണ്ടത്. ഒരുപക്ഷേ അടുത്തകാലത്തൊന്നും ഇത്രമാത്രം ജലം ഭൂമിയുടെ ഉപരിതലത്തിൽ നിറഞ്ഞു നിന്നിട്ടുണ്ടാവില്ല. ഒരിക്കലും ഇത്രത്തോളം കുതിർന്നിട്ടുമുണ്ടാവില്ല. ചായയിൽ

**അടുത്തകാലത്തൊന്നും ഇത്രമാത്രം ജലം ഭൂമിയുടെ ഉപരിതലത്തിൽ നിറഞ്ഞു നിന്നിട്ടുണ്ടാവില്ല. ഒരിക്കലും ഇത്രത്തോളം കുതിർന്നിട്ടുമുണ്ടാവില്ല. ചായയിൽ മുക്കിയെടുത്ത ബിസ്ക്കറ്റ് ഗ്ലാസിലെക്ക് വീണുപോകുന്നത് പോലെ കുതിർന്ന മണ്ണ് വീണുപോകുന്നുവെന്ന് വയനാട്ടിൽ പലരും കവിത പറയുന്നുണ്ടായിരുന്നു.**

മുക്കിയെടുത്ത ബിസ്ക്കറ്റ് ഗ്ലാസിലെക്ക് വീണുപോകുന്നത് പോലെ കുതിർന്ന മണ്ണ് വീണുപോകുന്നുവെന്ന് വയനാട്ടിൽ പലരും കവിത പറയുന്നുണ്ടായിരുന്നു.

കനത്തമഴ പെയ്തതിന്റെ കാരണമോ പുഴകൾ നിറഞ്ഞ് കവിഞ്ഞതിന്റെ കാരണമോ ഡാമുകൾ തുറന്ന് വിട്ടതിന്റെ കാരണമോ ഇനി ചികിചികയാനില്ല. പെരുമഴക്കാലം പെരുമഴക്കാലം തന്നെയായിരുന്നു.

ഇരുപത്തയ്യായിരത്തോളം പേർ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞു. നിറഞ്ഞു കവിഞ്ഞ അണക്കെട്ടുകൾ തുറന്നുവിട്ടതോടെ പുതിയ വഴികൾ സൃഷ്ടിച്ച് പുഴകൾ ആർത്തലച്ച് ഒഴുകി നീങ്ങി. ബാണാസുര സാഗറിൽ നിന്ന് ഒഴുകിവന്ന പെരുവെള്ളം കോട്ടത്തറ എന്ന അങ്ങാടി തന്നെ മുക്കിക്കളഞ്ഞു.

പ്രകൃതി ഒന്നാകെ നിന്ന് മനുഷ്യനെതിരെ പോരാടുന്നതു പോലെയായിരുന്നു ദുരന്തങ്ങളും ദുരിതങ്ങളും ഒഴിയാതെ പോയ ആ പ്രളയദിന രാത്രങ്ങൾ. പരിസ്ഥിതിവാദികളും സാമൂഹ്യപ്രവർത്തകരും ചിന്താശേഷിയുള്ള മറ്റു മനുഷ്യരും പറഞ്ഞ പ്രവചനാത്മകമായ വാക്കുകൾ തൃണവൽഗണിച്ചതിന്റെ അനന്തരഫലമെന്ന് ഈ പ്രകൃതിക്ഷോഭത്തെ ഇന്ന് പലരും വിലയിരുത്തുന്നുണ്ട്.





കലി തുള്ളി വന്ന മഴയും ഹാലിളകിയ ഉരുൾപൊട്ടലും താണ്ഡവമാടിയ ഭൂചലങ്ങളുമെല്ലാം മനുഷ്യരെ പഠിപ്പിച്ചത് വലിയ പ്രകൃതി പാഠങ്ങൾ തന്നെ.

ഒട്ടും പരിചയമില്ലാത്ത ഒരു പ്രകൃതി ദുരന്തമാണ് വയനാട്ടിലും കണ്ടത്. പ്രകൃതിയോടുള്ള മനുഷ്യന്റെ ജാഗ്രതക്കുറവിനെ ഓർമപ്പെടുത്തിക്കൊണ്ട് ഒരു പ്രളയകാലം കടന്നുപോയി. വയനാട്ടിലെ ഏതൊരു വ്യക്തിയും കുറച്ചു കാലത്തേക്കെങ്കിലും പരിസ്ഥിതിവാദിയായി. മണ്ണിനോട് ചെയ്തു കൂട്ടിയതിന്റെ ശിക്ഷ സ്വയം ഏറ്റുവാങ്ങുകയാണ് ഇപ്പോളെന്ന് മിക്കവരും പരിതപിക്കുന്നതു കണ്ടു, പശ്ചാതാപവിവശരായി പലരും.

ഭൂമിശാസ്ത്രപരമായ അത്യപൂർവ സവിശേഷതകളുള്ള പശ്ചിമഘട്ടത്തിന്റെ തകർച്ചയെക്കുറിച്ച് മാധവ് ഗാഡ്ഗിൽ അടക്കമുള്ള പരിസ്ഥിതിപ്രവർത്തകർ പറഞ്ഞതെല്ലാം ഒന്ന് പുനർവായിക്കാനെങ്കിലും ഒരു പ്രളയം കാരണമായി. കേരളത്തിലെ പ്രളയം മനുഷ്യനിർമ്മിതമാണെന്ന ഗാഡ്ഗിലിന്റെ വാക്കുകൾ പ്രളയബാധിത സ്ഥലങ്ങളിലെ മനുഷ്യരെങ്കിലും സമ്മതിക്കും. അതിസങ്കീർണ്ണമായ പ്രകൃതിദുരന്തത്തിലൂടെയാണ് നാം കടന്നു പോകുന്നതെന്നും അതിനുവേണ്ടി വർഷങ്ങളൊന്നും നാം കാത്തിരിക്കേണ്ടിവരില്ലെന്നും അദ്ദേഹം പറഞ്ഞ വാക്കുകൾ അക്ഷരം പ്രതി ശരിയായി. പ്രളയത്തിനും ഉരുൾപൊട്ടലിനും മുമ്പു വരെ 'പരിസ്ഥിതിലോലപ്രദേശം' എന്ന ഗാഡ്ഗിൽപ്രയോഗം ചിലർക്കെങ്കിലും ഒരുപരിഹാസവാക്കായിരുന്നു. പ്രളയത്തിനു ശേഷം ആ വാക്കിന്റെ അർഥതിന് തിടം വച്ചു.

പശ്ചിമഘട്ട വിദഗ്ധസമിതി പരിസ്ഥിതി ലോലപ്രദേശമായി അടയാളപ്പെടുത്തിയ ഇടങ്ങളിലാണ് പെരുമഴയും പ്രളയവും ഉരുൾപൊട്ടലുമൊക്കെ അതിരൂക്ഷമായുണ്ടായതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളും അനിയന്ത്രിതമായ കയ്യേറ്റങ്ങളും വലിയ പാരിസ്ഥിതികാഘാതമാണുണ്ടാക്കുന്നതെന്ന വലിയ തിരിച്ചറിവുണ്ടാക്കാൻ ഇതു കാരണമാക്കി.

മനുഷ്യന്റെ ആവശ്യങ്ങൾ പൂർണമായി മാറ്റിനിർത്തി പരിസ്ഥിതിയെക്കുറിച്ചു ചിന്തിക്കുകയും വിലപിക്കുകയും ചെയ്യണമെന്നല്ല ഇവിടെ പറഞ്ഞുവരുന്നത്. മനുഷ്യാവശ്യങ്ങൾക്കു വേണ്ടി പ്രകൃതിയിൽ നടത്തുന്ന പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യുകയാണ്- അതായിരിക്കണം നേർദിശയിലുള്ള പരിസ്ഥിതിജാഗ്രതയെന്നാണ് ഇവിടെ പറഞ്ഞുവയ്ക്കുന്നത്.

രണ്ടു നൂറ്റാണ്ടുകളായി വയനാടൻ ഭൂമിക്കും ജൈവഘടനയ്ക്കുമെതിരെ നടക്കുന്ന മനുഷ്യന്റെ കൈകടത്തലുകളെ ശക്തമായി പ്രതിരോധിക്കാൻ കഴിയുന്ന ഒരു പാരിസ്ഥിതിക അവബോധം തന്നെയാണ് ഈ മേഖലയിൽ നിന്ന് ഉയർന്നുവരേണ്ടത്. പരിസ്ഥിതിജാഗ്രത ഉണരേണ്ടതും ഏറ്റവും കൂടുതൽ ആവശ്യമുള്ളതും വയനാട്ടു പോലെയുള്ള പ്രദേശങ്ങളിൽ നിന്നുതന്നെയാണ്. വയനാടൻ ജനതയുടെ പരിസ്ഥിതിബോധത്തെ പ്രളയത്തിനു മുമ്പ് എന്നും പ്രളയശേഷം എന്നും ഇനി രണ്ടായി വിഭജിക്കാം. ഒരു പ്രളയത്തിന് ശേഷം നാം കാണുന്ന പ്രകൃതി പഴയ പ്രകൃതിയായിരിക്കില്ല.

പ്രളയം കഴിഞ്ഞു. രണ്ടു കാര്യങ്ങളാണ് ഇനി വേണ്ടത്. ഒന്ന് പുനർനിർമ്മാണം, അതിന് ഏറ്റവും കുറഞ്ഞത് 2400 കോടിയെങ്കിലും വേണം. രണ്ടാമത്തേത് ഇനി ഒരു ദുരന്തം ആവർത്തിക്കാതിരിക്കാൻ നമുക്കു ചെയ്യാൻ കഴിയുന്ന കാര്യങ്ങളെക്കുറിച്ചുള്ള ആലോചനകൾ. ഒന്നും ഇനി വൈകിക്കരുത്.



# കേരളമെന്ന ഒരുമ അതിജീവിക്കുമ്പോൾ

**ഉണ്ണികൃഷ്ണൻ കളമുള്ളതിൽ**
ശ്രീവ്യാസ എൻ.എസ്.എസ്. കോളേജ്, വടക്കാഞ്ചേരി



ദുരന്തങ്ങൾ വിശകലന വിധേയമാക്കപ്പെടേണ്ടതുണ്ട്, ആവർത്തിക്കാതിരിക്കാനും ആഘാതങ്ങൾ കുറയ്ക്കാനും. പ്രകൃതിയുടെ സ്വാഭാവികമായ ക്രമങ്ങളെയും ഗതിവിഗതികളെയും അമ്പേ അട്ടിമറിക്കുന്ന രീതിയിൽ മനുഷ്യൻ പ്രകൃതിക്ക മേൽ നടത്തിയ കൈയ്യേറ്റങ്ങളോടും സ്വാർത്ഥ ലക്ഷ്യങ്ങളോടെയുള്ള ഇടപെടലുകളോടുമുള്ള പ്രകൃതിയുടെ തിരുത്തലുകളും തിരിച്ചടിയുമായി പ്രകൃതി ക്ഷോഭങ്ങളും അതോടനുബന്ധിച്ചുണ്ടാവുന്ന വലിയ ദുരന്തങ്ങളും, വിലയിരുത്തപ്പെടാറുണ്ട്. പ്രകൃതിക്ഷോഭങ്ങളാൽ പ്രത്യക്ഷത്തിൽ ബാധിക്കപ്പെടുന്ന മനുഷ്യരുടെ പ്രവൃത്തികൾ മൂലമാണ് ഈ ദുരന്തങ്ങൾ സംഭവിച്ചതെന്നല്ല ഇതു കൊണ്ട് അർത്ഥമാക്കുന്നത്. എന്നു മാത്രമല്ല,പലപ്പോഴും പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള ദുരിതങ്ങൾ ഏറ്റവും ബാധിക്കുന്നത്, പ്രകൃതിയോടിണങ്ങി ജീവിക്കുന്ന ദുർബ്ബല ജനവിഭാഗങ്ങളെയാണുതാനും. എങ്കിലും ഈ ദുരന്തങ്ങളിൽ മനുഷ്യർക്കുള്ള പങ്ക് തള്ളിക്കളയാവുന്നതല്ല. കേരളം ഇന്ന് അതിജീവിച്ചു കൊണ്ടിരിക്കുന്ന ഈ മഹാപ്രളയ ദുരന്തത്തിനു പിന്നിലും മനുഷ്യ കരങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും പ്രവർത്തിച്ചിട്ടുണ്ടെന്ന് കാണാം. പ്രകൃതിക്ഷോഭങ്ങൾ ആകസ്മികമാണെങ്കിലും അവയിലേക്കു നയിച്ച കാരണങ്ങളിൽ നമുക്കുള്ള പങ്ക് മനസ്സിലാക്കപ്പെടുക തന്നെ വേണം. ഇനിയും പലകാലങ്ങളിൽ, പലരൂപങ്ങളിൽ ആവർത്തിക്കപ്പെട്ടേക്കാവുന്ന മഹാദുരന്തങ്ങളുടെ വ്യാപ്തിയും ആഘാതവും കുറയ്ക്കാൻ അത്തരം വിശകലനങ്ങൾ സഹായകരമാവും.

ദുരന്തനിവാരണത്തിനായി അനുവർത്തിക്കേണ്ട ചിട്ടയായതും ശാസ്ത്രീയവും സമഗ്രവുമായ സമീപനങ്ങളുടെയും രീതിശാസ്ത്രത്തിന്റെയും ആവശ്യകത,ദുരന്തനിവാരണ രംഗത്തെ പ്രമുഖർ ഇക്കഴിഞ്ഞ ദിവസങ്ങളിൽ ആവർത്തിച്ചുറപ്പിക്കുകയുണ്ടായി. തികഞ്ഞ അവധാനതയോടെയും അങ്ങേയറ്റത്തെ പക്വതയോടെയും മുഖ്യമന്ത്രി പിണറായി

വിജയന്റെ നേതൃത്വത്തിൽ ഭരണ സംവിധാനങ്ങളും ബഹുജനങ്ങളും കേന്ദ്ര ഏജൻസികളും ഒറ്റക്കെട്ടായിത്തന്നെ രക്ഷാപ്രവർത്തനം പൂർത്തികരിച്ചു. നേതൃത്വത്തിന്റെ ഭാഗത്തു നിന്നുമുണ്ടായേക്കാവുന്ന ഒരു ചെറു പിഴ പോലും ആയിരങ്ങളുടെ ജീവനും സ്വത്തുവകകളും ഇല്ലാതാകുന്നതിനു കാരണമായേക്കാവുന്ന സന്ദർഭത്തിൽ, ദുരന്തനിവാരണമെന്ന ഏകലക്ഷ്യം ഒരിക്കൽപ്പോലും മുൻഗണനയിൽ നിന്നും മാറ്റാതെ, വകതിരുവുകേടുകളുടെ ഒറ്റപ്പെട്ട ശബ്ദങ്ങൾ പൂർണ്ണമായും അവഗണിച്ചു കൊണ്ടും വൈകാരിക വിക്ഷോഭങ്ങൾക്കു കീഴടങ്ങാതെയും അസാമാന്യമായ മികവോടെ പ്രവർത്തിച്ച മുഖ്യമന്ത്രിയ്ക്ക് നിഷ്പക്ഷമതികളായ മുഴുവനാളുകളുടെയും മാധ്യമങ്ങളുടെയും പ്രശംസയും അനുമോദനങ്ങളും ലഭിയ്ക്കുന്നത് തികച്ചും സ്വാഭാവികം മാത്രം.

ഇതോടൊപ്പം തന്നെ മനസ്സിലാക്കപ്പെടേണ്ട ഒന്നാണ്, നാടൊട്ടാകെ ബാധിയ്ക്കുന്ന വൻദുരന്തങ്ങളോടുള്ള സാമൂഹ്യ പ്രതികരണങ്ങൾ. ഒരു ജനസമൂഹം എന്ന നിലയിൽ മലയാളികൾ പിൻപറ്റുന്ന ആത്യന്തിക മൂല്യങ്ങൾ കരുണയും അപരനോടുള്ള കരുതലും സഹജീവി സ്നേഹവും ജാതി-മത വ്യത്യാസങ്ങൾക്കതീതമായ കറയറ്റ സാഹോദര്യവുമൊക്കെയാണെന്ന സത്യത്തെ ഒരിക്കൽ കൂടി നമ്മുടെ സമൂഹത്തെ ബോധ്യപ്പെടുത്താൻ ഈ മഹാപ്രളയം നമ്മെ സഹായിച്ചു. നാനാ-ജാതി മതസ്ഥർ ഒരുമിച്ചു പാർക്കുന്ന ദുരിതാശ്വാസ ക്യാമ്പുകൾ പലതും നടക്കുന്നത് വ്യത്യസ്ഥ ജാതിമതസ്ഥരുടെ ആരാധനാലയങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലുമാണ്. അറ്റമില്ലാത്ത കടൽ പോലെ പരന്നുകിടക്കുന്ന മനുഷ്യ സ്നേഹത്തിന്റെയും അനുതാപത്തിന്റെയും ഉജ്ജ്വലമായ പ്രതികങ്ങളായ മത്സ്യത്തൊഴിലാളികൾ മുതൽ ഊണും ഉറക്കവുമുപേക്ഷിച്ച് രക്ഷാ പ്രവർത്തനങ്ങളിൽ മുഴുകിയ പോലീസ് അടക്കമുള്ള വിവിധ സേനാവിഭാഗങ്ങളും സംസ്ഥാന ഭരണകൂടത്തിന്റെ നേതൃത്വത്തിലുള്ള രക്ഷാപ്രവർത്തനം മാത്രമേ സമഗ്രമാകൂ എന്നുറക്കെ പ്രഖ്യാപിച്ചു കൊണ്ട് അഹോരാത്രം പണിയെടുത്ത വിവിധ വിഭാഗങ്ങളിലെ സൈനികരടക്കം മലയാളികളും അല്ലാത്തവരുമായ ജനലക്ഷങ്ങൾ ഉയർത്തിപ്പിടിച്ചത് മാനവസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും രക്ഷാ കരങ്ങളാണ്.

**ദുരന്തനിവാരണമെന്ന ഏകലക്ഷ്യം ഒരിക്കൽ പ്പോലും മുൻഗണനയിൽ നിന്നും മാറ്റാതെ, വകതിരുവുകേടുകളുടെ ഒറ്റപ്പെട്ട ശബ്ദങ്ങൾ പൂർണ്ണമായും അവഗണിച്ചു കൊണ്ടും വൈകാരിക വിക്ഷോഭങ്ങൾക്കു കീഴടങ്ങാതെയും അസാമാന്യമായ മികവോടെ പ്രവർത്തിച്ച മുഖ്യമന്ത്രിയ്ക്ക് നിഷ്പക്ഷമതികളായ മുഴുവനാളുകളുടെയും മാധ്യമങ്ങളുടെയും പ്രശംസയും അനുമോദനങ്ങളും ലഭിയ്ക്കുന്നത് തികച്ചും സ്വാഭാവികം മാത്രം.**

ഒരു കൈ മറ്റൊന്നിനോട് ചേർന്ന് രൂപപ്പെടുന്ന മനുഷ്യച്ചങ്ങല പോലെ, ഒരു നാടൊന്നിച്ച് രക്ഷാ പ്രവർത്തനങ്ങളിൽ സജീവമായിരിക്കുമ്പോഴും ഒറ്റപ്പെട്ട ചില അപഭ്രംശങ്ങൾ ആ ചങ്ങലക്കണ്ണികളെ തകർക്കാൻ ശ്രമിക്കുന്ന കുത്സിത നീക്കങ്ങളും നാം കണ്ടു. ' ജലദേവതയുടെ അനുഗ്രഹമായും ജിഹാദികൾക്കും പാപികളായ ക്രൈസ്തവർക്കുമുള്ള





ദൈവ ശിക്ഷയായും ' പ്രളയദുരന്തത്തെ വ്യാഖ്യാനിച്ച് സാമൂഹ്യമാധ്യമങ്ങളിൽ വിഷം വിളമ്പിയവർ, ' മുല്ലപ്പെരിയാർ അടക്കമുള്ള അണക്കെട്ടുകൾ തകർന്നതായും കൊച്ചി നഗരമൊന്നാകെ മുങ്ങിപ്പോയെന്നുമടക്കം നൂറുകണക്കിനു വ്യാജവാർത്തകൾ പ്രചരിപ്പിച്ചവർ, സൈനിക വേഷം ധരിച്ച് മുഖ്യമന്ത്രിയെ ഭത്സിച്ചുകൊണ്ട് വീഡിയോ സന്ദേശം സൃഷ്ടിച്ചവരും പ്രചരിപ്പിച്ചവരും, സമ്പൂർണ്ണമായ പട്ടാളനിയന്ത്രണത്തിനായ് ഒച്ചയിട്ടവർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സഹായം നല്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് ഉത്തരേന്ത്യയിലൊന്നാകെ പ്രചരിപ്പിയ്ക്കുന്ന വിദ്വേഷ പ്രചാരണങ്ങൾ, അങ്ങനെയെന്തെല്ലാം. ഒരു കൊടും ദുരന്തത്തിൽ നിന്നും കരകയറാൻ ശ്രമിയ്ക്കുന്ന ജനതയെ ഒറ്റിക്കൊടുക്കാൻ ശ്രമിയ്ക്കുന്നവരുടെ പുറംനിറത്തിനും പേരുകൾക്കും മാത്രമേ മാറ്റമുള്ളൂ. ഉൾക്കാമ്പിനും ആശയങ്ങൾക്കും ഒരേ നിറവും ഐക്യവും. ധാർമ്മികതയുടെയും സത്യസന്ധതയുടെയും കഴഞ്ചു പോലുമില്ലാത്ത നുണപ്രചരണങ്ങൾ, പക്ഷേ പരാജയപ്പെടുകയാണ്. കളിപ്പാട്ടത്തിനായി കരുതിവെച്ച കുരുന്നുസമ്പാദ്യം ദുരിതാശ്വാസ നിധിയിലേയ്ക്ക് സസന്തോഷം നല്കിയ തമിഴ് ബാലിക മുതൽ സഹസ്രകോടികൾ സഹായ വാഗ്ദാനമായി നല്കിയ വിദേശഭരണാധികാരി വരെയുള്ളവർ നീട്ടുന്ന കാരുണ്യഹസ്തങ്ങൾക്കു മുമ്പിൽ വിദ്വേഷപ്രചരണങ്ങളുടെ പത്തികൾ താഴ്ന്നില്ലാതാവുകയാണ്.

ഒരു നൊടിയിട കൊണ്ട് അനാഥരും ആലംബഹീനരുമായി മാറിയവർ, വീടും സ്വത്തും വിലപ്പെട്ട രേഖകളും വളർത്തുമൃഗങ്ങളടക്കമുള്ളവ നഷ്ടപ്പെട്ട പതിനായിരങ്ങൾ, തൊഴിലും ജീവനോപാധികളും നഷ്ടപ്പെട്ടവർ, സർട്ടിഫിക്കറ്റുകളും പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും നഷ്ടപ്പെട്ട വിദ്യാർത്ഥികൾ, ചെളിയും മാലിന്യങ്ങളുമടിഞ്ഞ് കേടുപാടുകൾ സംഭവിച്ച വീടുകളിലേയ്ക്ക് മടങ്ങാനാവാതെ ദുരിതാശ്വാസ ക്യാംപുകളിൽ തുടരുന്നവർ; കൃത്യമായി ആസൂത്രണം ചെയ്ത പുനരധിവാസ പ്രവർത്തനങ്ങളുടെ കരുതലിലൂടെ ഇവരെയെല്ലാം സാധാരണ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരേണ്ടതുണ്ട്. ഒപ്പം ഭൂതകാലത്തിലെ തെറ്റുകളിൽ നിന്നും പാഠമുൾക്കൊണ്ടു കൊണ്ട് ഒരു പുതുകേരളം സൃഷ്ടിക്കാനും കഴിയണം. പങ്കിട്ടെടുത്തും പകുത്തുകൊടുത്തും പരസ്പരം താങ്ങും തണലുമായി ജീവിച്ച മനുഷ്യരുടെ സമൂഹമായിരുന്നു കേരളത്തിലെ ഇന്നലെകളിലേത്. ഇടയ്ക്കെപ്പൊഴോ, അയൽപക്കങ്ങളുമായി പോലും ബന്ധമില്ലാത്ത ഒറ്റയാൻ തുരുത്തുകളായി നമ്മുടെ ചില ഗ്രാമങ്ങളും നഗരങ്ങളുമെല്ലാം മാറി. മതവും ജാതിയുമെല്ലാം സൃഷ്ടിച്ച കാലുഷ്യത്തിന്റെ ഇടുങ്ങിയ കള്ളികളിലേയ്ക്ക് നാം നമ്മെത്തന്നെ തളച്ചിടാനാരംഭിച്ചു. പരസ്പര സഹകരണത്തിന്റെയും പാരസ്പര്യത്തിന്റെയും പാതയിലേയ്ക്ക് നാം തിരിച്ചു നടക്കണം.

വിഷം വമിയ്ക്കുന്ന ചില നാവുകളിലൂടെ, വിദ്വേഷ പ്രചരണത്തിലൂടെ, നിരപരാധികളുടെ നെഞ്ചുപിളർന്ന കഠാരത്തുമ്പുകളിലൂടെ ചില വിഷച്ചെടികൾ, കേരള മണ്ണിൽ പടർന്നുവെന്നത് സത്യമാണ്. ശ്രീനാരായണ ഗുരുവടക്കമുള്ള സാമൂഹ്യ പരിഷ്കർത്താക്കളും പുരോഗമന പ്രസ്ഥാനങ്ങളും നട്ടുനനച്ചു വളർത്തിയ നവോത്ഥാന മൂല്യങ്ങളുടെ പച്ചപ്പിനെയാണ് ഈ വിഷപ്പടർപ്പുകൾ മൂടാൻ ശ്രമിച്ചത്. മത-ജാതി വ്യത്യാസമില്ലാതെ ജനലക്ഷങ്ങളെ ഒന്നിപ്പിച്ച ഈ മഹാപ്രളയം, നവോത്ഥാന മൂല്യങ്ങളുടെ തായ്‌വേരുകൾ ജീവത്താണെന്ന് തെളിയിക്കുന്നു. ചില ഇലകളിൽ പുഴുക്കുത്ത് വീണെങ്കിലും കേരളമെന്ന ഒരുമയുടെ വൃക്ഷം ജീവസ്സോടെ നിലനില്ക്കുന്നു. തൻകാര്യം നോക്കികളെന്നും ഉത്തരവാദിത്തമില്ലാത്തവരെന്നും പലപ്പോഴും നാം ആക്ഷേപിച്ച യുവജനങ്ങളാണ്, കൈമെയ് മറന്ന് ഈ ദുരന്തനിവാരണ പ്രവർത്തനങ്ങളെ സാധ്യമാക്കുന്നത്. ഒന്നായിച്ചേർന്ന ഈ ജനസമൂഹവും അതിന്റെ ജീവനാഡിയായ് മാറിയ യുവതയുമാണ് കേരളത്തിന്റെ ഭാവിയുടെ പ്രതീക്ഷകൾ. ഈ ഒരുമയ്ക്കും ഐക്യത്തിനും തുടർച്ചയുണ്ടാവുകയെന്നത് കേരളത്തിന്റെ ഇന്നിന്റെയും നാളെകളുടെയും ആവശ്യമായി മാറുന്നു.



# ശബരിമല സ്ത്രീപ്രവേശനം വിലക്കിന്റെ പുതിയ തന്ത്രങ്ങൾ

2018 സെപ്റ്റംബർ 28ന് പ്രായഭേദമന്യേ എല്ലാ സ്ത്രീകൾക്കും ശബരിമല ക്ഷേത്രത്തിൽ ആരാധന നടത്തുവാനുള്ള സ്വാതന്ത്ര്യം ഉണ്ടെന്നു പ്രഖ്യാപിച്ച സുപ്രീം കോടതിവിധി ചരിത്രത്തിൽ ഇടം നേടുന്നത് ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശിക്കുവാനായതു കൊണ്ടല്ല മറിച്ച് സാമൂഹ്യനീതി ഉറപ്പു വരുത്തുന്ന ഒരു വിധിന്യായത്തിലൂടെ ആർത്തവത്തിന്റെയും അയിത്തത്തിന്റേയും പുലയുടേയും വാലായ്മയുടേയും പേരുപറഞ്ഞ് ഇന്നലെകളിൽ അവർണ്ണനേയും സ്ത്രീകളേയും അകറ്റി നിർത്തിയിടത്ത് നിന്ന് ഇന്നും നീതി ലഭിയ്ക്കാത്ത വിഭാഗമായിരുന്ന ഈ ഭൂമിയുടെ പാതി അവകാശികളായ സ്ത്രീകളെ - വിശ്വാസം വിവേചനത്തിന് വഴിതുറക്കരുത് എന്ന മുന്നറിയിപ്പോടുകൂടി സമൂഹത്തെ മാറ്റാനുതകുന്ന ഭരണഘടനാദൗത്യമായി വിവക്ഷിക്കപ്പെട്ടതിനാലാണ്. ഇതുകൊണ്ട് എല്ലാ സ്ത്രീകളും ശബരിമലയിൽ നിർബന്ധമായും ദർശനം നടത്തി കൊള്ളണമെന്നാരും ഉദ്ദേശിക്കുന്നില്ല. എന്നാൽ ഏതെങ്കിലും ഒരു സ്ത്രീ അങ്ങനെ പോകാനുദ്ദേശിച്ചാൽ അവരെ ആർക്കും തടയാനാവില്ലയെന്നു മാത്രം.

ഇത്തരത്തിൽ ഒരു വിധി ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ചപ്പോൾ ഇടക്കത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളും ഈ വിധിയെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയായിരുന്നു. എന്നാൽ വളരെപ്പെട്ടന്ന് ചില രാഷ്ട്രീയകക്ഷികൾ ഹിന്ദുക്കളുടേയും വിശ്വാസികളുടേയും പ്രാതിനിത്യം അവകാശപ്പെട്ട് ഇന്ന് സ്ത്രീ പ്രവേശനത്തെ എതിർക്കുന്ന നിലപാടിലേയ്ക്ക് വന്നു. ഈ വർഗ്ഗീയ ശക്തികൾ തന്നെയാണ് ഇന്നലെകളിൽ കീഴ്ജാതിക്കാരുടെ ക്ഷേത്രപ്രവേശനത്തേയും എതിർത്തിരുന്നത്. ഈ സവർണ്ണ രാഷ്ട്രീയക്കോമരങ്ങളുടെ വാക്കുകളിൽ വിശ്വസിച്ച് ഞങ്ങൾ അശുദ്ധരാണേ ഞങ്ങൾക്ക് ക്ഷേത്രങ്ങളിൽ കയറേണ്ട എന്ന് വിളിച്ചുകൂവുന്ന 'വിശ്വാസികൾ ' എന്നു പറയുന്ന സ്ത്രീകൾ തിരിച്ചറിയുന്നില്ല തങ്ങൾ നിഷേധിക്കുന്നത് തങ്ങളുടെ അവകാശങ്ങൾ തന്നെയാണെന്ന്.

**ഡോ. അജി സി. പണിക്കർ**
മാർ അത്തനേഷ്യസ് കോളേജ്
കോതമംഗലം





1991ലെ ഹൈക്കോടതി വിധിയിലൂടെയാണ് ശബരിമലയിലെ സ്ത്രീപ്രവേശനം നിയമം മൂലം തടയുന്നത്. അതു വരെ സ്ത്രീകൾ ഇവിടെ പ്രവേശിച്ചിരുന്നു എന്ന് സാരം. മണ്ഡല മകരവിളക്ക് കാലത്ത് അധികം സ്ത്രീകൾ പ്രവേശിച്ചിരുന്നില്ല എന്നതിനാലാണ് പൊതുസമൂഹം ഇത് ശ്രദ്ധിക്കാതെ പോയത്. എല്ലാ മലയാളമാസവും ഒന്നാം തീയതി മുതൽ അഞ്ചാം തീയതി വരെ ഇവിടെ ഉന്നത ബന്ധമുള്ള സ്ത്രീകൾ ധാരാളമായി എത്താറുണ്ടായിരുന്നു. എന്നാൽ 1981 നവംബർ 22 ന് സ്ത്രീകൾ വരരുതെന്നൊരു നിബന്ധന ദേവസ്വം ബോർഡ് വെച്ചു. എന്നിരുന്നാലും സിനിമാ ഷൂട്ടിംഗും (1986 വരെയും) ഉന്നതൻമാരുടെ കുടുംബത്തിലെ സ്ത്രീകളേയും (ചോറൂണ്, തുലാഭാരം മുതലായ ചടങ്ങുകൾക്കായി ) പ്രവേശിക്കുവാൻ അനുവദിച്ചിരുന്നു. അല്ലാതെ ഇതൊന്നും അയ്യപ്പൻ നൈഷ്ഠിക ബ്രഹ്മചാരിയായതിനാൽ പരമ്പരാഗതമായ ആചാരമായി തുടർന്ന് വന്നതല്ലയെന്ന് ചുരുക്കം. ഇതിന്റെയൊക്കെ കൃത്യമായ തെളിവുകളുടെ വെളിച്ചത്തിലാണ് കോടതി ഇത്തരമൊരു വിധി പുറപ്പെടുവിച്ചിരിക്കുന്നത്.

ആചാരത്തിന്റെ പേരിൽ മാറുമറയ്ക്കാതെ സ്ത്രീകൾ നടന്ന ഒരുകാലം ഈ കേരളത്തിലുണ്ടായിരുന്നു. ആദ്യമായി മാറു മറയ്ക്കാൻ അനുവാദം കിട്ടിയപ്പോൾ തങ്ങൾക്ക് മാറു മറയ്ക്കേണ്ട എന്നു പറഞ്ഞു കൊണ്ട് അന്ന് സ്ത്രീകൾ പത്മനാഭസ്വാമി ക്ഷേത്രത്തിലേയ്ക്ക് പ്രകടനം നടത്തുകയും ക്ഷേത്രമുറ്റത്ത് വെച്ച് പരസ്യമായി മുലക്കച്ച അഴിച്ചു കളഞ്ഞ് പ്രതിഷേധിക്കുകയും ചെയ്തു. സതി അനുഷ്ഠാനത്തിനെതിരെ രാജാറാം മോഹൻ റോയിയുൾപ്പെടെയുള്ളവർ രംഗത്തു വന്ന് സതി സമ്പ്രദായം നിർത്തലാക്കിയപ്പോഴും അതിനെതിരെ ഞങ്ങൾക്ക് ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കണം എന്നു പറഞ്ഞു പ്രതികരിച്ചവരായിരുന്നു അന്നത്തെ സ്ത്രീകൾ. സമാനമായ അവസ്ഥയാണ് ഇന്ന് ശബരിമല വിധിയിലും വന്നു ചേർന്നിരിക്കുന്നത്.

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മത വിശ്വാസം 25 ാം അനുച്ഛേദം സ്ത്രീകൾക്കും ബാധകമാണെന്നും 1965-ലെ കേരള ഹിന്ദു പ്ലെയ്സസ് ഓഫ് പബ്ലിക് വർഷിപ്പ് ആക്ട് ( റൂൾ 3 ബി ) ഭരണഘടനാവിരുദ്ധമാണെന്നും അയ്യപ്പഭക്തൻമാരെ ഹിന്ദു മതത്തിലെ ഒരു പ്രത്യേക വിഭാഗമായി കാണാനാകില്ലെന്നുമാണ് സുപ്രീംകോടതി വിധിയുടെ രത്നച്ചുരുക്കം.

ക്ഷേത്രങ്ങൾ ഇന്നു കാണുന്ന തിരക്കേറിയ ആരാധനാലയങ്ങൾ ആയി മാറിയത് 1936-ലെ ക്ഷേത്രപ്രവേശന വിളംബരത്തെ തുടർന്നാണ്. ക്ഷേത്രത്തിനു ചുറ്റുമുള്ള വഴിയിലൂടെ അവർണ്ണന് വഴി നടക്കാനുള്ള അവകാശത്തിനു വേണ്ടിയാണ് 1924ൽ വൈക്കം സത്യാഗ്രഹം നടക്കുന്നത്. അയിത്തജാതിക്കാർക്ക് ഉൾപ്പെടെ ക്ഷേത്രത്തിൽ പ്രവേശനം ലഭിക്കുന്നതിനു വേണ്ടിയാണ് 1931 ൽ കെ. കേളപ്പന്റേയും പി.കൃഷ്ണപിള്ളയുടേയും എ.കെ.ജിയുടേയും നേതൃത്വത്തിൽ ഗുരുവായൂർ സത്യാഗ്രഹം നടന്നത്. എന്നാൽ ഇതിനെല്ലാം ശേഷവും പാപസങ്കല്പത്തിന്റെ പേരിൽ അയിത്തജാതിക്കാർ ക്ഷേത്രങ്ങളിൽ നിന്നും എത്രകാലം മാറി നിന്നിരുന്നു. മാറുമറയ്ക്കൽ സമരം, നാടാർ ലഹള, ചാന്നാർ ലഹള എന്നീ പേരുകളിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ തെക്കൻ തിരുവിതാംകൂറിൽ പൊട്ടിപ്പുറപ്പെട്ട സംഘർഷത്തെകുറിച്ച് ഒന്ന് ഓർക്കുന്നത് നല്ലതാണ്. കോടതി വിധിച്ചാലും ശബരിമല

യിൽ കയറില്ല എന്ന് വാശിപിടിക്കുന്ന ഇന്നത്തെ സ്ത്രീകളെപ്പോലെ കറെക്കാലം പല കെട്ടിലമ്മമാരും മാറുമറയ്ക്കാതെ പാരമ്പര്യത്തിന്റെ ഭാണ്ഡവുംപേറി നടന്നാവെന്ന് മാത്രം. അതുകൊണ്ടൊ സ്ത്രീകൾ മാറു മറയ്ക്കാതിരുന്നില്ല, അയിത്തജാതിക്കാർ ക്ഷേത്രങ്ങളിൽ പ്രവേശിക്കാതിരുന്നില്ല എന്നത് കേരളത്തിന്റെ ചരിത്രം.

ഒരു കുടുംബത്തിന്റെ അത്താണിയായ ഗൃഹനാഥൻ മരിക്കുന്നതോടെ തകരുന്ന ഒരു കുടുംബത്തെ പൂർണ്ണമായും നശിപ്പിക്കുന്ന ഒരു ആചാരമായിരുന്ന ഇന്ത്യയിൽ ഉണ്ടായിരുന്ന സതി അനുഷ്ഠാനം. 1829 ഡിസംബർ 24 ന് വില്യം ബൻഡിക്സിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സർക്കാർ തങ്ങളുടെ ഇന്ത്യൻ അധീനപ്രദേശങ്ങളിൽ സതി നിരോധിച്ചത് വിശ്വാസികളുടെ ആവശ്യ പ്രകാരമായിരുന്നില്ല. കൊൽക്കൊത്തയിലൊക്കെ വികാരം വ്രണപ്പെട്ട വിശ്വാസികൾ പ്രകടിപ്പിച്ച എതിർപ്പം സമർപ്പിച്ച ഭീമഹർജികളും കണ്ട് ബ്രിട്ടീഷുകാർ പകച്ചപോയി. സ്ത്രീകളെ പച്ചജീവനോടെ ചുട്ടുകൊല്ലാനുള്ള അവകാശത്തിന് വേണ്ടിയായിരുന്ന പ്രസ്തുത 'പ്രതിഷേധം'! തങ്ങൾക്ക് ഭർത്താവിന് വേണ്ടി തീയിൽ ചാടി ആത്മഹത്യ ചെയ്യാനുള്ള അവകാശമുണ്ടെന്ന് പറഞ്ഞ് രംഗത്തുവന്നത് അന്നും സ്ത്രീകൾ തന്നെയായിരുന്ന."കാത്തിരിക്കാൻ തയ്യാറാണ്" എന്ന പ്ലക്കാർഡുമായി ഇന്ന് തെരുവിലിറങ്ങുന്ന ആധുനിക വിശ്വാസികളുടെ 'സതീരൂപ'മായിരുന്ന അവർ.

**ബ്രാഹ്മണരും തന്ത്രികളും ആചാര്യൻമാരും ഒക്കെ ആധിപത്യം ഉറപ്പിച്ചിരുന്ന കാലത്തു തന്നെയാണ് ചങ്കുറപ്പോടെ ശ്രീനാരായണ ഗുരു അരുവിക്കര പ്രതിഷ്ഠ നടത്തിയത്. നിങ്ങളെന്താണീ ചെയ്തത് എന്ന ചോദിച്ച പൗരോഹിത്യത്തിനോട് 'ഞാൻ പ്രതിഷ്ഠിച്ചത് ഞങ്ങളുടെ ശിവനെയാണ്' എന്ന് പറയുവാൻ അദ്ദേഹത്തിന് മടിയുണ്ടായിരുന്നില്ല.**

ബ്രാഹ്മണരും തന്ത്രികളും ആചാര്യൻമാരും ഒക്കെ ആധിപത്യം ഉറപ്പിച്ചിരുന്ന കാലത്തു തന്നെയാണ് ചങ്കുറപ്പോടെ ശ്രീനാരായണ ഗുരു അരുവിക്കര പ്രതിഷ്ഠ നടത്തിയത്. നിങ്ങളെന്താണീ ചെയ്തത് എന്ന ചോദിച്ച പൗരോഹിത്യത്തിനോട് 'ഞാൻ പ്രതിഷ്ഠിച്ചത് ഞങ്ങളുടെ ശിവനെയാണ്' എന്ന് പറയുവാൻ അദ്ദേഹത്തിന് മടിയുണ്ടായിരുന്നില്ല.നമുക്ക് സന്യാസം തന്നത് ബ്രിട്ടീഷുകാരാണെന്ന് ശ്രീ നാരായണഗുരു ഉറന്ന പറഞ്ഞിട്ടുണ്ട്. ബ്രിട്ടീഷുകാരെപ്പോലൊരു ബാഹ്യശക്തിയുടെ സാന്നിധ്യമില്ലായിരുന്നെങ്കിൽ രാജാറാം മോഹൻ റോയിയും ശ്രീനാരായണ ഗുരുവും പോലുള്ള നവോത്ഥാനവാദികൾ ഇവിടെ അസാധ്യമാകുമായിരുന്നു. ഇന്ത്യൻ ജനതയുടെ അജ്ഞതയുടേയും അന്ധവിശ്വാസത്തിന്റേയും അനാചാരങ്ങളുടേയും തിമിരാന്ധകാരത്തെ മറികടക്കുവാൻ പരിഷ്കൃതരായിരുന്ന ബ്രിട്ടീഷുകാരും ഇംഗ്ലീഷ് വിദ്യാഭ്യാസവും ഒരു പരിധി വരെ സഹായിച്ചിരുന്നു എന്ന വേണം കരുതാൻ (വിദേശാധിപത്യത്തെ ന്യായീകരിക്കുകയല്ല. അതിലും വലുതായിരുന്നു അന്ന് ഭാരതത്തിലെ യാഥാസ്ഥിതിക ദുഷ്ടത്വം ) ഒരു പക്ഷേ നവോത്ഥാനത്തിലേക്ക് നയിച്ചതും ഇതൊക്കെ തന്നെയായിരിക്കാം.

ഹിന്ദു പെൺകുട്ടികളുടെ വിവാഹപ്രായം പത്തിൽ നിന്നും 12 ലേക്ക്





ഉയർത്തിക്കൊണ്ടുള്ള ഏജ് ഓഫ് കൺസെന്റ് ബിൽ 1891 ബ്രിട്ടീഷ് ഗവർണർ ജനറൽ കൊണ്ടുവന്നപ്പോൾ അതിനെ അതിരൂക്ഷമായി എതിർത്തവരുടെ മുൻപന്തിയിൽ ഉണ്ടായിരുന്നവരിൽ ഒരാൾ ബാലഗംഗാധര തിലകനായിരുന്നു. സ്വന്തം നിലയിൽ നേരത്തെ വിവാഹം ചെയ്യുന്നതിനോട് എതിർപ്പുണ്ടായിരുന്ന, കോൺഗ്രസ്സിലെ പുരോഗമനാഭിമുഖ്യമുള്ള നേതാവായാണ് തിലകൻ അന്ന് അറിയപ്പെട്ടിരുന്നത്. നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള തന്റെ മതത്തെ പരിഷ്ക്കരിക്കാൻ ബ്രിട്ടീഷ് സർക്കാരിന് അവകാശമില്ലെന്ന മതവാദം തന്നെയായിരുന്നു അന്ന് തിലകനും ഉന്നയിച്ചത്. ഹിന്ദുവിശ്വാസത്തിന് വിരുദ്ധമായി കടൽ കടന്നു വിദേശത്തേക്ക് പോയ ഗാന്ധിജിക്കും വിവേകാനന്ദനും യഥാസ്ഥിതിക ഹിന്ദുക്കളുടെ ഭാഗത്ത് നേരിടേണ്ടിവന്ന നിന്ദയെക്കുറിച്ച് അവർതന്നെ യഥേഷ്ടം എഴുതിയിട്ടുണ്ട്.

ഇതെല്ലാം പൊതുവിൽ കാണിക്കുന്നത് എന്താണ്? മതയാഥാസ്ഥികത്തെ പേടിച്ചിട്ടോ, ആചാരങ്ങൾ ലംഘിക്കപ്പെടുമെന്ന് ഭയന്നിട്ടോ ഒരു ഭരണകൂടത്തിനും പൊതുസമൂഹത്തിനും മുന്നോട്ട് പോവാൻ കഴിയില്ല. മതവും ആചാരങ്ങളും എന്നും സമൂഹത്തെ പിറകോട്ട് വലിയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. യൂറോപ്യൻ രാജ്യങ്ങളും പുരോഗതിക്ക് അടിസ്ഥാനമായി കരുതുന്നത് മതം ഒരുരീതിയിലും പൊതുസമൂഹത്തിൽ ഇടപെടാൻ പാടില്ല എന്നുള്ളതാണ്. ആ രീതിയിലുള്ള ഏക സിവിൽകോഡ് അടക്കമുള്ള നടപടികളിലേക്കുള്ള ചില സൂചകങ്ങളാണ് ഇപ്പോൾ സുപ്രീംകോടതിയിൽനിന്ന് കിട്ടുന്നത്. ആർത്തവം ചൂണ്ടിക്കാട്ടി ശബരിമലയിൽ സ്ത്രീപ്രവേശനം വിലക്കുന്നത് തടഞ്ഞുകൊണ്ടുള്ള സുപ്രീം കോടതി വിധി ചരിത്രപ്രസിദ്ധമാകുന്നത് അതുകൊണ്ടു കൂടിയാണ്. മതവാദികൾ പറയുന്നതുപോലെ വിശ്വാസികളുടെ കാര്യം വിശ്വാസികളാണ് തീരുമാനിക്കുകയെന്ന് പറഞ്ഞാൽ ഒരനാചാരങ്ങളും നിരോധിക്കാൻ നമുക്കാവില്ല.

**മതം അനുശാസിക്കുന്ന മൊറാലിറ്റിയല്ല, അതിനും മുകളിലാണ് കോൺസ്റ്റിറ്റ്യൂഷനൽ മൊറാലിറ്റി. ഹാദിയയുടെ കേസിലും സുപ്രീം കോടതി അത് തന്നെയാണ് പറഞ്ഞത്. അഖിലക്ക് ഹാദിയ ആയി മാറാനും, ആയിഷക്ക് ആതിരയാകാനും കഴിയുന്ന അതേ ഭരണഘടന വ്യഖ്യാനിച്ചു തന്നെയാണ് ശബരിമലയിൽ സ്ത്രീകളെയും കയറ്റുന്നത്. ഇനി മോദിയല്ല ആര് ഇന്ത്യ ഭരിച്ചാലും ഇന്ത്യയുടെ ഭരണഘടനയുടെ കാമ്പ് (core) ഭേദഗതി ചെയ്യാനാവില്ല.**

കഴിഞ്ഞ കുറേക്കാലമായി ദീപക് മിശ്ര അധ്യക്ഷനായ ബെഞ്ചിൽ നിന്ന് വ്യക്തി സ്വാതന്ത്ര്യത്തിനും അഭിപ്രായ സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള നിരന്തരമായ വിധികളാണ് വന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യൻ ഭരണഘടന ആർട്ടിക്കിൾ 14,15,16,17 എന്നിവ ഇത്രമാത്രം ഉദ്ധരിക്കപ്പെട്ട ഒരു കാലമുണ്ടായിട്ടില്ല. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 150 കൊല്ലം പഴക്കമുള്ള കരിനിയമങ്ങൾ ഈയിടെയാണ് ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അധ്യക്ഷനായ ബെഞ്ച് തള്ളിക്കളഞ്ഞത്, അത് ഭരണഘടനക്ക് വിരുദ്ധമായതിനാലാണ്. ഇന്ത്യയുടെ ഏറ്റവും വലിയ കരുത്ത് ഇന്ത്യൻ ഭരണഘടനയാണെന്ന് നാം തിരിച്ചറിയുന്നത് വല്ലപ്പോഴും മാത്രമാണ്.

കേരളത്തിലെ ഇടതുപക്ഷ സർക്കാരാണ് ഇത്തരം ഒരു വിധിയ്ക്ക് പിന്നിൽ എന്നു പറഞ്ഞ് ഇനി മതവാദികളും തീവ്ര ഹിന്ദുത്വവാദികളും ശബരിമലയിലെ സ്ത്രീ പ്രവേശനത്തിനെതിരെ ഉറഞ്ഞുതുള്ളുമ്പോൾ ഒരു കാര്യം മനസ്സിലാക്കുന്നത് നന്ന്. വൈരുദ്ധ്യാധിഷ്ഠിത ഭൗതിക വാദത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന കമ്മ്യൂണിസ്റ്റുകാർ ഒരു ക്ഷേത്രങ്ങളിലേയ്ക്കും ആരാധനാലയങ്ങളിലേയ്ക്കും ആരേയും പറഞ്ഞു

വിടാറില്ല. എന്നാൽ ഭരിക്കുന്ന ഒരു സർക്കാരിന് അവിടുത്തെ പൗരന്റെ അവകാശങ്ങൾ ഭരണഘടനയനുസരിച്ച് അവന് ഉറപ്പാക്കി കൊടുക്കുവാനുള്ള ഉത്തരവാദിത്തം ഉണ്ട്. അവൻ അല്ലെങ്കിൽ അവൾ വിശ്വാസിയാണെങ്കിൽ ആരാധന നടത്തുവാനുള്ള അവകാശം ഉറപ്പാക്കി കൊടുക്കേണ്ടത് സ്റ്റേറ്റിന്റെ കടമയാണ്. ഇത് ഹിന്ദുക്കളുടെ കാര്യമായതുകൊണ്ടാണ് കോടതി ഇടപെട്ടതെന്നും മുസ്ലിം പള്ളികളിൽ സ്ത്രീകൾക്ക് പ്രവേശനം കൊടുക്കുമോ എന്നുമാണ് ചോദ്യമെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 14ൽ പറയുന്ന സമത്വത്തിന്റെയും ലിംഗനീതിയുടെയും നിലവെച്ചുകൊണ്ട് പള്ളിയിൽ കയറാനുള്ള അവകാശത്തിനായി ഏതെങ്കിലും ഒരു മുസ്ലിം സ്ത്രീ സുപ്രീംകോടതിയെ സമീപിച്ചാൽ ഒരു സംശയവും വേണ്ട അവർക്കും അനുകൂല വിധി തന്നെ കിട്ടും. ഷബാനാബീഗം കേസിലടക്കം അത് സംഭവിച്ചതും ഇതാണ്. ഇനി മേരി റോയി കേസിൽ ക്രിസ്ത്യൻ പിന്തുടർച്ചാവകാശം തന്നെ ചോദ്യം ചെയ്യപ്പെട്ടില്ലേ. സ്ത്രീകൾക്ക് സ്വത്തിൽ അവകാശമില്ല എന്നു പറഞ്ഞിരുന്ന ക്രിസ്ത്യൻ പിൻതുടർച്ചാവകാശ നിയമം തിരുത്തിയെഴുതപ്പെട്ടില്ലേ. അവിടേയും സ്ത്രീക്ക് അനുകൂലമായ വിധിയാണ് ഉണ്ടായത്. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നത് ഏക സിവിൽകോഡ് തന്നെയാണ്. പക്ഷേ അതു നടപ്പിലാക്കാനുള്ള നട്ടെല്ല് ഇവിടുത്തെ ഭരണാധിപൻമാർക്ക് ഇല്ലാതെപോയി.

ഒന്ന് ഓർത്തുനോക്കൂ.. ഹാദിയക്ക് ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യാനും ആ മതത്തിൽതന്നെ ജീവിക്കാനും മുസ്ലീമായ ഒരാളെ അവളുടെ ഇഷ്ടപ്രകാരം വിവാഹം കഴിക്കാനും ഒക്കെ അനുവദിച്ചു കൊണ്ട് സുപ്രീം കോടതി വിധിച്ചത് വ്യക്തിസ്വാതന്ത്ര്യവും സ്വകാര്യതയും അടിസ്ഥാനപരമായ പൗരാവകാശമാണ് എന്ന് അംഗീകരിക്കുന്ന ലിബറൽ ജനാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായാണ് ഈ ഭരണഘടന പ്രവർത്തിക്കുന്നത് എന്നതുകൊണ്ടാണ്. അതേ കാരണം കൊണ്ടാണ് സെക്ഷൻ 377 എടുത്തു കളഞ്ഞ് ,സ്വവർഗ പ്രണയം ക്രിമിനൽ കുറ്റമല്ലാതാക്കിയതും. അതായത് ഹാദിയക്ക് കിട്ടിയതും ഇപ്പോൾ ഇന്ത്യയിലെ ലക്ഷക്കണക്കിനായ ഹോമോസെക്ഷ്വൽ മനുഷ്യർക്ക് കിട്ടിയതും ഭരണഘടനയുടെ ഒരേ അവകാശങ്ങൾ തന്നെയാണ് എന്നർത്ഥം.


ഭരണഘടനയിലെ ആർട്ടിക്കിൾ 25 എന്നത് മതസ്വാതന്ത്ര്യത്തെ പറ്റിയാണ്. അത് ഒരു മതസങ്കൽപ്പമല്ല, മറിച്ച്, ഒരു മതേതര ലിബറൽ ജനാധിപത്യമൂല്യമാണ്. ഒരു മതരാഷ്ട്രത്തിൽ ഒരിക്കലും ഉണ്ടാകാത്ത ഒന്ന്. അതിനർഥം മതസ്വാതന്ത്ര്യം ലിംഗ നീതിക്ക് വിരുദ്ധമാവുമ്പോൾ കോടതിക്ക് ഇടപെടാനാവില്ല എന്നതല്ല.

അതായത് മതം അനുശാസിക്കുന്ന മൊറാലിറ്റിയല്ല, അതിനും മുകളിലാണ് കോൺസ്റ്റിറ്റ്യൂഷനൽ മൊറാലിറ്റി. ഹാദിയയുടെ കേസിലും സുപ്രീം കോടതി അത് തന്നെയാണ് പറഞ്ഞത്. അഖിലക്ക് ഹാദിയ ആയി മാറാനും, ആയിഷക്ക് ആതിരയാകാനും കഴിയുന്ന അതേ ഭരണഘടന വ്യാഖ്യാനിച്ച തന്നെയാണ് ശബരിമലയിൽ സ്ത്രീകളെയും കയറ്റുന്നത്. ഇനി മോദിയല്ല ആര് ഇന്ത്യ ഭരിച്ചാലും ഇന്ത്യയുടെ ഭരണഘടനയുടെ കാമ്പ് ( core) ഭേദഗതി ചെയ്യാനാവില്ല. നമ്മുടെ ഭരണഘടനാ ശിൽപ്പിയായ അംബേദ്കറെ നമിച്ചുപോവുന്നത് അവിടെയാണ്. അതിനിടയിൽ മതശക്തികൾക്ക് ഏറ്റവും ദോഷമായി മാറിയ സെക്യുലർ, സോഷ്യലിസ്റ്റ് എന്ന രണ്ടു വാക്കുകൾ ഇന്ത്യൻ ഭരണഘടനയുടെ മാത്രം പ്രത്യേകതയായി മാറുന്നു. ഇന്ത്യ ഒരിക്കലും ഒരു മതാധിഷ്ഠിതമായ രാജ്യമാവില്ല എന്ന് അരക്കിട്ട് ഉറപ്പിക്കുന്നതാണ് ഈ വാക്കുകൾ.

ഇന്ത്യൻ ജനതയുടെ ഏറ്റവും വലിയ കരുത്ത് ഇന്ത്യൻ ഭരണഘടന തന്നെയാണ്. അതുള്ള കാലത്തോളം ഈ രാജ്യം മതേതരമായി തുടരും. രാമായണമോ, ഭാരതമോ, ഖുർആനോ ബൈബിളോ പ്രരിപ്പിക്കുവാനല്ല ഇന്ത്യൻ ഭരണഘടന നിങ്ങളോട് പറയുന്നത്. ആർട്ടിക്കിൾ 51 a (h) പ്രകാരം ശാസ്ത്രബോധവും, മനുഷ്യത്വവും, അന്വേഷണത്വരയും വളർത്തുക എന്നതാണ് നമ്മുടെ മൗലികമായ കർത്തവ്യം. ലോകത്തേയും വെച്ച് കൂടുതൽ മതങ്ങളും മതവിശ്വാസികളും മതാന്ധതയുമുള്ള ഒരു രാജ്യത്തിന്റെ ഭരണഘടനയാണ് ഇങ്ങനെ ആവശ്യപ്പെടുന്നത് എന്നത് ശ്രദ്ധേയമാണ്. ഒറ്റ വികസിത രാജ്യങ്ങൾപോലും ശാസ്ത്രപ്രചാരണം പൗരന്റെ കർത്തവ്യമായി കൊടുത്തിട്ടില്ല. ആ ഭരണഘടനയെ ചൂണ്ടി കാട്ടിയാണ് സമത്വത്തിനും ലിംഗനീതിയ്ക്കും വേണ്ടിയുള്ള വിധി പുറപ്പെടുവിച്ചിരിക്കുന്നത്. ഇത്തരം ഭരണാ ഘടനാധിഷ്ഠിതമായ നീതിന്യായ വ്യവസ്ഥിതിയുടെ ഇടപെടൽ ഭാരതത്തിനെ തകർക്കാനല്ല മറിച്ച് വളർത്താനാണ് എന്ന് കാലം തെളിയിക്കുക തന്നെ ചെയ്യും.



പുസ്തക അലമാര




വി.പി. മർക്കോസ്
യു.സി. കോളേജ്, ആലുവ


# ചോറിന്റെ മണമുള്ള ചേറ്

ജൈവമനുഷ്യർ പരമ്പരയിൽ ഡി.സി. ബുക്സ് 2010 ജൂണിൽ പ്രസിദ്ധീകരിച്ച പള്ളിക്കൽ ഭവാനിയുടെ ആത്മകഥയാണ് 'ചോറിന്റെ മണമുള്ള ചേറ്'. വാസ്തവത്തിൽ ഇത് പള്ളിക്കൽ ഭവാനിയുടെ കഥയല്ല ഒരു സമരത്തിന്റെ കഥയാണ്; ഒറ്റയാൾ സമരത്തിന്റെ ജ്വലിക്കുന്ന കഥ.

മൂന്നു വശവും വെള്ളത്താൽ ചുറ്റപ്പെട്ട പടിഞ്ഞാറേ കല്ലട എന്ന കൊച്ചു ദേശത്തിന്റെ കഥ കൂടിയാണ് ഈ ചെറിയ കൃതി പങ്കുവെയ്ക്കുന്നത്. കല്ലടയാറ് ഒരു കാലത്ത് പടിഞ്ഞാറേ കല്ലട വഴിയായിരുന്നു ഒഴുകിയിരുന്നത്. പിന്നീട് പുഴ വഴിമാറി ഒഴുകിയപ്പോൾ പടിഞ്ഞാറേ കല്ലട - മുകളിൽ ചെളിയും അടിയിൽ മണലും മാത്രമുള്ള ദേശമായി മാറി. മണലിന്റെ ലഭ്യത അറിഞ്ഞ മണൽ മാഫിയ പ്രദേശത്തെ വയലുകൾ മുഴുവൻ വാങ്ങിക്കൂട്ടി കുഴിക്കാൻ തുടങ്ങി. മണലൂറ്റി മണലൂറ്റി എല്ലാടവും വലിയ ഗർത്തങ്ങളായി മാറി. മോഹവിലകൊടുത്ത് ഭൂമി വാങ്ങി കുഴിക്കുക എന്നതായിരുന്നു അവരുടെ തന്ത്രം. ഭവാനിയമ്മയുടെ ഓർമ്മയിൽ നല്ല കൃഷിഭൂമിയാണ് പടിഞ്ഞാറേ കല്ലട. ധാരാളം വിളവുതരുന്ന വയലുകളും കരഭൂമിയും. രണ്ടര ഏക്കറോളം വരുന്ന സ്വന്തം ഭൂമി വിട്ടുകൊടുക്കാൻ ഭവാനിയമ്മ തയ്യാറായില്ല. അന്നു മുതൽ അവർ നടത്തിയ പ്രതിരോധസമരത്തിന്റെ ചരിത്രമാണ് ഈ കൊച്ചുകൃതി.




പ്രദേശവാസികൾ ഒന്നടങ്കം ഭൂമി വിറ്റ് സ്ഥലം വിട്ടു. 1984-ൽ തന്റെ സ്ഥലത്തിന് 18 ലക്ഷം രൂപ മോഹവില പറഞ്ഞു വന്ന മാഫിയയെ ഇറക്കിവിട്ടതോടെ ആരംഭിച്ച യുദ്ധം പല തരത്തിലും പല തലത്തിലും അവർ തുടർന്നു. നിയമവും നിയമപാലകരും മാധ്യമങ്ങളും നാട്ടുകാരും എല്ലാം മണൽ മാഫിയയ്ക്കൊപ്പമായിരുന്നു. എന്നിട്ടും പള്ളിക്കൽ ഭവാനി എന്ന വൃദ്ധയും ഭർത്താവ് ബാഹുലേയനും തോൽക്കാൻ സമ്മതമായിരുന്നില്ല. നിയമപോരാട്ടവും പ്രത്യക്ഷസമരവും എല്ലാം നടത്തി സ്വന്തം ഭൂമിയെ നിലനിർത്താൻ അവർ പാടുപെട്ടു. ഒരു




ദിവസം മണൽ കയറ്റാൻ വന്ന ലോറിക്കു മുന്നിൽ റോഡിൽ പൊങ്കാലയിട്ട് അവർ പ്രതിഷേധിച്ചു. വൈകുന്നേരവരെ പൊങ്കാല അവർ തുടർന്നു. ലോറികൾ നിരനിരയായി കാത്തുകിടന്നതല്ലാതെ പൊങ്കാല മറികടക്കാൻ തയ്യാറായില്ല.

പുതുമുതലാളിത്തത്തിന്റെ ചൂഷണരീതികളെ ചെറുത്തുതോല്പിക്കാനുള്ള സമരങ്ങളിൽ ഏറെ പ്രാധാന്യമുള്ളതാണ് ഇത്. പരിസ്ഥിതിയും മനുഷ്യരും തമ്മിലുള്ള പാരസ്പര്യം തിരിച്ചറിഞ്ഞ ഭവാനിയമ്മയുടെ ഉൾക്കാഴ്ച നമ്മെ ഇരുത്തിച്ചിന്തിപ്പിക്കുകതന്നെ ചെയ്യും. വിപണിയുടെ പ്രലോഭനങ്ങളും ചതിക്കുഴികളും ആത്മസ്ഥൈര്യത്തോടെ നേരിട്ട ഭവാനിയമ്മയുടെ ഒറ്റയാൾ പോരാട്ടകഥ സമകാലികരും വരുംകാലികരും ഒരുപോലെ അറിഞ്ഞിരിക്കേണ്ട ഒന്നാണ്.

നാട്ടുഭാഷയിൽ സത്യസന്ധതയോടെയും ആത്മാർത്ഥതയോടെയും ഭവാനിയമ്മ പറഞ്ഞ കാര്യങ്ങൾ പകർത്തിയെടുത്ത് പുസ്തകരൂപത്തിലാക്കിയത് സെയ്ഫ് ചക്കുവള്ളിയാണ്. ഒറ്റയിരുപ്പിൽ ഒറ്റ ശ്വാസത്തിൽ വായിച്ചുതീർത്തു പോകുന്ന ഈ പുസ്തകം പോരാട്ടത്തിനും പോരാളികൾക്കും എന്നുമൊരു ഊർജ്ജമായിരിക്കും.

## വിപരീതം

'ഗർഭപാത്രമുള്ള ഒരു പുരുഷന്റെ സാഹസികജീവിതം' എന്ന വിശദീകരണ ത്തോടെ അവതരിപ്പിച്ചിട്ടുള്ള പുസ്തകമാണ് 'വിപരീതം'. 2012-ൽ ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ച രാജുവിന്റെ ജീവിതകഥയാണിത്. ഉണ്ണികൃഷ്ണൻ ആവള കേട്ടെഴുതിയ ഓർമ്മകൾ. LGBT എന്ന് കേരളീയർ കേൾക്കുന്നതിനുമുമ്പ് സ്വന്തം ശരീരത്തിൽ രണ്ടുതരം അവയവങ്ങൾ




ഉണ്ടെന്ന് മനസ്സിലാക്കിയ രാജുവിന്റെ ധർമ്മസങ്കടങ്ങളാണ് ഈ കൃതിയിൽ ഉള്ളത്.

നിലമ്പൂരിലെ അനാടൻ ആദിവാസി കോളനിയിൽ ജീവിക്കുന്ന രാജുവിന് നാട്ടുകാരുടെയും കൂട്ടുകാരുടെയും പരിഹാസത്തിന് കാരണമാണ് തന്റെ ശരീരം. 18-ാം വയസ്സിൽ ഹോട്ടലിൽ പാത്രം കഴുകുന്ന ജോലിക്കിടയിൽ നാഭിക്കടിച്ചിലിലൂടെ പുറത്തുചാടിയ രക്തം രാജുവിന്റെ ജീവിതത്തെ അട്ടിമറിച്ചു. ഏഴ് ദിവസം ഒഴുകിയ ചോര ഏഴാം ദിവസം നിന്നു. 31 ദിവസം കഴിഞ്ഞപ്പോൾ വീണ്ടും ചോര. പതുക്കെ പതുക്കെ തന്നിലെ പെണ്ണിനെ രാജു തിരിച്ചറിഞ്ഞു. മുപ്പതു വയസ്സുവരെ അതു സഹിച്ചുകഴിഞ്ഞ രാജു പിന്നീട് മറ്റു ഗതിയില്ലാതെ ലിംഗമാറ്റശസ്ത്രക്രിയയ്ക്ക് വിധേയനായി. അതുകൊണ്ടൊന്നും തന്റെ പ്രശ്നം തീർന്നില്ല എന്ന് രാജു തിരിച്ചറിഞ്ഞു. വേദനയും വിഷമവും കൂടിവന്നതല്ലാതെ കുറയുന്നില്ല.

ട്രാൻസ്ജെൻഡർ എന്നത് ഇന്ന് നമുക്ക് അപരിചിതമായ ഒരു പേരല്ല, അതുപോലെ ബൈസെക്ഷ്വൽ എന്നതും. എന്നാൽ ഒരു ലിംഗത്തിൽ നിന്നും മറ്റൊന്നിലേക്ക് മാറുന്നവരിൽ നേരത്തെ തന്നെ അതിനുള്ള പ്രവണതകൾ കാണാം.

എന്നാൽ രാജുവിനെ സംബന്ധി ച്ചിടത്തോളം മനസ്സുകൊണ്ടും ബാഹ്യശരീരം കൊണ്ടും അയാളൊരു ആണാണ്. എന്നാൽ ഗർഭപാത്രവും മാസമുറയും കൊണ്ട് അയാളിൽ ഒരു പെണ്ണ് ജീവിക്കുന്നു. പെണ്ണായി മാറാൻ അയാൾ തയ്യാറല്ല എന്നതാണ് അയാൾക്കുള്ള ഏറ്റവും വലിയ വിഷമം. മറ്റുള്ളവർ തന്നെ കളിയാക്കു കയും ഉപദ്രവിക്കുകയും ചെയ്യുന്നത് അയാളുടെ വിഷമത്തെ വർധിപ്പിച്ചു. ആത്മഹത്യയെക്കുറിച്ചുപോലും അയാൾ ആലോചിച്ചു. ഉങ്ങിച്ചാകാൻ ബലമുള്ള ഒരു മേല്ക്കൂര പോലുമില്ലാത്ത രാജു നമുക്കിടയിൽ വിപരീത ജീവിതം നയിക്കുകയാണ്.

രാജുവിന്റെ ശരീരത്തിലെ പെണ്ണ് വെളിപ്പെട്ടതിനുശേഷം രാജുവിന് പണിപോലും നഷ്ടമായി. അങ്ങാടിയിൽ ഭിക്ഷ തെണ്ടിയാണ് രാജു ജീവിക്കുന്നത്. മാസക്കുളിയുടെ ഏഴുദിവസം ആരും കാണാതെ തേക്കിൻക്കാട്ടിൽ കഴിച്ചു കൂട്ടുകയാണ് രാജു. ആ ദിവസങ്ങൾ ഓർക്കാൻ തന്നെ പേടിയാണെന്ന് രാജു പറയുമ്പോൾ നിസ്സഹായനും പാർശ്വവൽകൃതനുമായ ആ മനുഷ്യനോട് പരിഷ്കൃതസമൂഹം കാണിക്കുന്ന ക്രൂരതകൾ നമ്മെ അലോസരപ്പെടുത്തും. ഇങ്ങനെ എത്രയെത്ര ജീവിതങ്ങൾ ആരുമറിയാതെ കഴിഞ്ഞുപോകുന്നു എന്ന് ഞെട്ടലോടെ നമ്മൾ ഓർക്കും.

### തൊഴിൽ കേന്ദ്രത്തിലേക്ക്

1948-ൽ നമ്പൂതിരി അന്തർജ്ജനങ്ങൾ പ്രസാധനം ചെയ്ത് തൃശ്ശൂർ മംഗളോദയം പ്രസ് പ്രസിദ്ധീകരിച്ച നാടകമാണ് 'തൊഴിൽ കേന്ദ്രത്തിലേക്ക്'. 2014 ഓഗസ്റ്റിൽ തൃശ്ശൂർ സമത അത് വീണ്ടും പ്രസിദ്ധീകരിച്ചിരിക്കുന്നു. നാടകവും ചരിത്രരേഖകളും പഠനങ്ങളും എല്ലാം ചേർത്ത് വലിയ പുസ്തകമായിട്ടാണ് ഇത് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

പുരുഷന്റെ അധികാരത്തിനും ഇച്ഛക്കും വഴിപ്പെട്ട് ജീവിച്ചിരുന്ന ചരിത്രമാണ് സ്ത്രീക്കുള്ളത്. സ്ത്രീവാദ ദർശനത്തിന്റെ അലയൊലികൾ കേട്ടുതുടങ്ങുന്നതിനു മുമ്പുതന്നെ സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്തകളും അതിനായുള്ള പ്രവർത്തനങ്ങളും ആരംഭിച്ച നാടാണ് കേരളം എന്ന് അടയാളപ്പെടുത്തുന്ന കൃതിയാണ് ഇത്. 1929-ൽ വി.ടി.ഭട്ടതിരിപ്പാട് 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകമെഴുതിക്കൊണ്ട് നമ്പൂതിരിമാർക്കിടയിൽ ആദ്യ വെടിപൊട്ടിച്ചു. പിന്നീട് 1934-ൽ വി.ടിയുടെ തന്നെ 'കരിഞ്ചന്ത' എന്ന നാടകം. നമ്പൂതിരിപ്പെൺകുട്ടികളെ മംഗലാപുരത്തും മറ്റും കൊണ്ടുപോയി വിൽക്കുന്ന രീതിയെ വിളിച്ചിരുന്ന പേരാണ് കരിഞ്ചന്തക്കല്യാണം. അതിനെതിരെ എഴുതിയ നാടകമാണത്. ഇതേ വിഷയം കേന്ദ്രമാക്കി സ്ത്രീകൾ തന്നെ എഴുതി അവതരിപ്പിച്ച നാടകമാണ് 'തൊഴിൽ കേന്ദ്രത്തിലേക്ക്'.

**ഇന്നായിരുന്നു ഈ നാടകം എഴുതിയിരുന്നതെങ്കിൽ അത് പ്രസിദ്ധീകരിക്കാൻ കഴിയുമായിരുന്നില്ല. ദേവകി എന്ന കഥാപാത്രത്തിന്റെ ഭർത്താവ് ഈ നാടകത്തിലെ ദുഷ്ടകഥാപാത്രമാണ്. ആർ.എസ്.എസിന്റെ പ്രവർത്തകൻ എന്ന നിലയിലാണ് അദ്ദേഹത്തെ അവതരിപ്പിച്ചിട്ടുള്ളത്. അയാളുടെ നിലപാടുകളേയും പ്രവർത്തനങ്ങളെയും നിശിതമായി വിമർശിച്ചും പരിഹസിച്ചും എഴുതിയിട്ടുള്ള നാടകം ഹിന്ദുത്വ ശക്തികളുടെ ധാർഷ്ട്യം മൂലം ഇന്ന് പ്രസിദ്ധീകരിക്കാനോ അവതരിപ്പിക്കാനോ കഴിയുമായിരുന്നോ എന്ന് സംശയിക്കണം.**




ദേവസേന എന്ന അനാഥക്കുട്ടിയെ അപ്ഫൻ നമ്പൂതിരി സിദ്ധാപ്പർ കൊണ്ടുപോയി വിൽക്കാൻ ശ്രമിക്കുന്നതും ദേവസേനയുടെ കൂട്ടുകാരും പുരോഗമനവാദികളുമായ സ്ത്രീകൾ അതു തടയുന്നതുമാണ് നാടകത്തിന്റെ ഇതിവൃത്തം. രണ്ടുപുരുഷന്മാരും ആറു സ്ത്രീകളുമാണ് നാടകത്തിലുള്ളത്. നാടകം അരങ്ങത്ത് അവതരിപ്പിച്ചപ്പോൾ സ്ത്രീകൾ തന്നെയായിരുന്നു പുരുഷവേഷവും കെട്ടിയത് എന്നത് എടുത്തുപറയേണ്ട സംഗതിയാണ്. ഭാര്യ അടിമയല്ല എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് സ്വന്തം ഭർത്താവിനെ ഉപേക്ഷിച്ചുപോകുന്ന ദേവകി ഇതിലെ പ്രധാന കഥാപാത്രമാണ്.


ഇന്നായിരുന്നു ഈ നാടകം എഴുതിയിരുന്നതെങ്കിൽ അത് പ്രസിദ്ധീകരിക്കാൻ കഴിയുമായിരുന്നില്ല; ഇന്നിത് അവതരിപ്പിക്കാനും കഴിയില്ല എന്നുപറയാം. ദേവകി എന്ന കഥാപാത്രത്തിന്റെ ഭർത്താവ് ഈ നാടകത്തിലെ ദുഷ്ടകഥാപാത്രമാണ്. ആർ.എസ്.എസിന്റെ പ്രവർത്തകൻ എന്ന നിലയിലാണ് അദ്ദേഹത്തെ അവതരിപ്പിച്ചിട്ടുള്ളത്. അയാളുടെ നിലപാടുകളേയും പ്രവർത്തനങ്ങളെയും നിശിതമായി വിമർശിച്ചും പരിഹസിച്ചും എഴുതിയിട്ടുള്ള നാടകം ഹിന്ദുത്വ ശക്തികളുടെ ധാർഷ്ട്യം മൂലം ഇന്ന് പ്രസിദ്ധീകരിക്കാനോ അവതരിപ്പിക്കാനോ കഴിയുമായിരുന്നോ എന്ന് സംശയിക്കണം.

സ്ത്രീകളുടെ വ്യക്തിത്വത്തെയും ഇച്ഛയേയും ഉയർത്തിപ്പിടിക്കുന്ന നാടകത്തിന്റെ പശ്ചാത്തലങ്ങളെയും ചരിത്രത്തെയും അനാവരണം ചെയ്യുന്ന ഈ പുസ്തകം സാംസ്കാരിക കേരളത്തിന്റെ, പുരോഗമന കേരളത്തിന്റെ ചരിത്രത്തെത്തന്നെ യാണ് കൃത്യമായി അടയാളപ്പെടുത്തുന്നത്. ആറു പതിറ്റാണ്ടുമുമ്പ് പ്രസിദ്ധീകരിച്ച ഈ കൃതിയുടെ പുനഃപ്രസിദ്ധീകരണത്തിലൂടെ സമത ഒരു ചരിത്ര ദൗത്യം നിറവേറ്റിയിരിക്കുകയാണ്. പ്രൊഫ. ടി.എ. ഉഷാകുമാരിയാണ് സമതയുടെ പുസ്തകം എഡിറ്റു ചെയ്തിരിക്കുന്നത്.

# രൂപയ്ക്കു എന്താണ് സംഭവിക്കുന്നത്?




**അനിൽവർമ്മ**
ഗുരുവായൂരപ്പൻ കോളജ്, കോഴിക്കോട്




ആയിരത്തി തൊള്ളായിരത്തി മുപ്പതുകളിൽ അമേരിക്ക, യൂറോപ്പ് ഉടങ്ങിയ സമ്പദ്‌വ്യവസ്ഥകളെ ബാധിച്ച മഹാമാന്ദ്യത്തോടാണ് (great depression) 2007ൽ ആരംഭിച്ച മുതലാളിത്ത സാമ്പത്തിക പ്രതിസന്ധി ഉപമിക്കപ്പെട്ടിരിക്കുന്നത്. പ്രകടമായ വ്യത്യാസങ്ങൾ ഇവ രണ്ടും തമ്മിൽ ഉണ്ട്. എങ്കിലും ആഗോള മുതലാളിത്ത സാമ്പത്തിക ക്രമത്തിന്റെ തലസ്ഥാനത്തുനിന്ന ആരംഭിച്ച് ലോകമാകെ പടരുന്ന മാന്ദ്യമായി മാറുന്ന രീതി ഏറെ സമാനതകൾ ഉള്ളതാണ്. മുപ്പതുകളിലെ മാന്ദ്യത്തിന് സമാനമായി 2007ൽ ആരംഭിച്ച സാമ്പത്തികമാന്ദ്യം അമേരിക്കൻ സമ്പദ്‌വ്യവസ്ഥയിലെ ഊഹകച്ചവടത്തിൽ നിന്നാരംഭിച്ച് ലോകം മുഴുവൻ വ്യാപിക്കുകയാണ് ചെയ്തത്. 'തെറ്റു ചെയ്യുവൻ അതിന്റെ പരിണിതഫലം അനുഭവിയ്ക്കണമെന്ന കമ്പോള യുക്തി പാലിക്കാതെ, സമ്പദ്ഘടനയിൽ ഊഹാപോഹത്തിന്റെ കുമിളകൾ ഊതിവീർപ്പിച്ചവരെ, പൊതുഖജനാവിൽ നിന്ന് പണമെടുത്ത് മുതലാളിത്ത ഭരണകൂടങ്ങൾ 'ബെയിൽ ഔട്ട്' ചെയ്തു രക്ഷിച്ച കാഴ്ചയും നമ്മൾകണ്ടതാണ്. 2011 ഓടെ ലോകസമ്പദ്യവസ്ഥ മാന്ദ്യത്തിൽ നിന്നും കരകയറുകയാണെന്ന് മുതലാളിത്ത സാമ്പത്തിക വിദഗ്ധർ ആണയിട്ടു. എന്നാൽ മുതലാളിത്ത സാംബത്തിക രംഗത്തിന്റെ പ്രവർത്തനങ്ങളിൽ വലിയ മാറ്റങ്ങൾ ഒന്നും തന്നെ ഈ കാലയലവിൽ കാണാനായില്ല. വ്യാപകമായ പ്രതിഷേധങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ ചെലവുചുരുക്കൽ നടപടികളിൽ

ഊന്നിയ മാന്ദ്യ നിവാരണ പാക്കേജുകൾ നടപ്പിലാക്കപ്പെട്ടത്. ഗ്രീക്ക് സാമ്പത്തിക പ്രതിസന്ധിയും ബ്രെക്സിറ്റ് ഉം മുതലാളിത്ത സാമ്പത്തിക ശക്തികളുടെ ചെലവു ചുരുക്കൽ നയങ്ങളു ടെ നേരിട്ടുള്ള പരിണിത ഫലം ആയിരുന്നു.

നവലിബറലിസം വേദവാക്യമായി കരുതുന്ന ലോക മുതലാളിത്ത സമ്പത്തവ്യവസ്ഥകളിൽ ഒരു പതിറ്റാണ്ടായി നിലുന്ന സാമ്പത്തിക പ്രതിസന്ധി ലോകത്തെ അതിവ സമ്പന്നരായ ഒരുശതമാനം ജനതയെ ഒഴിച്ച് ബാക്കി 99 ശതമാനം ജനതയുടെയും ദൈനംദിന ജീവിതത്തെ ബാധിച്ചിട്ടുണ്ട്. നവലിബറലിസം ഉത്പാദനോന്മുഖമായ നിക്ഷേപത്തെ (productive capital) ഊഹാപോഹ മൂലധനം (speculative capital) കൊണ്ട് പകരം വയ്ക്കുകയാണ് ചെയ്യുന്നത്. ബ്രെക്സിറ്റിന്റെയും യൂറോപ്പിലേക്കുള്ള കുടിയേറ്റത്തിന്റെയും ചെലവുചുരുക്കൽ നടപടികളുടെയും പശ്ചാത്തലത്തിൽ വികസ്വര രാജ്യങ്ങളിൽ നിന്നുള്ള ഉയർന്ന മൂലധന ഒഴുക്ക് മറ്റൊരു വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് ലോകത്തെ നയിക്കുക എന്ന് ശതകോടീശ്വരനും നിക്ഷേപകനുമായ ജോർജ് സൊർറോസ് അഭിപ്രായപ്പെട്ടത് ഈയിടെയാണ്. അത്തരം ഒരു പ്രതിസന്ധി വലിയ അസമത്വം നിലനിൽക്കുന്ന ഇന്ത്യപോലെ ഒരു രാജ്യത്തെ വലിയ ജനജീവിത പ്രതിസന്ധിയിലേക്ക് നയിക്കും. ആഗോള മൂലധനത്തോടും ഊഹാപോഹ മൂലധനത്തോടും അസ്ഥിരനിക്ഷേപങ്ങളോടും ഏറെ വിധേയത്വം കാണിക്കുന്നതാണ് മോഡി സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ. 201 5 ലെ സോഷ്യോ എക്കണോമിക് ആൻഡ് കാസ്റ്റ് സെൻസെസ് പ്രകാരം ഇന്ത്യയിലെ പത്തുലക്ഷത്തിലേറെ കുടുംബങ്ങൾ ഉപയോഗശൂന്യമായ ഉത്പന്നങ്ങൾ പെറുക്കി വീറ്റോ യാചക വൃത്തിയിലൂടെയോ ആണ് അവരുടെ ഉപജീവനത്തിനായുള്ള ദിവസവരുമാനം സമാഹരിക്കുന്നത് . മൊത്തം തൊഴിൽ സേനയുടെ 58 ശതമാനം ആളുകൾ ഉപജീവനത്തിനായി ആശ്രയിക്കുന്ന കാർഷിക രംഗത്തുനിന്നും കർഷക ആത്മഹത്യകളുടെയും മറ്റു കെടുതികളുടെയും വാർത്തകൾ മാത്രമാണ് കേൾക്കാനുള്ളത്. രാജ്യത്തിന്റെ പലഭാഗങ്ങളിൽ നിന്നും ഉയർന്നുവരുന്ന കാർഷിക പ്രക്ഷോഭങ്ങൾ ഈ കെടുതികളോടുള്ള ജനങ്ങളുടെ പ്രതിഷേധമാണ് കാണിക്കുന്നത്. ബാങ്കിങ് മേഖലയും കടുത്ത പ്രതിസന്ധിയിലാണ്. നോട്ട് നിരോധനവും ജി എസ് ടി നടപ്പിലാക്കിയതും ഇന്ത്യയിലെ സാധാരണക്കാരെയും ചെറുകിട ഉത്പാദകരെയും കടുത്ത പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. അവരുടെ പരമ്പരാഗതവും സ്വാഭാവികവുമായ സാമ്പത്തിക പ്രവർത്തനത്തിൽ നിന്ന് അവരെ പറിച്ചെറിയുന്ന നടപടികളായിരുന്നു ഇവരണ്ടും. വരാനിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി വിരൽ ചൂണ്ടുന്നത് വലിയ ജന ജീവിത പ്രതിസന്ധിയിലേക്കാണ് .


തുടക്കത്തിൽ ബാധിച്ചില്ല എങ്കിലും, ഉദാരമാക്കിയ വ്യാപാര,മൂലധന ബന്ധങ്ങളിലൂടെ സാമ്പത്തിക പ്രതിസന്ധി മൂന്നാം ലോക രാജ്യങ്ങളിലേക്കും വ്യാപിച്ചു. മൂലധന വികസിത ആഗോള സാമ്പത്തിക പ്രതിസന്ധിയും കമ്പോളത്തിൽ നിക്ഷേപകരുടെ നഷ്ടപ്പെട്ട വിശ്വാസം തിരികെക്കൊണ്ടുവരാനുള്ള തരത്തിലുള്ള പ്രചാരണവും ഇന്ത്യയടക്കമുള്ള വികസ്വര സമ്പത്ത് വ്യവസ്ഥകളിൽ ഉണ്ടാക്കിയ ചലനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് രൂപയുടെ മൂല്യശോഷണം. രണ്ടായിരത്തി പന്ത്രണ്ട് സാമ്പത്തിക വർഷം ആരംഭിച്ചപ്പോൾ ഒരു ഡോളറിന 56.56 ആയിരുന്ന രൂപയുടെ വില സ്റ്റ് അപചയം നേരിട്ട് 2013 സെപ്റ്റംബർ അവസാനത്തോടുകൂടി 66.57 ആയി മാറി. 2018 ജൂൺ 4 ന 67.0543 ആയിരുന്ന വിനിമയ നിരക്ക് ജൂലൈ 4 ന 68.5312 ആയി അപജയപ്പെട്ടു (ചിത്രം 1 ). 2013 നെ തുടർന്നുള്ള അഞ്ചു വർഷം ഡൊളർ - ഇന്ത്യൻ രൂപ വിനിമയ നിരക്കിൽ രൂപയുടെ മൂല്യം ക്രമമായി കുറഞ്ഞുവരുന്നതായായി കാണാനാകും (ചിത്രം2 ) . യൂറോ , ജാപ്പാനീസ് യെൻ തുടങ്ങിയ മറ്റ് കറൻസികളുടെ രൂപയുമായുള്ള വിനിമയ നിരക്ക പരിശോധിച്ചാലും രൂപയുടെ മൂല്യത്തിൽ ഉണ്ടായ ക്രമമായ ഈ അപജയം കാണാനാകും (ചിത്രം3 ) . ഏറ്റകുറച്ചിലുകൾ ഉണ്ടെങ്കിലും രൂപ യുടെ മൂല്യംഒരു ഡോളറിനു എഴുപതു രൂപ എന്ന നിരക്കിലേക്ക് വരെ അപജയപ്പെടാവുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. നയ രൂപീകരണ വിദഗ്ധരുടെ ഇടപെടലുകൾ കേവലം ചലനങ്ങൾ സൃഷ്ടിച്ചതല്ലാതെ പ്രശ്ന പരിഹാരമായില്ല. ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലം , 1991 മുതൽ ഇന്ത്യ അനുവർത്തിച്ചു വരുന്ന സാമ്പത്തിക നയം എന്നിവ നമ്മെ ഈ അവസ്ഥ യിലേക്ക് എങ്ങിനെയാണ് നയിച്ചതെന്നു പരിശോധിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.





*ചിത്രം 1 ഇന്ത്യൻ രൂപയും യു എസ് ഡോളറുമായുള്ള വിനിമയനിരക്ക് ( 2017 ജൂൺ 4 മുതൽ 2018 ജൂലൈ 4 )*




*ചിത്രം 2 ഇന്ത്യൻ രൂപയും യു എസ് ഡോളറുമായുള്ള വിനിമയനിരക്ക് (2013 മുതൽ 2018 )*






*ചിത്രം 3 യൂറോ , ജാപ്പാനീസ് യെൻ തുടങ്ങിയ മറ്റ് കറൻസികളുടെ രൂപയുമായുള്ള വിനിമയ നിരക്ക്*

## വിനിമയ നിരക്ക്

ആദ്യമായി എന്താണ് വിനിമയ നിരക്ക് എന്ന് പരിശോധിക്കാം. ഒരു രാജ്യത്തിന്റെ കറൻസിയുടെ മൂല്യം മറ്റൊരു രാജ്യത്തിന്റെ കറൻസിയുടെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ പ്രകടിപ്പിക്കുന്നതാണ് വിനിമയ നിരക്ക് എന്ന് ലളിതമായി നിർവചിക്കാം . ഇന്ത്യയിൽ ഒരു കിലോ ചായപൊടി യുടെ വില അമ്പതു രൂപ ആണെന്ന് ഇരിക്കട്ടെ. അമേരിക്കയിൽ ഒരു കിലോ ചായപ്പൊടി വാങ്ങാൻ ഒരു ഡോളർ വേണം എന്നിരിക്കട്ടെ. അപ്പോൾ രൂപയും ഡോളറും ആയുള്ള വിനിമയ നിരക്ക് 50:1 ആണ്. രൂപയും ഡോളറും ആയുള്ള വിനിമയ നിരക്ക് 100:1 എന്ന രീതിയിൽ മാറി എന്നിരിക്കട്ടെ. അമേരിക്കൻ കമ്പോളത്തിൽ നിന്നും മുൻപ് 50 രൂപ (സമം 1 ഡോളർ) നല്കി ഒരു വസ്തു വാങ്ങിയ ഇന്ത്യക്കാരന് ഇപ്പോൾ അതെ വസ്തു വാങ്ങാൻ 100 രൂപ (സമം 1 ഡോളർ) നല്കേണ്ട ഗതികേടാണ് ഉള്ളത്. വിനിമയ നിരക്കിൽ രൂപക്ക് ഉണ്ടായ ഈ അപജയം (depreciation of exchange rate) സാമ്പത്തിക ശാസ്ത്ര പുസ്തക നിയമങ്ങൾ അനുസരിച്ച കയറ്റുമതി വർദ്ധിക്കുന്നതിനും ഇറക്കുമതി കുറക്കുന്നതിനും കാരണമാകും. എന്നാൽ വിനിമയ നിരക്കിൽ ഉണ്ടായെക്കാവുന്ന അപ്പ്രീസിയേഷൻ ആകട്ടെ (ഉദാ:25:1 ) ഇറക്കുമതി വർദ്ധിക്കുന്നതിനും കയറ്റുമതി കുറയുന്നതിനും കാരണമാകും. അമേരിക്കൻ കമ്പോളത്തിൽ നിന്നും മുൻപ് 50 രൂപ (സമം 1 ഡോളർ) നല്കി ഒരു വസ്തു വാങ്ങിയ ഇന്ത്യക്കാരന് ഇപ്പോൾ അതെ വസ്തു വാങ്ങാൻ 25 രൂപ (സമം 1 ഡോളർ) നൽകിയാൽ മതി എന്നതുതന്നെ ഇതിനു കാരണം.



രൂപയുടെ മൂല്യത്തിൽ 50:1 ൽ നിന്നും 100:1 ലേക്ക് കുറവുവരാൻ എന്താണ് കാരണം എന്ന് നോക്കാം. ഇറക്കുമതി ചെയ്യുന്നവർ ക്കാണ് ഡോളർ ആവശ്യമായി വരുന്നത്. അപ്പോൾ ഡോളറിന്റെ ചോദനം ഇറക്കു മതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ കയറ്റുമതി ചെയ്യുന്നവരാണ് ഡോളർ പ്രദാനം (സപ്ലൈ) ചെയ്യുന്നത്. ഡോളറിന്റെ പ്രദാനവും ചോദനവും സന്തുലിതാവസ്ഥയിൽ എത്തുമ്പോൾ ആണ് വിനിമയനിരക്ക് നിശ്ചയിക്കപ്പെടുന്നത് (ചിത്രം കാണുക ). ഇറക്കുമതി കയറ്റുമതിയേക്കാൾ കൂടിയാൽ ഒരു രാജ്യത്തിനു വ്യാപാരകമ്മി ഉണ്ടെന്നു പറയാം .അപ്പോൾ കൂടുതൽ ഡോളർ കയറ്റുമതിക്കാർ ഡിമാന്റ് ചെയ്യും. ഡിമാന്റ് വർദ്ധിക്കുമ്പോൾ ആ കറൻസി യുടെ വില വർദ്ധിക്കും. ഇന്ത്യൻ രൂപ നല്കി കയറ്റുമതിക്കാർ കേന്ദ്ര ബാങ്കിൽ നിന്നും ഡോളർ വാങ്ങിക്കും. എന്നാൽ കയറ്റുമതി ആണ് ഇറക്കുമതിയേക്കാൾ കൂടുതൽ എന്നിരിക്കട്ടെ. എങ്കിൽ വ്യാപാര മിച്ചം ഉണ്ടെന്ന് പറയാം . ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങൾക്ക് ലഭിക്കുന്ന ഡോളറുകൾ കേന്ദ്രബാങ്കിനു നല്കി ഇന്ത്യൻ രൂപ കയറ്റുമതിക്കാർ കൈവശമാക്കും. കേന്ദ്ര ബാങ്കിന്റെ ഈ വിദേശ നാണയ ശേഖരത്തിൽ നിന്നാണ് ഇറക്കുമാതിക്കാരുടെ ഡോളർ ആവശ്യങ്ങൾ നിറവേറ്റുന്നത് .ഇന്ത്യൻ രൂപയ്ക്ക് മൂല്യശോഷണം സംഭവിക്കുമ്പോൾ - അതായത് ഡോളറിന്റെ ഡിമാന്റ് വർധിക്കുമ്പോൾ - കയറ്റുമതി താനേ വർദ്ധി ക്കുകയും ഇറക്കുമതി കുറയുകയും ചെയ്യും. ഇത് വ്യാപാര കമ്മി നികത്താൻ സഹായകമാകും. അതുപോലെ തന്നെ രൂപയുടെ മൂല്യവർദ്ധന, വ്യാപാര മിച്ചം പരിഹരിക്കാൻ സഹായകമാകും. എന്നാൽ ഇത്തരത്തിൽ പരിപൂർണ്ണതയിൽ എത്തിചേർന്ന ഒരു സംവിധാനത്തിന് സൈദ്ധാന്തിക സാധ്യത മാത്രമേ നല്കാൻ ആകുകയുള്ളൂ. ഈ പരികല്പനകൾക്ക് പ്രായോഗികത ഇല്ലാത്തതിന് കാരണങ്ങൾ ഇവയാണ് . ഒന്നാമതായി തീരുവയിലെ കുറവ് വരുത്തലുകൾ നാം ഇറക്കുമതി ചെയ്യു ഉത്പന്നങ്ങളുടെ ചോദനത്തെ എത്രമാത്രംസ്വാധീനിക്കും എന്നത് കണ്ടുപിടിക്കുക അസാധ്യമാണ്. നമ്മുടെ കയറ്റുമതി ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന മറ്റു രാജ്യങ്ങൾ തീരുവയി ൽ വരുത്തുന്ന മാറ്റങ്ങൾ നമ്മുടെ ഉത്പന്നങ്ങളുടെ ചോദനത്തിൽ വരുത്താനിടയുള്ള മാറ്റം കണക്കാക്കുക എന്നതും ദുഷ്കരമാണ്. ഇതിനെല്ലാം ഉപരിയായി ഇന്നത്തെ ആഗോള സാമ്പത്തിക ക്രമം ഊഹ കച്ചവടത്തിന്റെയും വാതു വെപ്പുകളുടെയും സങ്കീർണ്ണമായ കമ്പോളമാണ്. ഇക്കാര്യങ്ങൾ അല്പം വിശദമായി പിന്നീട് പരിശോധിക്കാം.




*ചിത്രം 4 വിനിമയ നിരക്ക്*

## വിദേശ വ്യാപാരം - വ്യാപാര കമ്മി - മൂല്യശോഷണം .

വിദേശ വ്യാപാര രംഗത്തെ ഉദാരവത്കരണ നയങ്ങൾ തീരുവ തീരുവേതര നിയന്ത്രണങ്ങൾ ഒന്നൊന്നായി എടുത്തു കളയാൻ അനുശാസിക്കുന്നു. ഇറക്കുമതി ചെയ്യുന്ന ഒരു ഉത്പന്നത്തിന്റെ വിലക്ക് മുകളിൽ സർക്കാർ ചുമത്തുന്ന നികുതിയാണ് തീരുവ എന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ.ഇത്തരത്തിലുള്ള ഉദാരവൽക്കരണം ഉല്പന്നത്തിന്റെ ആഭ്യന്തര വില യിൽ വാൻ കുറവ് ഉണ്ടാക്കും. വിലയിൽ വരുന്ന കുറവ് ഇറക്കുമതി പ്രോത്സാഹിപ്പിക്കും. 1991 ൽ 150 ശതമാനം ആയിരുന്നഇന്ത്യയുടെ കസ്റ്റംസ് തീരുവ 2002 ഓടെ 30 ശതമാനമായി കുറയ്ക്കുക ഉണ്ടായി. പരിമാണ പരമായ എല്ലാ നിയന്ത്രണങ്ങളും നീക്കം ചെയ്തു. ഇത് ഇന്ത്യയുടെ ഇറക്കുമതി വർദ്ധിപ്പിച്ചു .ആനുപാതികമായി കയറ്റുമതി വർദ്ധിക്കാ ത്തതിനാൽ ഇന്ത്യ വ്യാപാര കമ്മിയുടെ



പിടിയിൽ അമരുക ആണ് ചെയ്തത്. വിദേശ വ്യാപാര ഉദാരവത്കരണ നയങ്ങൾ നടപ്പാക്കിയ രാജ്യങ്ങളിൽ എല്ലാംതന്നെ ഇറക്കുമതിയുടെ വളർച്ച കയറ്റുമതിയെക്കാൾ കൂടിയ തോതിൽ ആണെന്ന് ലോക വ്യാപാര സംഘടനയുടെ പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

ഇന്ത്യയുടെ കേന്ദ്ര ബാങ്കായ റിസർവ് ബാങ്ക് നല്കുന്ന കണക്കുകൾ പ്രകാരം 2012-13 കാലയളവിൽ ഇന്ത്യയുടെ വ്യാപാര കമ്മി മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 4.8 ശതമാനം ആയിരുന്നു. 2017 - 2018 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ 13 യു എസ് ബില്യൺ ഡോളറിന്റെ വ്യാപാരകമ്മിയാണ് ഇന്ത്യക്ക് ഉള്ളത്. ഇന്ത്യയുടെ മൊത്തം ഇറക്കുമതിയുടെ 40 ശതമാനത്തോളം വരുന്ന ക്രൂഡ് ഓയിലിന്റെയും

മറ്റു പെട്രോളിയും ഉത്പന്നങ്ങളുടെയും ഇറക്കുമതി ചെലവ് കൂടുന്നത് വ്യാപാരക്കമ്മി കൂടുന്നതിന് കാരണമായി വിലയിരുത്തുന്നു. അനുവദനീയമായ വ്യാപാരകമ്മി യെക്കാളും എത്രയോ മുകളിലാണ് ഇന്ത്യയുടെ വ്യാപാര കമ്മി എന്ന എന്ന സത്യം റിസർവ് ബാങ്കും അംഗീകരിക്കുന്നു .ഈ വ്യാപാര കമ്മി ഡോളറിന്റെ ഡിമാണ്ട് വർദ്ധിപ്പിക്കുകയും രൂപയുടേത് കുറക്കുകയും ചെയ്യും.രൂപയുടെ മൂല്യ ശോഷനത്തിനുള്ള ഒരു കാരണം ദീർഘകാല മായി ഇന്ത്യ നേരിടുന്ന ഈ വ്യാപാര കമ്മി ആണ്.സ്വർണ്ണം, പെട്രോളിയം ഉത്പന്നങ്ങൾ, മറ്റു അമൂല്യ രത്നങ്ങളും ലോഹങ്ങളും, എന്നിവയാണ് പ്രധാനമായും ഇന്ത്യ ഇറക്കുമതി ചെയ്യുന്നത്. . സ്വർണ്ണ ത്തെ സുരക്ഷിതമായ ഒരു നിക്ഷേപമായി കണ്ടവർ അതിൽ നിക്ഷേപം നടത്തിയതിനാലാണ് സ്വർണ്ണ വില കതിച്ച് ഉയർന്നത്. എന്നാൽ ഇന്ത്യയിൽ സ്വർണ്ണം ആഭരണങ്ങൾ ആയിട്ടാണ് കൂടുതൽ ഉപയോഗിക്കുന്നത്. ആശാവഹമല്ലാത്ത ഈ സാമ്പത്തിക പരിതസ്ഥിതിയിൽ ആഗോള സമ്പത്ത് വ്യവസ്ഥ മാന്ദ്യത്തിൽ നിന്നും കരകയറുകയാണെന്ന പ്രചാരണവും ഡോളറിന്റെ ഉണ്ടായ അപ്പ്രീസിയേഷനും സ്വർണ്ണത്തിനുള്ള ചോദനം കുറയ്ക്കാൻ ഇടയുണ്ട് . ഇന്ത്യയിലും സ്വർണ്ണത്തിനുള്ള ചോദനം കുറയുമെന്ന് പ്രതീക്ഷിക്കുന്നു. അത് കുറഞ്ഞാൽ വ്യാപാരകമ്മി കുറയുമല്ലോ? ഇതിനു പുറമേ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ ഇന്ത്യ ഏതാനും നടപടികളും സ്വീകരിച്ചു. ഇത്തരത്തിൽ ഇന്ത്യയുടെ വ്യാപാരകമ്മി നികത്താൻ ആവുമെന്ന പ്രതീക്ഷ സർക്കാരിനുണ്ട്. എന്നാൽ ഇതൊന്നും ഫലവത്തായില്ല എന്നതിന് ഉത്തമ ദ്രിഷ്ടാന്തമാണ് രൂപയുടെ മൂല്യ ശോഷണം.



## ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലം

ആഗോളമുതലാളിത്ത സമ്പദ്വ്യവസ്ഥ, ചെറുതും വലുതുമായ അനേകം മാന്ദ്യങ്ങളിലൂടെ കഴിഞ്ഞുപോയ ദശകങ്ങളാണ് നാം പിന്നിട്ടത്. ഈ മാന്ദ്യങ്ങൾ ഉൽപ്പാദത്തിൽ വരുത്തുന്ന കുറവ് തൊഴിലില്ലായ്മ ഉയർത്തുകയും കരുതൽ തൊഴിൽ ശേഖരം വർദ്ധിപ്പിക്കുകയും ചെയ്യും. തുടർന്ന് വരുന്ന സാമ്പത്തികാവസ്ഥ പ്രോസ്പിരിറ്റിയിലേക്കും നയിക്കുന്ന റിക്കവറിയുടേതാണ്. ഇത്തരം ചാക്രീയ ചലനങ്ങൾ (business cycles) സമ്പദ്വ്യവസ്ഥയുടെ വികാസത്തിൽ സ്വാഭാവികമാണെന്നാണ് മുതലാളിത്ത സാമ്പത്തിക ശാസ്ത്രത്തിന്റെ അനുമാനം. എന്നാൽ ഇതേ കാലയളവിൽ മറ്റൊരു സാമ്പത്തിക മേഖലയിൽ മറ്റൊരു കുമിള രൂപപ്പെടുകയും ആ പ്രത്യേക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ താൽക്കാലികമായെങ്കിലും സൃഷ്ടിക്കപ്പെടുകയും ചെയ്യും. ഈ സാമ്പത്തിക മേഖലയിലെ താൽക്കാലികമായി രൂപപ്പെട്ട വികാസം പരിപോഷിപ്പിയ്ക്കുന്നതിനായി പരമാവധി സഹായം കമ്പോളവും ഗവൺമെന്റും നൽകും. എന്നാൽ വളർച്ചയുടെ ഏതെങ്കിലും ഒരു ഘട്ടത്തിൽ പ്രസ്തുത കുമിളപൊട്ടുകയും സമ്പദ്വ്യവസ്ഥ മാന്ദ്യത്തിലേക്ക് കൂപ്പുകുത്തുകയും ചെയ്യും. ഇത്തരം കുമിള കേന്ദ്രീകൃത വളർച്ചാ രീതി (bubbles lead growth trajectory) ആണ് കഴിഞ്ഞ ഏതാനും ദശകങ്ങളിൽ ഇന്നത്തെ മുതലാളിത്ത സമ്പദ്വ്യവസ്ഥ കാഴ്ചവച്ചത്.


രണ്ടായിരത്തി ഒന്നിൽ അമേരിക്കയിലെ വേൾഡ് ട്രേഡ് സെൻ്ററിന് എതിരെ നടന്ന ഭീകരാക്രമണം അമേരിക്കൻ സമ്പത്ത് വ്യവസ്ഥയിലെ ഐ ടി മേഖലയിൽ ഉള്ള നിക്ഷേപകരുടെ വിശ്വാസം നഷ്ടപ്പെടുത്തി. അമേരിക്കയിലെ ഐ ടി മേഖലയെ ബാധിച്ച ഈ മാന്ദ്യം ഡോട്ട് കോം മാന്ദ്യം എന്ന പേരിൽ അറിയപ്പെടുന്നു . മാന്ദ്യ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി അമേരിക്കയുടെ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവിന്റെ (ഫെഡ് എന്ന ചുരുക്ക പേരിൽ അറിയപ്പെടുന്നു) അന്നത്തെ ചെയർമാൻ അലെൻ ഗ്രീൻസ്പാൻ പലിശനിരക്ക് ഒരു ശതമാനമായി കുറച്ചു. പലിശ നിരക്കിൽ ഉണ്ടാവുന്ന കുറവ് ബാങ്ക് ലോണിനുള്ള ചോദനം (ഡിമാണ്ട്) വര്ധിപ്പിക്കും എന്ന സാമ്പത്തിക ശാസ്ത്ര യുക്തിയാണ് ഇതിനു പ്രേരിപ്പിച്ചത്. പലിശ നിരക്കിൽ വന്ന കുറവ് അമേരിക്കയിലെ ഇടത്തരക്കാരുടെ ഭവന സ്വപ്നങ്ങളെ പരിപോഷിപ്പിച്ചു. ഭവന വായ്പ്പകൾ പെരുകി. വായ്പ്പയുടെ വളർച്ചക്ക് അനുസൃതമായി വീടുകളുടെ എണ്ണം സ്വാഭാവികമായി വർധിക്കുകയില്ലല്ലോ? ഇത് ഭവന വിലയിൽ വൻ വർധനവ് ഉണ്ടാക്കി. എങ്കിലും ബാങ്കുകൾ ഉപഭോക്താവിന്റെ തിരിച്ചടയ്ക്കാനുള്ള ശേഷി പരിഗണിക്കാതെ ഭവന വായ്പ്പ, കുറഞ്ഞ പലിശ നിരക്കിൽ നല്കി. ഭവന വാ

യ്പ്പുകളുള്ള ഉയർന്ന ചോദനം അഭിമുഖീകരിക്കുന്നതിന് അമേരിക്കൻ ബാങ്കുകളിൽ മതിയായ നിക്ഷേപങ്ങൾ ഇല്ലായിരുന്നു. പലിശനിരക്ക് കുറവായതിനാൽ ബാങ്ക് നിക്ഷേപം താരതമ്യേന ലാഭകരമല്ലെന്ന സാമാന്യ യുക്തി ആണിതിനു കാരണം. ഉയർന്ന ഭവന വായ്പ്പാ ചോദനയെ അപ്പോൾ ബാങ്കുകൾ എങ്ങനെ അഭിമുഖീകരിച്ചു എന്നതാണ് അടുത്ത ചോദ്യം. ഈ ചോദ്യത്തിനുള്ള ഉത്തരമാണ് മുതലാളിത്ത സമ്പത്ത് വ്യവസ്ഥ അഭിമുഖീകരിച്ച ഏറ്റവും വലിയ ഒരു സാമ്പത്തിക പതിസന്ധിയുടെ പിന്നാം പുറങ്ങളിലേക്ക് വെളിച്ചം വീശുന്നത്. തങ്ങളുടെ ലോണുകൾ ഈ ബാങ്കുകൾ ഇൻവെസ്റ്റ് മെന്റ് ബാങ്കുകൾ എന്ന ചില പണമിടപാടു കാർക്ക് മറിച്ചു വിറ്റു . ആ പണമിടപാടുകാർ വാങ്ങിക്കൂട്ടിയ ലോണുകൾ കാലവധിയുടെയും തുകയുടെയും എല്ലാം അടിസ്ഥാനത്തിൽ അവർ വിഭജിച്ചു. കൊളാറ്ററൽ ഡബ്റ്റ് ഒബ്ലിഗേഷൻസ്(സി ഡി ഓ) എന്ന പേരിൽ ലോകത്തിലെ പ്രധാനപ്പെട്ട ഓഹരി കമ്പോളങ്ങളിൽ ഇവ വിറ്റഴിച്ചു. കമ്പോളത്തിന്റെ അനിയന്ത്രിത വളർച്ചയ്ക്കായി എന്തും ചെയ്യാൻ ഉത്സുകരായ മൂഡി, സ്റ്റാൻഡേ ഡ് ആൻഡ് പൂ വർ തുടങ്ങിയ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ ഈ നിക്ഷേപ അവസരങ്ങൾക്ക് ഉയർന്ന വിശ്വാസ്യത (ക്രെഡിറ് റേറ്റിംഗ്) യുണ്ടെന്ന സാക്ഷിപത്രം നൽകി. ഇത് വിശ്വസിച്ച നിക്ഷേപകരാകട്ടെ സി ഡി ഓ കളെ ഒരു പുതിയ അവസരമായി കണ്ടു. തകർന്നടിഞ്ഞ അമേരിക്കൻ കമ്പോളത്തിലെ ഓഹരികളിലെ നിക്ഷേപത്തെക്കാൾ വിശ്വാസയോഗ്യമായി അവർ സി ഡി ഓ നിക്ഷേപങ്ങളെ വിലയിരുത്തി.എന്നാൽ ലോണുകൾ എടുത്തവർ തിരിച്ചടവിൽ വീഴ്ച വരുത്തിയതോടെ സംമ്പത്തിക രംഗത്ത് കുഴപ്പങ്ങൾ ദ്രിശ്യമായി തുടങ്ങി. ഇൻവെസ്റ്റ്മെന്റ് ബാങ്കുകൾ എവിജി മുതലായ ഇൻഷുറൻസ് കമ്പനികളോടു ഇൻഷുറൻസ് പണം ആവശ്യപ്പെട്ടു തുടങ്ങി.ഭീമമായ ഇൻഷുറൻസ് പണം നല്കാനാവാതെ ആ സ്ഥാപനങ്ങൾ തകർന്ന വാർ ത്ത ആണ് നാം ആദ്യം കേട്ടത്. ഊഹ കച്ചവടത്തിന്റെ അസ്ഥിവാരത്തിനു മേൽ മുതലാളിത്ത സാമ്പത്തിക ക്രമം പടുത്തുയര്ത്തിയ ചീട്ടുകൊട്ടാരം ഒന്നൊന്നായി തകർന്നു വീഴുന്ന കാഴ്ചയാണ് പിന്നീട് നാം കണ്ടത്.

ലോകത്തിലെ പരാജയപ്പെട്ട തത്വശാസ്ത്രമാണ് സോഷ്യലിസം എങ്കിൽ എവിടെയാണ് മുതലാളിത്തം വിജയിച്ചത് എന്ന് ചിലരെങ്കിലും തിരിച്ചു ചോദിച്ചു.

ഇന്ത്യയും ചൈനയുംമടക്കമുള്ള വികസ്വര രാജ്യങ്ങളിൽ ഈ മാന്ദ്യം ഒരു പോറലും ഏൽപിക്കുകയില്ലെന്ന് സ്വതന്ത്ര കമ്പോളത്തിന്റെ വക്താക്കൾ ഇക്കാലയളവിൽ വിശ്വാസം പ്രകടിപ്പിക്കുക ഉണ്ടായി. ഊഹക്കച്ചവട ഗോപുരത്തിൽ നിന്നും താഴേക്കു വീണു കൊണ്ടിരിക്കുമ്പോഴും എനിക്കൊന്നും പറ്റിയിട്ടില്ലെന്ന് ആഹ്ലാദിക്കുന്ന ശുഭാപ്തി വിശ്വാസികൾ ആയിരുന്നു ഇക്കൂട്ടർ. വികസ്വരസമ്പദ്വ്യവസ്ഥകളുടെ വളർച്ചാനിരക്കിന് വികസിതസമ്പദ്വ്യവസ്ഥകളുടെ വളർച്ചാ നിരക്കുമായി ഒരു ബന്ധവും ഇല്ലെന്ന് ഇവർ സിദ്ധാന്തിച്ചു. ഈ വാദം ഡീകപ്പ്ളിംഗ് ഹൈപോതെസിസ് എന്ന പേരിലാണ് അറിയപ്പെടുന്നത് .ഇന്ത്യയും ചൈനയുമടക്കമുള്ള വികസ്വരരാജ്യങ്ങളിലെ ബാങ്കുകൾ കുഴപ്പമുണ്ടാക്കിയ ആസ്തികളിലെ നിക്ഷേപകരല്ല. അതിനാൽ സാമ്പത്തിക പ്രതിസന്ധി ഈ രാജ്യങ്ങളിലേക്ക് വ്യാപിക്കുകയില്ല. ഈ അബദ്ധ

ധാരണകൾ ആ ണ് വിചിത്രമായ വാദം ഉന്നയിക്കാൻ സ്വതന്ത്ര കമ്പോളത്തിന്റെ വക്താക്കളെ പ്രേരിപ്പിച്ചത് . ഓരോ പ്രതിസന്ധികളും ബദലുകൾ ഒന്നുമില്ലെന്ന (There Is No Alternative-TINA) വ്യാപക പ്രചരണങ്ങൾ നടത്താനുള്ള അവസരങ്ങൾ ആയി സ്വതന്ത്ര കമ്പോളത്തിന്റെ വക്താക്കൾ ഉപയോഗിക്കാറുണ്ട്. ദേശീയ സാമ്പത്തിക രംഗം ആഗോള സാമ്പത്തികക്രമവുമായി കൂട്ടി യോജിപ്പിക്കുന്നതിന് ലക്ഷ്യം വച്ചാണ് ഈ പ്രചരണം. ഇവിടെ ആർക്കും ഒറ്റപ്പെട്ട ഒരു ദ്വീപായി നിലനില്ക്കാൻ ആകുകയില്ലെന്നും അതിനാൽ പരിഷ്കാരങ്ങൾക്ക് നാം വശംവദരാകണം എന്നും നമ്മളെ ഉദ്ബോധിപ്പിച്ച വരാണ് ഇവർ. മാന്ദ്യം നമ്മെ ബാധിില്ലെന്ന് ആണയിട്ടപ്പോൾ അവർ ഈ പ്രചരണം സൗകര്യപൂർവം മറന്നുകളഞ്ഞു.



ആഭ്യന്തരസമ്പദ്വ്യവസ്ഥ ആഗോളസമ്പദ്വ്യവസ്ഥയുമായി കൂട്ടി യോജിപ്പിക്കുന്ന സാമ്പത്തിക പരിഷ്ക്കാരനയങ്ങൾ 1980-കളുടെ അവസാന വർഷങ്ങളിലാണ് ഇന്ത്യയിൽ നടപ്പാക്കുന്നത്. പ്രക്ഷുബ്ധമായ ആഗോളസമ്പദ്വ്യവസ്ഥയുമായി ഇന്ത്യൻ സമ്പദ്വ്യവസ്ഥ ഇന്ന് രണ്ടു

രീതികളിൽ കൂട്ടിയോജിപ്പിക്കപ്പെട്ടിട്ടുണ്ട്. അന്താരാഷ്ട്ര വ്യാപാര രംഗത്ത് കയറ്റുമതിക്കും ഇറക്കുമതിക്കും ഏർപ്പെടുത്തിയിരുന്ന തീരുവ-തീരുവേതര വിലക്കുകൾ ഏറെക്കുറെ എടുത്തു കളഞ്ഞിട്ടുണ്ട്. രണ്ടാമതായി അന്താരാഷ്ട്ര മൂലധനനിക്ഷേപങ്ങൾക്ക് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും നീക്കിയിട്ടുണ്ട്. ആഗോളസമ്പദ്‌വ്യവസ്ഥയിലെ ചലനങ്ങൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലേക്കും വ്യാപിക്കുന്ന വിധത്തിൽ രാജ്യത്തിന്റെ മൂലധനനിക്ഷേപ രംഗവും വ്യാപാരനയ രൂപീകരണവും പരുവപ്പെടുത്തികഴിഞ്ഞു എന്നതന്നെയാണ് ഇതിനർത്ഥം.



വ്യാപാരത്തിൽ നിന്നുള്ള നേട്ടം പരമാവധി ആക്കുന്നതിന് സ്വതന്ത്ര വ്യാപാരം അനിവാര്യമാണെന്നതാണ് ആധുനിക സാമ്പത്തിക ശാസ്ത്രം കരുതുന്നത്. അതുപോലെതന്നെ വിലക്കുകൾ ഇല്ലാതെ സ്വതന്ത്രമായി സഞ്ചരിക്കുന്ന മൂലധന നിക്ഷേപത്തെ ആഭ്യന്തര വളർച്ചാനിരക്ക് വർദ്ധിപ്പിക്കാനുള്ള ഉപാധിയായി ഇന്ത്യ അടക്കമുള്ള പല വികസിത രാജ്യങ്ങളും വിലയിരുത്തുന്നുമുണ്ട്. ഇത്തരത്തിലുള്ള സ്വതന്ത്ര മൂലധന നിക്ഷേപവും വ്യാപാരവും ഇന്ത്യൻ സമ്പത്ത് വ്യവസ്ഥയെ പല രീതിയിൽ സ്വാധീനിക്കുന്നുണ്ട്. മൂലധന നിക്ഷേപവും വ്യാപാരവും രൂപയുടെ വിനിമയ നിരക്കിൽ അടുത്ത കുറച്ച് മാസങ്ങളായി ദൃശ്യമാകുന്ന ചലനങ്ങൾ ഈ പ്രത്യക്ഷമായ ആഗോള സാമ്പത്തിക സ്ഥിതിയുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു.

മാന്ദ്യത്തിന്റെ തുടക്കത്തിൽ ഇന്ത്യയിൽ അവതരിപ്പിക്കപ്പെട്ട ഡീകപ്ലിംഗ് ഹൈപ്പോതെസിസ് വഴി വികസ്വര രാഷ്ട്രങ്ങൾ താരതമ്യേന മാന്ദ്യത്തിൽ നിന്നും മുക്തരാണെന്ന ധാരണ നിക്ഷേപകർക്കിടയിൽ പരത്താൻ ഇന്ത്യൻ ഭരണ വർഗ്ഗത്തിന് സാധിച്ചു . മാന്ദ്യത്തിലേക്ക് കൂപ്പുകുത്തുന്ന അമേരിക്കൻ സമ്പത്ത് വ്യവസ്ഥയിലെ സാധാരണക്കാരായ നിക്ഷേപകരാകട്ടെ താരതമ്യേന റിസ്ക് കുറഞ്ഞ, ഇന്ത്യ അടക്കമുള്ള നവ കമ്പോള സമ്പത്ത് വ്യവസ്ഥകളിൽ (emerging market economies) നിക്ഷേപം നടത്താൻ തീരുമാനിച്ചു. ഇന്ത്യൻ ഭരണകൂടമാകട്ടെ വിദേശ മൂലധനത്തോട് ഏറെ ഉദാരസമീപനമാണ് സ്വീകരിച്ചത്. സാമ്പത്തിക വളർച്ച നേടാനുള്ള മാർഗ്ഗമായി വിദേശ മൂലധനത്തെ വിലയിരുത്തിയതാണ് ഈ ഉദാരസമീപനം സ്വീകരിക്കാൻ ഭരണ നേതൃത്വത്തെ പ്രോത്സാഹിപ്പിച്ചത്. കൂടാതെ ഉദാരമായ വ്യാപാരനയത്തിന്റെ ഫലമായി ഇന്ത്യ ഏറെ കാലങ്ങളായി വ്യാപാര കമ്മി നേരിടുന്നു. കമ്മി നികത്താൻ വിദേശ കടത്തെ ആശ്രയിക്കാനുള്ള ഭരണ തലത്തിലെ തീരുമാനവും സ്ഥിതി വഷളാക്കി. വിദേശ മൂലധനം രണ്ടു രീതിയിലാണ് ഇന്ത്യയിലേക്ക് കടന്നു വരുന്നത്. ഫോറിൻ ഡൈറക്റ്റ് ഇൻവെസ്റ്റ്മെന്റ്, ഫോറിൻ ഇൻസ്റ്റിറ്റ്യൂഷനൽ ഇൻവെസ്റ്റ്മെന്റ് എന്നിവയാണ് അവ. ഇതിൽ FDI ഏറെക്കുറെ സ്ഥിരതയുള്ള നിക്ഷേപം ആണ്. എന്നാൽ FII നിക്ഷേപകർക്ക് ഏതു സമയത്തും പിൻവലിക്കാവുന്ന അസ്ഥിര നിക്ഷേപമാണ്. ഇന്ത്യൻ കമ്പനികളുടെ ഓഹരികളിലും മറ്റു ആസ്തികളിലും നടത്തുന്ന ഈ വിദേശീയ നിക്ഷേപങ്ങൾ ഇന്ത്യയിലെ നിക്ഷേപ സൗഹൃദ അന്തരീക്ഷത്തിന് എന്തെങ്കിലും കോട്ടം തട്ടിയാൽ നിമിഷങ്ങൾക്കുള്ളിൽ പിൻ വലിക്കാവുന്ന ഒന്ന് ആയതിനാൽ ആണ് ഇതിനെ അസ്ഥിര നിക്ഷേപമെന്ന വിശേഷിപ്പിക്കുന്നത്. കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സാമ്പത്തിക രംഗത്ത് 1997ലും 1999-2002 കാലയളവിൽ മെക്സിക്കോയിലും അനുഭവപ്പെട്ട മാന്ദ്യങ്ങളിൽ എഫ് ഐ ഐ ഒരു പ്രധാനപ്പെട്ട പങ്ക് വഹിക്കുക ഉണ്ടായി. ഈ അനുഭവം മറന്നുകൊണ്ടാണ് ഇന്ത്യൻ ഭരണ വർഗ്ഗം ഈ അസ്ഥിര നിക്ഷേപങ്ങൾക്ക് അമിത പ്രാധാന്യം നല്കിയത്.

ഇന്നത്തെ ആഗോള സാമ്പത്തിക ക്രമം ഊഹ കച്ചവടത്തിന്റെയും വാതുവെപ്പുകളുടെയും സങ്കീർണ്ണമായ കമ്പോളമാണ് എന്ന് നേരത്തെ വ്യക്തമാക്കിയിരുന്നല്ലോ. വിഖ്യാത മുതലാളിത്ത സാമ്പത്തിക വിദഗ്ധനായ ജെ എം കെയിൻസ് അഭിപ്രായപ്പെട്ടതുപോലെ ഈ സാമ്പത്തിക പ്രവർത്തനങ്ങൾ ജനങ്ങളെ വിരലിൽ എണ്ണാവുന്ന ഒരുകൂട്ടം ഊഹ കച്ചവടകാർക്ക് എറിഞ്ഞു കൊടുക്കുക ആണ് ചെയ്യുന്നത്. രൂപയുടെ മൂല്യം താഴുമ്പോൾ അതിൽ നിന്നും നേട്ടം ഉണ്ടാക്കുന്ന ഊഹ കച്ചവടക്കാർ വീണ്ടും മൂല്യത്തെ താഴേക്കു വലിക്കുകയും രൂപ കൂടുതൽ അപചയത്തിനു വിധേയമാകുകയും ചെയ്യും. രൂപ അതിന്റെ വില തനിയെ കണ്ടെത്തും എന്നാണ് കേന്ദ്ര ബാങ്ക് മുൻഗവർണർ സുബ്ബറാവു 2013 ൽ പ്രസ്താവിച്ചത്. രൂപയുടെ യഥാർഥ വില കണ്ടെത്തുന്നതിലേക്കുള്ള ഒരു പ്രക്രിയ മാത്രമാണ് രൂപയുടെ അപചയം എന്ന് അന്നത്തെ കേന്ദ്രമന്ത്രി ചിദംബരവും പ്രസ്താവിക്കുകയുണ്ടായി. ഈ അഭിപ്രായങ്ങൾക്കു സമാനമായ രീതിയിലാണ് നീതിആയോഗ് ഇപ്പോഴത്തെ രൂപയുടെ മൂല്യശോഷണത്തിന്റെ പശ്ചാത്തലത്തിൽ പ്രതികരിച്ചത്. ഊഹ കച്ചവടത്തിന്റെയും വാതുവെപ്പുകളുടെയും സങ്കീർണ്ണതകളെ മനപൂർവ്വം മറന്നുകൊണ്ടാണ് വലതുപക്ഷ സാമ്പത്തിക നയരൂപീകരണവിദഗ്ധർ ഇത്തരം അഭിപ്രായങ്ങൾ പുറപ്പെടുവിയ്ക്കുന്നതു. ഇന്ത്യൻ സാമ്പത്തിക രംഗമാവട്ടെ ഇന്ന് വാതുവെപ്പിന്റെയും ഊഹകച്ചവടത്തിന്റെയും സങ്കീർണ്ണതകളിലേക്ക് ഏറെ കൂട്ടിയിണക്കപ്പെട്ടിരിക്കുന്നു. സാമ്പത്തിക പ്രവർത്തനങ്ങളെ ഏതാനും ചില ഊഹകച്ചവടക്കാരുടെ പ്രവർത്തനങ്ങൾ ആയി മാത്രം ചുരുക്കുന്ന ഇന്നത്തെ ഇന്ത്യൻ അവസ്ഥക്ക് ബദലുകൾ ഉണ്ടായാൽ മാത്രമേ വരാനിരിക്കുന്ന വലിയ പ്രതിസന്ധിയിൽ നിന്നും ജനങ്ങൾ മോചിതരാവുകയുള്ളൂ..



# മതാചാരങ്ങൾ മാറ്റമില്ലാത്തതോ?


പ്രിയ വർഗ്ഗീസ്
ശ്രീ കേരളവർമ്മ കോളേജ്, തൃശ്ശൂർ




മതത്തെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചുമൊക്കെ പറയുമ്പോൾ 'നൂറ്റാണ്ടുകൾ പഴക്കമുള്ളത്' എന്നത് അതിന്റെ മഹത്വം വർദ്ധിപ്പിക്കുന്ന ഒരു വിശേഷണമായിട്ടാണ് ഉപയോഗിക്കാറുള്ളത്. അവയൊക്കെ നിലനിർത്താനുള്ള ഒരു യുക്തിയായി കൂടി ഈ പഴക്കം പിന്നീട് സ്ഥാനം പിടിക്കും. യഥാർത്ഥത്തിൽ പഴക്കത്തെക്കുറിച്ചുള്ള ഈ അവകാശവാദം പല മതാചാരങ്ങളെ സംബന്ധിച്ചും കെട്ടിച്ചമച്ചവയാണെന്നും കാണാം. മതങ്ങൾ അവ രൂപപ്പെട്ട നൂറ്റാണ്ടുകളിൽ നിന്നും പലതരത്തിലും മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെന്നു കാണാം. അവ പ്രചരിക്കുന്നതിനു മുൻപ് ആ സമൂഹത്തിൽ നിലനിന്നിരുന്ന മതാചാരങ്ങളുടെയും പിന്നീട് ഇടപഴകേണ്ടി വന്ന മതങ്ങളുടേയും ഒക്കെ സ്വാധീനങ്ങൾ ഈ മാറ്റത്തിനു കാരണമാകാറുണ്ട്. അതാതു സമൂഹങ്ങളുടെ ദൈനംദിന ജീവിതത്തിലെ ആവശ്യങ്ങളും പ്രതിസന്ധികളും എല്ലാം മതത്തിന്റെ രൂപഭാവങ്ങളെ മാറ്റിത്തീർത്തിട്ടുണ്ട്.

യൂറോപ്യൻ പാഗൻ മതത്തിന്റെ പ്രകൃത്യാരാധനാപരമായ പല ചടങ്ങുകളും ക്രിസ്തുചരിതത്തിലേക്ക് കൂട്ടിച്ചേർത്ത് പുതിയ പാഠങ്ങൾ ഉണ്ടാക്കിക്കൊണ്ടാണ് യൂറോപ്യൻ ക്രിസ്തുമതം അതിന്റെ ആചാരാനുഷ്ഠാനങ്ങൾക്ക് രൂപം കൊടുത്തിട്ടുള്ളതെന്ന് പുതിയ പല പഠനങ്ങളും വെളിവാക്കുന്നു.



**'തിരളുക' എന്ന പദം മണിപ്രവാളകാവ്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് വർദ്ധിക്കുക എന്ന അർത്ഥത്തിൽ ആണ്. അന്നതിന് ശുദ്ധാശുദ്ധിസങ്കല്പങ്ങളുമായി ബന്ധപ്പെട്ട നെഗറ്റീവായ ഒരു അർത്ഥകല്പന ഇല്ല. 'തിരണ്ടുകല്യാണം' എന്ന പേരിൽ പെണ്ണ് രജസ്വലയാവുന്നത് ആഘോഷിച്ചിരുന്ന പാരമ്പര്യവും നമുക്കുണ്ടായിരുന്നു. അത് ഇല്ലാതാവുകയും ആർത്തവകാലത്ത് ദേവാലയങ്ങളിൽ പ്രവേശിക്കില്ല എന്ന ആചാരം മാത്രം നിലനിൽക്കുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് പെൺകുട്ടികളെ ഇത്തരം ആചാരങ്ങൾ പറഞ്ഞു പഠിപ്പിക്കുന്ന അമ്മമാർ ആലോചിക്കണം.**

ഹിന്ദുമതത്തിലെ ദേവീദേവന്മാരുടെ പലരുടേയും ഉല്പത്തി പുരാവൃത്തങ്ങൾ അന്വേഷിച്ചു ചെന്നാൽ ആദിവാസി ജനവിഭാഗങ്ങളുടെ ദൈവസങ്കല്പങ്ങളും ആരാധനാരീതികളുമായി അതിനുള്ള ബന്ധം വെളിപ്പെടും. ഇസ്ലാമിലെ ബഹുഭാര്യാത്വം അതു രൂപംകൊണ്ട നൂറ്റാണ്ടിലെ അറേബ്യൻ സമൂഹത്തിന്റെ ചില ഭൗതികാവശ്യങ്ങളോടുള്ള പ്രതികരണം എന്ന നിലയ്ക്ക് സ്വീകരിച്ചിട്ടുള്ളതായിരുന്നുവെന്നു കാണാം.

മതാചാരങ്ങളിൽ പ്രാദേശികമായി നിലനിന്നിരുന്ന വ്യത്യാസങ്ങളെ ഏകീകരിക്കുന്ന പ്രവണതകൾ ശക്തിപ്പെടുന്നത് സാമ്രാജ്യത്വവിപുലന പ്രക്രിയയുടെ ഭാഗമായിക്കൂടിയാണ്. കേരളത്തിലെ ക്രിസ്തുമത വിശ്വാസികൾ യൂറോപ്യൻ ആഗമനത്തിനു മുൻപ് വച്ചുപുലർത്തിയിരുന്ന പല സമ്പ്രദായങ്ങളും ഉടച്ചു നീക്കി യൂറോപ്യൻ കത്തോലിക്കാ മതവുമായി ഏകീകരിക്കുക എന്നതായിരുന്നു 'ഉദയംപേരൂർ സൂനഹദോസി'ന്റെ ലക്ഷ്യം. വിവാഹിതരായി കുടുംബത്തോടൊപ്പം ജീവിച്ചിരുന്ന ക്രിസ്തുമത പുരോഹിതന്മാരെ നിർബന്ധിത ബ്രഹ്മചര്യത്തിനു പ്രേരിപ്പിക്കുകയും ബലം പ്രയോഗിച്ച് കുടുംബത്തിൽ നിന്നകറ്റുകയും മറ്റും ചെയ്ത യൂറോപ്യൻ മതാധികാരികളുടെ നീക്കങ്ങൾ കേരളത്തിലെ ക്രിസ്തുമത വിശ്വാസികളുടെ തന്നെ എതിർപ്പുകൾ ക്ഷണിച്ചുവരുത്തിയതിന്റെ ഫലമായിരുന്നു കൂനൻകുരിശു സത്യവും മറ്റും.

അറേബ്യൻ ഇസ്ലാമിനോട് പല കാര്യങ്ങളിലും സാദൃശ്യം പുലർത്തുമ്പോൾ തന്നെ കേരളത്തിലെ ഇസ്ലാം വസ്ത്രം മുതൽ ഉറൂസ് വരെ പല കാര്യങ്ങളിലും വ്യത്യസ്തത പുലർത്തുന്നതായി കാണാം. അടുത്തകാലത്തു മാത്രമാണ് കേരളത്തിലെ മുസ്ലീം വനിതകൾ അറേബ്യൻ വസ്ത്രമായ പർദ്ദ വ്യാപകമായി ധരിച്ചു തുടങ്ങിയത്. അതിനു മുൻപ് കേരളത്തിന്റെ ഭൂപ്രകൃതിയുമായി കൂടുതൽ ഇണങ്ങുന്ന തട്ടവും കാച്ചിയുമായിരുന്നു അവരുടെ വേഷം. തികച്ചും പ്രാദേശികമായ നിരവധി ആരാധനാസമ്പ്രദായങ്ങളിൽ നിന്നും പല കാലങ്ങളിലായി പല മാറ്റങ്ങൾക്കും വിധേയമായി രൂപപ്പെട്ടുവന്നതാണ് ഇന്ന് നാം കാ





ണുന്ന ഏകശിലാത്മകമായ ക്ഷേത്രാരാധനാസമ്പ്രദായങ്ങളും. എത്ര തന്നെ ഏകീകരിക്കാൻ ശ്രമിച്ചാലും ചില വ്യത്യസ്തതകൾ എക്കാലവും പുലരുക തന്നെ ചെയ്യും.

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പൂരാഘോഷത്തോടനുബന്ധിച്ച് വീടുകളിൽ ചാണകവറളിയും മുരിക്കിൻ പൂവും മറ്റും ഉപയോഗിച്ച് കാമദേവനെ പ്രതിഷ്ഠിക്കുകയും അതിനു ചുറ്റും പൂക്കളം തീർക്കുകയും ചെയ്യുന്ന പതിവ് അഞ്ചുപത്തു കൊല്ലം മുൻപ് വരേയ്ക്കും വളരെ വ്യാപകമായിരുന്നു. പക്ഷേ, കുറച്ചു കാലങ്ങളായി ഈ ആചാരം വളരെ കുറഞ്ഞുവരുന്നതായി കാണാം. വളരെ ചെറിയ പ്രദേശത്ത് മാത്രം നിലനിൽക്കുന്ന ഒരു ആചാരത്തെ വിപണിക്ക് ഏറ്റെടുക്കുന്നതിനു പരിമിതികൾ ഉണ്ടല്ലോ! ഇതിൽ നിന്നെല്ലാം വ്യക്തമാകുന്ന ഒരു വസ്തുത ഏതെങ്കിലും ഒരു മതത്തിലെ ചില ആചാരങ്ങൾ നിലനിൽക്കുകയും മറ്റു ചില ആചാരങ്ങൾ ദുർബലപ്പെടുകയും ചെയ്യുന്നതിനു പിന്നിൽ ദൈവേച്ഛ എന്നതിലുപരി സാമൂഹികവും രാഷ്ട്രീയവുമൊക്കെയായ നിരവധി ബലങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് തന്നെയാണ്.

## മതവും സ്ത്രീയും

ഇന്നു നിലവിലുള്ള എല്ലാ മതങ്ങളും അതിന്റെ ചിട്ടവട്ടങ്ങൾ ക്രമപ്പെടുത്തിയത് സമൂഹം ഒരു ആൺകോയ്മാ സമൂഹമായി മാറിയതിനുശേഷം മാത്രമാണ്. അതുകൊണ്ടു തന്നെ സ്ത്രീകളെ അല്പം താഴ്ന്ന പടിയിൽ മാത്രം കാണാനുള്ള പ്രവണത ഏറിയോ കുറഞ്ഞോ എല്ലാ മതങ്ങളും പ്രകടിപ്പിക്കുന്നുണ്ട്. ആൺകോയ്മ അത്രമേൽ ശക്തിപ്പെടാതിരുന്ന കാലത്ത് ദേവതാപൂജയ്ക്കായിരുന്നു കൂടുതൽ പ്രാമുഖ്യം ലഭിച്ചിരുന്നത്. ആദിവാസി ജനവിഭാഗങ്ങളുടെയെല്ലാം ആരാധനാരീതികൾ അമ്മ ദൈവങ്ങളെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. 1985 ജൂലൈ 17 ലെ മാതൃഭൂമി ദിനപ്പത്രത്തിൽ നമുക്കിങ്ങനെ വായിക്കാം: "ചെങ്ങന്നൂർ മഹാദേവക്ഷേത്രത്തിൽ ദേവിയുടെ തൃപ്പൂത്താറാട്ട് ആർഭാടപൂർവ്വം നടന്നു." ദേവിയുടെ തൃപ്പൂത്ത് അടിയന്തിരം എന്നാൽ ദേവിയ്ക്ക് ആർത്തവമുണ്ടാകുന്നതുമായി ബന്ധപ്പെട്ട ആഘോഷമാണ്. റാണി ലക്ഷ്മീഭായി തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്ത് കേണൽ മൺറൊ തൃപ്പൂത്ത് അടിയന്തിരത്തിന്റെ ചെലവു കുറവു ചെയ്യാൻ ശ്രമിച്ചതും മറ്റും വിവാദമായിരുന്നു.'


'തിരളുക' എന്ന പദം മണിപ്രവാള കാവ്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത് വർദ്ധിക്കുക എന്ന അർത്ഥത്തിൽ ആണ്. അന്നതിന് ശുദ്ധാശുദ്ധിസങ്കല്പങ്ങളുമായി ബന്ധപ്പെട്ട നെഗറ്റീവായ ഒരു അർത്ഥകല്പന ഇല്ല. മാത്രമല്ല, 'തിരണ്ടുകല്യാണം' എന്ന പേരിൽ പെണ്ണ് രജസ്വലയാവുന്നത് ആഘോഷിച്ചിരുന്ന പാരമ്പര്യവും നമുക്കുണ്ടായിരുന്നു. അത് ഇല്ലാതാവുകയും ആർത്തവകാലത്ത് ദേവാലയങ്ങളിൽ പ്രവേശിക്കില്ല എന്ന ആചാരം മാത്രം നിലനിൽക്കുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് പെൺകുട്ടികളെ ഇത്തരം ആചാരങ്ങൾ പറഞ്ഞു പഠിപ്പിക്കുന്ന അമ്മമാർ ആലോചിക്കണം. ഹിന്ദുമത ജനവിഭാഗങ്ങളുടെ ഇടയിൽ മാത്രമല്ല, കേരളത്തിലെ ആദിമക്രിസ്തുമത വിഭാഗങ്ങളിലും ആർത്തവകാലത്ത് പള്ളിയിൽ പോകരുതെന്ന വിശ്വാസം നിലനിന്നിരുന്നു. ശരീരശാസ്ത്ര സംബന്ധിയായ അറിവുകൾ ഇല്ലാതിരുന്ന ആദിമജനവിഭാഗങ്ങളുടെ ഒരു ആചാരം മതങ്ങളും സാമൂഹ്യസാഹചര്യങ്ങളും മാറി വന്നപ്പോഴും നിലനിന്നു. അങ്ങിനെ നിലനിൽക്കാൻ കാരണം ആൺകോയ്മാ സമൂഹത്തിന് താല്പര്യമുള്ള ചില വശങ്ങൾ അതിലുണ്ടായിരുന്നു എന്നതു മാത്രവും.

പഴയകാലത്ത് ആർത്തവസമയങ്ങളിൽ മാറ്റിനിർത്തപ്പെടുന്നതിലൂടെ വലിയ ശാരീരികാദ്ധ്വാനം ആവശ്യമായ ജോലികളിൽ നിന്നും മറ്റും ആ ദിവസങ്ങളിൽ ഇളവു ലഭിച്ചിരുന്നു എന്ന സ്ത്രീകൾക്കനുകൂലമായ വശം കൂടി ഉണ്ടായിരുന്നു. ഇന്നാകട്ടെ, ഈ ആചാരത്തിന് സ്ത്രീകളുടെ

ആത്മവിശ്വാസം നശിപ്പിക്കുകയും ഞാൻ എത്രതന്നെയായാലും രണ്ടാം തരമാണെന്ന ബോധം ഊട്ടിയുറപ്പിക്കുകയും അല്ലാതെ മറ്റൊരു ധർമ്മവും നിറവേറ്റാനില്ല. ആർത്തവകാലത്തെ അശുദ്ധി സംരക്ഷിച്ചു കിട്ടാനല്ല; ആവശ്യത്തിനു സാനിട്ടറി നാപ്കിനുകളും വൃത്തിയുള്ള പൊതുശൗചാലയങ്ങളും കിട്ടുന്നതിനായാണ് ഇക്കാലത്ത് സ്ത്രീകൾ സമരം ചെയ്യേണ്ടത്. അടിമ സ്വയം അപകർഷതാബോധത്തെ ആന്തരവൽക്കരിക്കുന്നതിലൂടെയാണ് വ്യവസ്ഥയ്ക്ക് അതിന്റെ നിലനിൽപ്പ് സുഗമമാവുന്നത്. സ്വയം ആർത്തവത്തെ അശുദ്ധിയായി കരുതുന്ന സ്ത്രീസമൂഹത്തിലൂടെയാണ് പുരുഷവാഴ്ചാസമൂഹത്തിന് അതിന്റെ നിലനിൽപ്പ് ഉറപ്പിക്കാനാവുന്നത്. ജന്മി കുടിയാൻ വ്യവസ്ഥിതിയിലും ജന്മിത്തത്തെ ചോദ്യം ചെയ്ത പുതുതലമുറയെ പിന്തിരിപ്പിക്കാൻ കുടിയാന്മാരായ അച്ഛനമ്മമാരും ജന്മിമാരോടൊപ്പം മുന്നിട്ടിറങ്ങിയിരുന്നു എന്ന ചരിത്രം നാം ഓർമിക്കണം.

## വിശ്വാസി ആൾക്കൂട്ടങ്ങൾ

1925-ൽ പ്രധാനപ്പെട്ട വീഥികളിലും ക്ഷേത്രസാമീപ്യമുള്ള റോഡുകളിലുമെല്ലാം അവർണ്ണർക്കു പ്രവേശനം നിഷേധിച്ചുകൊണ്ടുള്ള തീണ്ടൽപ്പലകകൾ കാണാമായിരുന്നു.2 ഇവയ്ക്കു തീണ്ടൽ ബോർഡുകൾ എന്നായിരുന്നു പേര്. സർക്കാരാണ് ഇത് സ്ഥാപിച്ചിരുന്നത്. പഴയകാലത്ത് ബോർഡില്ലെങ്കിലും അവർണ്ണർ ആ വഴി തിരിഞ്ഞുനോക്കിയിരുന്നില്ല. അതവനു വിധിച്ചതല്ലെന്ന നിശ്ചയമുണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണവും വർദ്ധിച്ചുവരുന്ന ജനക്ഷോഭവുമായപ്പോൾ, എവിടേയും അവർണ്ണർക്ക് പ്രവേശിക്കാമെന്നായി. അപ്പോഴാണ് ബോർഡുകളുടെ വരവ്. "ഇവിടെ ഒരു ക്ഷേത്രസങ്കേതമാകയാൽ പൊതുജനപ്രവേശം നിരോധിച്ചിരിക്കുന്നു." "ഈഴവർ മുതലായവരുടെ പ്രവേശനം തടഞ്ഞിരിക്കുന്നു" എന്നൊക്കെയായിരുന്നു ബോർഡിലെ വാചകങ്ങൾ. നവോത്ഥാന പോരാട്ടങ്ങളാണ് കേരളത്തിലെ തെരുവുകളിൽ നിന്ന് ഇത്തരം ബോർഡുകൾ വലിച്ചെറിഞ്ഞത്.




താരതമ്യേന ആധുനികം എന്നു വിശേഷിപ്പിക്കാവുന്ന സെമറ്റിക് മതങ്ങൾ ഭക്തിയെ ഒരു വ്യക്തിയുടെ ആത്മീയവ്യവഹാരം എന്നതിലുപരി ഒരു ആൾക്കൂട്ട വ്യവഹാരമായി കണക്കാക്കിയിരുന്നു. അതുകൊണ്ടു തന്നെ മതവിശ്വാസികളായ ആൾക്കൂട്ടങ്ങളെ നിലനിർത്തുന്നതിൽ അത്തരം മതങ്ങൾ ശ്രദ്ധിച്ചു. ജനാധിപത്യ ഭരണക്രമത്തിൽ ഇത്തരം ആൾക്കൂട്ടങ്ങൾക്ക് വോട്ടുബാങ്കുകൾ എന്ന സ്വഭാവവും കൈവന്നു. ഹിന്ദുമതത്തിന് ഇത്തരത്തിൽ ഒരു ആൾക്കൂട്ട സ്വഭാവം നൽകാനാണ് ആർ.എസ്.എസ്സും ഹിന്ദുത്വസംഘടനകളും ആദ്യകാലം മുതൽക്കു തന്നെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നാഴികയ്ക്കു നാല്പതുവട്ടം ദേശപ്രേമം

ഉയർവിടുന്നവരുടെ അബോധത്തിൽ യൂറോപ്യൻ ദേശരാഷ്ട്രങ്ങളോട് ണ്ടായിരുന്ന അന്ധമായ ആരാധനയായി വേണം ഈ നീക്കത്തെ കാണാൻ.

യഥാർത്ഥത്തിൽ വിശ്വാസികളായ ആൾക്കൂട്ടങ്ങളായി നിലനിൽക്കുന്നതിന്റെ പേരിൽ അതാതു മതങ്ങളിലെ ജനസാമാന്യത്തിന് യാതൊരു ഗുണവും ലഭിച്ചിട്ടില്ല എന്നതാണ് വസ്തുത. സമുദായത്തിലെ ചില പ്രമാണിമാർക്ക് അവരെ ചൂഷണം ചെയ്യുന്നതിനുള്ള സാധ്യതകൾ വർദ്ധിക്കുക മാത്രമാണുണ്ടായിട്ടുള്ളത്. മാത്രമല്ല, ജനനം മുതൽ മരണം വരെയുള്ള എല്ലാ ജീവിതാവശ്യങ്ങൾക്കും മതമേലധികാരികളുടെ മുന്നിൽ ഓച്ഛാനിച്ച നിൽക്കേണ്ടി വന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വേറെയും.

പള്ളി സംബന്ധിയായ വിഷയങ്ങളിൽ സ്ത്രീകൾ തെരുവിലിറങ്ങുന്ന പ്രവണത കേരളത്തിൽ ആദ്യം കണ്ടിട്ടുള്ളത് ക്രിസ്തുമതസംഘടനകളിലെ സ്ത്രീകളുടെ ഭാഗത്തു നിന്നാണ്. പക്ഷേ, തെരുവിലെ ജാഥയിലേക്ക് സ്ത്രീകളെ വലിച്ചിറക്കി ശക്തിപ്രകടനം നടത്തുമെങ്കിലും പള്ളികളുടെ ഭരണക്കമ്മറ്റികളിലൊന്നിലും സ്ത്രീകൾക്ക് പങ്കാളിത്തം നൽകാൻ ഒരു ക്രിസ്തുമത സംവിധാനങ്ങളും കേരളത്തിൽ ഇന്നേവരെ തയ്യാറായിട്ടില്ലെന്ന കാണാം. സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമണ കേസുകളിലുള്ള പോലും ഇരയോടൊപ്പം നിൽക്കുന്നതിനുപകരം വേട്ടക്കാരനോടൊപ്പം നിൽക്കാനുള്ള മാനസിക അടിമത്തത്തിലേക്ക് വിശ്വാസി സമൂഹത്തെ ആട്ടിത്തെളിക്കുകയായിരുന്നു മേലധികാരികൾ. അറേബ്യൻ രാജ്യങ്ങളിലെ നിയമവാഴ്ചയെക്കുറിച്ച് സംഘപരിവാര ശക്തികൾപോലും വസ്തുതകൾക്ക് നിരക്കാത്ത ചില പ്രശംസകൾ ചൊരിഞ്ഞു കാണാറുണ്ട്. 'ഞാൻ നുജൂദ് വയസ്സ് 10 വിവാഹമോചിത' എന്ന പെൺവിലാപത്തെ ചെറുകൊള്ളാനോ, വിദ്യാഭ്യാസ അവകാശത്തിനുവേണ്ടി പോരാടിയ മലാലയുടെ ജീവൻ രക്ഷിക്കാനോ പ്രാപ്തിയില്ലാത്തതാണ് മതാധിഷ്ഠിതമായ അത്തരം നിയമവ്യവസ്ഥകൾ എന്നതിനെക്കുറിച്ച് ഇത്തരം പ്രശംസാതൊഴിലാളികൾ മൗനം പാലിക്കുകയും ചെയ്യും. വസ്ത്രധാരണത്തിന്റെ കാര്യത്തിലായാലും ഇസ്ലാംമതത്തിന്റേതായ നിഷ്കർഷകൾ സ്ത്രീകൾക്ക മാത്രമാണ് നിർബന്ധിതമാക്കിയിരിക്കുന്നത്. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവർ മുസ്ലിം പുരുഷനും ഉപ്പറ്റിക്കു മേൽ മുണ്ടുടുത്ത് തൊപ്പിയും ധരിച്ച നടക്കുന്നില്ല. വാൻഗ്ഗസൺ ഷർട്ടും ജീൻസും ധരിച്ച തന്നെയാ

**മലവും കഫവുമൊക്കെയായി ആൺശരീരങ്ങൾ പ്രവേശിക്കുന്ന ഒരു ഇടത്തേക്ക് സ്ത്രീ ശരീരങ്ങൾക്കുമാത്രം എന്തിനാണ് വിലക്ക് എന്നതാണ്. അത്തരം ഒരധികാരവും തന്ത്രികുടുംബത്തിനോ പന്തളം രാജവംശത്തിനോ വകവെച്ചുകൊടുക്കാൻ ആവില്ലെന്നു മാത്രമാണ് സുപ്രീംകോടതി വിധിയുടെ താല്പര്യം. ആ വിധി സംരക്ഷിക്കാൻ കേരള സർക്കാരിനു ബാധ്യത ഉണ്ട്.**






ണ് നടപ്പ്. അതേ സമയം മഫ്ത്തയും പർദ്ദയുമൊക്കെ ധരിക്കുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നതു കാണാം.

വിശ്വാസികളായ ആൾക്കൂട്ടങ്ങളായി നിലനിൽക്കുന്നതുകൊണ്ട് ക്രിസ്തുമതങ്ങൾക്കും ഇസ്ലാംമതക്കാർക്കും എന്തൊക്കെയോ ഗുണങ്ങൾ ഉണ്ടായിട്ടുണ്ട്; അതൊന്നും ഹിന്ദുക്കൾക്ക് കിട്ടിയിട്ടില്ല എന്ന തെറ്റിദ്ധാരണാജനകമായ പ്രചരണമാണ് ആർ.എസ്.എസ്. നടത്തിക്കൊണ്ടിരിക്കുന്നത്. സമുദായത്തിലെ സാമ്പത്തികവും സാമൂഹികവമായി പ്രബലരായ ഒരു ചെറു ന്യൂനപക്ഷത്തിന്റെ കൈയ്യിലെ ചട്ടുകമായി ജനസാമാന്യത്തെ മാറ്റുന്ന ഘടനയിലേക്ക് ഹിന്ദു ജനസാമാന്യത്തെയും കൊണ്ടുവരികയും അങ്ങനെ മതത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു വോട്ടുബാങ്കായി അവരെ മാറ്റിക്കൊണ്ട് തങ്ങൾക്ക് രാഷ്ട്രീയലാഭമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന പരീക്ഷണമാണ് ആർ.എസ്.എസ്. കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. അതുകൊണ്ടാണ് ജാതീയമായ വൈരുദ്ധ്യങ്ങളെപ്പോലും മറച്ചുവച്ചുകൊണ്ട് വ്യാജമുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നത്. ചാനൽ ചർച്ചയ്ക്ക് കുലസ്ത്രീകളേയും അടികൊള്ളാനും ആത്മഹത്യ ചെയ്യാനും ആദിവാസികളേയും റിക്രൂട്ട് ചെയ്യുന്നത്.

'ജനാധിപത്യം' എന്ന ആശയവും പഴയ പല ആചാരങ്ങളേയും ചിട്ടവട്ടങ്ങളേയും ചോദ്യം ചെയ്തു കൊണ്ടും വലിച്ചെറിഞ്ഞുകൊണ്ടും ഉയർന്നുവന്ന ഒന്നാണ്. ഗ്രീസിനെ ജനാധിപത്യത്തിന്റെ കളിത്തൊട്ടിൽ എന്നൊക്കെ നാം വിളിക്കാറുണ്ടെങ്കിലും അവിടെ സ്ത്രീകൾക്കും അടിമകൾക്കും പൗരൻ എന്ന ഉയർന്ന പരിഗണന ലഭിച്ചിരുന്നില്ലെന്ന നമുക്കറിയാം. ജനാധിപത്യത്തെക്കുറിച്ചുള്ള ഏറ്റവും പരിഷ്കൃതമായ സങ്കല്പം "നിനക്ക് എന്നെ എതിർത്തു സംസാരിക്കാനുള്ള നിന്റെ സ്വാതന്ത്ര്യത്തിനായി ഞാൻ മരിക്കാൻ തയ്യാറാകുമ്പോഴാണ് ഞാൻ ജനാധിപത്യവാദിയാകുന്നത്" എന്നാണ് ശബരിമല വിഷയത്തിൽ നാം ആലോചിക്കേണ്ട ഒരു പ്രശ്നം ജനാധിപത്യസമൂഹത്തിൽ സ്ത്രീയുടെ പദവി എന്തായിരിക്കണം എന്നതാണ്. വിശ്വാസിയായ, വ്രതാനുഷ്ഠാനങ്ങൾ പാലിക്കാൻ സന്നദ്ധയായ, അയ്യപ്പനേയും ശബരിമലയിലെ പ്രകൃതിയേയും ഉപാസിക്കുന്ന ഒരു സ്ത്രീ, ശബരിമലയിൽ പോകാൻ ആഗ്രഹിച്ചാൽ അവളോട് പോകാൻ പാടില്ലെന്നു തിട്ടൂരം ഇറക്കാൻ തന്ത്രി കുടുംബത്തിനും പന്തളം രാജവംശത്തിനും എന്ത് അധികാരം എന്നതാണ്. മലവും കഫവുമൊക്കെയായി ആൺ ശരീരങ്ങൾ പ്രവേശിക്കുന്ന ഒരു ഇടത്തേക്ക് സ്ത്രീ ശരീരങ്ങൾക്കുമാത്രം എന്തിനാണ് വിലക്ക് എന്നതാണ്. അത്തരം ഒരധികാരവും തന്ത്രികുടുംബത്തിനോ പന്തളം രാജവംശത്തിനോ വകവെച്ചുകൊടുക്കാൻ ആവില്ലെന്ന മാത്രമാണ് സുപ്രീംകോടതി വിധിയുടെ താല്പര്യം. ആ വിധി സംരക്ഷിക്കാൻ കേരള സർക്കാരിനു ബാധ്യത ഉണ്ട്. ഇന്ത്യൻ ഭരണഘടന കത്തിച്ചുകളയണമെന്ന മുറവിളിക്കൂട്ടുന്നവരുടെ പക്ഷത്തല്ല, കേരള സർക്കാർ എന്നതുകൊണ്ടുതന്നെ ആ ബാദ്ധ്യത സർക്കാർ സംവിധാനങ്ങൾ നിറവേറ്റുക തന്നെ ചെയ്യും എന്ന പ്രതീക്ഷിക്കാം.

ഗ്രന്ഥസൂചി

1. പി. ഭാസ്കരനുണ്ണി. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം: കേരള സാഹിത്യ അക്കാദമി: തൃശ്ശൂർ: 2012: പേ 874.

2. പി. ഭാസ്കരനുണ്ണി. പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം: കേരള സാഹിത്യ അക്കാദമി: തൃശ്ശൂർ: 2012: പേ 151.

3. നുജൂദ് അലി: പരിഭാഷ: രമാമേനോൻ: ഞാൻ നുജൂദ് വയസ്സ് 10 വിവാഹമോചിത: ഒലീവ് ബുക്സ്: കോഴിക്കോട്, 2011. പേ. 50.



# ഓണസദ്യയുടെ തെക്കൻ പാരമ്പര്യം: ഒരു പ്രാദേശിക രുചിക്കൂട്ട്

**ഡോ. ഹരികുമാർ എസ്.**
മഹാത്മാഗാന്ധി കോളേജ്,
തിരുവനന്തപുരം



സദ്യ എന്നു കേൾക്കുമ്പോൾത്തന്നെ മലയാളിയുടെ വായിൽ കപ്പലോടിക്കുവാനുള്ള വെള്ളം നിറയും. ഓണസദ്യ എന്നു പറഞ്ഞാൽ പിന്നെ പറയുകയും വേണ്ട. ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് മലയാളികൾ ഒരുദിവസം സദ്യ കഴിക്കുന്നു എന്നത് ഒരുഗിന്നസ് റെക്കോഡായി പരിഗണിക്കേണ്ടതാണ്. ലോകത്ത് മറ്റെവിടെയെങ്കിലും ഏതെങ്കിലും ഉത്സവങ്ങളോടനുബന്ധിച്ച് ഇതേപോലെ ഒരു ഭക്ഷണ സംസ്കാരം ഉണ്ടാകാനിടയില്ല. ഓണസദ്യയുടെ കാര്യത്തിൽ സമ്പന്നനെന്നോ ദരിദ്രനെന്നോ ഉള്ള വ്യത്യാസം ഇല്ല. ഒരുമയുടേയും ഐക്യത്തിന്റെയും സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും കർഷകക്കൂട്ടായ്മയുടെയും അടയാളപ്പെടുത്തൽ ഒരേ ദിവസം ഒരേസമയം ഒരേരീതിയിൽ ആബാലവൃദ്ധം മലയാളികളും ലോകത്തിന്റെ മുക്കിലുംമൂലയിലും ഇരുന്ന് വാഴയിലയിൽ സദ്യ വിളമ്പി ഉണ്ണുന്നതിലൂടെ സാധിക്കുന്നു.

ഇന്നത്തെ ഓണസദ്യ ഹൈടെക്ക് കാറ്ററിംഗ് സദ്യയാണ്. ഇവിടെ എന്ന ചിന്തയില്ല മറിച്ച് സദ്യകഴിക്കുക മാത്രമാണ്. അത്രയ്ക്ക് ചുരുങ്ങിയിരിക്കുന്നു മലയാളിയുടെഓണസദ്യ. റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, കോളേജുകൾ, സർക്കാരാപ്പീസുകൾ എന്നുവേണ്ട നാലാൾ കൂടുന്നിടത്തെല്ലാം ഇന്ന് ഓണത്തിന് സദ്യവിളമ്പുന്നു. പക്ഷേ ഒരിടത്തും അവ ഉണ്ടാക്കിക്കഴിക്കാൻ ആരും മിനക്കെടുന്നില്ല എന്നത് തികച്ചും ദുഃഖകരമാണ്.

ഓണസദ്യക്ക് ഓണം എന്ന ദേശീയ ഉത്സവത്തോടൊപ്പം തന്നെ പഴക്കമുണ്ട്. കേരളോല്പത്തി, കേരളമാഹാത്മ്യം എന്നി

ഗ്രന്ഥങ്ങളിൽ മഹാബലിയെയുംവാമനനെയും കുറിച്ചുള്ള കഥകളിലാണ് കേരളം പരശുരാമനാൽ സൃഷ്ടിക്കപ്പെട്ടത് എന്നു പറഞ്ഞിരിക്കുന്നത്. ഇതേ ഗ്രന്ഥങ്ങളിൽ മഹാബലി ചക്രവർത്തിയെ വാമന അവതാരം കബളിപ്പിച്ച കഥയും പറഞ്ഞിട്ടുണ്ട്. വിഷ്ണുവിന്റെഏഴാമത്തെ അവതാരമായ പരശുരാമൻ സൃഷ്ടിച്ച കേരളത്തിൽവച്ച് എങ്ങനെ ആറാമത്തെ അവതാരം മഹാബലിയെ കണ്ടുമുട്ടി എന്നത് ചരിത്രപരമായ ഒരു മിഥ്യയാണെങ്കിലും ഓണാഘോഷങ്ങളുടെ തുടക്കം വിവരിക്കുന്നു എന്നത് തള്ളിക്കളയാൻ കഴിയുന്നതല്ല. സംഘകൃതികളിൽ ഒന്നാം ചേരരാജാവിനെ പെരുംചോറ്റ്ഉദയൻ ചേരലാദൻഎന്ന് വിശേഷിപ്പിച്ചിരിക്കുന്നതിൽ നിന്നു തന്നെ കേരളീയരുടെ സദ്യയുടെ പാരമ്പര്യത്തിന് പ്രാചീന ചരിത്രം ഉണ്ടെന്ന് അനുമാനിക്കാം. മഹാഭാരതയുദ്ധത്തിൽ പങ്കെടുത്ത മുഴുവൻ സൈനികർക്കും ചേരരാജാവ് ഗംഭീരസദ്യകൊടുത്തു എന്ന് സംഘകവികൾ പ്രകീർത്തിക്കുന്നു. അതുലന്റെ മൂഷികവംശം, ശങ്കരനാരായണന്റെ ശങ്കരനാരായണീയം എന്നീ സംസ്കൃതഗ്രന്ഥങ്ങളിൽ മലയാളിയുടെ ഓണസദ്യയെക്കുറിക്കുന്ന പരാമർശങ്ങൾ കാണാം. പില്ക്കാല ചരിത്രകൃതികളായ വില്യംലോഗന്റെ മലബാർ മാന്വൽ, ഇന്നസ്സിന്റെ മലബാർ സ്റ്റേറ്റ്ഗസറ്റിയർ എന്നിവയും വടക്കൻ കേരളീയരുടെഓണാഘോഷങ്ങളും അതിനോടനുബന്ധിച്ചുള്ള സദ്യയെയും പരാമർശിക്കുന്നു. വടക്കൻപാട്ടുകൾ, കല്യാണപ്പാട്ടുകൾ മാപ്പിളപ്പാട്ടുകൾ, യാത്രകളിപ്പാട്ടുകൾ തുയിലുണർത്ത് പാട്ടുകൾ, കൃഷിപ്പാട്ടുകൾ, ഓണപ്പാട്ടുകൾ, ഉനറിപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ, പൂരപ്പാട്ടുകൾ, ചെറുമപ്പാട്ടുകൾ, ആനപ്പാട്ടുകൾ, സാമുദായിക ഗാനങ്ങൾ, മാർഗ്ഗംകളിപ്പാട്ടുകൾ പരിചമുട്ടുകളിപ്പാട്ടുകൾ, പള്ളിപ്പാട്ടുകൾ, റമ്പാൻപാട്ടുകൾ, അയനിപ്പാട്ടുകൾ, വട്ടക്കളിപ്പാട്ടുകൾ, അടിച്ചുതുറപ്പാട്ടുകൾ, പടപ്പാട്ടുകൾ, സർക്കീട്ട്പാട്ടുകൾ മുതലായ നാടൻപാട്ടുകളിൽ പലതിലും വളരെ വിശദമായിത്തന്നെ ഓണസദ്യയെക്കുറിച്ച് വിവരിക്കുന്നു.

വടക്കൻകേരളത്തിന്റെ സദ്യവട്ടങ്ങൾക്ക് തെക്കൻ കേരളത്തിന്റേതിൽ നിന്നും വളരെയധികം വ്യത്യാസങ്ങൾ കാണാം. പൊതുവേ കറികളുടെ എണ്ണത്തിൽ തെക്കൻ കേരളമാണ് പണ്ടുമുതൽക്കേ പെരുമ നിലനിർത്തിപ്പോരുന്നത്. മദ്ധ്യതിരുവിതാംകിലെ വള്ളസദ്യ ഉദാഹരണമായി എടുക്കാം. വള്ളസദ്യയിൽ ഏതുവിഭവം ആവശ്യപ്പെട്ടാലും അതാതു കരക്കാർ അത് വിളമ്പണം എന്നാണ് നിഷ്കർഷ. മദ്ധ്യതിരുവിതാംകൂറിന്റെ സദ്യവട്ടങ്ങളെക്കുറിച്ച് ചെറുശ്ശേരി, പൂനംനമ്പൂതിരി എന്നിവരുടെ കൃതികളിൽ വായിക്കാം. ചമ്പു, മണിപ്രവാളകൃതികളിലും പഴയ തിരുവിതാംകൂർ ഓണസദ്യയെക്കുറിച്ചുള്ള വിവരണങ്ങളുണ്ട്. ചന്ദ്രോത്സവം എന്നകൃതിയിൽ മേദിനിവെണ്ണിലാവ് എന്ന സമ്പന്ന സ്ത്രീ നടത്തുന്ന ഗംഭീരസദ്യയെക്കുറിച്ച് രസകരമായി വിവരിക്കുന്നു. പതിനാലാം നൂറ്റാണ്ടിൽ വിരചിതമായത് എന്നു കരുതുന്ന അനന്തപുരവർണ്ണനം എന്നകൃതിയിൽ പഴയ തിരുവനന്തപുരം നഗരത്തിലെ പ്രത്യേകിച്ച് നമ്പൂതിരിനായർ കുടുംബങ്ങളിലെ ഓണസദ്യയുടെ പ്രൗഢിയും പാരമ്പര്യവും എടുത്തു പറയുന്നു.

തെക്കൻപാട്ടുകളിൽ മിക്കവാറുംഓണസദ്യയുടെ ചിട്ടവട്ടങ്ങൾ അല്പം തമിഴ് ചുവയോടെ തന്നെവിവരിക്കുന്നു. ഡോ. തിക്കുറുശ്ശി ഗംഗാധരൻ നായരുടെ പഠനങ്ങളിൽ നമുക്ക് ഇവ വായിക്കാം. ഇന്ന് തമിഴ്നാടിന്റെ ഭാഗമായ നാഗർകോവിൽ കന്യാകുമാരി ജില്ലകളായിരുന്നു തെക്കൻ തിരുവിതാംകൂറിന്റെ സദ്യയ്ക്കാവശ്യമായ നെല്ല്, പച്ചക്കറി മുതലായവ നല്കിയിരുന്നത്. ഇന്നും തിരുവനന്തപുരത്തുകാരുടെ ഓണത്തിന് ഇലയുൾപ്പെടെ തമിഴ്നാട്ടിൽനിന്നു തന്നെയാണ്.

കുഞ്ചൻനമ്പ്യാരുടെ തുള്ളൽകൃതികളാണ് ജനകീയതയിൽ ഏറ്റവും മുന്നിലുള്ള മലയാള സാഹിത്യം. രാജാക്കന്മാരുടെയും ദേവഗണങ്ങളുടെയും കഥപറയുന്നനമ്പ്യാർ ഉദാ



ഹാരങ്ങൾക്കായി മലയാളിയുടെ അടുക്കളയിലേക്കും സദ്യപ്പുരകളിലേക്കും ഇറങ്ങിവരുന്നു. വിഭവങ്ങളുടെ ധാരാളിത്തവും പൂർത്തും ആഢംബരവും വിവരിക്കുമ്പോൾത്തന്നെ നമ്പ്യാർ ദരിദ്രകുടുംബങ്ങളിലെ സാധുക്കളുടെ ഓണസദ്യ സ്വപ്നംകാണാൻപോലും സാധിക്കാത്ത ദയനീയതാവസ്ഥകളിലേക്കും അനുവാചകരെ കൂട്ടിക്കൊണ്ടുപോകുന്നു.

തിരുവിതാംകൂറിലെ സദ്യവട്ടങ്ങളിൽ പരമപ്രധാനം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ മുറജപത്തോടാനുബന്ധിച്ചുള്ള സദ്യതന്നെയാണ്. ആഢ്യബ്രാഹ്മണർക്കുള്ള വാട്ടില സദ്യമുതൽ സാധാരണനായന്മാർക്കുള്ള പന്തിഊണ് വരെ വളരെ വിപുലമായ രീതിയിലായിരുന്നു മുറജപസദ്യ നടത്തിയിരുന്നത്. വി.ടി.ഭട്ടതിരിപ്പാടിന്റെ ആത്മകഥയിൽ ദക്ഷിണായനം എന്നഭാഗത്ത് അതിന്റെ വിശദാംശങ്ങൾ കാണാം.

'എരിശ്ശേരി, പുളിശ്ശേരി, കാച്ചിയമോര്, കരികാളൻ, കനലിൽ ചുട്ടപപ്പടം, പ്രഥമൻ എന്നിവയാണ് അത്താഴത്തിന്റെ വിഭവങ്ങൾ. എന്നാൽ മധുരക്കറിക്കാണ് ഇവിടെപ്രാധാന്യം. മുറജപ പേഷ്ക്കാരും സഹപ്രവർത്തകരും സദ്യയ്ക്കിടയിൽ പന്തിച്ചുറ്റിനടന്ന് പചിച്ച വിഭവങ്ങളുടെ അറ്റകുറ്റപ്പണികൾ പ്രത്യേകം അന്വേഷിക്കും. മാത്രമല്ല പുതിയവിഭവങ്ങൾക്ക് അഭിരുചിയുണ്ടെങ്കിൽ അറിയിച്ചാൽ പിറ്റേദിവസം അതെത്ര ദുർല്ലഭമായിരുന്നാലും ഒരുക്കിക്കൊടുക്കണമെന്നാണ് രാജകല്പന. അത്താഴം കഴിഞ്ഞെഴുന്നേല്ക്കുമ്പോൾ ഓരോരുത്തർക്കും ശർക്കര കൂട്ടിക്കാച്ചിയ അവൽപ്പൊതി വിതരണം ചെയ്യുന്നു.

പണ്ട് തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിൽ നിലനിന്നിരുന്ന പലതരം സദ്യവിശേഷങ്ങളെക്കുറിച്ച് കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട് തന്റെ ആത്മകഥയായ എന്റെ സ്മരണകളിൽ വിശദമാക്കുന്നുണ്ട്.

' പഴയ മലബാർ കൊച്ചി ദേശങ്ങളിൽ ഓണക്കാലത്ത് ഒരുദിവസം ദേശക്കാർക്കെല്ലാം സദ്യകൊടുക്കുന്ന പതിവുണ്ടായിരുന്നു. അതിന് കാണോട്ട് എന്നാണ് ഭാഷ. അവിട്ടത്തിൻ നാളോ ചതയത്തിൻ നാളോ ആയിരിക്കുമത്. ഓരോവീട്ടിൽ നിന്നും ഓരോ സ്ത്രീ പുരുഷന്മാരാണ് വരിക. എന്നാൽ അതിനു പുറമേ കുട്ടികളേയും കൊണ്ടുവരാറുണ്ട്. ഈ സദ്യയും ഒരു ദേശമര്യാദയാകുന്നു. ഒരുവിധം നിവൃത്തിയുള്ള എല്ലാ ഇല്ലക്കാരും അങ്ങനെ ചെയ്യുന്നു.'

യുദ്ധവും റേഷനിങ്ങും വന്നതോടെ ഇത്തരം ഗ്രാമീണ കൂടിച്ചേരലുകൾ അന്യം നിന്നുപോയതായി കാണിപ്പയ്യൂർ കുറിച്ചേർക്കുന്നു.

ഒന്നാം ഓണം (ഉത്രാടം), രണ്ടാം ഓണം (തിരുവോണം), മൂന്നാംഓണം (അവിട്ടം), നാലാം ഓണം (ചതയം) എന്നിവയാണ് പ്രധാനമായും ഓണസദ്യ കഴിക്കുന്ന ദിവസങ്ങൾ. ഇതിൽ അത്തം മുതൽ പത്താം ദിവസം തിരുവോണം വരെ ഇന്ന് ഓണസദ്യ ഏർപ്പാടാക്കുന്ന ഇടങ്ങളുണ്ട്. എന്നാൽ പണ്ടുകാലത്ത് ഓണസദ്യ തിരുവോണദിനത്തിൽ ഒതുങ്ങി നിന്നു. ഒരുനേരം വയറുനിറയെ ചോറുണ്ണാൻ കഴിയാതിരുന്ന ഒരുകാലഘട്ടത്തിൽവർഷത്തിൽ ഒരുദിവസം എന്തുവിലകൊടുത്തും എന്തുത്യാഗങ്ങൾ സഹിച്ചും മലയാളി നിറച്ചുണ്ടിരുന്നു. "കാണം വിറ്റും ഓണമുണ്ണണം" എന്നാണല്ലോ വയ്പ്. ഒരു വർഷത്തെ കാത്തിരിപ്പിന്റെ പരിസമാപ്തിയായിരുന്ന തിരുവോണസദ്യ. അത്തം മുതൽ പത്തായത്തിലെ നെല്ലെടുത്ത് ഉണക്കി പുഴുങ്ങി ഉണക്കി കുത്തി തവിടുകളഞ്ഞ് അരിയാക്കി തിരുവോണസദ്യയ്ക്ക് തയ്യാറെടുക്കുന്നു.

കുട്ടികളുടെയും മുതിർന്നവരുടെയും ആഹ്ലാദത്തിമിർപ്പുകളാണ് ഓണപ്പാട്ടുകളിൽപ്രതിഫലിക്കുന്നത്. ഇതോടൊപ്പം ഇല്ലായ്മകളുടെ വല്ലായ്മകളും ഇത്തരംപാട്ടുകളിൽ ഉറഞ്ഞു കിടപ്പുണ്ട്.


'അത്തപ്പത്തോണമടുത്തല്ലോ
നായരേ

ചോതി പുഴുങ്ങുവാൻ നെല്ലെവിടേ

തനിക്കൊരു പറ എനിക്കൊരു പറ

മക്കൾക്കു മൂന്നിനും മൂന്നുപറ...'

ഈ ഓണപ്പാട്ട് ഓണസദ്യയ്ക്കുള്ള നെല്ല് കിട്ടുന്നതിന്റെ ബുദ്ധിമുട്ട് വരച്ചുകാട്ടുന്നു. ഈപാട്ടുകളിലെല്ലാം പത്തായവും നെല്ലും സദ്യയും കടന്നുവരുന്നു. അതോടൊപ്പം സമ്പന്നകുടുംബങ്ങളിലെ കാരണവപ്രമാണിത്തവും ദൃശ്യമാകുന്നു.






" അമ്മാവൻ വന്നില്ല പത്തായം തുറന്നില -

എന്തെന്റെ മാവേലീ ഓണം വന്നൂ.

അമ്മായി വന്നില്ല നെല്ലൊട്ടും വച്ചില -

എന്തെന്റെ മാവേലീ ഓണം വന്നൂ.... "

ഈവരികളിൽ ഓണസദ്യയ്ക്കാവശ്യമായ വിഭവങ്ങൾ പത്തായത്തിൽസൂക്ഷിച്ചിരിക്കുന്നതിനെയും അതിനെ എത്ര കണിശതയോടെ കാരണവന്മാർ കൈകാര്യം ചെയ്തിരിക്കുന്നു എന്നും കാണാം.

ദാരിദ്ര്യത്തിൽനിന്നും പെട്ടെന്ന് ഓണസദ്യ കടന്നുവരുന്നതിലുള്ള പരിഭവംപറച്ചിലുകളും ചിലപാട്ടുകളിൽ കാണാം.

" ഊഞ്ഞാലേ മക്കാണീ-

ഉരിയനെല്ലേ പാച്ചോറേ

ഉണ്ടുണ്ടേ ഇരിക്കുമ്പം

ഓണം വന്ന മുട്ടട്ടെ... "

അതുപോലെ ഓണക്കാലത്തെ സ്ത്രീകളുടെ വിനോദമായ തുമ്പിതുള്ളലിന് പാടുന്ന പാട്ടുകളിലും സദ്യവട്ടങ്ങൾകടന്നുവരുന്നു.

" ഒന്നാനാം കൊച്ചുതുമ്പീ എൻെറ കൂടെ പോരുമോ നീ

നിന്റെ കൂടെ പോണെന്നാൽ എന്തെല്ലാം തരുമെനിക്ക് ..."

എന്നു ചോദിക്കുമ്പോൾ തുമ്പിവാദാനം ചെയ്യുന്ന പലതരങ്ങളിൽ പ്രധാനം സദ്യയുള്ളതാണ്.

"ഇട്ടിരിപ്പാൻ പൊന്തടുക്ക്

ഇട്ടുണ്ണാൻ പൊന്തളിക

കൈകഴുകാൻ കൊച്ചുകിണ്ടി

കൈതോർത്താൻ പുള്ളിപ്പാട്ട്.... "

എന്നിങ്ങനെ.

ഉത്രാടപ്പാച്ചിൽ എന്നൊന്നുണ്ടല്ലോ. അത് പ്രധാനമായും തിരുവോണസദ്യയ്ക്കുള്ള പരക്കംപാച്ചിലായിരുന്നു. അടുത്ത വീടുകളിൽ സദ്യയൊരുക്കുമ്പോൾ "തേങ്ങയുടക്കാൻ കഴിഞ്ഞില്ലെങ്കിൽ ചിരട്ടയെങ്കിലും" ഉടച്ചിരുന്ന വീടുകൾപോലും ഉത്സാഹത്താൽ തിരക്കിടുന്ന ഉത്രാടത്തിൽ. ഉത്രാടരാത്രിയിൽ സ്ത്രീകൾഉറങ്ങാറില്ല. എല്ലായിടവും സദ്യയുണ്ടാക്കുന്ന തിരക്കിലായിരിക്കും. എല്ലാവീട്ടുകളിൽനിന്നും ആസ്വാദ്യകരമായ രുചിക്കൂട്ടുകളുടെമണവും. അതിൽ പ്രധാനം ഇഞ്ചിവറുക്കുന്നതിന്റെ മണംതന്നെയാണ്.

സിനിമാഗാനങ്ങളിലേതുപോലെ

"ഉശനിലമുറിച്ചുവച്ച് തുമ്പപ്പൂ ചോറു വിളമ്പി

ആശിച്ച കറിയെല്ലാം വിളമ്പിവച്ച്..."


വീട്ടിലെ സ്ത്രീകൾ തിരുവോണ സദ്യയൊരുക്കി കുടുംബാംഗങ്ങൾക്ക് വിളമ്പിനല്കി നിർവൃതിയടയുന്നു.

ഇഞ്ചി, കടുമാങ്ങ, മാതളനാരങ്ങാക്കറി, തൈര്കിച്ചടി, മാങ്ങാപ്പച്ചടി, വാഴക്കുമ്പ്തോരൻ, അവിയൽ, ചെറുപയർകാളൻ, മധുരക്കൂട്ടുകറി, കുമ്പളങ്ങാഓലൻ തുടങ്ങിയഎല്ലാ ഓണക്കറികളും പ്രാദേശികമായിലഭിക്കുന്ന പച്ചക്കറികളും കിഴങ്ങുകളും ഉപയോഗിച്ചാണ് ഉണ്ടാക്കുന്നത്. ഇലയുടെ തുമ്പ് ഇടതുഭാഗത്തുവരത്തക്കവണ്ണം തറയിൽ ഇട്ട് അതിൽ ഇടതുഭാഗത്തുനിന്നും ക്രമത്തിൽ ഇഞ്ചിമുതലുള്ള വിഭവങ്ങൾ വിളമ്പുന്നു. വറുത്തുപ്പേരി, ചെറുപഴം, പപ്പടം എന്നിവയും വിളമ്പിയശേഷം തടുക്ക വിരിച്ച് അതിൽ കുടുംബത്തിലെ മുതിർന്നവരും കുട്ടികളും ഉൾപ്പെടെഎല്ലാവരും ഒന്നിച്ചിരുന്ന് ഓണസദ്യ കഴിക്കുന്നു. പുഴുക്കലരിയുടെ ചോറ് അതിൽ വറുത്തുടച്ച ചെറുപയറിന്റെ പരിപ്പുകറി അതിൽ കുറച്ച് പശുവിൻനെയ്യ് എന്നിവ ചേർത്തുകഴച്ചുള്ള ആദ്യവട്ടം ഊണ്. അതിനുശേഷം സാമ്പാറുകൂട്ടി രണ്ടാമതും ഉണ്ടതിനുശേഷം ഇലയിൽ അരിയടപായസം വിളമ്പുന്നു. പായസത്തിനുള്ള അടവീട്ടിൽത്തന്നെ തയ്യാറാക്കുന്നതാണ്.

പിന്നീട് പുളിശ്ശേരി, രസം, മോര്എന്നിവ അല്പം ചോറിനോടൊപ്പം കൂട്ടി കഴിക്കുന്നതോടെ ഓണസദ്യകഴിഞ്ഞു. മുതിർന്നവർ വെറ്റിലമുറുക്കിലും മറ്റും ഏർപ്പെടുമ്പോൾ സ്ത്രീകളും കുട്ടികളും മറ്റു വിനോദങ്ങളിൽ ഏർപ്പെടുന്നു. ഒരുവർഷത്തെ അദ്ധ്വാനവും വിയർപ്പും ദുഃഖവും സന്തോഷവും ഒന്നിച്ച്പങ്കുവയ്ക്കപ്പെടുന്നതിന്റെ മധുരസ്മരണയാകുന്നു ഓരോ തിരുവോണസദ്യയും.

# AKPCTA@60

**R PremKumar**



AKPCTA celebated its diamond jubilee last year: at the same time I also completed 30 years as a memebr of AKPCTA. On this occasion, I wish to make a humble attempt to remember some of the leaders who have influenced me during this time. As I belong to S.N. College, most of these names must be that of the teachers who worked with me.


I joined as a Junior Lecturer at S.N. College, Chempazhanthy on 4-01-1988 and I became a member of AKPCTA one hour after signing the attendance register; it happened because Prof. L.G.Varghese returned from his class after the first hour. LGV, as he is affectionately called, made me feel at home immediately and introduced me to all the comrades. Even though we worked together only for six months, it was the beginning of a long friendship. Incidentally, LGV became the State President of AKPCTA for one year. I also remember my association with Prof. Raveendran (Senate member), Prof. Devarajan, Prof. Raju (who unfortunately passed away some years ago) and Prof. Jayaraj Kumar who was my first branch Secretary.

Six months into my service, there was a mass transfer which resulted in the entry of Prof. T.K. Levan and K.Monachan to Chempazhanthy; both of them have remained lifelong friends. It was Prof. Levan who took care of processing my application for approval and followed it up at the University. During the six months we worked together, I accompanied him several times to the old AKPCTA Office at Ambujavilasom Road where he was staying. I was able to meet leaders like Prof. Narendran, Prof. Raman Pilla, Prof.S. Viswanathan and Prof. K.P. Divakaran Nair during such meetings. Again it is through Levan Mash, that I gained the friendship of people like Prof. K. Sasidharan and Prof. P.S.Feroze. It was a period of intense legal activity for most of these leaders which resulted in the implementation of inter-University transfer norms (Section 64 for Kerala and Calicut University). Those teachers working in the corporate colleges should be indebted to the work by some of the leaders from S.N.Colleges, especially to the stellar contribution made by Prof. S.Sudhish.

When Section 64 was implemented, I got transferred to S.N. College, Shoranur where I joined in January 1989. Here I came under the influence of people like Prof. K.U.Arunan(now an MLA), Prof. M.F.Thomas and Prof. D.Neelakantan. One month later, I became AKPCTA Branch Secretary there. One year later, I got transferred to S.N.College, Kannur where I spent the next two years. Here I got a chance to work in the company of leaders like Prof. A.M. Krishnan, Prof. Levan, Prof. K.Sasidharan who later became State President, Prof. Feroz and Prof. I.G.Shibi. I feel that Prof. Shibi has been the best Branch Secretary I ever had.

As per the inter-University transfer norms, I was transferred to S.N. College, Punalur in June 1992. Here I came under the influence of Prof. Haridasan who was then Secretary of Kollam District Committee. He

served for two terms as Senate member and for three years as KU Area Secretary. We all turn to him for advice on service matters even now. While working at Punalur, I got a chance to participate in the two day fast organised by AKPCTA S.N. Cordination Council in front of the office of S.N.Trusts demanding the implementation of intra-Univeersity transfer norms. It was an unforgettable experience where I got the lifelong friendship of many leaders like Prof. K. Mohanakumar(Syndicate member and General Secretary for two years apart from being Treasurer and KU Area Secretary), Prof. K.Vijayadharan (Senate member twice and KU Area Secretary for five years), Prof. K.Sreevalsan (General Secretary thrice apart from being Treasurer and KU Area Secretary) and Prof. M.S.Vasanthakumar (Sambasivan-Senate member) who have remained great friends.




When the management of S.N.Colleges was forced to implement the intra-University transfer norms, I got transferred to S.N.College, Kollam in April 1993 where I have remained working till date. I have been a branch Secretary here for six years. I also got the opportunity to work as District Secretary and District Treasurer for three years each. I was also elected as a memer of the Academic Council of Kerala University representing English. But above all, I have been previleged to be a member of AKPCTA State Council for 25 years. All this would not have been possible without the role played by some of these leaders. I must also mention the name of Prof. T. Gopalakrishnan (AKPCTA General Secretary and Syndicate member) who had influenced all the leaders that I remembered.



# അങ്ങനെയിരിക്കെ

അങ്ങനെയിരിക്കെ
വർഷങ്ങൾക്കുശേഷം
പെട്ടെന്ന് പൊലിഞ്ഞുപോകും ഞാൻ....
അതുവരെ ചുറ്റിപ്പിടിച്ച ബന്ധങ്ങളെല്ലാം
പുഞ്ചിരിയോടെ അഴിച്ചുവച്ച്
മരണക്കിടക്കയിൽ നിന്നെഴുന്നേറ്റ്
വെക്കം നിന്റെ വീട്ടിലേക്ക്
കണ്ണിക്കുണ്ടുവഴിയേ
അപ്പോൾ ഞാനൊരോട്ടമുണ്ട്....

വഴിവക്കിലെ മരങ്ങളിലേക്കു ഞാനുകയറി,
കവരങ്ങളിൽ നിന്നു കവരങ്ങളിലേക്ക് എത്തിപ്പിടിച്ച്,
നിന്റെ വീടിനു മുന്നിലെ
മതിലിലേക്ക് ചാഞ്ഞ
ചാമ്പമരച്ചില്ലവരെയെത്തി
മുറ്റത്തേക്ക് വലിഞ്ഞിറങ്ങുന്നതിനിടെ
പൊത്തോയെന്ന് താഴെവീണ് പുറത്ത് മണ്ണുപറ്റും....

ഉടൻ പിടഞ്ഞെണീറ്റ്
മുറ്റത്ത് കരഞ്ഞുകൊണ്ടിരിക്കുന്ന
നിന്റെ കെട്ടിയോളെ നോക്കി,
"ഇത്രകാലം കൂടെക്കഴിഞ്ഞില്ലേ
എന്തിനിത്രകരയാനിരിക്കുന്നു"വെന്ന് ചിറികോട്ടിപ്പുച്ഛിച്ച്
അകത്തെ മുറിയിൽ
ആൾവട്ടങ്ങൾക്ക് നടുവിലെ കിടക്കയിൽ
തളർന്നുകിടക്കുന്ന നിന്റെയടുത്തെത്തും...!

അബോധത്തിലാണ്ടുപോയ നിന്നെ
മരണം എനിക്ക് പണിഞ്ഞുതന്ന
സുതാര്യമായ ചില്ലുവിരൽകൊണ്ട്
ഞാൻ തൊട്ടുവിളിക്കും...
കണ്ണു തുറക്കാതെ തന്നെ
നിന്റെ കണ്ണുകളിൽ നിന്ന് രശ്മികൾ
പൊടുന്നനെ എന്നിലേക്ക് പുറപ്പെടും....

പണ്ടേറെ യാത്രകളിൽ
നീയുറിയുറിച്ചുവിട്ടിട്ടോരെൻ ചുണ്ടുകളെ
മരണം കൈതൊട്ടു കരിവാളിപ്പിച്ചതു
കണ്ടാകും നിൻ കോട്ടിച്ചിരി.
നീ വിളിച്ചുപോന്ന എൻപേര്
നിന്റെ നാവിന്നടിയിൽ
അപ്പോൾ പിടയ്ക്കും മീനാകും..

**ദീപ നിശാന്ത്**
ശ്രീകേരളവർമ്മകോളേജ്, തൃശ്ശൂർ



മീനിൻ പിടപ്പുകണ്ട്
നിന്റെ മക്കളുടെ മക്കൾ
നീ മരണത്തിലേക്ക് ഉഴലുകയാണെന്ന് കരുതി
നാവ് നനച്ചതാകാം...
നമ്മൾ ആദ്യമായി ചുണ്ടുകോർത്ത്
നിന്നതിന്റെ തുടർച്ചയെന്നപോലെ
തെല്ലുമാറിനിന്ന് അലിവോടെ
കണ്ണുനിറഞ്ഞ്
എന്നെ നോക്കിയ
ഒരു നോട്ടമില്ലേ,
അതേ നോട്ടമോടെ
ഒരേകിടപ്പാകാം നീ...

പൊടുന്നനെ നീ കൈപൊക്കുന്നത്
എന്നെ തൊട്ടതാകുന്നു!
നെഞ്ചിലേക്ക് നീ കൈതാഴ്ത്തുന്നത്
എന്നെ വലിച്ചടുപ്പിച്ചതാകുന്നു!
ശ്വാസംമുറുകി നീ കുറുകുന്നത്
മുഖദാവിൽ
സംസാരിച്ചതാകുന്നുവെന്നും
എനിക്കു മാത്രമേ അറിയൂ...
എനിക്കിനിയാരാണോയുള്ളതെന്ന
പൊട്ടിക്കരച്ചിൽ
നിന്റെ കെട്ടിയോൾ
മുറ്റത്തുനിന്ന് മുഴക്കാനായി
ഖേദപൂർവ്വം തൊണ്ട കനപ്പിച്ചുതുടങ്ങുന്നതോടെ
നീ എഴുന്നേറ്റ്
കട്ടിലിനടിയിൽ
ചില്ലുവള്ളികളുള്ള
സുതാര്യമായ ചെരുപ്പ് തപ്പിത്തുടങ്ങും..

തുടർന്ന്,
നമ്മൾ ബസ്സ്റ്റാൻഡിലേക്ക് നടക്കും.
വഴിവക്കുകളിൽ അലസം നില്ക്കും.
ബസ് സ്റ്റാൻഡിൽ കാത്തുനിന്ന പഴങ്കഥ
വീണ്ടും കേൾക്കും...
അവസാനമായി കണ്ടുപിരിഞ്ഞയിടത്തെ
മാറ്റങ്ങളെല്ലാം
മത്സരിച്ച് കണ്ടുപിടിക്കും...
മക്കൾ പഠിച്ച കലാശാലകളിലേക്ക് വിരൽ ചൂണ്ടും...
മക്കളുടെ മക്കൾ പഠിച്ച പ്ളേസ്കൂൾ പടിക്കൽ
മക്കളുടെ മക്കളെപ്പോലെതന്നെ
എന്നോടു ചിണുങ്ങുമല്ലോ നീ..

ഇങ്ങനെ
ഏറെവർഷപ്പഴക്കങ്ങളെല്ലാം
നമ്മൾ
മാറിമാറി പുതുക്കിപ്പണിയും.
അപ്പോഴേക്കും വീട്ടിൽ
എന്റെ ശവമടക്കും കഴിഞ്ഞിട്ടുണ്ടാവും.

ഞാൻ ചെയ്തുപോയ പൊള്ളയും ശൂന്യവുമായ
ഒത്തിരിയൊത്തിരി കാര്യങ്ങൾ സംസാരിച്ച്
ആരൊക്കെയോ
എന്റെ വീട്ടുമുറ്റത്തുണ്ടാവും...
മക്കൾ സോപ്പുതേച്ച്
എന്റെ കൈവളകൾ അഴിച്ചും
മാല കൊളുത്തകത്തിയും എടുത്തുമാറ്റിയിട്ടുണ്ടാകും..
വളകളുടെ വഴക്കൽകണക്കെ
മാലയുടെ കൊളുത്തുകണക്കെ
ഒരുനാൾ ഞാൻ കൊണ്ടുനടന്ന തീരാബന്ധങ്ങളെല്ലാം
ഊർന്നകലുന്നത്
അന്നേരം
നിന്നെ ഞാൻ ചൂണ്ടിക്കാണിക്കുമല്ലോ...

വീട്, അച്ഛൻ, അമ്മ, അമ്മാവന്മാർ
കറുപ്പ്, വെളുപ്പ്, ജാതി, പണം
ഇതൊന്നും എന്നോ നിന്നോ
ഇനിയങ്ങോട്ട് തൊടാനാകില്ലല്ലോ...?
നിന്റെ സംസ്കാരം ഇതാ, ഇടങ്ങി!

എന്റെമാത്രമെന്റെമാത്രമെന്ന-
ഞാനെത്രവട്ടം പറഞ്ഞ
നിന്റെ ദേഹം
ശവക്കുഴിക്കുള്ളിലേക്ക്
ഒറ്റയ്ക്കുപോണപോക്കുകണ്ട്
ഞാനും അലറിവിളിക്കും...
ഞാൻ മരിച്ചടക്കപ്പെട്ടെങ്കിലും
നിന്റെ മരിച്ചടക്കം
എങ്ങനെ സഹിക്കും ഞാൻ??

പിന്നെപ്പിന്നെ
കാലങ്ങൾ പോകുന്നത്
നമ്മൾ അറിയാതാകും.
ഇടയ്ക്കിടെ
നാട്ടിൽ പോയി
തിരിച്ച്
മണ്ണിനടിയിലൂടെ ഞാൻ
നിന്റെ കഴിമുറിയിലേക്ക് നീന്തിത്തുടിക്കും.

മഴ പിളർന്നുപെയ്യുകയാണ്
പുല്ലുകൾ വളർന്നുപുളയുകയാണ്
നമ്മുടെ ഒടുക്കത്തെ കിടപ്പിനുമേൽ.
വിജനമായ ഒഴിവിടങ്ങളിൽ
അമരുകയും
കെട്ടിപ്പുണരുകയും
കടന്നുപിടിക്കുകയും
ചെയ്യുന്ന
പുൽനാമ്പുകൾ.

കണ്ണുങ്ങളേ,
നിങ്ങളെന്തിനിങ്ങനെ
മിഴിച്ചുനോക്കുന്നു
ഞങ്ങളെ?



# മുടിനാരേഴായ് കീറീട്ട്...

## കെ.ടി.യുടെ നാടകഗാനങ്ങൾ

**ഡോ. എൻ. രേണുക**
എൻ.എസ്.എസ്. കോളേജ്
ചേർത്തല



വ്യവസ്ഥാപിതമായ എന്തിനോടും കലഹിച്ചുകൊണ്ട്, സ്ഥലകാലബദ്ധമായി ജീവിക്കുകയും ജീവിതം തന്നെ ആവിഷ്കാരമാക്കി പരിവർത്തിപ്പിക്കുകയും ചെയ്യുന്നവരിൽ മനുഷ്യനെക്കുറിച്ചുള്ള സ്വപ്നങ്ങളും ആകുലതകളുമുണ്ട്. യുക്തിയുടെ വിചാരമാതൃകകളിലൂടെ മനുഷ്യൻ, മാനവികത എന്നുരുവിട്ടുകൊണ്ട് സഞ്ചരിച്ച കെ.ടി. മുഹമ്മദ് എന്ന കലാകാരൻ ആത്യന്തികമായി സാമൂഹിക പരിഷ്കർത്താവായിരുന്നു. നവോത്ഥാനഘട്ടത്തിനുശേഷവും കേരളീയരുടെ മതസങ്കല്പങ്ങളിൽ വലിയ മാറ്റമൊന്നും വന്നിട്ടില്ല എന്നു വേദനയോടെ തിരിച്ചറിഞ്ഞ റിബൽ തന്നെയായിരുന്നു കെ.ടി. മുഹമ്മദ്. ചെറുകഥ, നോവൽ, നാടകം, തിരക്കഥ, സംഗീതരചന, സംഗീതസംവിധാനം എന്നിങ്ങനെ എഴുത്തിന്റെ ഭിന്നമേഖലകളിൽ കെ.ടി. ഇടപെട്ടിട്ടുണ്ട്. ഇസ്ലാം സമുദായത്തിനുള്ളിൽ നിലനിന്നിരുന്ന കാലോചിതമല്ലാത്ത അനുഷ്ഠാനപദ്ധതികളെയും ജീവിതശൈലികളെയും സ്ത്രീപുരുഷബന്ധങ്ങളെയും പാതി നിരാകരിച്ചും നർമ്മംകൊണ്ടു വിമർശിച്ചും മനുഷ്യത്വംകൊണ്ട് നവീകരിച്ചും കെ.ടി. തന്റെ രചനകളെ ഭൂമിയുടെ സൃഷ്ടികളാക്കി മാറ്റി. അനേകം മാപ്പിളപ്പാട്ടുകളും നാടകങ്ങളും കെ.ടി. എഴുതിയിട്ടുണ്ട്. അവയ്ക്ക് ഈണം പകർന്നിട്ടുണ്ട്. ഗാനരചനയുടെയും സംവിധാനത്തിന്റെയും പ്രേരണകളിൽ ഏകാന്തമായ അലച്ചിലുകളോ ആത്മദുഃഖങ്ങളോ ഉണ്ടായിരുന്നില്ല എന്ന് അവയിലൂടെ കടന്നുപോകുമ്പോൾ മനസ്സിലാകും.



കെ.ടി. മുഹമ്മദിന്റെ ലോകബോധം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുവാൻ അദ്ദേഹത്തിന്റെ നാടകഗാനങ്ങൾ പ്രാപ്തമാണ്.

പാട്ടെഴുത്തിന്റെ അനുഭവങ്ങളിലൂടെ കടന്നുപോകുന്ന ഒരു കലാകാരന് അപരിചിതമായ ഭാവമേഖലകളിലൂടെ സഞ്ചരിക്കേണ്ടിവരും. അങ്ങനെ, പാട്ടെഴുത്തുകാരനായ കെ.ടി. മുഹമ്മദിനെയാണ് 'മുടിനാരേഴായ് കീറീട്ട്' എന്ന സി.ഡി.യിൽ വി.ടി. മുരളി അവതരിപ്പിക്കുന്നത്. പത്തുപാട്ടുകളിൽ ഒന്നും മറ്റൊന്നിന്റെ ആവർത്തനമല്ല. എം.എൻ. കാരശ്ശേരിയുടെ സമഗ്രമായ പരിചയപ്പെടുത്തലുകളിൽ പറയുന്നതുപോലെ സമൂഹസ്വപ്നങ്ങളുടെയും പ്രണയബോധത്തിന്റെയും നാടോടിഭാവനകളുടെയും ഭിന്നമുഖങ്ങൾ അതിൽ അനുഭവിക്കാനാകും. ജനാധിപത്യമൂല്യങ്ങളിൽ അധിഷ്ഠിതമായ മതവ്യാഖ്യാനങ്ങളായി ആ പാട്ടുകളെ കണക്കാക്കാനാകും. അഭയമാകേണ്ട മതം മനുഷ്യനു നേരെ ഉയർത്തിയ വിഭാഗീയതയുടെ കുന്തകോട്ടകളെയാണ് കെ.ടി. വിമർശിച്ചത്. കെ.ടി. മുഹമ്മദിന്റെ ഗാനങ്ങളാണെന്നറിയാതെ തന്നെ മനസ്സിൽ പതിഞ്ഞുപോയ ഈണങ്ങളും വരികളുമുണ്ട്. മലയാളിയുടെ അബോധത്തെയും ഈണങ്ങളുടെയും താളങ്ങളുടെയും സംക്രമണസ്വഭാവത്തെയും കൃത്യമായി മനസ്സിലാക്കിയ എഴുത്തുകാരൻ കൂടിയായിരുന്നു കെ.ടി. ഇതു ഭൂമിയാണ്, കാഫർ, പെൻഡുലം തുടങ്ങിയ നാടകങ്ങൾക്കുവേണ്ടി രചിക്കപ്പെട്ട ഗാനങ്ങളിലും മാപ്പിളപ്പാട്ടുകളുടെ ഛായ നിഴലിച്ചിട്ടുണ്ട്. കെ.ടി.യുടെ ഗാനങ്ങൾക്കെല്ലാം ചലനത്തിന്റെയോ മുദ്രാവാക്യങ്ങളുടെയോ ആഹ്വാനത്തിന്റെയോ തേടലിന്റെയോഉദ്ബോധനത്തിന്റെയോ സ്വഭാവമുണ്ട്. 'പ്രബോധനം ചെയ്യുക' എന്നാൽ സർഗാത്മകതയുടെ അനേകം അടരുകളിലൂടെ സഞ്ചരിക്കുകയാണെന്ന് കെ.ടി. തെളിയിക്കുകയായിരുന്നു. അന്ന് ഞാനന്തിക്ക് ചന്തക്കു പോകുമ്പം, ആദ്യത്തെ നബിയാണാദം, മുടിനാരേഴായ് കീറീട്ട്, കണ്ണീരണിഞ്ഞു നോക്കുന്നതാരുടെ നേരെ, അയലത്തെ വീടിന്റെ പടിവാതിൽക്കൽ ഇരുമിഴിപ്പൂക്കൾ വിടർന്നപ്പോൾ, പച്ചയെന്ന പദത്തിനർത്ഥം എന്തുണ്ടെന്നോ, ഭാഗ്യമെന്ന സുന്ദരിപ്പെണ്ണിന്റെ കളിചിരി കണ്ടിട്ടല്ലേ, താമരപ്പൂങ്കാവനത്തിൽ താമസിക്കുന്നോളേ, കയിലുകൾ പിടിക്കണ കൈകളുണ്ടയാണ്, തെളിയട്ടെ വിളക്കുകൾ എന്നീ ഗാനങ്ങളിൽ പൊതുവായ ചില സങ്കല്പങ്ങൾ ഉണ്ടെങ്കിലും ഓരോ ഗാനവും അതിന്റെ ഈണം കൊണ്ടും ഭാവങ്ങൾ കൊണ്ടും അനന്യമാണ്. സൂക്ഷ്മമായ രാഷ്ട്രീയാർത്ഥമുള്ളവയാണ്. കെ.ടി.യുടെ ഗാനങ്ങളുടെ ജനകീയതയ്ക്ക് അടിസ്ഥാനവും അതുതന്നെയാണ്. 'ദേശീയത'യിൽ എന്തെല്ലാം ഉൾപ്പെടും എന്നൊരു ചോദ്യം ഇന്നും ഈ ഗാനങ്ങൾ മുമ്പോട്ടുവെയ്ക്കുന്നുണ്ട്. ഭൂഭാഗചാരുതകൾ, മതം, പ്രണയം, സ്ത്രീപുരുഷ ബന്ധങ്ങൾ, ഭാഷ എന്നിവയെക്കുറിച്ചെല്ലാം സാർവ്വലൗകികമായ സങ്കല്പങ്ങൾ കെ.ടി. പുലർത്തിയിരുന്നെങ്കിലും ഗാനങ്ങൾ തദ്ദേശീയമായ ഭാവനകളുടെയും ഭാഷാഭേദത്തിന്റെയും സൃഷ്ടികളാണ്. കേരളത്തിന്റെ, വിശേഷിച്ച് മലബാറിന്റെ സാംസ്കാരിക ഭൂമിശാസ്ത്രവുമായാണ് അവയ്ക്ക് ബന്ധമുള്ളത്. നാട്ടുമൊഴികളുടെ ലാളിത്യവും സൗന്ദര്യവുമാണ് പലപ്പോഴും ഈണമായും താളമായും നിശ്ശബ്ദതയുമായൊക്കെ ഗാനങ്ങളിൽ പടരുന്നത്. കെ.ടി. മുഹമ്മദ് തന്റെ ഗാനങ്ങളിൽ ഉപയോഗിക്കുന്ന ബിംബങ്ങൾക്ക് മലയാളിയുടെ ദേശകാലങ്ങളുമായി ഗാഢമായ ബന്ധമുണ്ട്. വാക്കുകൾ കൊണ്ടും പദഘടനകൊണ്ടും കെ.ടി. സൃഷ്ടിച്ച ദൃശ്യഭാവനകളുടെ പരമ്പരയിൽ അനേകം എഴുത്തുരൂപങ്ങളും ആവിഷ്കാരമാധ്യമങ്ങളും പങ്കുചേരുന്നുണ്ടെന്ന് പറയാം. പഴയകാല സിനിമാഗാനങ്ങൾക്കു സൃഷ്ടിക്കാൻ സാധിച്ച ദൃശ്യബോധത്തിന്റെയും സമാന്തരലോകങ്ങളുടെയും ഒരു തുടർച്ച കെ.ടിയുടെ ഗാനങ്ങളിൽ കണ്ടെത്താം. അറബിമലയാളത്തിന്റെ ഹൃദയഹാരിയായ പ്രയോഗവിശേഷങ്ങളും സംബോധനകളും പ്രണയബിംബങ്ങളും കെ.ടി.യുടെ ഗാനങ്ങളിൽ അപൂർവ്വമായും അദൃശ്യമായും വരുന്നുണ്ടെന്നത് നിരാകരിക്കാനാവില്ല. ചിരപരിചിതമായ ഗ്രാമീണബിംബങ്ങളും പദങ്ങളും തന്നെയാണ് കെ.ടി.


**യുക്തിയുടെ വിചാരമാതൃകകളിലൂടെ മനുഷ്യൻ, മാനവികത എന്നുരുവിട്ടുകൊണ്ട് സഞ്ചരിച്ച കെ.ടി. മുഹമ്മദ് എന്ന കലാകാരൻ ആത്യന്തികമായി സാമൂഹിക പരിഷ്കർത്താവായിരുന്നു. നവോത്ഥാനഘട്ടത്തിനുശേഷവും കേരളീയരുടെ മതസങ്കല്പങ്ങളിൽ വലിയ മാറ്റമൊന്നും വന്നിട്ടില്ല എന്നു വേദനയോടെ തിരിച്ചറിഞ്ഞ റിബൽ തന്നെയായിരുന്നു കെ.ടി. മുഹമ്മദ്.**



ഉപയോഗിച്ചത്. 'അന്നൊരുനാളിൽ ചന്തയ്ക്ക് പോകുമ്പോ ചന്തമേറുന്നൊരു പെണ്ണ്' എന്ന ഗാനത്തിൽ പരിചിതമായ എത്രയോ താളിത ബിംബങ്ങളും കസൃതിപ്രയോഗങ്ങളുമുണ്ട്. പച്ചത്തത്ത, പോരാളിപ്പെണ്ണ്, തട്ടമെടുത്തുമുഖം മറച്ചുനിന്ന പെണ്ണ്, അന്നനട.... എന്നിട്ടും ആപാട്ട് മോഹിപ്പിക്കുന്ന പ്രണയഗാനമായി മാറുന്നു. "കരളിന്മേൽ ഊഞ്ഞാലു കെട്ടുന്ന പെണ്ണ്" എന്ന ഒറ്റ പ്രയോഗത്തിലൂടെ... ഒരു കാലഘട്ടത്തിന്റെ പ്രണയസങ്കല്പങ്ങളാണ് ഇതിലൂടെ അനാവൃതമാകുന്നത്. സംഗീതാത്മകമായും ധ്വന്യാത്മകമായും പദങ്ങൾ സംവിധാനം ചെയ്യുന്ന 'ഗാനരചന'യുടെ രീതിശാസ്ത്രം കെ.ടി. തിരിച്ചറിഞ്ഞിരുന്നു. മലയാളിയുടെ ദൃശ്യ-ശ്രാവ്യ സംസ്കാരത്തിൽ ലയിച്ചുചേർന്ന ഗാനധാരകളുടെയും ബിംബങ്ങളുടെയും മറ്റൊരു മുഖമാണ് കെ.ടി.യുടെ ഗാനങ്ങൾ സൃഷ്ടിച്ചത്. 'കൺകളാൽ കാണാൻ കഴിയാത്ത കാര്യങ്ങൾ ഈ ദുനിയാവിലുണ്ടെന്നും അത് ഖൽബുകൊണ്ടറിയാമെന്നും' കെ.ടി. എഴുതുന്നുണ്ട്. പ്രണയത്തിന്റെ പ്രതിഫലനമായി മാറുന്ന വഴികൾ. 'അയലത്തെ വീടിന്റെ പടിവാതിൽക്കൽ ഇരുമിഴിപ്പൂക്കൾ വിടർന്നപ്പോൾ' പാട്ടിലെ 'മിഴികളിൽ പൂത്തിരി കത്തുന്ന ആ പെൺകൊടിയാളതിൽ തെളിയുന്നു' വരിയിൽ സംഗീതരചനയുടെ സാങ്കേതികവും ഭാവപരവുമായ സവിശേഷതകൾ ഉള്ളടങ്ങിയിട്ടുള്ളതായി അനുഭവപ്പെടുന്നുണ്ട്. കാവ്യബിംബങ്ങളുടെ ധർമ്മവും ഇതുതന്നെയാണ്. ചില സവിശേഷമായ പ്രയോഗങ്ങളിലൂടെ എത്തിച്ചേരാൻ സാധിക്കുന്ന ഭാവനയുടെ ആകാശങ്ങൾ, അപരലോകങ്ങൾ... അനുഭൂതികളുടെയും കാഴ്ചകളുടെയും ആത്മബോധത്തിന്റെയും സമാന്തരലോകം അനാവൃതമാകുന്നു. ഗാനരചയിതാവിന്റെ ഭാവനകളുടെ പൂർത്തീകരണം നടക്കുന്നത് ആസ്വാദകരിലാണ്. ഒരുതരം ഹൃദയസംവാദത്തിന്റെ, ഉടമ്പടിയുടെ ഭാഷ... ഗാനരചനയുടെ രസതന്ത്രം കെ.ടി.യിൽ പ്രവർത്തിച്ചിരുന്നു. ആ ലോകത്തിൽ പ്രണയഗീതികൾ, ഗ്രാമീണചാരുതകൾ, നരകഭാവനകൾ, അപരലോകസങ്കല്പങ്ങൾ, മതവിശ്വാസങ്ങൾ, സ്ത്രീപുരുഷബന്ധങ്ങൾ, നർമബോധം എന്നിങ്ങനെ തദ്ദേശീയമായ ചരിത്രബോധമായി പരിണമിക്കുവാൻ തക്കവിധം അവയിൽ മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം ശക്തമായിരുന്നു. സെമിറ്റിക് മതസംസ്കാരത്തിന്റെ അപരിചിതവും കർക്കശവുമായ നിയമങ്ങളെയും ശീലങ്ങളെയും നാടൻഭാവനകളിലേക്ക് സംക്രമിപ്പിച്ച്. വശ്യമായ ഈണങ്ങളിലൂടെയും താളങ്ങളിലൂടെയും പ്രണയാർദ്രമായ ജനകീയമുഖം ഇസ്ലാമിന് നൽകുന്നതിൽ കെ.ടി.യുടെ ഗാനങ്ങൾ വഹിച്ച പങ്ക് ചെറുതല്ല.

ആദിപാപത്തിന്റെ വിത്തുവിതച്ച സ്ത്രീ നൂറ്റാണ്ടുകളിലൂടെ പാപഭാരം പേറി നടക്കുവാൻ വിധിക്കപ്പെടുകയാണ്. മതവും പുരുഷാധിപത്യവും ഒരുപോലെ അടിച്ചമർത്തിയ സ്ത്രീവർഗത്തെക്കുറിച്ച് ആരും ചിന്തിക്കുന്നില്ല. അവർ ഒരിക്കലും മോചനം അർഹിക്കുന്നില്ല എന്നും അവരുടെ ശാരീരികമായ അവസ്ഥാന്തരങ്ങൾക്കും ദുരിതങ്ങൾക്കും എല്ലാം കാരണം 'ഇബ്‌ലീസ്' ആണെന്നും പറഞ്ഞു പറഞ്ഞ് വിശ്വസിപ്പിക്കുന്ന ഒരു സമുദായത്തെ ഉപഹാസ്യാത്മകമായി ചിത്രീകരിക്കുന്ന 'ആദ്യത്തെ നബിയാണാദം' എന്ന ഗാനവും 'കയിലുകൾ പിടിക്കണ കൈകളുണ്ടുയരണ്' എന്ന ഗാനവും സ്ത്രീപാനത്തെ സംബന്ധിച്ചിടത്തോളം വലിയ പ്രസക്തിയുള്ളവയാണ്. നിരുത്തരവാദിയായ പുരുഷൻ, നൂറ്റാണ്ടുകളായുള്ള ചൂഷണം തടവറയായി മാറുന്ന മതം, പീഡാജനകമായിത്തീരുന്ന ശരീരം, കറുത്ത കയിലുകളും കറുത്ത അടുക്കളകളും എല്ലാം ഉപേക്ഷിച്ച് സ്ത്രീകൾ ഇരുട്ടുകളിലേക്ക് ആത്മബോധത്തോടെ സഞ്ചരിക്കുന്ന കാലത്തെയാണ് കെ.ടി. വിഭാവനം ചെയ്തത്. 'ഇത്

**പഴയകാല സിനിമാഗാനങ്ങൾക്കു സൃഷ്ടിക്കാൻ സാധിച്ച ദൃശ്യബോധത്തിന്റെയും സമാന്തരലോകങ്ങളുടെയും ഒരു തുടർച്ച കെ.ടിയുടെ ഗാനങ്ങളിൽ കണ്ടെത്താം. അറബിമലയാളത്തിന്റെ ഹൃദയഹാരിയായ പ്രയോഗവിശേഷങ്ങളും സംബോധനകളും പ്രണയബിംബങ്ങളും കെ.ടി.യുടെ ഗാനങ്ങളിൽ അപൂർവ്വമായും അദൃശ്യമായും വരുന്നുണ്ടെന്നത് നിരാകരിക്കാനാവില്ല.**



ഭൂമിയാണ്' എന്ന ഒരോർമപ്പെടുത്തലിന്റെ സ്വഭാവമുള്ള നാടകത്തിൽ 'പിശാചായി വന്ന പുരുഷൻ' എന്ന സങ്കല്പത്തെയാണ് കെ.ടി. കൊണ്ടുവരുന്നത്. സാംസ്കാരികവും ജീവശാസ്ത്രപരവുമായ യാഥാർത്ഥ്യങ്ങളെ ഈണങ്ങളിൽ നിബന്ധിയ്ക്കുക എന്ന പരാജയസാധ്യതയേറിയ ദൗത്യമാണ് കെ.ടി. മുഹമ്മദിലെ സംഗീതജ്ഞൻ ഏറ്റെടുത്തത്. അതിനുവേണ്ടി കെ.ടി. തെരഞ്ഞെടുത്ത ചെറിയ വാക്കുകളിൽ പോലും സാമൂഹികമായ ബോധം പ്രവർത്തിച്ചിരുന്നു.

'കയിലുകൾ പിടിക്കണ കൈകളുണ്ടുയരണ്

കൈകളിൽ കിലുങ്ങണ വളകളൊച്ച കൂട്ടണ്

വാതില് തൊറക്കണ ഒച്ചയുണ്ട് കേക്കണ്

കാതില് തറയ്ക്കണ മാതിരി പകരണ്"

കേവലം പ്രാസഭംഗിയ്ക്കുമപ്പുറം 'ഒച്ച' എന്ന പ്രയോഗത്തിന് പ്രസക്തിയുണ്ട്. അത് വെറും ഒരു വാക്കല്ല. നിശ്ശബ്ദവും കലീനവും അഭിജാതവുമായ സ്ത്രീസങ്കല്പങ്ങളെ അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന മൃദുവായ വാക്കല്ല 'ഒച്ച' എന്നത്. അനിയന്ത്രിതമായ സ്വാതന്ത്ര്യത്തിന്റെയും ആഹ്ലാദത്തിന്റെയും കലാപത്തിന്റെയും കലഹത്തിന്റെയും വിമോചനത്തിന്റെയുമൊക്കെ സൂചകമായി - പരുഷപ്രയോഗം തന്നെയായി 'ഒച്ച' മാറുന്നുവെന്നത് ശ്രദ്ധേയമാണ്. വാക്കുകളിലെ രാഷ്ട്രീയത്തെക്കുറിച്ച് കെ.ടി. മുഹമ്മദ് ബോധവാനായിരുന്നുവെന്ന് വെളിപ്പെടുത്തുന്ന 'പച്ചയെന്ന പദത്തിനർത്ഥം എത്രയുണ്ടെന്നോ' എന്ന ഗാനം അതിന്റെ അർത്ഥവ്യാപ്തികൊണ്ടുമാത്രമല്ല, 'വാക്കുകളുടെ കളി' കൊണ്ടും പ്രസക്തമാകുന്നു. മലയാളിയുടെ അനുഭവലോകങ്ങളിലേയ്ക്കെല്ലാം അതു സഞ്ചരിച്ചെത്തുന്നു. കെ.ടി.യുടെ ഗാനങ്ങൾ സോദ്ദേശ്യപരങ്ങളായിരുന്നു. നിറങ്ങളുടെയും വാക്കുകളുടെയും വ്യവഹാരമേഖലകൾ വിസ്തൃതമാകുന്നത് ഇന്ന് തിരിച്ചറിയാനാവും. നാടകഗാനങ്ങൾക്കൊപ്പം ചില പൊതുസ്വഭാവങ്ങൾ ഉണ്ടാകും. പലപ്പോഴും സന്ദേശവാഹകരുടെ ധർമ്മം അനുഷ്ഠിക്കുന്നതായി അനുഭവപ്പെടും. കെ.ടി.യുടെ ഗാനങ്ങളിലും അത്തരം ചില സന്ദേശങ്ങൾ ഉണ്ട്. യാന്ത്രികമായ ഗുണപാഠങ്ങളും ആഹ്വാനങ്ങളും താക്കീതുകളുമായി ചുരുങ്ങാതെ കെ.ടി.യുടെ ഗാനങ്ങളെ നിലനിർത്തിയത് ഹൃദയസംവേദനത്തിന്റെ അദൃശ്യഭാഷകളും ഇശലുകളുമാണ്. ജനകീയമായ ഈണങ്ങളെ വീണ്ടെടുത്തുകൊണ്ട് അല്ലെങ്കിൽ ഓർമിപ്പിച്ചുകൊണ്ടാണ് കെ.ടി.യുടെ ഗാനങ്ങൾ രചിക്കപ്പെട്ടത്. അതിസാധാരണവും മതേതരവുമായ പദങ്ങൾ പ്രയോഗിച്ചിട്ടും കെ.ടി.യുടെ ഗാനങ്ങൾ മാപ്പിളപ്പാട്ടുകളായി മാറിയത് എന്തുകൊണ്ടെന്ന സംഗീതാത്മകമായ അന്വേഷണമാണ് വേണ്ടതെന്ന് വി.ടി. മുരളി 'മനസ്സിനുള്ളിൽ മയങ്ങുന്ന ഈണങ്ങൾ' എന്ന ലേഖനത്തിൽ എഴുതുന്നുണ്ട്.

'കെ.ടി. മുഹമ്മദ്, 'ഇതു ഭൂമിയാണ്' എന്ന നാടകത്തിനുവേണ്ടി എഴുതിയ അവതരണഗാനം ഇങ്ങനെയാണ്.

"തെളിയട്ടെ വിളക്കുകൾ

തമസ്സിന്റെ തലവെട്ടി

ഗതികെട്ട മനുഷ്യന്റെ

മനസ്സുകൾ ഉണരട്ടെ"

ഇതിലെവിടെയാണ് മാപ്പിളപദങ്ങൾ ഉള്ളത്? 'തമസ്സ്' എന്നൊക്കെ ഉപയോഗിച്ചിരിക്കുന്നു. എന്നിട്ടും ഒന്നാന്തരം മാപ്പിളപ്പാട്ടായി തന്നെ ഇതു പരിഗണിക്കുന്നു. 'അറിവിരെ ഹിജ് റുകൾ' എന്ന ഇശലിലാണ് കെ.ടി. ഈ ഗാനം രചിച്ചത്. പാട്ടിന്റെ സംഗീതവുമായി ബന്ധപ്പെട്ട് ഉണ്ടാവേണ്ട അന്വേഷണങ്ങളാണ് ഇത്. അല്ലാതെ ഭാഷാ പ്രയോഗവുമായി ബന്ധപ്പെട്ടല്ല. പാട്ടുകൾ രചിയ്ക്കപ്പെടുന്നതുപോലും ഇശൽ അടിസ്ഥാനത്തിലാണ്. ഇശൽ എന്നാൽ താളവും ഈണവുമല്ലേ? ഭാഷാപ്രയോഗങ്ങളാണോ?" എന്ന് വി.ടി. മുരളി എഴുതുന്നുന്നത് ഉപരിപ്ലവമായി നടന്നുകൊണ്ടിരിക്കുന്ന വ്യവഹാരവിശകലനങ്ങളുടെ വിമർശനമെന്ന നിലയിലായിരിക്കാം. പക്ഷേ എന്തു കൊണ്ട് പ്രത്യേക ഈണത്തിലും താളത്തിലും പാട്ടുകൾ രചിക്കപ്പെടുന്നു എന്നത് സംഗീതത്തിന്റെ മേഖലയിൽ നിർബന്ധമായും നടക്കേണ്ടുന്ന പഠനങ്ങളാണ്. സാംസ്കാരിക ചരിത്രത്തിന്റെ സങ്കീർണ്ണവും അതിവിപുലവുമായ മേഖലകളിലേയ്ക്കായിരിക്കും എത്തിച്ചേരുക. കെ.ടി. മുഹമ്മദിന്റെ ഗാനങ്ങൾ അത്തരത്തിലുള്ള പഠനങ്ങൾ അർഹിക്കുന്നുണ്ട്. കെ.ടി.യുടെ ഗാനങ്ങളിൽ അതിപ്രശസ്തമായ 'താമരപ്പൂങ്കാവനത്തില് താമസിക്കുന്നോളെ/പഞ്ചവർണ്ണ പൈങ്കിളിയില് പൂങ്കുരങ്കുള്ളോളേ' എന്ന പാട്ടിന്റെ ഘടന ശ്രദ്ധേയമാണ്. ജനകീയമായ ഈണങ്ങളുടെ പുനഃസൃഷ്ടി എന്ന ആശയത്തെ



സാധൂകരിക്കുന്ന രചനയാണിത്. ആമുഖത്തിൽ എം.എൻ. കാരശ്ശേരി പ്രത്യേകം പറയുന്നുണ്ട്. പാടിപ്പതിഞ്ഞ നാലുവരികളെക്കുറിച്ചും ഹൃദ്യമായ ഈണങ്ങളെക്കുറിച്ചും. അതനുസരിച്ച് കെ.ടി.യ്ക്ക് മുൻപേ ആ പാട്ടുണ്ടായിരുന്നു.

"താമരപ്പൂങ്കാവനത്തില് താമസിക്കുന്നോളേ

പഞ്ചവർണ്ണപൈങ്കിളിയില് പങ്കറങ്കുള്ളോളേ

പൂമുഖം കണ്ടാമതിയോ പൂതിതീർക്കും കാലമായോ

കാമിനിയടുത്തുവന്നു കാലദോഹം വന്നുപോയോ"

ഈ വരികൾ ബഷീർ ബാല്യകാലസഖിയിൽ ഉപയോഗിക്കുന്നുണ്ട്. ഈ പാട്ടിന്റെ ഈണം പിന്തുടർന്നാണ് ഇടശ്ശേരി തന്റെ പ്രസിദ്ധമായ മാപ്പിളപ്പാട്ടെഴുതിയത്. കെ.ടി. ഈ ഗാനത്തിന്റെ ആദ്യത്തെ രണ്ടുവരികൾ മാത്രം എടുക്കുകയും അതേ ഈണത്തിൽ മറ്റു വരികൾ സ്വന്തം ഭാവനയിൽ നിന്ന് എഴുതിച്ചേർക്കുകയുമാണ് ചെയ്തത്. നാടൻപാട്ടുകളുടെ രചനാതന്ത്രത്തിൽ വരുന്ന കെട്ടുശീലിനെയും ഒരുക്കുശീലിനെയും ഓർമിപ്പിക്കുംവിധത്തിൽ ജനമനസ്സുകളിൽ പതിഞ്ഞുകിടക്കുന്ന ഈണത്തിനും വരികൾക്കും അനുസൃതമായി പാട്ടുകെട്ടുകതന്നെയാണ് കെ.ടി. മുഹമ്മദ് ചെയ്തത്. ഗാനരചനയെ സംബന്ധിച്ച് അനന്യമായ ഒരനുഭവമാണിത്.

ഒരീണവും പുതിയതല്ല.... അപരിചിതവുമല്ല. അത് ഒരു തുടർച്ചയാണ്. മങ്ങി മയങ്ങിത്തുടങ്ങിയ ഗാനധാരകളുടെ വീണ്ടെടുപ്പും നവീകരണവും അതിലുണ്ടാകും. കെ.ടി. തെരഞ്ഞെടുത്ത ഇശലുകളിൽ നിദ്രാവിഹീനമായ, സദാ ജാഗ്രൂകമായ ഒരു കാലം ഉണ്ട്. ആ കാലമാണ് തികച്ചും വൈയക്തികമായ ഈണങ്ങൾക്ക് സംഘസത്തയുടെ സൗന്ദര്യം നൽകുന്നത്. നാടോടി വാങ്മയങ്ങളുടെ സമൃദ്ധിയുണ്ട്, പി. ഭാസ്കരന്റെ രചനകളാണോ എന്നു പലരും തെറ്റിദ്ധരിക്കാറുണ്ടെന്നും പറയുന്നതും അതുകൊണ്ടാണ്.

മനുഷ്യന്റെ യുക്തിബോധത്തെയും ഇച്ഛാശക്തിയെയും നിർവീര്യമാക്കുന്ന അഭൗമിക ചിന്തകളെയും അന്ധദൈവനീതികളെയും അംഗീകരിച്ചുകൊണ്ടുതന്നെ ഹാസ്യാത്മകമായി ആവിഷ്കരിച്ചു. 'മുടിനാരേഴായ് കീറീട്ട്' എന്ന ഗാനത്തിൽ മരണാനന്തരം രൂപപ്പെട്ടുവന്ന ഭയാനകമായ മറ്റൊരു ലോകത്തെ സൃഷ്ടിച്ചു. നർമം ഉണ്ടെങ്കിലും അതിന്റെ ഈണത്തിൽ അസ്വാസ്ഥ്യം പകരുന്ന ഗൂഢാനുഭവങ്ങളും ഉള്ളതായി അനുഭവപ്പെട്ടു. ഒരേസമയം അനുഭൂതിയുടെയും പ്രബോധനത്തിന്റെയും വെളിച്ചത്തിലേയ്ക്ക് കുതിക്കുക... ഭാഷയുടെ ഭിന്നരൂപങ്ങളിൽ കൈത്തഴക്കം വന്ന ഒരാൾക്കുമാത്രം സാധ്യമാകുന്ന ഒന്നാണിത്. കലയെക്കുറിച്ചുള്ള സമഗ്രവീക്ഷണം അതിലുണ്ട്. കെ.ടി. മുഹമ്മദിന്റെ ഗാനങ്ങളെ വ്യാഖ്യാനത്തിന്റെ ഒറ്റക്കുറ്റിയിൽ തളയ്ക്കാനാവില്ല. അതിന്റെ ആവശ്യവുമില്ല. അത് മനുഷ്യനിലേക്ക് വെളിച്ചവുമായി പുറപ്പെട്ടവയാണ്. കെ.ടി.യെ ഏറ്റവും വേദനിപ്പിച്ച അനുഭവം ഏതെന്ന് എം.എൻ. കാരശ്ശേരി പങ്കുവെക്കുന്നുണ്ട്. 1947ൽ ഇന്ത്യാ വിഭജനത്തിന്റെ കാലത്ത് തപാൽവകുപ്പിൽ ജോലിചെയ്തിരുന്ന കെ.ടി.യ്ക്ക് ലഭിക്കുന്ന ഒരു കത്തായിരുന്നു അത്. ഇന്ത്യയിൽ തുടരണമോ പാക്കിസ്ഥാനിലേയ്ക്ക് മാറണമോ എന്ന് തെരഞ്ഞെടുക്കുവാനുള്ള അവകാശം നൽകികൊണ്ടുള്ള ആ കത്തിന് മറുപടി അയച്ചില്ലെങ്കിലും തന്റെ പേര് മുഹമ്മദ് എന്നായതുകൊണ്ട് മാത്രമാണ് അത്തരം അപമാനകരമായ കത്തുലഭിച്ചതെന്ന വ്യക്തിപരമായ ദുഃഖത്തെ തന്റെ കലയിലേക്കും ഗാനങ്ങളിലേക്കും വ്യാപിപ്പിക്കുകയാണ് കെ.ടി. ചെയ്തത്. മനുഷ്യനെക്കുറിച്ച് ആകുലപ്പെടുന്നവർക്ക് വേണ്ടിയാണ് കല. വെളിച്ചത്തിനുവേണ്ടിയുള്ള നിതാന്തമായ കാത്തിരിപ്പും അന്വേഷണവുമായി ഭൂതഭാവികളിൽ പുലരാതെ വർത്തമാനകാലത്തിൽ ഭൂമിയിൽ ജീവിക്കുവാനാണ് കെ.ടി.യുടെ ഗാനങ്ങൾ ആഹ്വാനം ചെയ്യുന്നത്. നരകഭാവനകൾക്കുമേൽ ഹാസ്യത്തിന്റെ ഇരുമ്പുകമ്പളങ്ങളാണ് കെ.ടി. മുഹമ്മദ് ഭാഷയിൽ തീർത്തത്. പദങ്ങൾക്കും ഈണങ്ങൾക്കും താളങ്ങൾക്കും രാഷ്ട്രീയമുണ്ട്. മാനവിക വിമോചനത്തിന്റെ രാഷ്ട്രീയം.

അവലംബം: വി.ടി. മുരളി 2013, പാട്ടെഴുത്ത്, ഡി.സി. ബുക്സ്.

# ജീവിതത്തിന്റെ വിവരസാങ്കേതികവിദ്യ

രാത്രിയുടെ കറുപ്പിനെ കവർന്നെടുത്തുകൊണ്ട് തണുപ്പ് അരിച്ചിറങ്ങിവന്നു. മകരമാസക്കുളിരിലും നിഖിലിന്റെ അകംപൊള്ളിക്കൊണ്ടിരുന്നു. ശിഥിലചിന്തകൾ ഉറക്കംകെടുത്തിയ മനസ്സുമായി അയാൾ എഴുന്നേറ്റിരുന്നു. വിവരസാങ്കേതികവിദ്യയിൽ വിദഗ്ധനായ നിഖിലും ജീവിതവേഗങ്ങളെ പ്രണയിക്കുന്ന ന്യൂജൻ തന്നെയെന്ന കാര്യത്തിൽ സംശയമില്ല.

ബാംഗ്ലൂരിൽ ജോലിചെയ്യുന്ന കമ്പനിയുടെ ആറുമാസത്തെ പരിശീലനകാലം അയാളുടെ സിരകളിൽ ജീവിതത്തിന്റെ മുഴുവൻ ആസ്വാദ്യതയും നിറച്ചിരുന്നു. അതിലൊന്നായിരുന്നു നന്ദനയോടുള്ള പ്രണയവും ആത്മാവില്ലാത്ത പ്രണയങ്ങൾആധുനികതയുടെ നിസ്സഹായതയെന്ന് ആരെങ്കിലും രേഖപ്പെടുത്തിയിട്ടുണ്ടോ? കാമത്തിനപ്പുറം പ്രണയത്തെ എത്തിപ്പിടിക്കാനാഗ്രഹിക്കാത്ത പുതിയ തലമുറ! പ്രണയിനിയുടെ കണ്ണുകളിലെ നക്ഷത്ര തിളക്കവും മൃദുകരസ്പർശത്തിന്റെ കോരിത്തരിപ്പും എവിടെയോ കൈമോശം വന്ന യന്ത്രവേഗക്കാർ.... സഹശയനത്തിന്റെ മാധുര്യത്തിലൊരിക്കൽപോലും നിഖിൽ നന്ദനയുടെ പാതിയടഞ്ഞ കൺപോളകളിൽ ഒന്നമർത്തി ചുംബിക്കാൻ കാത്തുനിന്നില്ല എന്നിട്ടും പെൺശരീരത്തിന്റെ അനന്തസാധ്യതകളിൽ തന്റെ പൗരുഷം കത്തിപ്പടരുന്നതിൽ അയാൾ ഊറ്റംകൊണ്ടു.

പക്ഷേ വിത്ത് മുളപൊട്ടി പുറത്തുവരാനൊരുങ്ങുന്നുവെന്ന് അവളിൽനിന്നറിഞ്ഞപ്പോൾ അയാളൊന്നു പതറി. പുതുനാമ്പ് നുള്ളിയെറിയാനുള്ള തീരുമാനവുമായിരുന്നു അയാൾ അവൾക്കരികിലെത്തിയത്. അവളുടെ ഭാവപ്പകർച്ച അയാളുടെ സിരകളിലെ രക്തത്തെ ശീതീകരിച്ചു. യന്ത്രവേഗങ്ങളെ നിശ്ചലമാക്കി മാതൃത്വത്തിന്റെ കഴുത്തുഞെരിക്കാൻ അവളൊരുക്കമല്ലായിരുന്നു. അപ്പോഴായിരുന്നു അയാൾ അവളിലെ ശക്തിയെ ശരിക്കും തൊട്ടറിഞ്ഞത്. തികഞ്ഞ നിശ്ചയദാർഢ്യത്തോടെ, സ്പഷ്ടമായ വാക്കുകളിൽ പതിഞ്ഞ സ്വരത്തോടെ അവൾ പറഞ്ഞു: 'താങ്ക്സ് സൊ മച് നിഖിൽ, ഐ ആം ഫുൾഫിൽഡ്. ഗുഡ്ബൈ'

ആ കനത്ത പ്രഹരത്തിന്റെ തീവ്രവേദനയിൽ പുരുഷവേഗങ്ങൾ നീറിപ്പിടഞ്ഞു. ആണിന്റെ ഊറ്റം തണുത്ത നിശ്വാസങ്ങളിൽ മരവിച്ചു കിടന്നു. അയാൾ ഉറങ്ങാനുള്ള പാഴ്ശ്രമങ്ങളിൽസ്വയംനഷ്ടപ്പെട്ടു പരാജിതനായി അങ്ങനെ കിടന്നു.

**ഡോ. അജിത മേനോൻ**
എൻ.എസ്.എസ്. കോളേജ് മഞ്ചേരി



# ശ്രീപദ്മനാഭന്റെ നഗരം[1]

**വായനയ്ക്ക്, എന്റെ വായ്നോട്ടങ്ങൾക്ക്, വരാനിരിക്കുന്ന നിനക്ക്.**



### 1. നിയമസഭ

മുഖമണ്ഡപം,
മൂന്ന് പൂർണ്ണകായ പ്രതിമകൾ.
ചുഴിഞ്ഞുനോക്കണം..

ബാപ്പു---മാനവികത, സ്വാതന്ത്ര്യം......
കണ്ണടവെച്ച്, കണ്ണടച്ച്,
മുഖം പാടേ കനിഞ്ഞ്...
ധ്യാനം, മൗനം.
നെഹ്രു-ആധുനികത, വിദ്യാഭ്യാസം.....
ഗാന്ധിയോളമില്ലെങ്കിലും,
ശിരസ്സ് താഴ്ന്നതന്നെ.
പാർശ്വങ്ങളിൽ പറ്റിച്ചേർന്ന കൈകൾ.
പ്രതിമ പോലെ തന്നെ.

അംബേദ്കർ-ഭരണഘടന, ഭരണഘടന മാത്രം.
'റാംജി'യെന്നൊന്നും എടുത്തെഴുതാൻ
സൗകര്യമില്ല.[2]

**ജീവ കൃഷ്ണൻ**
എം.ജി. കോളേജ്, തിരുവനന്തപുരം



അംബേദ്കർ.
മുഴങ്കൈയുയർത്തി,
നട്ടെല്ല് നിവർത്തി,
മുഖം മുകളിലാം.
ദീർഘവീക്ഷണം ചെയ്ത്
ഒരു മഹത്തായ രാഷ്ട്രീയം
ഒളിച്ചുകടത്തിയ ശില്പിയാര്!
നൗമി........
ശംബൂകൻ. ഏകലവ്യൻ.
സംവത്സരങ്ങൾക്കിപ്പുറം
കലാശാലയുടെ മതിലുകെട്ടിയ ഇടുക്കത്തിൽ നിന്ന്,
വ്യാപത്തിയിലൂടെ,
ഇന്ത്യയെന്ന വ്യാപ്തിയിലേക്ക്
ജനിച്ചുവീണ രോഹിത് വെമുല....
അന്യവത്കരിക്കപ്പെട്ടവർ, അപരവത്കരിക്കപ്പെട്ടവർ.
ഗാന്ധി മുതൽ ഗൗരി വരെ
സഹിഷ്ണുതയുടെ ഭരണഘടന നിഷേധിക്കപ്പെട്ടവർ.
കെടാവിളക്കിലെ അഗ്നിശിഖകളായവരെത്രയും പേർ
വന്ന്
പേർത്തും പേർത്തും നോക്കിനിന്നിട്ടുണ്ടാവണം
ഈ പ്രതിമാനവയാനം.[3]

## 2. കിഴക്കേക്കോട്ട
ഗാന്ധിപാർക്കിലേക്കും
പുറത്തേക്കും
കറക്കഗെയ്റ്റുകൾ, കിഴക്കേക്കോട്ടയുപമകൾ.
വൃത്താകാരത്തിൽ
ഉന്തിയും വലിച്ചും ഗതിഭംഗം വന്നും
സഹസ്രം വണ്ടികൾ, കാൽനടക്കാർ, ബങ്കുകടകൾ....
ആകമാനമൊരൊറ്റ നീർച്ചുഴിയാകുന്ന
കിഴക്കേക്കോട്ട.

### 2.1 പുത്തരിക്കണ്ടം മൈതാനം
അനന്തപുരിക്കാണ്ടിലെയാദ്യത്തെയരി ചൊരിഞ്ഞ
നടപ്പുകണ്ടം.
നടപ്പുവർഷം കൃഷി
സർക്കസ്സും സമ്മേളനങ്ങളും.
പോയവർഷം
കൺവെൻഷൻ, കലോത്സവം.
മുണ്ടകന് ഗൃഹോപകരണമേള.


### 2.2 പഴവങ്ങാടി
വെകിളിപിടിച്ചോടിവന്ന
ഏതോ സാധുവിന്റെ തല
സഹസാ പിൻചക്രം കയറ്റിയുടയ്ക്കുന്ന
ഡ്രൈവർ, അഭിനവ വിഘ്നവിനാശൻ.

കോവിൽമുകപ്പിലെ
ഈ കരുക്കഴിക്കാൻ,
വഴിപാടായ്,
എന്നെങ്കിലുമൊരു പത്തുരൂപാത്തേങ്ങ
വിഘ്നേശ്വരന്റെ കരിങ്കൽപ്പാത്തിയിൽ
വീണടഞ്ഞ് പൂളായിട്ടുണ്ടാവുമോ?

### 2.3 കോട്ടയ്ക്കകം
ഭക്തസ്സ്
ഭക്തിയേക്കാൾ
കൗതുകം.
'നിധികളുണ്ടിവിടെയായിരിക്കും..?
വെറുതെ.. അറിയാൻ..'

അതാ, മെറ്റൽ ഡിറ്റക്ടറിന് പരിഭ്രാന്തി!
തിരിച്ചയക്കപ്പെട്ട ഭണ്ഡാരപ്പെട്ടി,
മിസ്ഡ് കോൾ വഴി വാങ്ങി
എളിയിൽ താങ്ങിയത്
'ധനാകർഷണയന്ത്രം തന്നെ!
അപ്പോഴെന്തിനീ
ദ്വാരികളായ കറിവേപ്പുകൾ
അഴിപ്പിച്ചിട്ടും ദൂരെ വെപ്പിക്കണം?

### 2.4 മേത്തമണി[4]
ദേവർഷി നാരദൻ ആദ്യത്തെ ഗൂഗിൾ.
സഞ്ജയൻ ആദ്യത്തെ വൈ-ഫൈ.
ഋഷിസഹജമായ ദിവ്യദൃഷ്ടി
ആദ്യത്തെ പോർട്ടബിൾ ടെലിവിഷൻ.
നാരദ ഐ വി എഫ് ദ്വാരാ
കർണ്ണന്റെ പിറവി.
കുന്തി ആദ്യത്തെ ജെസ്റ്റേഷണൽ കാരിയർ.
നൂറ്റവർ ആദ്യത്തെ ടെസ്റ്റ് റ്റ്യൂബ് സൈന്യം.
കഴുത്തറുത്ത പിഞ്ചുതോളിൽ
ഗജമുഖം വെച്ച ശിതികണ്ഠനും
കമണ്ഡലു കമിഴ്ത്തി
ആറ്റ് കടഞ്ഞ ബ്രഹ്മാവും
ആദ്യത്തെ സർജന്മാർ.
ക്രേനിയോഫേഷ്യൽ വിഭാഗം.
രാവണൻ
ആദ്യത്തെ വൈമാനികൻ. സ്വകാര്യ ജെറ്റ്.
മാരീചൻ കാബിൻ ക്രൂ.
പഴയ ദർപ്പുക്കളുക്കായിൽ.
കരിവേലപ്പുമാളികകളിൽ
അറുകൊല തീരാൻ
കാത്തിരിക്കുന്ന മേത്തൻ.
ആദ്യത്തെ ന്യൂസ് റീഡറാവാം.
വാ ഇന്നടയുമ്പോൾ
ഇരുപുറവുമുള്ളവർ
കൊമ്പു കോർക്കുന്നു.



മരാമത്ത് നടത്തി
നേരെയാക്കാനാവില്ലിവരെ.
നിലവിലൊരു തച്ചനും.

## 3. സ്റ്റാച്ച്യു ജംഗ്ഷൻ
'തലസ്ഥാനനഗരി.'
'ഭരണസിരാകേന്ദ്രം.'
വിളിവാക്കുകൾ, ഉത്തുംഗപദങ്ങൾ..
അനവധി.
എന്നിട്ടും പടർപ്പുവൃക്ഷത്തിന്റെ
കൊമ്പും കുമ്പും
നാരായവേരും ആയുരവും
ജനാസ്സ് തിരിച്ച് വകതിരിച്ചത്
ആരുടെ ഭാഗപത്രമാണ്?
കരമനയാറിൻ കൈവഴികൾ..
കിള്ളിയാറിൻ വൃഷ്ടിദേശങ്ങൾ..
പുത്തനാറിൻ കൈത്തോട് പായുമിടങ്ങൾ..

സാക്ഷാത്യമൊപ്പിച്ചാകേണം കൈവശം, അനന്തരം
എന്നു തെര്യപ്പെടുത്തി
തിരുവെഴുത്തെഴുതിയത്
ഗതദിനങ്ങളിലെ
ഏത് പദ്മനാഭദാസനാണ്?

പ്ലാമൂട് തിയ്യന്,
ദലിതന് പുള,
ഭട്ടന് കോട്ട,
നായർക്ക് നിലയനം ശാസ്തമംഗലം.
മാർഗത്തിൽ ചേർന്നവർക്ക്
വിഴിഞ്ഞം, വെങ്ങാനൂർ.
മാർഗമേതുമില്ലാതായാൽ,
കങ്കാളായാലും കങ്കാളനായാലും,
സെക്രട്ടേറിയറ്റ് പടി.

ദേശമുദ്രയായ് ഹജ്ജൂർ കച്ചേരി....
അത്രമേൽ ധവളിമ.
ചെത്തിക്കൂർപ്പിച്ച പച്ചയിരുമ്പിന്റെ കാവൽ.
വലയം ചെയ്യുന്ന പായില്യനടവഴിയിൽ,
ശംഖുംമുഖത്തിന്റെ ആഴിയിലോ പൂഴിയിലോ
നിരതമൊടുങ്ങുന്ന കേരളയാത്രകളുടെ
കല്പകാലത്തുമൊടുങ്ങാത്ത ഫ്ളെക്സ് കീറുകൊണ്ട്
കറിയ കൂടാരങ്ങൾ.
വിശന്നുറങ്ങിയ കുരുന്നുകൾ,
വിശപ്പുറങ്ങിയ അമ്മ,
ഇന്നിതാ,
ലോഹം പുതച്ച
പുതിയ കാലത്തിന്റെ അനശ്വരരഥങ്ങൾ,
മൂവായിരം സി സി യന്ത്രങ്ങൾ,
ഇരുൾ മുറ്റിയ രാജപഥങ്ങളിൽ
മുക്രയിട്ട്
കൊട്ടാരകർണ്ണം ഉലയ്ക്കുന്നു.[7]

കനകനേ അക്ഷരങ്ങൾ
ഇടുപ്പിൽ നെടുന്നനേ
പച്ചകുത്തിയ പെൺസാരഥി:
'The more close we are
to the rulers,
the less and less
ruled are we.'
വെറുമൊരുനാഴികനേരം കൊണ്ട്
ഫർലോങ് എഴുനൂറെങ്കിലും താണ്ടാൻ
ഇന്ധനവുമതിധൈര്യവും
സമംചേർത്ത് സുസജ്ജർ,
റോഡ്സ്റ്ററും ഫെറാരിയും
ഹയബൂസയും ഡ്യുക്കാട്ടിയും
ബെന്റ്ലിയും ആസ്റ്റൺ മാർട്ടിനും.
രാജസമത്സരികൾ, മത്സരിണികൾ.

ഗതകാലം,
തിരുവിതാംകൂറിന്റെ രാജരഥ്യയിലൂടെ,
പ്രവഹണങ്ങളും കുതിരപ്പോലീസും[8]
ചടുലഗതിയാർന്ന് പോകെ
നടമടക്കാത്ത
ഈയനിറമുള്ള വിളക്കുകാലുകളിൽ,
പുറംലോകമറിയാതെ,
സൂര്യനറിയാതെ,



കറ്റിരുട്ടിൽ മുക്കുകുത്തിച്ചതഞ്ഞ്,
ചിലപ്പോഴൊക്കെ
ഗതിവേഗങ്ങളിൽ
ഗതപ്രാണനാവുന്ന
ഗുപ്തസാഹസം.

## 5. ഓവർബ്രിഡ്ജ്

നേർനടുവിൽ ചീന്തപ്പെടുന്ന
ടിക്കറ്റെടുത്താൽ,
കൊട്ടകയ്ക്കുള്ളിൽ എവിടെയുമിരിക്കാവുന്ന
'എന്റെയിഷ്ട'ത്തിന്റെയും
ഈറ്റപ്പൊളി നെയ്ത്ത്
കടുങ്കറുപ്പ് തേച്ച
പ്രവാരം കൊണ്ടുള്ള ചുവരിന്റെയും
കാലത്തുനിന്ന്,
എസ്യുവിയിലോ ബുള്ളറ്റിലോ അല്ലാതെ,
നടന്നുവന്നൊരു ഇടപ്രായക്കാരൻ
സിനിമകാണാൻ
മൾട്ടിപ്ലെക്സിൽ കയറി.
തീവണ്ടിയാപ്പീസിൽ
മാവേലിയോ മലബാറോ വരുംവരെ
നേരംപോക്കണം.

അയാളുടെ
മുക്കാലും നരച്ച,
ചുളിവീണ
ഉള്ളിലെ പദാവലിയിൽ നിന്ന്
'ടാക്കീസ്' എന്നത്
ചുരണ്ടിമാറ്റി
'ഓഡി'യെന്നും 'സ്ക്രീ'നെന്നും
മാറ്റിയെഴുതാൻ
ഇടവിടാതെ ശ്രമിച്ചുതോറ്റ
ന്യൂജനറേഷൻ തൊഴിലാളികൾ,
കൗണ്ടറിൽ, ലിഫ്റ്റിൽ,
കൽപ്പടികളിൽ,
ഒടുവിൽ വാതിൽക്കലും.

"സർ,
ഡി ഫൈവ് എന്റെ സീറ്റാണ്,
എന്റെ സീറ്റ്."
പലമുറ മാറ്റിയിരുത്തപ്പെട്ടപ്പോഴാണ്

തിരിച്ചറിവുണ്ടാവുന്നത്.
പഴയ പദവിന്യാസങ്ങൾ
മരിച്ചുപോയിരിക്കുന്നു,
'ടിക്കറ്റെടുക്കലല്ല
'സീറ്റ് റിസർവ് ചെയ്യലാ'ണെന്ന്.
ഇരിപ്പിടമുറപ്പിക്കലാണ്.
സ്വന്തമാക്കലിന്റെ, സ്വാർത്ഥതയുടെ,
ചുരുങ്ങലിന്റെ.
പുഴുക്കുത്തേറ്റ പുരുഷാന്തരമാണിതെന്ന്
ഉള്ളാലെ പഴിവാക്കുതിർക്കുമ്പോൾ,
പിറകിലൊരു സംസാരം.
ഓടിക്കിതച്ചുകയറിവന്നൊരാൾ,
നന്നേ ചെറുപ്പം.
ഇരിപ്പുറപ്പിക്കും മുമ്പ്
ഒന്ന് ഉറപ്പിക്കുകയാണ്:
"എസ് ദുർഗ തന്നെയല്ലേ സിനിമ?"
"അല്ല,
സെക്സി ദുർഗ."
മറുപടിയില്ലം അതേ ചെറുപ്പമുണ്ട്.
സൈഥര്യവും ധൈര്യവും
നിറയിട്ടൊരു ചിരി
അവരിപ്പോൾ കൈമാറുന്നുണ്ട്,
അയാൾക്കുള്ളുൾക്കാമ്പിനാൽ കാണാം.
സംവാദമുണ്ടിവിടെ,
യുവതയിൽ
വലിയ പ്രതിരോധമുണ്ട്.

'എന്നിരിക്കിലും
ജഗതിയുടെ സിനിമകൾ
കാണാതെ
വളരേണ്ടിവരുന്നൊരു തലമുറയുടെ
ഹ്യൂമർ സെൻസിൽ
എനിക്ക് സംശയമുണ്ട്.'
കാലമാറ്റത്തെച്ചൊല്ലി, അയാളിൽ
വീണ്ടും ആത്മഗതങ്ങളുദിക്കുന്നു..
പിറകിലതേനേരം, വീണ്ടും,
വാക്കുകളുടെ കൊടുക്കൽ വാങ്ങലുകൾ..
"പത്മാവത് കണ്ടാരുന്നോ?"
"പത്മാവതിയെന്ന് പറയൂ,
പത്മാവതി എന്നുതന്നെ പറയൂ.
പേര്
'കീഴ്ശ്വാസ'മെന്നോ 'അധോവായു'വെന്നോ
മാറ്റിയതുകൊണ്ടുമാത്രം
വളിക്ക് ശബ്ദമില്ലാതാകുമെന്ന്
ആരാണ് വിചാരിക്കുന്നത്!"
മുൻപിലിരുന്ന്
അയാൾ, കഥാനായകൻ,
വയറുനിറയെ ചിരിക്കുന്നു,
തന്റേതല്ലാത്ത പ്രായത്തിൽ നിന്ന്
വാക്കുകൾ കോരിയെടുത്തുച്ചരിക്കുന്നു,
"ഹെവി!മരണമാസ്സ്!"

ഓഡി ത്രീയുടെ[9] പുറത്തെ
ചില്ലുഭിത്തിയുടെ സുതാര്യതയിലൂടെ
താഴേക്ക് നോക്കുക.
തീവണ്ടിയുടെ ഇരുമ്പുപള്ളയിലേറി
ജനസഞ്ചയങ്ങൾ
തലങ്ങും വിലങ്ങും ചരിക്കുമ്പോഴൊക്കെയും
അമരുന്ന പാളങ്ങൾക്കൊത്ത്
കരയിലൊരു മഞ്ഞച്ച കെട്ടിടം[10]
സദാ കിടുങ്ങുന്നുണ്ട്.
കാട്ടുവള്ളിപ്പടർപ്പ് വിഴുങ്ങിയ തലക്കം.
കാറ്റിലിലച്ചാർത്തുലയുമ്പോൾ കാണാം,
പുളവനെപ്പോലെ നിൾച്ചയുള്ള
ആ പുരയുടെ നെറ്റിയിൽ
ആംഗലവാണി: 'സർ സി.പി. രാമസ്വാമി അയ്യർ'!
വെറും ശാസകരായിരുന്നവരുടെ,
വെറും വെറും ശാസകരായിരുന്നവരുടെ,
മൂകമെച്ചുക മാത്രമല്ല കാലം,
അവരുടെയോർമ്മയുണർത്തുന്നതെല്ലാം
കാലാന്തരേ
നിഷ്കാസിതം.



**കുറിപ്പുകൾ**

*1. 1997-ലാണ് രഞ്ജി പണിക്കർ ഇതേ പേരിലൊരു കവിതയെഴുതുന്നത്(മതിവരാതെ, റെയിൻബോ ബുക്സ്,2004).ഇരുപത് വർഷങ്ങൾക്കിപ്പുറം തലസ്ഥാനനഗരം പുണർന്ന പരശ്ശതം മാറ്റങ്ങൾ.... കൈവിടാതെ മുഖമുദ്രകളാക്കിയ ചിലതുമുണ്ട്. കെ.ജയകുമാറിന്റെ "തിരുവനന്തപുരം" എന്ന കവിതയും(നിലമരങ്ങൾ, ഡി സി ബുക്സ്,2017) ഈ സന്ദർഭത്തിൽ ഓർക്കുന്നു.*

*2. മുഴുവൻ ഔദ്യോഗികരേഖകളിലും ഡോ.ഭീംറാവു അംബേദ്കർ എന്ന പേര് ഡോ. ഭീംറാവു റാംജി അംബേദ്കർ എന്നാക്കി മാറ്റണമെന്ന് 2018 ഫെബ്രുവരി 28-ന്, ഗവർണറുടെ ശുപാർശയിൽ, യു പി സർക്കാർ ഉത്തരവിറക്കിയിരുന്നു.*

*3. ഭീമായനം/നവയാനം തന്റേതായ തിരുത്തലുകൾ ഉൾച്ചേർത്തി അംബേദ്കർ ആശ്ലേഷിച്ച ബുദ്ധമതം.*

*4. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലേക്കുള്ള വഴിയിലെ ചരിത്രപ്രസിദ്ധമായ നാഴികമണി. മേത്തൻ എന്ന് വിളിക്കപ്പെടുന്ന പുരുഷമുഖവും രണ്ട് ആടുകളുടെ രൂപവും ചേർന്ന മേത്തമണി/മേത്തൻമണി ഇപ്പോൾ ഭാഗികമായി പ്രവർത്തനരഹിതമാണ്.*

*5. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ രാത്രികാവൽക്കാർ ഉറങ്ങുന്ന നരസിംഹ ഭഗവാന്റെ നിശ്വാസം കേൾക്കാറുണ്ട് എന്നത് അമ്പലവുമായി ബന്ധപ്പെട്ട് പണ്ടുമുതൽക്കേയുള്ള വിശ്വാസങ്ങളിലൊന്ന്.*

*6. ക്ഷേത്രത്തിലെ  നിലവറകളിൽ ചിലത് ഇരുകടലായിച്ചെന്ന് അവസാനിക്കുന്നത് ശംഖുമുഖത്താണെന്ന് വിശ്വസിക്കപ്പെടുന്നുണ്ട്.*

*7. വെള്ളയമ്പലം-കവടിയാർ ഭാഗത്ത് ചില രാത്രികാലങ്ങളിൽ കാറോട്ടമത്സരങ്ങളും ബൈക്ക് റെയ്സിങ്ങും നടക്കാറുണ്ടെന്നത് പരസ്യമായ രഹസ്യം.*

*8. തിരുവനന്തപുരം നഗരം ഇന്നും നിലനിർത്തിപ്പോരുന്ന പഴയ തിരുവിതാംകൂർ രാജവംശത്തിന്റെ അശ്വാരൂഢ പോലീസ് സേന.*

*9. എസ്എൽ ഏരീസ് പ്ലെക്സ് തിയേറ്റർ.*

*10. സീതാലക്ഷ്മി അമ്മാൾ അന്നദാന ഭവൻ.*

# നാട്യകാന്തം കവിത്വം

ആതിര നന്ദൻ
എൻ.എസ്.എസ്. കോളേജ്,
മഞ്ചേരി



രബീന്ദ്രഭാരതിയിലാണ് ഇത്തവണ നാടകോത്സവം. നഗരത്തിന്റെ ബഹളങ്ങൾക്കിടയിലാണെങ്കിലും ആ കെട്ടിടം ഒരു തുരുത്താണ്. അനേകം പേരുടെ ക്രിയാത്മകതയും വൈഭവവും ഓരോ വർഷവും വന്നടിയുന്ന നഗരസ മദ്ധ്യത്തിലെ ആ തുരുത്ത് ലക്ഷ്യമാക്കി നടന്നു. കവാടത്തിനോടടുക്കുന്തോറും മനസ്സ് വിക്ഷുബ്ധമാവാൻ തുടങ്ങി. എവിടെയോ കേട്ടു മറന്ന ഒരു തബലയുടെ സ്വരം അൽപ്പം ഇടർച്ചയോടെ അകത്തു നിന്നുയരുന്നുണ്ടോ?

'പള്ളീ..... പള്ളീ...... അക്കാ പള്ളി കാവാലാ?'

വേണമെന്നുണ്ടായിട്ടല്ലെങ്കിലും ആ നിലക്കടലപ്പൊതി വാങ്ങി. കഷ്ടി പത്തു വയസ്സു പ്രായമായിട്ടുണ്ടാവും ഒരു മുഷിഞ്ഞ കപ്പായവും ട്രൗസറുമിട്ട് കടല വിൽക്കുന്ന ആ പാവത്തിന്. അന്നത്തെ സമ്പാദ്യം ഒരു മടിശ്ശീലയിലിട്ട് കിലുക്കി അവൻ മുന്നോട്ടു നീങ്ങി ആ തിരക്കിന്റെ ഭാഗമായി.

ചുമരുകളിൽ അവതരണത്തിനുള്ള നാടകങ്ങളുടെ പോസ്റ്ററുകൾ, രോഷാകുലരായും വിതുമ്പിക്കരഞ്ഞു കഥാപാത്രങ്ങൾ പോസ്റ്ററുകൾ നിറഞ്ഞു നിന്നു. പല തവണ നോക്കിയിട്ടും ആ പേരു മാത്രം കണ്ടില്ല.

***************

'നാടകം മനുഷ്യഗന്ധിയാവണം. ഇതിനെയൊന്നും നാടകം എന്നു വിളിയ്ക്കാൻ പറ്റില്ല.'

'അവതരിപ്പിക്കാൻ അനുവദിച്ചതു തന്നെ തെറ്റ്.'

ജൂബ്ബ, താടി, മുടി, കട്ടിക്കണ്ണട, തോൾ സഞ്ചി അവയ്ക്കിടയിൽ നിറപ്പകിട്ടാർന്ന ഒരു വേഷം.

'എന്താണ് മനുഷ്യന്റെ മണം? ഓരോ മനുഷ്യനും ഓരോ മണമല്ലേ? ചിലർക്കു സിഗരറ്റു മണം, ചിലർക്ക് മുഷിഞ്ഞ ജുബ്ബയുടേത്, വേറെ ചിലർക്ക് .........'

പലവർണ്ണ വേഷധാരി ചിരിയോടെ പറഞ്ഞു. ആ നാടക വിമർശകർക്കിടയിൽ തനിയ്ക്കെന്തു കാര്യം എന്നു കരുതി മാറിപ്പോവാൻ ഒരുങ്ങിയതാണ്. അപ്പോൾ അയാൾ തന്റെ നേരെ തിരിഞ്ഞു.

'എന്റെ പേര് ചിത്ത്രഞ്ജൻ. അഭിപ്രായങ്ങൾ പറയാം. നാടകം കണ്ടിരുന്നില്ലേ?'

ഉവ്വെന്നോ ഇല്ലായെന്നോ പറയാനിട നൽകാതെ ഒരു ടിക്കറ്റ് കയ്യിൽ തന്നു പോയി. ആദ്യം 'ഏവം' ഫൗണ്ടേഷൻ ഒന്നു ചുറ്റിക്കണ്ടു വരാം എന്ന ചിന്തയോടെ നടുമുറ്റത്തിന്റെ ആകൃതിയിലുള്ള സ്ഥലം മുറിച്ചു കടന്ന് പടികൾ കയറി മെല്ലെ അകത്തേയ്ക്കു നീങ്ങി. അൽപ്പദൂരം കഴിഞ്ഞപ്പോൾ കുറച്ചകലെയായി തബലയുടെ സ്വരമുയരുന്നുണ്ട്. നേരിയ ഇടർച്ചയോടെ. തന്റെ കാൽവയ്പ്പിനനുസരിച്ച് താളം ക്രമീകരിയ്ക്കപ്പെടുന്ന പോലെ അൽപസമയം കഴിഞ്ഞപ്പോൾ ആ മുറിയിലെത്തി. വിശാലമായ ഒരു മുറി. അങ്ങിങ്ങായി പലവർണ്ണത്തിലുള്ള തലയിണകൾ. നാടകത്തിലെ ചിതറിത്തെറിച്ച വാക്കുകൾ പോലെ. ടിക്കറ്റിൽ കണ്ട പരസ്യത്തിലും നിറയെ തലയിണകളായിരുന്നല്ലോ. മുറിയിൽ കണ്ണോടിയ്ക്കുമ്പോൾ പാശ്ചാത്തലത്തിൽ ഖവാലി.

'തുമേം ദില്ലഗി ഭൂൽ ജാനി പഡേഗി............'

കട്ടിത്തം വിടാത്ത മുഖത്തിന് അലങ്കാരമായി അൽപ്പം ചുരുണ്ട മുടിയിഴകൾ നെറ്റിയിൽ വീണു കിടന്നു. തബലയുടെ താളത്തിനനുസൃതമായി തല ഇരു വശത്തേക്കും വെട്ടിയ്ക്കുന്നതിനിടയ്ക്ക് ആ മുഖത്ത് സ്നിഗ്ദ്ധമായ ഒരു പുഞ്ചിരി മിന്നി മാഞ്ഞു. ഒരിയ്ക്കൽക്കൂടി അതു കാണാനായി എത്ര നേരം വേണമെങ്കിലും അവിടെ നിൽക്കാമെന്നു തോന്നി. താളത്തിന്റെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച്

കൈകൾ തബലയെ തഴുകുന്നു, കൊട്ടിയുണർത്തുന്നു. ഇടയ്ക്കെവിടെയോ ഒരിടർച്ച. സൂഫി സംഗീതത്തിന്റെ അലകളിൽ അലിഞ്ഞില്ലാതെയാവുന്നതിനിടയിൽ വേദനയുടെ ഇടർച്ച, അവിടെയാണ് മനസ്സുടക്കിയത്. വലതു കൈപ്പത്തിയുടെ വിരലുകൾക്കിടയിൽ ഒരു ചുവന്നു തടിച്ച പാട്.

കണ്ടിട്ടും കാണാത്തതുപോലെ വിദൂരതയിൽ കണ്ണുംനട്ട് ചിത്ത്‌രഞ്ജൻ തബല വായന തുടരുകയാണ്. ഒപ്പം മാസ്മരികമായ സ്വരത്തിൽ ഖവാലിയും. കലാകാരന്മാർ വിചിത്ര സ്വഭാവികളാണ്. ചിലപ്പോൾ അനുവാദമില്ലാതെ മുറിയിൽ കയറിയത് പിടിച്ചില്ലായിരിക്കും. തിരിഞ്ഞു നടക്കാൻ തുടങ്ങിയതാണ്.

“നിൽക്കൂ. ഒന്നും വിചാരിക്കരുത്. നാടകത്തിനുള്ള സംഗീതം ഞാൻ തന്നെ പാടി റെക്കോർഡ് ചെയ്യുകയായിരുന്നു. വൈകുന്നേരം കളിക്കാനുള്ളതാണ്.”

‘ഒറ്റയ്ക്കോ? കൂടെ ആരുമില്ലേ?’

‘ഇപ്പോൾ ഒറ്റയ്ക്കല്ലല്ലോ. കൂടെ ആളായില്ലേ? ക്ഷമിക്കണം, തമാശ പറഞ്ഞതാണ്. ‘ഏക് അനേക്’ എന്നാണ് എന്റെ നാടകം. എന്റെ നാട്ടിലെ കൃഷിയെക്കുറിച്ചാണ്. ജാതികൃഷി, ലിംഗകൃഷി.....’ അത്ര നേരം പ്രസന്നമായിരുന്ന മുഖത്ത് തീവ്രമായ ഒരു ഭാവം.

‘എന്തിനാണ് ഈ തലയിണകൾ?’

‘നാടകം കാണാൻ ഉദ്ദേശ്യമില്ലല്ലേ. കണ്ടു മനസ്സിലാക്കിയാൽ പോരേ?’

‘ചിലപ്പോൾ കാണാൻ സാധിച്ചില്ലെങ്കിലോ?’

എന്തായിരിക്കും പ്രതികരണമെന്നറിയാൻ ചോദിച്ചതാണ്. മുഖത്തു നിരാശ നിറഞ്ഞു.


“എങ്കിലതു വലിയ നഷ്ടമായിരിക്കും.”

“എനിയ്ക്കോ?”

“അല്ല എനിക്ക്. എന്റെ ടിക്കറ്റിന്റെ പൈസ പോയില്ലേ.”

“ശരി ഞാൻ വരാൻ ശ്രമിക്കാം.”

ഊറി വന്ന ചിരി ഗൗരവത്തിലൊതുക്കി മെല്ലെ തിരിഞ്ഞു നടന്നു. വരാന്തയിലെത്തുമ്പോൾ



വീണ്ടും അതേ സംഗീതം. തിരിച്ചുവിളിക്കുന്നതുപോലെ എന്തായാലും കാണണം. ഒരാളുടെ ടിക്കറ്റിന്റെ പൈസ നഷ്ടപ്പെടുത്തരുതല്ലോ. നാടകം ബംഗാളിയിലാണ്. കൃത്യം ഏഴു മണിക്ക് തുടങ്ങിയിരിക്കുന്നു. നിറയെ ആളുകളുണ്ട്. അരങ്ങിൽ ചിത്ത്‌രഞ്ജൻ ഏകനായി നിൽക്കുന്നു. പാശ്ചാത്തലത്തിൽ തബലയും ഖവാലിയും. ആദ്യത്തെ രംഗത്തിൽ നടൻ ഒരു ഭംഗിയുള്ള തലയിണ എടുത്ത് ഓമനിക്കുന്നു. അതു തലക്കൽ വച്ച് ഉറങ്ങുന്നു. പിന്നെ പമ്മിപ്പതുങ്ങി ഒരു വാതിൽ തുറക്കുന്നതായി കാണിച്ച് ഒരു കറുത്ത തലയിണയെ സമീപിക്കുന്നു. അതിനെ ബലം പ്രയോഗിച്ച് കീഴ്പ്പെടുത്തുന്നതായി കാണിക്കുന്നു. അതിനു മുകളിൽ തലവച്ച് ഉറങ്ങുന്നു. ആ ഒരു വ്യക്തി അനേകരായ് ആടി, വ്യക്തികൾക്കു പകരം പല നിറത്തിലും രൂപത്തിലുമുള്ള തലയിണകൾ ആ നടനു ചുറ്റും മാറി മാറി എത്തി. ചില തലയിണകൾ അലങ്കരിക്കപ്പെട്ടു, ചിലവ കെട്ടിയിടപ്പെട്ടു, വേറെ ചിലത് പിച്ചിച്ചീന്തപ്പെട്ടു. ചിലവ ചവുട്ടിമെതിക്കപ്പെട്ടു. ഭീതിജനകമായ അന്തരീക്ഷം. നടൻ ഒരു പീഡകനായി കാണികളോരോരുത്തരേയും തലയിണകളാക്കി, കീഴ്പ്പെടുത്തി. നടൻ ചാരാൻ ഉപയോഗിച്ച ഒരു തലയിണ കാണികൾക്കു

നേരെ എറിഞ്ഞു, ചവുട്ടിക്കയറാൻ ഉപയോഗിച്ച വേറെ ഒന്നും.

ആദ്യത്തേത് കിട്ടിയ ഒരാൾ അത് തിരിച്ചെറിഞ്ഞു. ഒരു തലയിണ കുറേ പേർക്കിടയിൽ കിടക്കുന്നു. മെല്ലെ ചെന്നെടുത്ത് നിറപ്പകിട്ടാർന്ന തന്റെ ഷാൾ കൊണ്ടു പുതപ്പിച്ച് നടന്റെ കയ്യിൽ കൊണ്ടു കൊടുത്തു. കാണികൾക്കിടയിലൂടെ നടന്ന് പുറത്തേയ്ക്ക് കടക്കുമ്പോൾ ഒന്നു തിരിഞ്ഞു നോക്കി ചിത്ത്‌രഞ്ജൻ രണ്ടു പീഠങ്ങളിട്ട്, ഒന്നിൽ തലയിണ വച്ച് മറ്റേ പീഠത്തിൽ കയറിയിരുന്ന് തലയിണയോട് സംസാരിയ്ക്കുന്നു. പാട്ടു പാടുന്നു.

'ഇമേം ദില്ലഗി ഭ്രൽ ജാനി പഡേഗി.......'

പിറ്റേന്നത്തെ പത്രങ്ങളിൽ ഗംഭീര റിപ്പോർട്ടുകൾ വന്നു. ചിത്ത്‌രഞ്ജനെ അഭിനന്ദിയ്ക്കാൻ പലവട്ടം 'ഏവം' ഫൗണ്ടേഷനിൽ പോയി. ആർക്കും ഒന്നും പറയാനുണ്ടായിരുന്നില്ല. ആ ഒരു ഷോയുടെ പൈസയ്ക്കു വേണ്ടി വന്നതാണ്. തിരിച്ച് നാട്ടിലെത്തിക്കാണും എന്നു മാത്രം അറിഞ്ഞു. ബംഗാളിൽ എവിടെയാണ്? തിരഞ്ഞു പോകാൻ മറ്റു വിവരങ്ങളൊന്നും അറിയില്ല. കാത്തിരുന്നു. ഓരോ നാടകോത്സവത്തിനും ഗന്ധങ്ങളും, നിറങ്ങളും, ശബ്ദങ്ങളും, സ്പർശങ്ങളും നിഷേധിയ്ക്കപ്പെട്ടവരുടെ ചിത്ത്‌രഞ്ജനെ. ഈ വിമർശകർക്കൊന്നും പിടി കൊടുക്കാതെ എവിടെയാണയാൾ? തലയിണകളും തബലകളും കൊണ്ട് ഏതോ ഖവാലിയിൽ അലിഞ്ഞ്.....

***********

ആ ജന ബാഹുല്യത്തിനിടയിൽ ചാർമിനാർ നിറം മങ്ങി നിന്നു. മിനാരത്തിന്റെ ഓരോ മടക്കുകളിലും പ്രാവുകൾ താമസമാക്കിയിരിയ്ക്കുന്നു. കാഷ്ഠവും പൊടിയും ഇവലും പറ്റിയിരിയ്ക്കുന്നതിന്റെ മണം ഓരോ മൂലയിൽ നിന്നും ഉയരുന്നു. സമീപത്തുള്ള മസ്ജിദിൽ നിന്നും പ്രാർത്ഥനയുടെ അലകൾ മിനാരത്തിന്റെ ചുവരുകളിൽ തട്ടി ചുറ്റും പരന്നു. നാലു മിനാരങ്ങൾക്കുള്ളിലും ഉയരം കൂടുന്തോറും ശ്വാസം മുട്ടിയ്ക്കുന്ന കോണിപ്പടികളുണ്ട്. പക്ഷെ ഇന്നു മറ്റെന്തോ അസ്വസ്ഥതയുണ്ടാക്കുന്നു. ഇവിടെയാണ് പിന്നീടൊരിയ്ക്കൽ അവിചാരിതമായി ചിത്ത്‌രഞ്ജനെ കണ്ടത്. അതേ നിറപ്പകിട്ടാർന്ന വസ്ത്രങ്ങൾ. പക്ഷെ, ഏറെ ക്ഷീണിതനായിരുന്നു. അന്നാണ് ബംഗാളിലെ വിശാലമായ പാടങ്ങളെക്കുറിച്ചും രാത്രി ഇര പിടിയ്ക്കാ നിറങ്ങുന്ന ജമീന്ദാർമാരെക്കുറിച്ചും ചിത്ത്‌രഞ്ജൻ വാചാലമായി സംസാരിച്ചത്. വെയിലേറ്റു തിളങ്ങുന്ന വയലുകൾക്ക് ഇടയിലായി കണ്ണാടിപോലെ തെളിഞ്ഞ കൊച്ചു കൊച്ചു കുളങ്ങളുണ്ടാവും. പകൽ സമയം കുട്ടികൾ കളിച്ചു തിമർക്കുന്ന വയൽ വരമ്പുകളിൽ രാത്രി വടികുത്തി നീങ്ങുന്ന അച്ഛന്മാരുടെ ചെരുപ്പുകളുടെ അടയാളങ്ങൾ കാണും. ഓരോ ചെരുപ്പിന്റെ അടയാളവും ചിത്ത്‌രഞ്ജന് വേറിട്ടറിയാം. അയാൾ ചെരുപ്പു കുത്തിയാണ്. തോലുവെട്ടി നല്ല ചെരുപ്പുകൾ തുന്നിയുണ്ടാക്കാനും അയാൾക്കറിയാം.

"ആ തലയിണകൾ എവിടെ?"

പറഞ്ഞു നിർത്തിയപ്പോൾ ചോദിച്ചു.

"അതെല്ലാം അവർ കത്തിച്ചു. അവരുടെ രാത്രിയാത്രകളിലെ സഹചാരികളാണ് എന്റെ അടുത്ത ആയുധം."

തന്റെ സഞ്ചിയിലെ ചെരുപ്പുകൾ വെറുപ്പു നിറഞ്ഞ അഭിമാനത്തോടെ ചിത്ത്‌രഞ്ജൻ കാണിച്ചു തന്നു. ഒരു ജോഡി ചെരുപ്പ് മുന്നിലേയ്ക്ക് നീട്ടി.

"ഇതു നിങ്ങൾക്കാണ്. അന്നത്തെ ഷാളിനു പകരം."

പെട്ടെന്ന് ആ നിറത്തും മങ്ങി നിൽക്കുന്ന ചരിത്രസ്മാരകവും എല്ലാം സുന്ദരങ്ങളായി തോന്നി. പാശ്ചാത്തലത്തിൽ ഖവാലിയ്ക്കു പകരം പ്രാവുകളുടെ നീട്ടിയും കുറുക്കിയുമുള്ള കുറുകൽ.

"ഈ ചെരുപ്പുകൾ കണ്ടോ, ഇതെന്റെ അച്ഛനാണ്."

കുറുകിക്കൊണ്ടിരുന്ന പ്രാവുകൾ അൽപ്പനേരം നിശബ്ദരായോ?" വിഷയം മാറ്റാനായി ചോദിച്ചു.

"അന്നേ ചോദിയ്ക്കണമെന്നുണ്ടായിരുന്നു. ആ വിരലുകൾക്കിടയിലെ പാട് എങ്ങനെ ഉണ്ടായതാണ്?"

"ചെരുപ്പുകുത്തി തലയിണ തുന്നാൻ ശ്രമിച്ചപ്പോൾ ഉണ്ടായതാണ്."

"നിങ്ങൾ കല്യാണം കഴിച്ചതാണോ?"

"ഇല്ല."

"ആ ഖവാലി ഒന്നു കൂടി പാടുമോ? ഇമേം ദില്ലഗി ഭ്രൽജാനി പഡേഗി"....

ആ നിമിഷത്തിന്റെ സൗന്ദര്യം നഷ്ടപ്പെടാതിരിയ്ക്കാൻ ആഗ്രഹിച്ച് ചെറിയൊരോർത്തു, പക്ഷെ....

"എന്റെ കലാപം നരനായാട്ടിനെതിരെയാണ്. ഇന്നത്തെ കളിയുടെ പണം ചെരുപ്പുകുത്തികളുടെ മക്കൾക്ക്, ആണിനും പെണ്ണിനും, പുസ്തകം വാങ്ങാനുള്ളതാണ്. എന്റെ നാടകങ്ങൾക്ക് മനുഷ്യരുടെ ഗന്ധമല്ല ഉള്ളത്. പച്ചച്ചോരയുടെയും, കത്തിയമരുന്ന പച്ചമാംസത്തിന്റേയും മണമാണ്. അവ നിങ്ങളെ ഇക്കിളിപ്പെടുത്തില്ല. ശ്വാസം മുട്ടിച്ചു കൊണ്ടേയിരിയ്ക്കും."

"ഞാൻ....."

"നിങ്ങൾക്കിഷ്ടം പോലെ എല്ലായിടത്തും കയറിച്ചെല്ലാം നാടകങ്ങൾ കാണാം. നിങ്ങളൊരു സ്ത്രീയാണ് എന്നിരുന്നാലും സവർണ്ണയാണ്. നിറങ്ങളും, കാഴ്ചകളും, നിറത്തുകളും നിഷേധിയ്ക്കപ്പെട്ട ഒരു കൂട്ടം സ്ത്രീകളുടെ ഇടയിൽ നിന്നാണ് ഞാൻ വരുന്നത്. അലസമായ വികാരവായ്പുകൾ എന്നിൽ പുച്ഛമാണുണ്ടാക്കുന്നത്. എന്നെ എന്റെ വഴിയ്ക്കു വിട്ടേയ്ക്കൂ."

ചിത്ത്‌രഞ്ജൻ ക്ഷുഭിതനായി നടന്നു നീങ്ങിയ ആ വഴിയിൽ ഇന്നു നിറയെ വഴി വാണിഭക്കാരാണ്. പാനിന്റേയും ചാട്ടിന്റേയും ഗന്ധം ഏറെ ശ്വാസം മുട്ടിച്ചപ്പോൾ കാലുകളിൽ കിടന്ന, തോലിൽ ഭംഗിയിൽ വെട്ടിയെടുത്ത, ചെരുപ്പുകളിൽ ദൃഷ്ടിയൂന്നി മെല്ലെ നടന്നു....

************

രബീന്ദ്രഭാരതിയുടെ വെൺചുമരുകൾ തെരുവുനാടക പ്രക്ഷോഭങ്ങൾക്ക് അതാര്യമാണോ എന്നറിയില്ല. ഏതായാലും ആ നാടകോത്സവത്തിൽ 'മനുഷ്യഗന്ധമുള്ള' നാടകങ്ങൾ ഏറെ ഉണ്ടായിരുന്നു. വൻ മുതൽ മുടക്കുകളോടെ അരങ്ങേറപ്പെടുന്ന നാടങ്ങൾ. പ്രതിഭകൾ തിളങ്ങി നിന്നെങ്കിലും എല്ലാം കണ്ടു തീർന്നപ്പോൾ കുറ്റബോധം അവശേഷിച്ചു.

# Press Information Bureau
# Government of India

*****

## Highlights of Minimum Qualifications for Appointment of Teachers in Universities and Colleges and Measures for Maintenance of Standards in Higher Education

## Ph.D Degree will be mandatory for direct recruitment to Assistant Professors in Universities w.e.f. 01.07.2021- Shri Prakash Javadekar

June 13th, 2018, New Delhi

In order to attract and retain the best quality teachers and other academic staff in Universities and Colleges, the UGC has brought out new regulations. This was disclosed by Union Minister for Human Resource Development, Shri Prakash Javadekar while addressing media persons in New Delhi today. The Highlights of the Regulations are as below:

1. Incentives to teachers as provided in the earlier Regulations of 2010 and subsequent amendments have been retained. These include incentives for M.Phil/Ph.D.

2. API based PBAS System has been removed. A new simplified teacher evaluation grading system has been introduced and research score added for Universities to improve research output.

3. Promotion criteria under CAS for University teachers has been made more research oriented while in case of College teachers, CAS criteria is more focused on teaching.

4. For the first time provision for promotion in Colleges will be up to Professor level.

5. Special provision for recruitment of Assistant Professors in Universities and Colleges for Ph.D Degree holders from a University/Institution in the top 500 Global rankings has been made.

6. The Regulations mandate introduction of one month induction programme for newly recruited Assistant Professors in Universities/Colleges/Higher Education Institutions.

7. Ph.D Degree has been made mandatory for promotion to Assistant Professor (Selection Grade) in colleges from 01.07.2021. Ph.D Degree will be mandatory for direct recruitment to Assistant Professors in Universities w.e.f. 01.07.2021.

8. For the first time, weightages are assigned for CAS in respect of MOOCs and E-Content in Universities and Colleges.

9. Research clusters will be created in the Universities within the State for sharing research facilities, skills and infrastructure to ensure optimal utilization of resources and creating synergies amongst higher education institutions.

10. Up to 10% of the existing sanctioned strength of Professors in Universities shall be appointed as Senior Professors in the Universities. Senior Professors in Universities will be appointed through direct recruitment and through promotion under CAS.

11. Universities will accord permission and provide need based facilities to Colleges teachers to supervise Ph.D/M.Phil scholars.

12. Special category of medal winners in Olympics, Asian Games and Commonwealth Games in eligibility criteria for Assistant Director/College Director, Physical Education and Sports and Deputy Director, Physical Education and Sports in Universities has been made to promote sports in Universities and Colleges.

Note: Ph.D Degree shall be mandatory requirement for Direct Recruitment to the post of Assistant Professors in University with the effect from 1st July, 2021. However Masters degree with NET or Ph.D. will continue to be the minimum eligibility requirement for Direct Recruitment to the post of Assistant Professors in colleges.

*****

# Appendix III

## Table 1

### Assessment Criteria and Methodology for University/College Teachers

| S.No. | Activity | Grading Criteria |
|---|---|---|
| 1 | Teaching: (Number of classes taught/total classes assigned): 100% (Classes taught includes sessions on tutorials, lab and other teaching related activities) | 80% & above------Good<br>Below 80% but 70% & above—Satisfactory<br>Less than 70%----Not satisfactory |
| 2 | Involvement in the University/College students related activities/research activities:<br>(a) Administrative responsibilities such as Head, Chairperson/ Dean/Director/ Co-ordinator, Warden etc.<br>(b) Examination and evaluation duties assigned by the college / university or attending the examination paper evaluation.<br>(c) Student related co-curricular, extension and field based activities such as student clubs, career counselling, study visits, student seminars and other events, cultural, sports, NCC, NSS and community services.<br>(d) Organising seminars/conferences/workshops, other college/university activities.<br>(e) Evidence of actively involved in guiding Ph.D students.<br>(f) Conducting minor or major research project sponsored by national or international agencies.<br>(g) At least one single or joint publication in peer reviewed/UGC list of Journals. | Good—Involved in at least 3 activities<br>Satisfactory—1-2 activities<br>Not-satisfactory-Not involved / undertaken any of the activities<br>Note: Number of activities can be within or across the broad categories of activities |
| | Overall Grading:<br>Good: Good in teaching and satisfactory or good in activity at Sl.No.2.<br>Or<br>Satisfactory: Satisfactory in teaching and good or satisfactory in activity at Sl.No.2.<br>Not Satisfactory: If neither good nor satisfactory in overall grading<br>Note: For the purpose of assessing the grading of Activity at Serial No. 1 i.e. Teaching all such periods of duration which have been spent by the teacher on different kinds of paid leaves such as Maternity Leave, Child Care Leave, Study Leave, Medical Leave etc. and Deputation shall be excluded from the grading assessment. The teacher shall be assessed for the remaining period of duration and the same shall be extrapolated for the entire period of assessment to arrive at the grading of the teacher. The teacher on such leaves or deputation as mentioned above shall not be put to any disadvantage due to his/her absence from his/her teaching responsibilities subject to such leaves/deputation was undertaken with the prior approval of the competent authority following all procedures laid down in these regulations and as the acts, statutes and ordinances of the parent institution. | |

## Table 2 Assessment Criteria and Methodology for University Teachers

## (Academic/Research)

**(Assessment must be based on evidence produced by the teacher such as: copy of publications, project sanction letter, utilization and completion certificates issued by the University and acknowledgements for patent filing and approval letters, students' Ph.D. award letter, etc,.)**

| Academic/Research Activity | Faculty of Sciences/Engineering/Agriculture/ Medical /Veterinary Sciences | Faculty of languages/Humanities/Arts/Social Science / Library/Education/Physical Education/Commerce/Management & other related discipline |
|---|---|---|
| 1.Research Papers Published in Peer Reviewed/UGC listed Journals | 08 per paper | 10 per paper |
| 2.Books/ ebooksauthored which are published by | | |
| International publishers | 10 | 10 |
| National publishers | 08 | 08 |
| Chapter in Edited Book | 05 | 05 |
| Editor of Book by International Publisher | 10 | 10 |
| Editor of Book by National Publisher | 08 | 08 |
| *e-content (developed in 4 quadrants) per module | 05 | 05 |
| MOOCs (developed) per module/ lecture | 05 | 05 |
| 3. Research Projects Completed: | | |
| More than 10 lakhs | 10 | 10 |
| Less than 10 lakhs | 05 | 05 |
| Ongoing: | | |
| More than 10 lakhs | 05 | 05 |
| Less than 10 lakhs | 02 | 02 |
| Consultancy: | 03 | 03 |
| 4. Patents | | |
| International | 10 | 10 |
| National | 07 | 07 |
| *Policy Document | | |
| International | 10 | 10 |
| National | 07 | 07 |
| State | 04 | 04 |

| | | |
|---|---|---|
| **5. Research Guidance**<br>Ph.D.<br><br>M.Phil./PG dissertation | <br>10/per degree awarded<br>05/thesis submitted<br>02/degree awarded | <br>10/per degree awarded<br>05/per thesis submitted<br>02/per degree awarded |
| 6. *Invited lectures /Resource Person/ paper presentation<br>International (Abroad)<br>International (within country)<br>National<br>State / University | <br>7<br>5<br>3<br>2 | <br>7<br>5<br>3<br>2 |

The Research Score for papers would be augmented as follows:
Peer reviewed /UGC listed journals
i) Paper in referred journals without impact factor - 5 Points
ii) Paper with impact factor less than 1 - 10 Points
iii) Paper with impact factor between 1 and 2 - 15 Points
iv) Paper with impact factor between 2 and 5 - 20 Points
v) Paper with impact factor between 5 and 10 - 25 Points
vi) Paper with impact factor >10 - 30 Points
Joint Publication:

(a) Two authors: 50% of total value of publication for each author

(b) More than two authors: 70% of total value of publication for the First/Principal/Corresponding authorand 30% of total value of publication for each of the joint authors.

Joint Projects: Principal Investigator and Co-investigator would get 50% each.

* Note:

Paper presented if part of edited book or proceeding then it can be claimed only once.

- For joint supervision of research students the formula shall be 70/30. First Supervisor shall get 7 marks and co-supervisor 3 marks.
- In development of e-content in 4 quadrants for a complete course/e-book may be assigned points equivalent to authoring a book at national level, contribution to development of e-content modules in complete course/paper/e-book may be awarded points same as that of contributed chapters in edited book and editor of e-content for complete course/paper/e-book may be awarded points same as that for editor of a book by National Publisher.
- Development of various quadrants of complete MOOCs may be given the weightage similar to authoring a book, contribution to development of modules in a complete MOOCs may be awarded points same as contributed chapters in edited book and coordinator of MOOCs for complete course may be awarded points same as that for editor of a book by National Publisher.
- For the purpose of calculating research score of the person, the combined research score from the categories of Policy Document and Invited lectures / Resource Person /paper presentation shall have an upper capping of 30% of the total research score of the person.
- The research score shall be from the minimum of 3 categories out of 6 categories.

## Table: 3 A

### Criteria for Short listing of candidates for Interview for the Post of Assistant Professors in Universities

| S.No. | Academic Record | Score | | |
|---|---|---|---|---|
| 1. | Graduation | 80% and above = 15 | 60%to less than 80% = 13 | 55% to less than 60% = 10 |
| 2. | Post Graduation | 80% and above = 28 | 60%to less than 80% = 25 | 55% to less than 60% = 20 |
| 3. | M.Phil. | 60% and above = 07 | 55% to less than 60% = 05 | |
| 4. | Ph.D. | 30 | | |
| 5. | NET with JRF<br>NET or equivalent | 07<br>5 | | |
| 6. | Research Publications (2 marks for each research publications published in Peer Reviewed/UGC listed Journals) | 10 | | |
| 7. | Teaching/Post Doctoral Experience (2 marks for one year each)# | 10 | | |

# However, if the period of teaching/Post-doctoral experience is less than one year then the marks shall be reduced proportionately.

Note:

(A) (i)M.Phil + Ph.D Maximum– 30 Marks

(ii) JRF/NET/SET Maximum - 07 Marks

(B) Number of candidates to be called for interview shall be decided by the concerned universities.

(C) Academic Score - 80

Research Publications - 10

Teaching Experience - 10

Total :- 100

(D)SET/SLET score shall be valid for appointment in respective State Universities/Colleges/Institutions only

## Table: 3 B

## Criteria for Short listing of candidates for Interview for the Post of Assistant Professors in Colleges

| S.No. | Academic Record | Score | | |
|---|---|---|---|---|
| 1. | Graduation | 80% and above = 21 | 60%to less than 80% = 19 | 55% to less than 60% = 16 |
| 2. | Post Graduation | 80% and above = 33 | 60%to less than 80% = 30 | 55% to less than 60% = 25 |
| 3. | M.Phil. | 60% and above = 07 | | 55% to less than60% = 05 |
| 4. | Ph.D. | 20 | | |
| 5. | NET with JRF<br>NET or equivalent | 10<br>08 | | |
| 6. | Research Publications (2 marks for each research publications published in Peer Reviewed/UGC listed Journals) | 06 | | |
| 7. | Teaching/Post Doctoral Experience (2 marks for one year each)# | 10 | | |

# However, if the period of teaching/Post-doctoral experience is less than one year then the marks shall be reduced proportionately.

Note:

(A) (i)M.Phil + Ph.D Maximum- 20 Marks

(ii)JRF/NET/SET Maximum - 10 Marks

(B) Number of candidates to be called for interview shall be decided by the concerned universities.

(C) Academic Score - 84

Research Publications - 06

Teaching Experience - 10

Total : - 100

(D)SET/SLET score shall be valid for appointment in respective State Universities/Colleges/Institutions only

### Table 4 Assessment Criteria and Methodology for Librarians

| S.No. | Activity | Grading Criteria |
|---|---|---|
| 1 | Regularity of attending library | 90% and above – Good |

# മതവിശ്വാസത്തെ ദുർവ്യാഖ്യാനം ചെയ്ത് ജനങ്ങളെ തമ്മിലടിപ്പിക്കുന്നു: എം.എം. മണി




മതവിശ്വാസങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് ജനങ്ങളെ തമ്മിലടിപ്പിക്കുന്ന നയങ്ങൾ ഉന്നതവിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കുകയാണ് കേന്ദ്രസർക്കാർ ചെയ്യുന്നത് എന്ന് വൈദ്യുതിമന്ത്രി എം.എം. മണി. ഏറ്റുമാനൂർ കാസാമരിയ സെന്ററിൽ വെച്ച് നടക്കുന്ന ദി ആൾ കേരള കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എ.കെ.പി.സി.ടി.എ.) ദ്വിദിന സംസ്ഥാന പ്രവർത്തകക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു വൈദ്യുതിമന്ത്രി. കുത്തകകൾക്ക് കൊള്ളലാഭമുണ്ടാക്കാൻ വിടുപണി ചെയ്യുന്ന കേന്ദ്രസർക്കാർ സാധാരണക്കാരന്റെ അവകാശങ്ങളെ പാടേ അവഗണിക്കുന്നു. സാമ്പത്തിക നയങ്ങളുടെ കാര്യങ്ങളിൽ കോൺഗ്രസ്സും ബി.ജെ.പി.യും തമ്മിൽ പറയത്തക്ക വ്യത്യാസങ്ങളില്ല എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ കോൺഗ്രസ്സ് പിന്തുടർന്നുവന്നത് വർഗീയപ്രീണനനയമായിരുന്നു എങ്കിൽ വർഗീയഭ്രാന്ത് കെട്ടഴിച്ചുവിട്ടുകൊണ്ട് ജനങ്ങളെ തമ്മിലടിപ്പിക്കുകയാണ് മോഡി സർക്കാർ ചെയ്യുന്നത്. ഇന്ത്യയ്ക്ക് ആകമാനം മാതൃകയായ ഭരണമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ കാഴ്ച വെക്കുന്നത്. കേരളം കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തത്തെ നിശ്ചയദാർഢ്യത്തോടെ നേരിട്ടതിന് ശേഷം നവകേരള സൃഷ്ടി എന്ന മുദ്രാവാക്യവുമായി മുന്നോട്ടു പോവുകയാണ് കേരള സർക്കാർ. ഈ മുന്നേറ്റത്തിന് കോളേജ് അദ്ധ്യാപകരുടെ ശക്തമായ പിന്തുണയുണ്ടാ



## സംസ്ഥാന പ്രവർത്തന ക്യാമ്പ്






കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ഉന്നതവിദ്യാഭ്യാസമേഖലയുടെ അടിസ്ഥാനതത്വങ്ങൾക്ക് തീർത്തും വിരുദ്ധമായ കാര്യങ്ങളാണ് ഇപ്പോൾ രാജ്യത്ത് നടക്കുന്നത് എന്ന് മുഖ്യപ്രഭാഷണം നടത്തിയ ജവഹർലാൽ നെഹ്റു സർവ്വകലാശാല സാമൂഹ്യശാസ്ത്രവിഭാഗം പ്രൊഫസർ ധ്രുവ് റെയ്ന അഭിപ്രായപ്പെട്ടു. ആയതിനാൽ 2019ൽ വരാനിരിക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പ് അക്കാദമിക് സമൂഹത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. സി. പത്മനാഭൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽസെക്രട്ടറി ഡോ. പി.എൻ. ഹരികുമാർ പ്രവർത്തനരേഖയും ഡോ. വി.പി. മാർക്കോസ് അക്കാദമിക് രേഖയും പ്രൊഫ. എസ്. ഷാജിത വനിതാ സെൽ പ്രവർത്തനരേഖയും പ്രൊഫ. എ.എം.പി. ഹംസ സർവ്വീസ് രേഖയും ഡോ. എൻ.എം. സണ്ണി ജേർണൽ പ്രവർത്തനരേഖയും അവതരിപ്പിച്ചു. സർവ്വകലാശാലകളെ പ്രതിനിധീകരിച്ചുകൊണ്ട് പ്രൊഫ. എം. ശ്രീകുമാർ, ഡോ. പി.കെ. പത്മകുമാർ, പ്രൊഫ. എ. നിശാന്ത് എന്നിവർ പ്രവർത്തനറിപ്പോർട്ടുകൾ അവതരിപ്പിച്ചു. സംസ്ഥാന സെക്രട്ടറി ഡോ. സി.എം. ശ്രീജിത്ത് നന്ദി രേഖപ്പെടുത്തി.



കേരള യൂണിവേഴ്സിറ്റിയുടെ മികച്ച പ്രോഗ്രാം ഓഫീസർ അവാർഡ് നേടിയ പ്രൊഫ. ഷാജിത എസ്.



കേരള യൂണിവേഴ്സിറ്റിയുടെ മികച്ച പ്രോഗ്രാം ഓഫീസർ അവാർഡ് നേടിയ വിജയകുമാരി കെ.

# അധ്യാപികമാർക്കെതിരെയുള്ള സംഘപരിവാർ അക്രമത്തിനെതിരെ അധ്യാപക സംയുക്ത സമിതി പ്രതിഷേധിച്ചു




ധനുവച്ചപുരം വി.ടി.എം എൻ.എസ്.എസ് കോളേജിൽ അധ്യാപികമാർക്കെതിരെ സംഘപരിവാർ പ്രവർത്തകർ നടത്തിയ അക്രമത്തിനെതിരെ സംയുക്ത അധ്യാപക സമിതി പ്രതിഷേധിച്ചു. അധ്യാപികമാരെ അപമാനിച്ചവർക്കെതിരെ നടപടി സ്വീകരിക്കുക എന്ന ആവശ്യമുന്നയിച്ച് കൊണ്ടാണ് അധ്യാപകർ സെക്രട്ടറിയേറ്റിന് മുന്നിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചത്. നാളുകളായി കോളേജിൽ തുടരുന്ന തീവ്രവലതുപക്ഷ വർഗീയ രാഷ്ട്രീയത്തിന്റെ തേർവാഴ്ച കോളേജിന്റെ അക്കാദമിക് താൽപര്യങ്ങളെയടക്കം ഹനിക്കുന്ന നിലയിലാണ്. ഇതിന്റെ തുടർച്ചയായാണ് പരിഷ്കൃത സമൂഹത്തെ മുഴുവൻ ലജ്ജിപ്പിക്കുന്ന തരത്തിൽ ബിജെപി തിരുവനന്തപുരം ജില്ലാ പ്രസിഡൻറ് നേതൃത്വത്തിൽ കഴിഞ്ഞ ദിവസം സഭ്യതയുടെ എല്ലാ അതിർവരമ്പുകളും ലംഘിക്കുന്ന പരാമർശങ്ങൾ ധനുവച്ചപുരം കോളജിലെ അധ്യാപികമാർക്കെതിരെ നടത്തിയത്. ഉത്തരേന്ത്യൻ മാതൃകയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും കലാലയങ്ങളും കാവിവൽക്കരിച്ച് വർഗീയത കുത്തിനിറയ്ക്കാൻ തന്നെയാണ് ഇവിടെയും ശ്രമം. ജനാധിപത്യ കാഴ്ചപ്പാടുകളും മതനിരപേക്ഷ നിലപാടും ഉയർത്തിപിടിക്കുന്ന അധ്യാപകർക്കും ചിന്തകൻമാർക്കുമെതിരെ ഉത്തരേന്ത്യയിൽ സംഘപരിവാർ നടത്തുന്ന അക്രമത്തിന്റെ അതേപാതയിലാണ് ഇവിടുത്തെ ബിജെപി-ആർഎസ്എസ് കൂട്ടുകെട്ടും അവരുടെ താളത്തിനൊത്ത് തുള്ളുന്ന എബിവിപിയും എന്ന് പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്തുകൊണ്ട് മുൻ എംഎൽഎ വി. ശിവൻകുട്ടി പറഞ്ഞു. തുടർന്നുള്ള സമരത്തിൽ ഇടതുപക്ഷ മതനിരപേക്ഷ പുരോഗമന ചിന്തകളുള്ള എല്ലാ വിഭാഗം ആളുകളുടെയും പിന്തുണ അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. എകെജിസിടി സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. കെ കെ ദാമോദരൻ അധ്യക്ഷനായ യോഗത്തിൽ എകെപിസിടിഎ സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. പി എൻ ഹരികുമാർ, ഐഫെക്റ്റോ സോണൽ സെക്രട്ടറി പ്രൊഫ. എ. ജി ഒലീന, എകെപിസിടിഎ മുൻ സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. എ പ്രതാപചന്ദ്രൻ നായർ, പ്രൊഫ. ആർ ഗംഗാദേവി, പ്രൊഫ. വി എം ആനന്ദകുമാർ എന്നിവർ സംസാരിച്ചു.



മുഖ്യമന്ത്രിയുടെ ദുരിതശ്വാസ നിധിയിലേക്ക് എ കെ പി സി ടി എ പത്തുലക്ഷം രൂപയുടെ ചെക്ക് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ പി എൻ ഹരികുമാർ കൈമാറുന്നു

# മുഖ്യമന്ത്രിയുടെ ദുരിതശ്വാസ നിധിയിലേക്ക് എ കെ പി സി ടി എ പത്തു ലക്ഷം രൂപയുടെ ചെക്ക് കൈമാറി.

മുഖ്യമന്ത്രിയുടെ ദുരിതശ്വാസ നിധിയിലേക്ക് എ കെ പി സി ടി എ പത്തുലക്ഷം രൂപയുടെ ചെക്ക് കൈമാറി. കൂടാതെ, എല്ലാ അംഗങ്ങളും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതശ്വാസ നിധിയിലേക്ക് നൽകുവാൻ സംസ്ഥാനപ്രവർത്തക സമിതി യോഗം തീരുമാനിച്ചതായി എ കെ പി സി ടി എ സംസ്ഥാന പ്രസിഡന്റ് ഡോ.സി. പത്മനാഭനും ജനറൽസെക്രട്ടറി ഡോ.പി. എൻ.ഹരികുമാറും അറിയിച്ചു.

## പി.എച്ച്.ഡി. നേടി



കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും സുവോളജിയിൽ ഡോക്ടറേറ്റ് നേടിയ പട്ടാമ്പി വിളയൂർ സ്വദേശി സന്തോഷ് പി.പി. ശ്രീകൃഷ്ണ കോളേജ് ഗുരുവായൂർ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും വകുപ്പുതലവനുമാണ്. എ.കെ.പി.സി. ടി.എ. ബ്രാഞ്ച് സെക്രട്ടറിയായി ചുമതല വഹിക്കുന്നു,



കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ പി.എച്ച്.ഡി. നേടിയ ആര്യാഗോപി. കോഴിക്കോട് സാമൂതിരി ഗുരുവായൂരപ്പൻ കോളജ് ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. കവി പി.കെ. ഗോപിയുടെയും കോമളത്തിന്റെയും മകളും ജോബി ജോസഫിന്റെ ഭാര്യയുമാണ്. ഫറോക്ക് കോളേജ് സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ആന്റ് റിസർച്ച് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചറിൽ ഡോ. സാജിത എം.എ.യുടെ കീഴിലാണ് ഗവേഷണം പൂർത്തിയാക്കിയത്.

# ദുരിതാശ്വാസ ക്യാമ്പുകളിൽ എ.കെ.പി.സി.ടി.എ. യുടെ സഹായം



മഴക്കെടുതി മൂലം കഷ്ടപ്പെടുന്ന ജനങ്ങൾക്ക് ആശ്വാസമേകാൻ കോളജധ്യാപക സംഘടനയായ എ.കെ.പി.സി.ടി.എ സഹായഹസ്തവുമായെത്തി.

എ കെ പി സി ടി എ കണ്ണൂർ - കാസർഗോഡ് ജില്ലാ കമ്മിറ്റി സമാഹരിച്ച പുതിയ വസ്ത്രങ്ങളും ഭക്ഷ്യവസ്തുക്കളും അടക്കം ഒരു ലക്ഷത്തോളം രൂപയുടെ സാധനങ്ങൾ കൊട്ടിയൂർ അമ്പായത്തോട് ക്യാമ്പിൽ വെച്ച് പി.കെ. ശ്രീമതി ടീച്ചർ എം.പി.ക്ക് എ കെ പി സി ടി എ സംസ്ഥാന പ്രസിഡൻറ് ഡോ.സി.പത്മനാഭൻ കൈമാറി.


ജില്ലാ പ്രസിഡന്റ് ഷീല.എം.ജോസഫ് അധ്യക്ഷയായി.

സംസ്ഥാന സെക്രട്ടറി പ്രമോദ് വെള്ളച്ചാൽ , സംസ്ഥാന പ്രവർത്തക സമിതിയംഗവും കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റംഗവുമായ എ.നിശാന്ത്, ഡോ. പി.കെ.അനിത എന്നിവർ സംസാരിച്ചു.

ജില്ലാ സെക്രട്ടറി ഡോ.കെ.അജയകുമാർ സ്വാഗതവും ജില്ലാ കൗൺസിലംഗം എം.പി ഷനോജ് നന്ദിയും പറഞ്ഞു.

തുടർന്ന് കേളകത്തുള്ള ക്യാമ്പിലേക്കും വയനാട് പനമരത്തുള്ള ക്യാമ്പിലേക്കുമുള്ള സാധനങ്ങൾ കൂടി കൈമാറി.

## പി.എച്ച്.ഡി. നേടി



എം.ജി. സർവ്വകലാശാലയിൽ നിന്നും സോഷ്യോളജിയിൽ ഡോക്ടറേറ്റ് നേടിയ ലഫ്റ്റനന്റ് സുരേഷ്ബാബു പി. എൻ.എസ്.എസ്. ഹിന്ദു കോളേജ് ചങ്ങനാശ്ശേരി സോഷ്യോളജി വിഭാഗം മേധാവിയും എം.ജി. യൂണിവേഴ്സിറ്റി സോഷ്യോളജി ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനുമാണ്. കോട്ടയം ജി.എസ്.ടി. ഇന്റലിജൻസ് ഇൻസ്പെക്ടർ നിന ടി.ഇ. ഭാര്യയാണ്. എ.കെ.പി.സി.ടി.എ. കോട്ടയം - ഇടുക്കി ജില്ലാ കൗൺസിൽ അംഗമാണ്.

KERALA PRIVATE COLLEGE TEACHER
ISSN 2454-4795
a monthly journal of the all kerala private college teachers' association

AKPCTA@60

അടുത്തലക്കം വജ്രജൂബിലി പതിപ്പ്

# എ.കെ.പി.സി.ടി.എ. സായാഹ്ന പ്രതിഷേധ കൂട്ടായ്മ

## കണ്ണൂർ



ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ്. കോളജിലെ ആർ.എസ്.എസ്- ബി.ജെ.പി. ആക്രമണങ്ങളിൽ പ്രതിഷേധിക്കുക, അധ്യാപികമാർക്കെതിരെയുള്ള അധിക്ഷേപ പ്രയോഗങ്ങൾ അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉയർത്തി എകെപി സിടിഎ സംസ്ഥാന വ്യാപകമായി നടത്തിയ സായാഹ്ന പ്രതിഷേധ കൂട്ടായ്മ കണ്ണൂർ ജില്ലയിൽ മഹിളാ അസോസിയേഷൻ കേന്ദ്ര കമ്മിറ്റിയംഗം എൻ.സുകന്യ ധർമ്മശാലയിൽ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന പ്രസിഡൻറ് ഡോ.സി.പത്മനാഭൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പ്രസിഡൻറ് ഷീല എം ജോസഫ് അധ്യക്ഷയായി. സംസ്ഥാന പ്രവർത്തക സമിതിയംഗം എ.നിശാന്ത്, ജില്ലാ സെക്രട്ടറി ഡോ.കെ അജയകുമാർ,മേഖലാ വനിതാ കൺവീനർ ഡോ.ടി.പി.നഫീസാ ബേബി, ജേർണൽ എഡിറ്റോറിയൽ ബോർഡംഗം പി.സോന, ജില്ലാ വനിതാ കമ്മിറ്റിയംഗം ഡോ.കെ.പി.ഷീജ എന്നിവർ സംസാരിച്ചു.

ജില്ലാ വനിതാ കൺവീനർ സി.ഗീത സ്വാഗതവും ജോയിന്റ് കൺവീനർ ഡോ.പി.ശ്രീജ നന്ദിയും പറഞ്ഞു.

## പത്തനംതിട്ട



ധനുവച്ചപുരം വിടിഎം എൻഎസ്എസ് കോളേജിൽ അധ്യാപികമാർക്കെതിരെ സംഘപരിവാർ പ്രവർത്തകർ നടത്തിയ ആക്രമണത്തിനെതിരെ എകെപിസിടിഎ പത്തനംതിട്ട ജില്ലാ കമ്മിറ്റി പ്രതിഷേധ സായാഹ്നം സംഘടിപ്പിച്ചു. ജനാധിപത്യ കാഴ്ചപ്പാടുകളും മതനിരപേക്ഷ നിലപാട് ഉയർത്തിപ്പിടിക്കുന്ന അധ്യാപകർക്കും ചിന്തകന്മാർക്കും എതിരെ ഉത്തരേന്ത്യയിൽ സംഘപരിവാർ നടത്തുന്ന ആക്രമണത്തിന് അതേ പാതയിൽ ആണ് കേരളത്തിലെ ബിജെപിയും-ആർഎസ്എസും എന്ന് പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്തുകൊണ്ട് ജനാധിപത്യമഹിളാ അസോസിയേഷൻ പത്തനംതിട്ട ജില്ല പ്രസിഡൻറ് നിർമലാ ദേവി ടീച്ചർ പറഞ്ഞു. എകെപിസിടിഎ പത്തനംതിട്ട ജില്ല പ്രസിഡൻറ് ഡോക്ടർ ബി ഗോപകുമാർ അധ്യക്ഷനായ പ്രതിഷേധ കൂട്ടായ്മയിൽ സിപിഐഎം ജില്ലാ സെക്രട്ടറിയേറ്റംഗം ടി കെ ജി നായർ, എകെപിസിടിഎ ജില്ലാ സെക്രട്ടറി വിവേക് ജേക്കബ് എബ്രഹാം, എഫ്എസ്ഇടിഒ ജില്ലാ സെക്രട്ടറി ഫിറോസ്, ലിജോ സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു.

# എ.കെ.പി.സി.ടി.എ. സായാഹ്ന പ്രതിഷേധ കൂട്ടായ്മ

## കോട്ടയം



ധനുവച്ചപുരം വി.ടി.എം. എൻ.എസ്.എസ്.കോളേജിലെ ആർ.എസ്.എസ്- ബി.ജെ.പി അക്രമങ്ങളിലും, അദ്ധ്യാപികമാർക്കെതിരെയുള്ള അധിക്ഷേപ പ്രയോഗങ്ങളിലും പ്രതിഷേധിച്ച് 2018 ഒക്ടോബർ 10-ാം തീയതി AKPCTA കോട്ടയം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സായാഹ്ന പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. സ്ത്രീ വിരുദ്ധ നിലപാടുകളെ സമൂഹമധ്യത്തിൽ തുറന്നു കാട്ടാൻ നടത്തിയ പ്രതിഷേധ കൂട്ടായ്മ അതിന്റെ അംഗബലം കൊണ്ട് ശ്രദ്ധേയമായി. കോട്ടയം ജില്ലാ സെക്രട്ടറി Prof. ജോജി അലക്സ് സ്വാഗതമാശംസിച്ച യോഗം, NGO യൂണിയൻ സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം സീമ. എസ്.നായർ ഉദ്ഘാടനം ചെയ്യുകയുണ്ടായി. തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷയുടെ ആശങ്കകൾ പങ്കുവച്ച ഉദ്ഘാടക ,ധീരമായ ചെറുത്തു നിൽപ്പിന്റെ നിരന്തര പോരാട്ടങ്ങൾക്ക് സജ്ജരായിരിക്കുവാൻ ഉത്ബോധിപ്പിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് Dr.C. സന്ധ്യ അധ്യക്ഷത വഹിച്ച യോഗത്തിൽ AKPCTA സംസ്ഥാന ട്രഷറർ Dr S ബീന, MG യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗങ്ങളായDr.PK പത്മകുമാർ, Dr R അനിത എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. കോട്ടയം ജില്ലാ വനിതാ കൺവീനർ പ്രീതി. കെ പിള്ള കൃതജ്ഞത രേഖപ്പെടുത്തി.

## കൊല്ലം




കൊല്ലം ജില്ല കമ്മിറ്റി സംഘടിപ്പിച്ച പ്രതിഷേധ ധർണ്ണ CPI M സംസ്ഥാന കമ്മിറ്റി അംഗം സൂസൻ കോടി ഉദ്ഘാടനം ചെയ്യുന്നു

# എ.കെ.പി.സി.ടി.എ. സായാഹ്ന പ്രതിഷേധ കൂട്ടായ്മ

## മലപ്പുറം




ധനുവച്ചപുരം വി.ടി.എം. എൻ.എസ്.എസ്. കോളേജിലെ ബി.ജെ.പി - ആർ.എസ്.എസ് അതിക്രമങ്ങളിലും അധ്യാപികമാരെ അധിക്ഷേപിച്ച തിലും പ്രതിഷേധിച്ച് എ.കെ.പി.സി.ടി.എ. മലപ്പുറം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സായാഹ്ന പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗം സി.വിജയലക്ഷ്മി പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ. സെക്രട്ടറി ഡോ. കെ.പി. വിനോദ്കമാർ മുഖ്യപ്രഭാഷണം നടത്തി. കേരള ഗവണ്മെന്റ് നഴ്സസ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗം പി മായ, എ.കെ.പി.സി. ടി.എ. മലപ്പുറം ജില്ലാ വൈസ് പ്രസിഡന്റ് ഡോ. ജീന എൻ ജെ എന്നിവർ പ്രസംഗിച്ചു. മഞ്ചേരി പുതിയ ബസ് സ്റ്റാൻഡ് പരിസരത്തു ചേർന്ന പ്രതിഷേധ കൂട്ടായ്മയിൽ ജില്ല പ്രസിഡന്റ് ഡോ. പി.എം.സുധീർകുമാർ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ഡോ.എം.ബി. ഗോപാലകൃഷ്ണൻ സ്വാഗതവും ഡോ. ഷെയ്ഖ് മുഹമ്മദ് നന്ദിയും രേഖപ്പെടുത്തി.

## എറണാകുളം




അദ്ധ്യാപികമാരെ കടന്നാക്രമിക്കുന്ന കാവി ഭീകരതയ്ക്കെതിരെ കോളേജ് അദ്ധ്യാപക സംഘടനയായ എ.കെ.പി.സി.ടി.എ. ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആലുവയിൽ സായാഹ്ന ധർണ്ണനടത്തി. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിനു മുന്നിൽ നടന്ന ധർണ്ണ കാലടി പഞ്ചായത്ത് പ്രസിഡന്റ് കെ. തുളസി ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ഡോ. വിനോദ് കുമാർ ജേക്കബ്ബ് അദ്ധ്യക്ഷനായി. വനിത ജില്ലാ കൺവീനർ റീജ ജോസ്, ഡോ. ഫാഹില ബീവി, കെ. ജെ. ബെന്നി, കെ.എ. അൻവർ, കെ.ജെ. ഷൈൻ, ഡോ. പി.വി. മർക്കോസ്, ഡോ. എ. സുരേഷ് എന്നിവർ സംസാരിച്ചു.

# എ.കെ.പി.സി.ടി.എ. സായാഹ്ന പ്രതിഷേധ കൂട്ടായ്മ

## തൃശ്ശൂർ




ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ്. കോളജിലെ അധ്യാപികമാരെ അധിക്ഷേപിച്ച ബിജെപി തിരുവനന്തപുരം ജില്ലാ പ്രസിഡന്റിനെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് എകെപിസിടിഎ സംസ്ഥാന വ്യാപകമായി നടത്തിയ സായാഹ്ന പ്രതിഷേധ കൂട്ടായ്മ തൃശ്ശൂർ ജില്ലയിൽ മഹിളാ അസോസിയേഷൻ കേന്ദ്ര കമ്മിറ്റിയംഗം പ്രൊഫ. ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. കുശലകുമാരി അധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് ഡോ. അരവിന്ദ, ജില്ലാ സെക്രട്ടറി ഡോ . വിജോയ്, ഡോ. പ്രദീപ് , പ്രിയ എന്നിവർ സംസാരിച്ചു. ജില്ലാ വനിതാ കൺവീനർ ഡോ. ജയ സ്വാഗതവും പറഞ്ഞു.

## കോഴിക്കോട്



ക്ലാസ്സ് മുറികളിൽ പാഠപുസ്തകങ്ങൾ ശരിയായ രീതിയിൽ വ്യാഖ്യാനിക്കുന്നതിനോ അധ്യയനം നടത്തുന്നതിനോ സാധിക്കാത്ത സാഹചര്യമാണ് ഫാസിസ്റ്റ് ശക്തികൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. മനുസ്മൃതിയുടെ കാലത്തേക്ക് പുതുതലമുറയെ നയിക്കാനുള്ള ബോധപൂർവ്വ മായ ശ്രമങ്ങളാണ് ഇതിന്റെ പിന്നിൽ നടക്കുന്നത്. അധ്യാപികമാർക്കെതിരെ പോലും അപമര്യാദയായി പെരുമാറുന്നതിന് ഇക്കൂട്ടർ മടികാണിക്കുന്നില്ല. ഭരണഘടന വിഭാവന ചെയ്യുന്ന തുല്യത എല്ലാവർക്കും ലഭ്യമാവേണ്ടതുണ്ട്. അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. പി.എം. ആതിര അഭിപ്രായപ്പെട്ടു. ധനുവച്ചപുരം വി.ടി.എം. എൻ.എസ്.എസ്. കോളേജിൽ അധ്യാപികമാർക്കെതിരെ നടന്ന ആർ.എസ്.എസ്. ബിജെ.പി അതിക്രമങ്ങളിൽ പ്രതിഷേധിച്ച് എകെപിസിടിഎ വനിത കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന വനിതക്കൂട്ടായ്മ ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

മേഖല കൺവീനർ ഡോ. പി.ടി മാലിനി, പ്രവർത്തകസമിതി അംഗം ഡോ. എൻ.എം. സണ്ണി, മലബാർ ക്രിസ്ത്യൻ കോളേജ് പ്രിൻസിപ്പൽ ഡോ. ഗോഡ്വിൻ സാംരാജ് ഡി.പി, ജില്ല പ്രസിഡണ്ട് ഡോ. ശ്രീജിത് എം. നായർ, ഡോ. ശ്രീകുമാരി എസ് എന്നിവർ സംസാരിച്ചു.

ജില്ല വനിതാ കൺവീനർ റഹന മൊയ്തീൻ കോയ സ്വാഗതവും, വൈസ് പ്രസിഡണ്ട് ഡോ. എം. മായാദേവി നന്ദിയും രേഖപ്പെടുത്തി

COLLEGE TEACHER

R.No. 36013/81 No.207

ISSN 2454-4795
Registered No. KL/TV (N) 39/2012-2014
Rs.11/- OCTOBER - 2018

## കണ്ണൂർ യൂണിവേഴ്സിറ്റി സെനറ്റ് തെരഞ്ഞെടുപ്പ്

# എ.കെ.പി.സി.ടി.എ. സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക



**പ്രമോദ് കുമാർ കെ.വി.**
അസിസ്റ്റന്റ് പ്രൊഫസർ
ഇംഗ്ലീഷ് വിഭാഗം
എം.ജി. കോളേജ് ഇരിട്ടി



**ഡോ. രാഖി രാഘവൻ**
അസോസിയേറ്റ് പ്രൊഫസർ,
ചരിത്രവിഭാഗം
എൻ.എ.എസ്. കോളേജ്,
കാഞ്ഞങ്ങാട്



**ഡോ. സുരേഷ് കുമാർ കെ.എസ്.**
അസോസിയേറ്റ് പ്രൊഫസർ
ചരിത്രവിഭാഗം
എൻ.എ.എസ്. കോളേജ്,
കാഞ്ഞങ്ങാട്



**ഡോ. ഇസ്മായിൽ ഓലായിക്കര**
അസോ.പ്രൊഫസർ & ഹെഡ്
അറബിക് പി.ജി. ഡിപ്പാർട്ട്
മെന്റ്, സർസയ്യിദ് കോളേജ്,
തളിപ്പറമ്പ്



**സോന പി.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
പയ്യന്നൂർ കോളേജ്



**ഷനോജ് എം.പി.**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
എസ്.എൻ. കോളേജ്,
കണ്ണൂർ



**ഡോ. എം.കെ. മധുസൂദനൻ**
അസോസിയേറ്റ് പ്രൊഫസർ
കായികവിഭാഗം
എൻ.എ.എം. കോളേജ്,
കല്ലിക്കണ്ടി

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph. 2463494 Fax 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Dr. N.M. Sunny